KILA
004206

ജനകീയാസൂത്രണ പ്രസ്ഥാനം

ഗ്രാമപഞ്ചായത്ത്
വികസന രേഖകൾ

വാല്യം 17

ബ്ലോക്ക് : പത്തനാപുരം

ജില്ല : കൊല്ലം

"ഒൻപതാം പദ്ധതി ജനകീയ പദ്ധതി"

വിളക്കുടി ഗ്രാമ പഞ്ചായത്ത്

സമഗ്ര വികസന രേഖ

അധികാരം ജനങ്ങളിലേക്ക്



വിളക്കുടി ഗ്രാമ പഞ്ചായത്ത്

17-1

"ഒൻപതാം പദ്ധതി ജനകീയ പദ്ധതി"

വിളക്കുടി ഗ്രാമ പഞ്ചായത്ത്

സമഗ്ര വികസന രേഖ






വെളിച്ചമേ നയിച്ചാലും..

ഗാന്ധിജിയുടെ സ്വപ്നം:-
"ജനങ്ങൾ സ്വാശ്രയശീലരും സ്വയം
പര്യപ്തതയുള്ളവരും ആയിരിക്കണം"
"ഓരോ ഗ്രാമവും ആവശ്യമുള്ള ഭക്ഷണവും
വസ്ത്രവും ഉണ്ടാക്കണം"
"ഓരോ ഗ്രാമത്തിലും കളി സ്ഥലവും, വിദ്യാലയവും,
സമ്മേളന സ്ഥാനവും കന്നുകാലികൾക്കുള്ള മേച്ചിൽ
സ്ഥലവും കുടിനീർ സൗകര്യവും വേണം."
"എല്ലാ സാമ്പത്തിക പ്രവർത്തനങ്ങളും
സഹകരണാടിസ്ഥാനത്തിൽ നടത്തണം"

ജനപങ്കാളിത്തം ഉറപ്പുവരുത്താൻ ഗ്രാമ തലങ്ങളിലുള്ള
ജനകീയ ഭരണ സംവിധാനത്തിനുമാത്രമേ സാധിക്കുവെന്ന്
ഏറെ കഴിഞ്ഞേ നമുക്ക് മനസ്സിലായുള്ളു


പഞ്ചായത്ത് ഭരണ സമിതി



പി. ശാമുവൽ
(പ്രസിഡന്റ്)




കെ. തങ്കപ്പൻപിള്ള
(വൈ: പ്രസിഡന്റ്)




കാര്യറ എസ് നാസറുദ്ദീൻ
(ചെയർമാൻ, സ്റ്റാന്റിംഗ്കമ്മിറ്റി)


മെമ്പർമാർ



എസ്. മുഹമ്മദ് അസ്ലം



എം. റഹിംകുട്ടി



എസ്. ഗോപാലകൃഷ്ണപിള്ള



ബി. ശാരദകുമാരി

കൺവീനർ, ജനകീയ ആസൂത്രണം




കെ. ഈശ്വരിയമ്മ



എസ്. വിജയകുമാരി



എം. എസ്. സുധ




ബി. രാജു




സുലതാ രാജീവൻ

വികസന രേഖ തയ്യാറാക്കിയവർ




എൻ. കെ. ഉണ്ണിത്താൻ
(ചീഫ് എഡിറ്റർ)

പ്രൊഫ. എസ്. എം. നൗഷാദ്




കെ. എം. ഇമ്മാനുവൽ



മോഹൻ ദാസ് (വൈ. മാനുവൽ)



എസ്. നളിനകുമാർ
പ്രോജക്റ്റ് സയിന്റിസ്റ്റ്
CESS തിരുവനന്തപുരം



കെ. വിശ്വനാഥൻ



വി. സദാനന്ദൻ (സെക്രട്ടറി)

പി. ശാമുവൽ
(പ്രസിഡന്റ്)
കാര്യറ എസ് നാസറുദ്ദീൻ
(ചെയർമാൻ, സ്റ്റാന്റിംഗ്കമ്മിറ്റി)

എം. റഹിംകുട്ടി
(കൺവീനർ, ജനകീയ ആസൂത്രണം)

സുലതാ രാജീവൻ

ലേഔട്ട് & ഡിസൈൻ
ഹരിദാസ് പി. ജി

ഡി. റ്റി. പ്പി ടൈപ്പ്സെറ്റിംഗ്
ഹൈടെക്ക് കമ്പ്യൂട്ടേഴ്സ്
പുനലൂർ

കമ്പ്യൂട്ടർ ലേഔട്ട്
അനിൽ, ഹൈടെക്ക്

പഞ്ചായത്ത് പ്രദേശത്തെ പ്രതിനിധീകരിയ്ക്കുന്ന മറ്റുജനപ്രതിനിധികൾ.

പാർലമെന്റ് - അടൂർ - കൊടിക്കുന്നിൽ സുരേഷ് എം. പി
അസംബ്ലി - പത്തനാപുരം - അഡ്വ. കെ. പ്രകാശ്ബാബു. എം. എൽ. എ
ജില്ലാപഞ്ചായത്ത് - തലവൂർ - ബി. അജയകുമാർ


ബ്ലോക്ക് - പത്തനാപുരം
ബ്ലോക്ക് (എ) - ഏലിയാമ്മാഡാനിയേൽ
ബ്ലോക്ക് (ബി) - എം. നാഷാദ് (വൈ. പ്രസിഡന്റ്)



പഞ്ചായത്തിലെ നിലവിലുള്ള ജീവനക്കാർ

ശ്രീ. വി. സദാനന്ദൻ	(സെക്രട്ടറി)
ശ്രീ. കെ. ഷറഫുദ്ദീൻ	(Jr.സൂപ്രണ്ട്)
ശ്രീ. എസ്. രാധാകൃഷ്ണൻനായർ,	(സ്റ്റാഫ്)
ശ്രീ. പി. കാർത്തികേയൻ	(സ്റ്റാഫ്)
ശ്രീ. പി. സോളമൻ	(സ്റ്റാഫ്)
ശ്രീ. എ. ഭാസ്കരൻ	(സ്റ്റാഫ്)
ശ്രീ. എ. ശാമുവൽ	(സ്റ്റാഫ്)
ശ്രീ. കെ. ആർ. അയ്യപ്പൻ	(സ്റ്റാഫ്)
ശ്രീമതി. ആർ. രാജമ്മ	(സ്റ്റാഫ്)
ശ്രീമതി. കെ. വിജയമ്മ	(സ്റ്റാഫ്)
ശ്രീമതി. കെ. തങ്കമണി	(സ്റ്റാഫ്)
ശ്രീമതി. കെ. നജിമത്ത്	(സ്റ്റാഫ്)
ശ്രീമതി. സി. പൊന്നമ്മ	(സ്റ്റാഫ്)





അവലംബം : വിഭവമൂപടം, സെസ്സ്

കൊല്ലം ജില്ല
പഞ്ചായത്തുകൾ



അവലംബം: വിദ്യാഭ്യാസ വകുപ്പ്


ഉള്ളടക്കം


1. ആമുഖം
2. പഞ്ചായത്ത് പൊതുവിവരണം
3. സാമൂഹിക സാംസ്കാരിക ചരിത്രം
4. ഭൂപ്രകൃതി.
5. കൃഷിയും ജലസേചനവും
6. മൃഗസംരക്ഷണവും മത്സ്യബന്ധനവും
7. വ്യവസായം
8. വിദ്യാഭ്യാസം
9. പൊതുജനാരോഗ്യവും, കുടിവെള്ളവും
10. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
11. പാർപ്പിടം
12. സാമൂഹ്യക്ഷേമം
13. സംസ്കാരം
14. വനിത
15. സഹകരണം
16. പട്ടികജാതി/പട്ടിക വർഗ്ഗക്ഷേമം
17. വിഭവ സമാഹരണം
18. കൃതജ്ഞത




പഞ്ചായത്ത് പൊതുവിവരണം


പഞ്ചായത്തിന്റെ പേര്	:	വിളക്കുടി ഗ്രാമപഞ്ചായത്ത്
വില്ലേജ്	:	വിളക്കുടി
ബ്ലോക്ക് പഞ്ചായത്ത്	:	പത്തനാപുരം
താലൂക്ക്	:	പത്തനാപുരം
അസംബ്ലി മണ്ഡലം	:	പത്തനാപുരം
വിസ്തീർണ്ണം	:	21.43 ച.കി.മി
അതിരുകൾ	:	തെക്ക്-കരവാളൂർ, വെട്ടിക്കവല, മേലിലാ പഞ്ചായത്തുകളും, വടക്ക്-പിറവന്തൂർ, തലവൂർ പഞ്ചായത്തുകളും, കിഴക്ക്-പുനലൂർ മുനിസിപാലിറ്റി, പടിഞ്ഞാറ്-തലവൂർ പഞ്ചായത്ത്
ജനസംഖ്യ	:	32505
പുരുഷൻമാർ	:	16088
സ്ത്രീകൾ	:	16417
ജനസാന്ദ്രത	:	1517
വാർഡുകൾ	:	12
പ്രസിഡന്റ്	:	ശ്രീ. പി. ശാമുവൽ
വൈ: പ്രസിഡന്റ്	:	ശ്രീ. തങ്കപ്പൻപിള്ള
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	:	കാര്യറ എസ്. നാസറുദ്ദീൻ







ആമുഖം



ദ്രുത ഗതിയിലുള്ളതും, നിലനിൽക്കുന്നതും നീതി പൂർവ്വകവുമായ വിതരണം ഉറപ്പാക്കുന്നതുമായ സാമ്പത്തിക പുരോഗതിയാണ് ശരിയായ ആസൂത്രണത്തിന്റെ ലക്ഷ്യം. സ്വാതന്ത്ര്യാനന്തരഭാരത്തിൽ കഴിഞ്ഞ 8 പഞ്ചവത്സരപദ്ധതികളും വാർഷിക പദ്ധതികളും ഈ ലക്ഷ്യപ്രാപ്തിക്കായി വിവിധമാർഗ്ഗങ്ങളാണ് അവലംബിച്ചത്. ഇൻഫില്ട്രേഷൻ സിദ്ധാന്തപ്രകാരം മുകൾതട്ടിൽ നിന്നും ഗുണഫലങ്ങൾ താഴെതട്ടിലേക്ക് അരിച്ചിറങ്ങുന്നതും, ആധുനിക സാങ്കേതികവിദ്യയുടെ പ്രയോഗം മൂലം വിവിധരംഗങ്ങളിൽ ധവള വിപ്ലവം, ഹരിത വിപ്ലവം തുടങ്ങിയ ത്വരിത വികസനം ഉറപ്പാക്കുന്നതും, ദാരിദ്ര്യത്തെ നേരിട്ട് പ്രഹരിക്കുക എന്ന സിദ്ധാന്തപ്രകാരം ദുർബല വിഭാഗങ്ങൾക്ക് നേരിട്ട് സഹായം എത്തിക്കുന്നതും ഉൾപ്പെടെയുള്ള മൂന്ന് മാർഗ്ഗങ്ങൾ രാജ്യത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്ക് 5 ദശകങ്ങളിൽ വഹിച്ച പങ്ക് ശ്രദ്ധേയവും അതിന്റെ ഫലമായി രാജ്യം കൈവരിച്ച നേട്ടങ്ങൾ മഹത്തരവുമാണ്. എന്നാൽ നമ്മുടെ സ്വപ്നങ്ങൾ പൂർണ്ണമായും യാഥാർത്ഥ്യമായിട്ടില്ല, എന്ന വസ്തുത ബോദ്ധ്യപ്പെട്ടതിന്റെ ഫലമായാണ് 1992 ലെ 73-ാം ഭരണഘടനാ ഭേദഗതി പ്രകാരം തദ്ദേശ ഭരണ വിഷയങ്ങളിലും, ആസൂത്രണ വികസനത്തിലും ഉയർന്ന അളവിലുള്ള ജന പങ്കാളിത്തം ലഭ്യമാക്കുന്നതിനു വേണ്ടി ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്ന ത്രിതല ഭരണ സംവിധാനം ഏർപ്പെടുത്തി നിയമനിർമ്മാണം നടത്തിയത്. ഇതിൽ നിന്നും ഒരു പടി കൂടി മുന്നോട്ട് പോയി, കേരളം ഇന്ത്യയിൽ ആദ്യമായി ജനകീയാസൂത്രണം എന്ന ശ്രദ്ധേയമായ പരിപാടി നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നു. അടിത്തട്ടിൽ നിന്ന് മുകൾതട്ടിലേക്ക് ദിശമാറ്റം നൽകപ്പെട്ട ആസൂണത്രമാണ് നാം നടപ്പിലാക്കുന്നത്. ഇ ൗ ആസൂത്രണത്തിലും വികസന പ്രവർത്തനത്തിലും എല്ലാ ജനങ്ങൾക്കും തുല്ല്യപങ്കാളിത്തം ഭിന്നതകൾക്ക് അതീതമായി ഉറപ്പുവരുത്താൻ ജനകീയാസൂത്രണത്തിന് കഴിയുമെന്നതു ഉറപ്പാണ്. ഒൻപതാം പദ്ധതിയുടെ ഉദ്ദേശം 35 മുതൽ 40 ശതമാനം വരെയുള്ള അടങ്കൽതുകയ്ക്കുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള അധികാരം ജനങ്ങളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിരിക്കുകയാണ്. കേരളവും ഗ്രാമപഞ്ചായത്തുകളും ഇന്ന് അഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധിക്ക് ഒരു പരിധി വരെ എങ്കിലും തൃപ്തികരമായ പരിഹാരം കാണാൻ ഈ പുത്തൻ ആസൂത്രണത്തിന് കഴിയും. 1050 പഞ്ചായത്തുകളും നഗരസഭകളും കൂടി ആസൂത്രണം ചെയ്യുന്ന 35% - 40% തുകയുള്ള പദ്ധതികൾ ഒരു സ്തൂപത്തിലും, 9 സ്റ്റിയറിംഗ് കമ്മിറ്റികളും 65 ടാസ്ക് ഫോഴ്സ് ഗ്രൂപ്പുകളും കൂടി രൂപപ്പെടുത്തുന്ന പ്രധാന പദ്ധതികൾ ഉൾക്കൊള്ളുന്ന 60% തുകയ്ക്കുള്ള മറ്റ് ഒരു സ്തൂപത്തിലും ആയി ഉയർത്തപ്പെടുന്ന കമാനമായിരിക്കും ഒൻപതാം പഞ്ചവൽസര പദ്ധതി.

ജനകീയാസൂത്രണത്തിന്റെ മേൽപ്പറഞ്ഞസത്ത ഉൾക്കൊണ്ടുകൊണ്ട് വിളക്കുടി പഞ്ചായത്ത് അതിന്റെ പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടത്തുകയുണ്ടായി. ആവശ്യമായ പരിശീലന പരിപാടികൾക്ക് ശേഷം പഞ്ചായത്തിലെ 12 വാർഡുകളിൽ 28-9-1996 മുതൽ 13-10-96 വരെയുള്ള തീയതികളിൽ ഒഴിവ് ദിവസങ്ങളിൽ

താഴെപ്പറയുന്ന സ്ഥലങ്ങളിൽ വച്ച് ഗ്രാമസഭകൾ ചേരുകയുണ്ടായി.

വാർഡുനമ്പർ	ഗ്രാമസഭകൂടിയസ്ഥലം	തീയതി	പങ്കെടുത്ത അംഗങ്ങളുടെ എണ്ണം
1	സുവർണ്ണാ ആഡിറ്റോറിയം, കുന്നിക്കോട്	2-10-96	117
2	ഗവ: LPS, കുന്നിക്കോട്	12-10-96	87
3	APPMHS, ആവണീശ്വരം	29-9-96	70
4	LPS, കുറ്റിക്കോണം	6-10-96	148
5	ഗവ: UPS, ഇളമ്പൽ	12-10-96	81
6	ഗവ: UPS, ഇളമ്പൽ	28-9-96	145
7	മഞ്ഞമൺകാല ജംഗ്ഷൻ	2-10-96	213
8	LPS, വിളക്കുടി	6-10-96	75
9	LPS, കാര്യറ വടക്ക്	13-10-96	79
10	RBMUPS, കാര്യറ	5-10-96	82
11	ക്രിസ്തുരാജ് നേഴ്സറി,കാര്യറ	28-9-96	90
12	മീനം കോട് അഗ്രോസർവ്വീസ് സെന്റർ	29-9-96	106

12 ഗ്രാമസഭാ റിപ്പോർട്ടുകളും നടപ്പു സ്കീമുകളും സംബന്ധിച്ച് ഔദ്യോഗിക റിപ്പോർട്ടുകളും, ദ്വിതീയ വിവരശേഖരിപ്പുകളും, കാരണവ ചർച്ചകളും ചരിത്രപഠനങ്ങളും 27-11-96 -ൽ നടത്തിയ പ്രകൃതി പഠനയാത്രയുടെ വിവരങ്ങളും അടിസ്ഥാനമാക്കിയാണ് പഞ്ചായത്തിന്റെ ഈ വികസന റിപ്പോർട്ടു തയ്യാറാക്കിയത്. വിളക്കുടി പഞ്ചായത്തിന്റെ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിനും സമഗ്രവികസനത്തിന്റെ പാതയിലേക്ക് പഞ്ചായത്തിനെ നയിക്കാനും പഞ്ചായത്തിന്റെ ഈ വികസന രേഖ പ്രയോജനമാകുമെന്ന് പ്രത്യാശിക്കുന്നു.

സാമൂഹിക സാംസ്കാരിക ചരിത്രം

കേരള സംസ്ഥാനത്തിന്റെ കിഴക്കതൃത്തിയായ സഹ്യസാനുകളിലെ ആര്യങ്കാവ് കോട്ടവാസലിൽ നിന്നും പടിഞ്ഞാറതൃത്തിയായ അറബിക്കടലോരത്തെ കൊല്ലത്ത്നിന്നും ഏദേശ തുല്ല്യ ദൂരത്തിൽ സ്ഥിതിചെയ്യുന്ന പച്ചപുതച്ച കുന്നും ചരിവുകളുള്ള ശാന്തസുന്ദരമായ ഒരു കൊച്ചുഗ്രാമ സമുച്ചയമാണ വിളക്കുടി ഗ്രാമ പഞ്ചായത്ത്. കൊല്ലം ചെങ്കോട്ട മീറ്റർ ഗേജ് തീവണ്ടിപാതയും കൊല്ലം ചെങ്കോട്ട സംസ്ഥാനന്തര റോഡും 10 കിലോമീറ്ററിനടുത്തു ദൂരം പഞ്ചായത്തിന്റെ നടുവിൽ കൂടി കടന്നുപോകുന്നു.

ഐതിഹ്യ പ്രസിദ്ധിയോ ചരിത്ര സംഭവങ്ങളോ അവകാശപ്പെടാനില്ലാത്ത ഈ ശാലീന ഗ്രാമം അധികമൊന്നും പുറത്തറിയാതെ കൊട്ടാരക്കര പുനലൂർ പട്ടണങ്ങളുടെ ഇടയിൽ ഉറങ്ങിക്കിടക്കുകയാണ്. ഏതാനും കൊച്ചു ക്ഷേത്രങ്ങളും പള്ളികളും, മോസ്ക്കുകളും ചെറുകിട കശുവണ്ടിഫാക്ടറികളുടെ കൊച്ചുപുകക്കുഴലുകളും ഈ ഗ്രാമത്തിന്റെ മുഖഛായയുടെ എടുപ്പുകളായി കാണാം. കുന്നിക്കോടും, ആവണീശ്വരവും, വിളക്കുടിയും ധർമ്മപുരിയും കുറ്റിക്കോണവും ഇളമ്പലും മഞ്ഞമൺകാലയും കാര്യറയും ആണ് പഞ്ചായത്തിലെ പ്രധാന പ്രദേശങ്ങൾ. ഈ പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറ് അതൃത്തി കാക്കുന്ന പച്ചിലമലയിൽ വിശാലമായ ഒരുപാറയും പാറയിടുക്കിൽ ഒരു കുടപ്പാലമരവും ഉണ്ടായിരുന്നു. പാറ ഇടുക്കിൽ ഒരിക്കലും വറ്റാത്ത കുളം, നിലക്കൊടുവേലിയുടെ സാന്നിദ്ധ്യം എന്നിവ ഈ മലയുടെ പ്രത്യേകതകളായി പഴമക്കാർപറയുന്നു. ഈ മലയിൽ പണ്ടൊരു ദിവ്യൻ തപസ്സനുഷഠിച്ചിരുന്നതായും അദ്ദേഹത്തെ സമീപിച്ചു ജനങ്ങൾ അനുഗ്രഹം തേടിയതായും കേട്ടറിവുണ്ട്. ഇന്നു പച്ചിലമലയിൽ കുണ്ടറ ശുദ്ധജലവിതരണപദ്ധതിയുടെ ഒരു സംഭരണിയുടെ പണിനടക്കുന്നു. മലയടിവാരത്തിൽ കൊല്ലം ചെങ്കോട്ട റോഡ് വളഞ്ഞു പുളഞ്ഞു കിടക്കുന്നത് അപകടം ക്ഷണിച്ചുവരുത്തുന്ന മേഖലയാണ്.

ചിരത്ര പ്രസിദ്ധമായ കൊട്ടാരക്കര ഇളയിടത്ത് രാജകുടുംബത്തിന്റെ ഭരണത്തിൻ കീഴിലായിരുന്ന ഇന്നത്തെ പത്തനാപുരം താലൂക്കിന്റെ പ്രദേശങ്ങൾ. മൈലം-കലഞ്ഞൂർ തുടങ്ങിയ പ്രദേശങ്ങൽ കൂടി അന്നു ഈ താലുക്കിന്റെ ഭാഗങ്ങളായിരുന്നു എന്നു പലരും ഓർക്കുന്നുണ്ട്. രാജ ഭരണകാലത്തു രാജാവും കുടുംബങ്ങളും കുറ്റാലത്ത് സുഖവാസത്തിനു പോയി തിരികെ വരുന്നവഴി ഇന്നത്തെ വിളക്കുടി പ്രദേശത്തു എത്തിയപ്പോൾ സന്ധ്യയായി. ദേശവാസികൾ എഴുന്നള്ളത്തിന് മൺചട്ടികളിൽ ദീപങ്ങളുമായി എതിരേറ്റു എന്നും ഇതുകണ്ട് സന്തുഷ്ടനായ രാജാവ് വിളക്കുകൂട്ടം എന്നും ഇതിനെ പറ്റിപറഞ്ഞത് -പിൽക്കാലത്ത് ലോപിച്ചു വിളക്കുടിയായി മാറിയെന്നൊരു ഐതീഹ്യം യുക്തിഭദ്രമല്ലെങ്കിലും നിലവിലുണ്ട്. ധാരാളം നെൽവയലുകൾ നിറഞ്ഞ പ്രദേശത്തെ വിളയുടെ പുഷ്ഠിയും പ്രാമുഖ്യവും ഈ പേരുവരുന്നതിനു കാരണമായിരിക്കാം മൺ പാത്രനിർമ്മാണത്തൊഴിലിൽ ഏർപ്പെട്ടിരുന്ന ഒരു സമൂഹം കൂടുതലായി പാർത്തിരുന്ന പ്രദേശം എന്ന നിലയിലും ഈ പേരു വരാൻ കാരണമായി എന്ന് പ്രബലമായ ഒരു അഭിപ്രായ ഗതിയുണ്ട് കഴിഞ്ഞ നൂറ്റാണ്ട് ഈ നാടിന്റെ മുഖഛായയിൽ സ്വാഭാവികമായും കാര്യമായ മാറ്റങ്ങൾ വരുത്തിതീർത്തിരുന്നു. പ്രധാനമായും കൊല്ലം ചെങ്കോട്ട റോഡിന്റെ ഇന്നത്തെ റൂട്ട് മാറിവന്നതാണു ഇതിനു കാരണമായി ചൂണ്ടികാണിക്കുന്നത്. പഴയ കൊല്ലം ചെങ്കോട്ട പാത കടന്നുപോയ വഴി ഇന്നത്തെ തലമുറക്ക് അജ്ഞാതമാണ്. കൊട്ടാരക്കര കിഴക്കേതെരുവ് കുരീപ്പുള്ളിക്കു പടിഞ്ഞാറുനിന്നും വടക്കോട്ട്-കുര-പതിനെട്ടാംപടി-വെട്ടുകുഴി, പറങ്കിമാം മുകൾ - പഴഞ്ഞിതോട്-മുട്ടത്തുകടവിൽവന്നു - കവലയിൽ ക്ഷേത്രത്തിനു തെക്കു വശം കൂടി - പുന്നല - കറവൂർ മാമ്പഴത്തറ വന്നു രണ്ടായിപിരിഞ്ഞു ഒന്ന് അച്ചൻ കോവിലേക്കും മറ്റൊന്നു ഒറ്റക്കല്ലിലേക്കും പോയിരുന്നു. പതിനെട്ടാം പടിയിൽ നിന്നും ഒരു വഴി കിഴക്കോട്ടുവന്നു പടിഞ്ഞാറ്റിൻകര ലബ്ബയുടെ വീടിനു വടക്കുവശത്തുകൂടി കിടങ്ങയിൽ ഭഗവതിക്ഷേത്രത്തിനു തെക്കുവശത്തുവന്നു ഇളമ്പൽ അമ്മവീടിനു വടക്കുവശത്തുകൂടി ആരംമ്പുന്ന അറപ്പുര വീടിനു സമീപം കൂടി കിഴക്കോട്ടുവന്നു പുനലൂർ മഹാദേവക്ഷേത്രത്തിനു വടക്കുവശത്തുള്ള വലിയ ഇടവഴിയിൽകൂടി ആറ്റിലിറങ്ങി ചാലിയക്കര വഴി മാമ്പഴത്തറ മുൻപറഞ്ഞ പാതയിൽ വന്നു ചേരുന്നു. പുതിയ റോഡിന്റെ കിടപ്പും ഈ പാതയുടെ വഴിയും തമ്മിലുള്ള അന്തരം രസാവഹമായിതോന്നുന്നില്ലേ? പ്രസിദ്ധമായ കല്ലടയാറ് 2 കി.മി ദൂരം ഈ പഞ്ചായത്തിന്റെ കിഴക്ക് അതൃത്തിയായി ഒഴികിപോകുന്നുണ്ട്. പഞ്ചായത്തിലെ ഠൗൺ മാതൃകയിൽ വളർന്നുവരുന്ന പ്രദേശം കുന്നിക്കോടാണ്. മാർക്കറ്റ്-കന്നുകാലിചന്ത, പ്രസിദ്ധ ക്ഷേത്രങ്ങളായ പട്ടാഴി, തലവൂർ, മേലില എന്നിവിടങ്ങളിലേക്കു തിരിയുന്ന ജംഗ്ഷൻ എന്നീ നിലയിൽ കുന്നിക്കോടിന് വളർച്ച ഇനിയും വേണ്ടവിധമായിട്ടില്ല. ആവണീശ്വരം റയിൽവേ സ്റ്റേഷൻ പഞ്ചായത്തിലെ

ഏക റയിൽവേ നിലയമാണ്.

1953 ൽ ഇന്നത്തെപഞ്ചായത്തുകൾ നിലവിൽ വരുന്നതിനു മുമ്പ് കൊല്ലവർഷം 1123 ൽ വില്ലേജ് യൂണിയനുകൾ ഗ്രാമപരണം നടത്തിയിരുന്നു. സർക്കാർ നോമിറ്റേറ്റുചെയ്യുന്ന മെമ്പറന്മാരെകൂടാതെ തഹസീൽദാർ പ്രവർത്തികാർ , ഹെൽത്തു ഇൻസ്പെക്ടർ പൊതുമരാമത്തു ഇഞ്ചിനിയർ എന്നിവരും ഈ സമിതികളിൽ അംഗങ്ങളായിരുന്നു. ശ്രീ. പി. കെ. പത്മനാഭപിള്ള ബി.എ.ബി.റ്റി. വില്ലേജ് യൂണിയൻ പ്രസിഡന്റായിരുന്നു. 1953 ൽ നിലവിൽ വന്ന തെരഞ്ഞെടുത്ത പഞ്ചായത്തു ഭരണസമിതി ഭരണമേല്ക്കുമ്പോൾ കുന്നിക്കോട് ശാസ്ത്രീജംഗ്ഷനിലുള്ള വാടക കെട്ടിത്തിലാണ് പ്രവർത്തനം തുടങ്ങിയത് പഞ്ചാത്തുവക കെട്ടിടം റൂറൽ ഡിസ്പൻസറി തുടങ്ങുന്നതിന് നൽകിയതിനാൽ കുറെക്കാലം പഞ്ചായത്താഫീസ് വിളക്കുടി എൻ. എസ്. എസ് കരയോഗ കെട്ടിടത്തിൽ പ്രവർത്തിക്കുകയുണ്ടായി. ഇന്ന് പഞ്ചായത്താഫീസ് സ്ഥിതിചെയ്യുന്ന സ്ഥലം കാവുപുറമ്പോക്കായിരുന്നു. വിളക്കുടി വില്ലേജിൽ സർവ്വേനമ്പർ 80/1/1/ ൽ 2 ഏക്കർ 181/2 സെന്റു സ്ഥലം കാവുപുറമ്പോക്കുള്ളതിൽ റവന്യൂ വകുപ്പിലെ 19-10-56 ലെ R_2 368/56-ാം നമ്പർ ഉത്തരവ്പ്രകാരം 16 സെന്റ് സ്ഥലവും 26-12-57 ൽ R_2 16/35/57 നമ്പർ ഉത്തരവ് പ്രകാരം 42 സെന്റു സ്ഥലവും പഞ്ചായത്തിനു പതിച്ചുലഭിക്കുകയുണ്ടായി. ഈ സ്ഥലത്താണു ഇന്നു പഞ്ചായത്താഫീസ് കോംബ്ലക്സ് സ്ഥിതിചെയ്യുന്നത്. അവശേഷിച്ച കാവുപുറമ്പോക്ക് പല സ്വകാര്യവ്യക്തികൾക്കായി പതിച്ചുനൽകി. പഞ്ചായത്തിനു പതിച്ചുനൽകിയ സ്ഥലത്തിനടുത്തുള്ള ഒരു സർപ്പക്കാവ് (ഏതാനും ഇലഞ്ഞിവൃക്ഷങ്ങളും സർപ്പവിഗ്രങ്ങളും) സ്ഥിതിചെയ്യുന്നുണ്ട്. ഇവിടെ സന്ധ്യക്കുവിളക്കുവെയ്പും കന്നിമാസ ത്തിലെ ആയില്യത്തിന് നൂറുംപാലും നടക്കുന്നുണ്ട്.

പഞ്ചായത്തു രൂപീകരിക്കുമ്പോൾ 7 വാർഡുകൾ ഉണ്ടായിരുന്ന സ്ഥാനത്തു ഇപ്പോൾ ഭരണ സൗകര്യാർത്ഥം ജനസഖ്യാനുപാതത്തിൽ 12 വാർഡുകൾ ഉണ്ട്. പഞ്ചായത്തിന്റെ പ്രസിഡന്റുമാർ വിവിധകാലങ്ങളിൽ താഴെപട്ടികയിൽ പറയുന്നവരായിരുന്നു.


വർഷം	പ്രസിഡന്റ്
1953 - 1958	ശ്രീ. പി. ജെ. ജോൺ (പാപ്പച്ചൻ)
1958 - 1964	ശ്രീ. എം. ശ്രീധരൻപിള്ള
1964 - 1979	ശ്രീ. പി. സി. ഗോപിനാസ്
1979 - 1984	ശ്രീ. എസ്. ഗോപാലകൃഷ്ണപിള്ള
1984 - 1988	സ്പെഷ്യൽ ഓഫീസർ
1988 - 1995	ശ്രീ. ജോൺ തോമസ്
1993 - 1995(30-03-95-16-09-95)	ശ്രീ. എം. മൈതീൻകുഞ്ഞ്
12-10-1995 -	ശ്രീ. പി. ശാമുവൽ

ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും കൃഷിയെ ആശ്രയിച്ചാണു കഴിയുന്നത്. വിരലിലെണ്ണാവുന്ന കശുവണ്ടി ഫാക്ടറികളും ചുടുകട്ടചൂളകളും പരിമിതമായ തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിലും ജനങ്ങളുടെ വ്യാപകമായ തൊഴിലില്ലായ്മക്ക് പരിഹാരമായിട്ടില്ല. പഞ്ചായത്തിലെ കിഴക്കൻ വാർഡായ കാര്യറയുടെ ഭൂമിയിൽ കൂടി വ്യാപിച്ചുകിടക്കുന്ന പേപ്പർമിൽ എന്നസ്ഥാപനം കഴിഞ്ഞ 10 വർഷമായി അടഞ്ഞി കിടക്കുന്നത് തൊഴിൽ മേഖലയിൽ ഈ പഞ്ചായത്തിൽ പ്രകടമായ മ്ലാനതക്കു കാരണമായിട്ടുണ്ട്. കൃഷി ഭൂമിയിൽ കൂടുതലും റബ്ബർകൃഷിക്കാണു ഉപയോഗിച്ചുവരുന്നത്. ടാപ്പിംഗ് ജോലികൊണ്ട് ഉപജീവനം കഴിക്കുന്ന കുറെ തൊഴിലാളികൾ പഞ്ചായത്തിലുണ്ട്.

ദേശീയ സ്വാതന്ത്ര സമരത്തിൽ പങ്കെടുത്തവരിൽ ഈ പഞ്ചായത്തിൽ പേരെടുത്തുപറയേണ്ടവരാണു യശശരീരായ ഡോ. ജി. എസ്സ്. പിള്ളയും, ശ്രീ. ഗോപാലകൃഷ്ണക്കുറുപ്പും, ഡോ. ജി. എസ്സ്. പിള്ള ഐ.എൻ. എ ഭടനായിരുന്നു. അദ്ദേഹത്തിന്റെ സഹധർമ്മിണിക്കു സ്വാതന്ത്യസമര പെൻഷൻ ഇപ്പോഴും ലഭിക്കുന്നുണ്ട്. കമ്മ്യൂണിസ്റ്റു പ്രസ്ഥാനം നിരോധിച്ചിരുന്ന കാലഘട്ടത്തിൽ പ്രമുഖ നേതാക്കന്മാരായിരുന്ന ശ്രീ. എം എൻ.

ഗോവിന്ദൻ നായരും, ശ്രീ. സി. ഒ. മാത്യുവും ഈ പഞ്ചായത്തിലെ കാഞ്ഞിരമല ഉൾപ്പെടെയുള്ള വിവിധ ഭാഗങ്ങളിൽ ഒളിവിൽ കഴിഞ്ഞിട്ടുണ്ട്. പത്തനാപുരംതാലൂക്കിലെ സംഘടിതതൊഴിലാളി പ്രസ്ഥാനങ്ങൾ ആരംഭിക്കുന്നത് പുനലൂർ പേപ്പർമിൽ സമരവുമായിബന്ധപ്പെട്ടാണ്.

പഞ്ചായത്തിന്റെ വികസനത്തിൽ എടുത്തുപറയത്തക്ക് സംഭാവനകൾ നൽകിയ പ്രമുഖ വ്യക്തികളിൽ ചിലരാണ് യശശരീരരായ ഹാജി കെ. കോയാക്കുഞ്ഞു ലബ്ബ, ശ്രീ. പി. രാമചന്ദ്രൻനായർ, അഡ്വ. പി. രവീന്ദ്രൻനായർ, ശ്രീ. എസ്. ഹനീഫാകുഞ്ഞ് എന്നിവർ. ഇവരുടെ നിസ്തുല സേവനങ്ങളും പഞ്ചായത്തിന്റെ പ്രസിഡന്റന്മാരായും മെമ്പറന്മാരായും വിവിധ കാലങ്ങളിൽ സേവനം അനുഷ്ടിച്ച മഹത് വ്യക്തികളുടെ ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങളും ഈ പഞ്ചായത്തിന്റെ നാനാമുഖമായ വികസനത്തിനു വഹിച്ച പങ്ക് നന്ദിപൂർവ്വം സ്മരിക്കുന്നു. പത്തനാപുരം നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എം. എൽ. എ യും അധികാര വികേന്ദ്രീകരണം സംബന്ധിച്ച സെൻ കമ്മറ്റി അംഗവുമായ അഡ്വ. ശ്രീ. പ്രകാശ്ബാബു ഈ പഞ്ചായത്തിലെ രണ്ടാം വാർഡിലെ താമസക്കാരനാണ് എന്നതും അഭിമാനപൂർവ്വം പ്രസ്താവിക്കുന്നതോടൊപ്പം പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനുള്ള സംരഭങ്ങളിൽ അദ്ദേഹത്തിന്റെ വിലപ്പെട്ട സംഭാവനകൾ തുടർന്നും പ്രതീക്ഷിക്കുകയും ചെയ്യുന്നു.



ഭൂപ്രകൃതി

കൊല്ലം ജില്ലയിൽ പത്തനാപുരം ബ്ലോക്കിൽപ്പെടുന്ന ഒരു ഗ്രാമപഞ്ചായത്താണ് വിളക്കുടി പഞ്ചയത്തിന്റെ ആകെ വിസ്തൃതി 2143 ഹെക്ടർ ആണ്. കൊല്ലം ടൗണിൽനിന്നും ഏകദേശം 34 കി.മി കിഴക്കുമാറി വിളക്കുടി ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നു.

അക്ഷാംശം 9° 0' 16" നും 9° 2' 40' വടക്കും രേഖാംശം 76° 50' 8" നും 76° 55' 3" കിഴക്കും ഇടയിൽ പഞ്ചായത്ത് സ്ഥിതിചെയ്യുന്നു.

പഞ്ചായത്തിന്റെ വടക്ക് തലവൂർ, പിറവന്തൂർ പഞ്ചായത്തും, കിഴക്ക് പുനലൂർ മുനിസിപ്പാലിറ്റിയും തെക്ക് കരവാളൂർ , തെക്ക് വെട്ടിക്കവല, മേലില പഞ്ചായത്തുകളും പടിഞ്ഞാറ് തലവൂർ പഞ്ചായത്തുകളാലും ചുറ്റപ്പെട്ടുകിടക്കുന്നു (ചിത്രം 1) കല്ലടയാറിന്റെ ചെറിയൊരുഭാഗം (2.25കി.മി) പഞ്ചായത്തിന്റെ കിഴക്കുഭാഗത്തുകൂടി കടന്നുപോകുന്നു. സമുദ്രനിരപ്പിൽ നിന്നുള്ള ഉയരത്തെ അടിസ്ഥാനമാക്കി പഞ്ചായത്തിനെ ഇടനാട്ടിലാണ് പെടുത്തിയിരിക്കുന്നത്.


ഭൂ പ്രകൃതി അനുസരിച്ച് വിളക്കുടി പഞ്ചായത്തിനെ പ്രധാനമായും നാല് ഭൂരൂപങ്ങളായി തിരിക്കാം (ചിത്രം2)

1. ഉയർന്ന സമതലം (T)
2. കുത്തനെ ചെരിവ് (S_3)
3. ഇടത്തരം ചെരിവ് (S_2)
4. താഴ്വര (V)

പട്ടിക 1

ഭൂരൂപങ്ങൾ


നമ്പർ	ഭൂരൂപങ്ങൽ	വിസ്തൃതി ഹെക്ടറിൽ	ശതമാനം
1	ഉയർന്ന സമതലം	106	4.95
2	കുത്തനെ ചെരിവ്	450	21
3.	ഇടത്തരം ചെരിവി	803	37.47
4.	താഴ് വര	784	36.58
ആകെ		2143	100.00
അവലംബം:-വിഭവഭൂപടം സെസ്സ്			


വിളക്കുടി ഗ്രാമ പഞ്ചായത്ത്
76° 50'
76° 53'
9° 2'
0 0.5 1 കി.മീ
തലവൂർ ഗ്രാമ പഞ്ചായത്ത്
പിറവന്തൂർ ഗ്രാമപഞ്ചായത്ത്
കാര്യറ
നാവളം
പുനലൂർ
ചെമ്പനരുവി
തെന്മല
കൊല്ലം
തിരുവനന്തപുരം
വിളക്കുടി
പുനലൂർ മുനിസിപ്പാലിറ്റി
കൈതവട്ടം
ഇടമൺ
കിഴക്കേകോട്ട
കൊട്ടാരക്കര
തേവലക്കര ഗ്രാമപഞ്ചായത്ത്
മരുതാട്ട്
മഞ്ഞമൺകാല
കരവാളൂർ ഗ്രാമപഞ്ചായത്ത്
വെട്ടിക്കവല ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് അതിർത്തി
പഞ്ചായത്ത് ആഫീസ്
റോഡുകൾ
വാർഡ് അതിർത്തി
റെയിൽവേ
PRM.CESS, 1996

ചിത്രം 1

വിളക്കുടി ഗ്രാമപഞ്ചായത്ത്

ഭൂരൂപങ്ങൾ



ചിത്രം 2

പഞ്ചായത്തിലെ ഉയർന്ന സമതലങ്ങൾ ഭൂരിഭാഗവും 100 മീറ്ററോ അതിനു മുകളിലോ സ്ഥിതിചെയ്യുന്നു. ചില ഭാഗങ്ങൾ 80 മീറ്ററിനും അപൂർവ്വം ചില ഭാഗങ്ങൾ 40 മീറ്ററിനും മുകളിൽ കാണപ്പെടുന്നു. 80 മീറ്ററോ അതിനു മുകളിലോ വരുന്ന സമതലങ്ങൾ പൊതുവേ ജലക്ഷാമം രൂക്ഷമാണ്. ഈ ഭാഗങ്ങളിൽ ചെരിവ് കുറവായതിനാൽ മണ്ണൊലിപ്പ് കുറവാണ്. പ്രധാന മൺതരം ഇവിടങ്ങളിൽ ചെങ്കൽമണ്ണാണ്. 80 മീറ്ററിനു മുകളിലുള്ള സമതലങ്ങളിൽ മിക്കവാറും റബ്ബർകൃഷിയാണ് കൂടുതൽ . ഇവിടെ മിശ്രിത കൃഷികൾ കാണപ്പെടുന്നു. റബ്ബറും കൃഷിചെയ്യുന്നുണ്ട്. മഞ്ഞമൺകാല, മരങ്ങാട്, ചെമ്പുമല, താവളത്തിന് വടക്കും തെക്കുമുള്ള മലമ്പ്രദേശങ്ങളും ആവണീശ്വരത്തിന് കിഴക്കും പടിഞ്ഞാറും മുള്ള മലകൾ വിളക്കുടിക്ക് തെക്ക് കാര്യറ തുടങ്ങിയ പ്രദേശങ്ങൾ 80 മീറ്ററിന് മുകളിലുള്ള സമതല പ്രദേശങ്ങളാണ്. ആവണീശ്വരത്തിന് പടിഞ്ഞാറും കുന്നിക്കോട് വിളക്കുടി വടക്ക് തുടങ്ങിയ പ്രദേശങ്ങളിൽ 80 മീറ്ററിന് താഴെയുള്ള ചെറിയ ചെറിയ സമതലങ്ങൾ കാണപ്പെടുന്നു. പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 4.95 പ്രദേശങ്ങൾ (106 ഹെക്ടർ) ഈ മേഖലയിൽപ്പെടുന്നു.

ഉയർന്ന സമതലങ്ങൾ കഴിഞ്ഞാൽ വരുന്ന ഭൂരൂപം കുത്തനെ ചെരിവുള്ള പ്രദേശങ്ങളാണ് പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 21 ശതമാനം (450 ഹെക്ടർ) പ്രദേശങ്ങൾ ഈ മേഖലയിൽപ്പെടുത്താം ഉയർന്ന സമതലങ്ങളിൽനിന്നും വരുന്ന പ്രദേശങ്ങലാണ് ഈ ചെരിവു പ്രദേശങ്ങൾ. മുതുകുന്നം, മഞ്ഞമൺകാല, കാരിയറ, താവളം, ചെമ്പുമല, കുളപ്പാറ, പച്ചിലമല തുടങ്ങിയ ഭാഗങ്ങൾ ഇതിൽപ്പെടുന്നു. ഈ ഭാഗങ്ങലിൽ ചെരിവുകൂടുതലായതിനാൽ മണ്ണൊലിപ്പുധാരാളമായി കണ്ടുവരുന്നു. ഈ ഭാഗത്തെ പ്രധാനകൃഷി റബ്ബറാണ്. മിശ്രിതവിളകളും അപൂർവ്വമായികാണപ്പെടുന്നു. ചെമ്പുമല, പെച്ചിലമല, കുളപ്പാറ തുടങ്ങിയ പ്രദേശങ്ങളിൽ മണ്ണൊലിപ്പുമൂലം ധാരാളം മണ്ണു നഷ്ടപ്പെട്ട് പാറകൾ കാണപ്പെടുന്നു. ആറണംകോട്, മീനംകോട്, കുമരം പാറ തുടങ്ങിയ പ്രദേശങ്ങളും ഇതിലുൾപ്പെടുന്നു.

കുത്തനെ ചെരിവുള്ള പ്രദേശങ്ങൾ കഴിഞ്ഞാൽ അതുമായി ബന്ധപ്പെട്ടുവരുന്ന ചെരുവുകളാണ് ഇടത്തരം ചെരിവുകൾ ഭൂരിഭാഗം പ്രദേശങ്ങലിലും കുത്തനെ ചെരിവുകൾ ഇടത്തരം ചെരുവുകളിൽ വന്നവസാനിക്കുന്നു. ഈ ചെരിവുകളിൽ ചെരിവുകുറവായതിനാൽ മണ്ണൊലിപ്പും കുറവായിട്ടാണ് കാണപ്പെടുന്നത്. ഈ ഭാഗങ്ങളിൽ ചരൽ കലർന്ന ചെങ്കൽ മണ്ണാണ് കാണപ്പെടുന്നത്. ഈ ഭാഗങ്ങളിലെ പ്രധാന കൃഷി മിശ്രിത കൃഷികളാണ്. റബ്ബറും കാണപ്പെടുന്നു. ആവണീശ്വരം, കുന്നിക്കോടിന് തെക്കുഭാഗങ്ങൾ, വിളക്കുടി, കാര്യറതെക്ക്ഭാഗങ്ങൾ, മരങ്ങാട്, ഇളമ്പൽ തുടങ്ങിയ പ്രദേശങ്ങളിൽ ഇടത്തരം ചെരുവുകളാണ് കാണപ്പെടുന്നത്. പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 37.47 ശതമാനം (803 ഹെക്ടർ) പ്രദേശങ്ങൾ ഈ ഭൂരൂപത്തിൽപ്പെടുത്താം. ഭൂരൂപങ്ങലിൽ കൂടുതൽ വിസ്തീർണ്ണം വരുന്നതാണ് ഈ പ്രദേശങ്ങൾ

ചെരിവു പ്രദേശങ്ങളെല്ലാം വന്നവസാനിക്കുന്ന പ്രദേശങ്ങളാണ്. താഴ് വരകൾ V. ആകൃതിയിലുള്ള താഴ്വരകളാണ് വിളക്കുടി പഞ്ചായത്തിൽ കാണപ്പെടുന്നത്. താഴ്വരകൾ പൊതുവേ ജലത്തിന്റേയും ചെരുവുകളിൽ നിന്നുവരുന്ന മറ്റു വസ്തുക്കളുടെയും സംഭരണ സ്ഥലങ്ങളാണ്. തോടുകളും, കുളങ്ങളും, മറ്റുപരിതല ജലശ്രോതസ്സുകളും താഴ്വരകളുമായി ബന്ധപ്പെട്ടുകിടക്കുന്നു. ഈ ഭാഗങ്ങളിൽ കാണപ്പെടുന്ന മണ്ണ് കളിമണ്ണ്, എക്കൽ മണ്ണുമാണ്. നെൽകൃഷിക്ക് വളരെയധികം യോജിച്ച മണ്ണാണ് എക്കൽ മണ്ണ് ആയതിനാൽ നെൽകൃഷിയാണ് താഴ്വരയിൽ കൃഷിചെയ്തുവരുന്നത്. എക്കൽ മണ്ണ് ചുടുകട്ടയുടെ നിർമ്മാണത്തിനായി ഖനനം ചെയ്തുവരുന്നു. താഴ്വരകൾ ചെരിവുമായി ബന്ധപ്പെട്ടുകിടക്കുന്ന ഭാഗങ്ങളിൽ ചെങ്കൽ മണ്ണും കാ

ണപ്പെടുന്നു. പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 36.58 ശതമാനം (784 ഹെക്ടർ) പ്രദേശങ്ങൾ താഴ്വര വരയിൽപ്പെടുന്നു. മുള്ളുവയൽ, ഞാറവയൽ ഏല, ആറണംകോട് ഏല, താവളം, മഞ്ഞമൺകാല തുടങ്ങിയവ പ്രധാന താഴ്വരകളിൽപ്പെടുന്നു.

നിമ്നോന്നത മേഖലകൾ

നിമ്നോന്നതിയുടെ അടിസ്ഥാനത്തിൽ വിളക്കുടി പഞ്ചായത്തിനെ സമുദ്രനിരപ്പിൽനിന്നും ഇരുപതു മീറ്ററിനുതാഴെ, ഇരുപതുമുതൽ നാൽപ്പതു മീറ്റർവരെ, നാൽപ്പതുമീറ്റർ മുതൽ എൺപതു മീറ്റർ വരെ, എൺപതുമീറ്റർ മുതൽ നൂറുമീറ്റർ വരെ നൂറുമീറ്ററിനു മുകളിൽ എന്നിങ്ങനെ അഞ്ചായി തിരിക്കാം (പട്ടിക 2) പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ പ്രദേശം ചെമ്പുമല പ്രദേശമാണ്ഈ മല സമുദ്രനിരപ്പിൽ നിന്നും നൂറ്റി എൺപത്തേഴു മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്നു. ഇത് പഞ്ചായത്തിന്റെ തെക്കു ഭാഗത്തായി സ്ഥിതിചെയ്യുന്നു. (ചിത്രം3)

ആകെ വിസ്തൃതിയുടെ 6.70 ശതമാനം (143.75 ഹെക്ടർ) പ്രദേശങ്ങൾ നൂറുമീറ്ററിനു മുകളിൽ സ്ഥിതിചെയ്യുന്നു. ചെമ്പുമല, കുളപ്പാറ, മഞ്ഞമൺകാല, താവളം, കുന്നിക്കോടിന് കിഴക്ക് കാര്യറ തുടങ്ങിയ പ്രദേശങ്ങളെ ഈ മേഖലയിൽപ്പെടുത്താം.


പട്ടിക 2

നമ്പർ	നിമ്നോന്നതമേഖലകൾ	വിസ്തൃതി ഹെക്ടറിൽ	ശതമാനം
1.	20 മീറ്ററിനു താഴെ	151	7.04
2.	20 മീറ്ററിനും 40മീറ്ററിനും ഇടയിൽ	1025.57	47.85
3.	40 മീറ്ററിനും 80 മീറ്ററിനും ഇടയിൽ	664.06	30.98
4.	80 മീറ്ററിനും 100 മീറ്ററിനും ഇടയിൽ	159.37	7.43
5.	100 മീറ്ററിനു മുകളിൽ	143.75	6.70
ആകെ		**2143**	**100.00**

അവലംബം: വിഭവഭൂവടം, സെസ്സ്

എൺപതുമീറ്ററിനും നൂറുമീറ്ററിനും ഇടയിലുള്ള പ്രദേശങ്ങൾ പഞ്ചായത്തിന്റെ വിസ്തൃതിയുടെ 7.43 ശതമാനം (159.37 ഹെക്ടർ) വരും. ചെമ്പുമല പ്രദേശങ്ങൾ, കുളപ്പാറ, വിളക്കുടി, മരങ്ങാട്, കുന്നിക്കോട് പച്ചില തുടങ്ങിയ പ്രദേശങ്ങളെ ഈ മേഖലയിൽപ്പെടുത്താം.

നാൽപ്പതു മീറ്ററിനും, എൺപതുമീറ്ററിനും ഇടയിൽ കാണുന്ന പ്രദേശങ്ങൾ വിളക്കുടി, ഇളമ്പൽ, മഞ്ഞണംകാലയ്ക്ക് കിഴക്ക്, മരങ്ങാട്, വിളക്കുടിക്ക് കിഴക്കു ഭാഗങ്ങൾ, വിളക്കുടിക്ക് തെക്ക്, കുന്നിക്കോടിന് പടി


വിളക്കുടി പഞ്ചായത്ത്
നിമ്നോന്നത മേഖലകൾ
0 0.5 1 കി.മീ
N
76°50'
76°53'
9°2'
9°0'
പഞ്ചായത്ത് അതിര്
20 മീറ്ററിൽ താഴെ
20 മുതൽ 40 മീറ്റർ വരെ
40 മുതൽ 80 മീറ്റർ
80 മുതൽ 100 മീറ്റർ വരെ
100 മീറ്ററിനു മുകളിൽ
PRM, CESS, 1996

ചിത്രം 3

ഞ്ഞാറ് തുടങ്ങിയവയാണ് . ഈ പ്രദേശങ്ങൾക്ക് പഞ്ചായത്തിന്റെ വിസ്തീർണ്ണത്തിന്റെ 30.98 ശതമാനം (664.06 ഹെക്ടർ) വരും

ഇരുപതു മീറ്ററിനും, നാൽപ്പതുമീറ്ററിനും ഇടയിലുള്ള പ്രദേശങ്ങളാണ് പഞ്ചായത്തിൽ കൂടുതൽ കാണപ്പെടുന്നത്. പഞ്ചായത്തിന്റെ വിസ്തൃതിയുടെ 47.85 ശതമാനം (1025.57) ഹെക്ടർ വരും. ഈ പ്രദേശങ്ങലിൽ ഭൂരിഭാഗവും താഴ്വരകളായി ബന്ധപ്പെട്ടുകിടക്കുന്നു. വിളക്കുടി, കുന്നിക്കോടിന് കിഴക്ക്, മഞ്ഞമൺക്കാലയ്ക്കു കിഴക്ക്, താവളം, കാര്യറയ്ക്കു പടിഞ്ഞാറ് തുടങ്ങിയ പ്രദേശങ്ങൾ ഇതിൽപ്പെടും.

ഇരുപതുമീറ്ററിൽ താഴെയുള്ള പ്രദേശങ്ങൾ പഞ്ചായത്തിന്റെ 7.04 ശതമാനം വിസ്തൃതിയിൽ (151 ഹെക്ടർ) കാണപ്പെടുന്നു. ഈ പ്രദേശങ്ങൾ പൂർണ്ണമായും താഴ്വരകളാണ്. നെൽവയലുകളാണ് ഈ ഭാഗങ്ങളിൽ സാധാരണ കണ്ടുവരുന്നത്. മുള്ളുവയൽ, ഞാറവയൽ ഏലായും ഇതിൽപ്പെടുന്നു.

മണ്ണ്

വിളക്കുടി പഞ്ചായത്തിൽ പ്രധാനമായും കണ്ടുവരുന്നത് ചെങ്കൽ മണ്ണാണ്. നല്ല നീർവാർച്ച ഈ മണ്ണിൽ കാണുന്നു. പഞ്ചായത്തിലെ ഉയരം കൂടിയ പ്രദേശമായ ചെമ്പുമലയിലെ ചില ഭാഗങ്ങളിൽ കറുത്ത ഖനമണ്ണും കാണപ്പെടുന്നു. ചരിവുകളിൽ ചരൽ കലർന്ന ചെങ്കൽ മണ്ണാണ് കണ്ടുവരുന്നത്. വലിയതോടിന്റെ ഇരുവശങ്ങളിലും എക്കൽമണ്ണ് കാണുന്നു. നെൽപ്പാടങ്ങലിൽ കളിമണ്ണ്, എക്കൽമണ്ണും കാണുന്നു. ഈ മണ്ണിന് ജലസംഭരണശേഷി വളരെ കൂടുതലാണ്. നെൽകൃഷിക്ക് വളരെ യോജിച്ച മണ്ണാണിത് (ചിത്രം4)

കാലാവസ്ഥ


വിളക്കുടി പഞ്ചായത്തിനെ മലനാട് കാർഷിക കാലാവസ്ഥ മേഖലയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്തിൽ ശരാശരി 241.6 മി.മി. മഴ 11 മാസവും ലഭിക്കുന്നുണ്ട്. ജനുവരി മാസം ഒഴികെ മറ്റെല്ലാമാസത്തിലും മഴലഭിക്കുന്നുണ്ട്. ഏറ്റവും കൂടുതൽ മഴലഭിക്കുന്നത് ജൂലൈമാസത്തിലാണ് (ചിത്രം 5) ശരാശരി ഒരുവർഷം 2554 മി.മി. മഴലഭിക്കുന്നുണ്ട്. അന്തരീക്ഷ ഊഷ്മാവ് കൂടുതൽ അനുഭവപ്പെടുന്നത് ഏപ്രിൽ മാസത്തിലാണ്. കുറവ് ജനുവരിമാസത്തിലും അനുഭവപ്പെടുന്നു. ഏറ്റവും കൂടിയ താപനില 37.1 ഡിഗ്രി സെൽഷ്യസാണ്. കുറഞ്ഞത് 19.6 ഡിഗ്രി സെൽഷ്യസും (ചിത്രം 6)


കാലാവസ്ഥ കലണ്ടർ

പഞ്ചായത്തിൽ വർഷകാലം ആരംഭിക്കുന്നത് ഇടവം 15 നു തുടങ്ങി കർക്കിടകം അവസാനം വരെ നീണ്ടുനിൽക്കുന്നു. അതുകഴിഞ്ഞ് തെളിഞ്ഞ അന്തരീക്ഷം കാണപ്പെടുകയും തുലാം ഒന്നുമുതൽ തുലാവർഷം ആരംഭിക്കുകയും ചെയ്യുന്നു. ഇത് തുലാം അവസാനം വരെ നീണ്ടുനിൽക്കുന്നു. തുലാവർഷം കഴിഞ്ഞാൽ മഞ്ഞുകാലം തുടങ്ങുകയായി വൃശ്ചികം ഒന്നുമുതൽ മകരമാസാവസാനംവരെ മഞ്ഞുകാലം തുടരുന്നു. കുംഭം ഒന്നോടുകൂടി വേനൽക്കാലത്തിന്റെ വരവായി, ഇടവം മദ്ധ്യംവരെ വേനൽക്കാലം തുടരും ഇതിനിടെ ഏപ്രിൽ മാസങ്ങളിൽ വേനൽക്കാല മഴലഭിക്കുന്നുണ്ട്. (ചിത്രം 7)


ജലപ്രകൃതി

ഓരോ പ്രദേശത്തിന്റെയും വളർച്ചയ്ക്കും ആ പ്രദേശത്തുള്ള ജലസമ്പത്ത് പ്രധാന പങ്കുവഹിക്കുന്നു. പലവികസനങ്ങളും നടക്കാതെ പോകുന്നതും കാർഷിക തളർച്ച അനുഭവപ്പെടുന്നതും ആവശ്യത്തിനുള്ള ജ



76° 50'
76° 53'
N
9° 2'
9° 0'
0 0.5 1 കിമീ
സൂചിക
പഞ്ഞിവണ്ണ് നെടുങ്ങ്
ചെങ്കൽ മണ്ണ്
കരങ്കൽ/കരിമണ്ണ്



ചിത്രം 5



ചിത്രം 6



ചിത്രം 7

ലസമ്പത്തിന്റെ അഭാവമാണ്. വിളക്കുടി പഞ്ചായത്തിന്റെ ജലവിഭവം പരിശോധിച്ചാൽ തോടുകളും, കുളങ്ങളും ചിറകളുമാണ് പ്രധാനം ഉപരിതല ജലത്രോതസ്സുകൾ.

വിളക്കുടി പഞ്ചായത്തിലെ പ്രധാന ഉപരിതല ശ്രോതസ്സുകളിൽ ഒന്നായ തോടുകളിൽ പ്രധാനതോട് കുന്നിക്കോട് വലിയതോടാണ്. പഞ്ചായത്തിന്റെ ഏകദേശം പടിഞ്ഞാറുഭാഗത്ത് തെക്കുവടക്കായി ഒഴുകുന്നു. ഈ തോട് വേനൽക്കാലത്ത് വറ്റുന്നതല്ല. മണ്ണടിഞ്ഞ് പലസ്ഥലത്തും നികരുന്നതുമൂലം വേനൽക്കാലത്ത് നീരൊഴുക്കും കുറയുന്നു. മറ്റു പ്രധാന തോടുകൾ മീമാത്തികുന്ന് മുകൾ ഭാഗത്തുനിന്നു തുടങ്ങി ആരൂർ ഏലായുടെ മദ്ധ്യഭാഗത്തുകൂടി ഒഴുകി പത്തനാപുരം റോഡ് മുറിച്ച് അമ്പ്രപ്പാട്ടുവച്ച് വലിയതോട്ടിൽ ചേരുന്നകാഞ്ഞക്കാണിക്കരതോട്, കുറ്റിക്കോണം-ചീയോട്-മാടപ്പാറ വെള്ളംക്കൊള്ളി പനകുന്നം നെടുവന്നൂർവഴി താന്നിയപ്പൻകാവുവരെയുള്ള തോട്, പുല്ലാഞ്ഞിയോട്, പ്ലത്തറവഴി മുറിഞ്ഞ കലുങ്ക് തോട്, വല്യാടൻ കുഴി-കൊടുങ്കട തോട്, ആനകോട്-പെരിങ്ങോട് തോട്, പാലോട്ടുകോണം-ചുനാവയൽ തോട്, കൈതോട്-അയത്തൂർതോട്, കുരിയോട്-സർക്കാർമുക്ക് തോട്, കാഞ്ഞിരമല-മറുവുംവയൽസർക്കാർ മുക്ക് തുടങ്ങിയവ ഇതിൽപ്പെടുന്നു. (പട്ടിക1) (ചിത്രം 8)

നമ്പർ	തോടിന്റെപേര്	വാർഡ്	നീളം
1.	കുന്നിക്കോട് വലിയതോട്	1, 2, 3, 8	
2.	കാക്കാണിക്കരതോട്	1	
3.	കുറ്റിക്കോണം,ചീയോട്, മാടപ്പാറ വെള്ളംക്കൊള്ളി പനംകുന്നം നെടുവന്നൂർവഴി താന്നിയപ്പൻകാവ് തോട്	4. 5, 9	
4.	പുല്ലാഞ്ഞിയോട് മുറിഞ്ഞകലുങ്ക്തോട്	7	
5.	വല്യാടൻകുഴി-കൊടുങ്കടവ്തോട്		
6.	ആനക്കോട്-പെരെങ്ങോട്	6, 7	
7.	പാലോട്ടുകോണം ചുനാവയൽ	7	
8.	കൈതോട് അയത്തൂർ	10	
9.	കുരിയോട് -സർക്കാർമുക്ക്	10, 11	
10.	കാഞ്ഞിരമല സർക്കാർമുക്ക്	11	
11.	കാമന്തൂർ-പനങ്കുന്ന്	9	
12.	കോട്ടവട്ടംമുക്ക്-കുന്നിക്കോട്	1, 8, 12	

അവലംബം: വിഭവഭൂപടം, സെസ്സ്

കുളങ്ങൾ

പഞ്ചായത്തിലെ ജലശ്രോതസ്സായ തോടുകൾ കഴിഞ്ഞാൽ കാണുന്ന പ്രധാന ജലശ്രോതസ്സുകൾ കുളങ്ങളാണ്. പലകുളങ്ങളും ഉപയോഗശൂന്യമായി കിടക്കുകയാണ്. ഇവയെ വേണ്ടരീതിയിൽ ഉപയോഗിക്കണം.

പഞ്ചായത്തിലെ കുളങ്ങളിൽ പ്രധാനപ്പെട്ടകുളം പള്ളിച്ചിറയാണ്. ഏകദേശം 0.5 ഏക്കറോളം വിസ്തീർണ്ണം വരും പ്രധാന കുളങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു

നമ്പർ	കുളം/ചിറയുടെപേര്	ഉൾപ്പെടുന്നവാർഡ്
1.	ആവണീശ്വരം കടുമംഗൽകുളം	3
2.	മച്ചിനാംകോണംകുളം	3
3.	കുറ്റിക്കോണംകുളം	4
4.	കട്ടിയന്നൂർകുളം	5
5.	ആനാവോട് തലക്കൽകുളം	5
6.	വിളക്കുടിപള്ളിച്ചിറകുളം	8
7.	വരിക്കോലിൽ കാഞ്ഞിരംവിളകുളം	9
8.	മീനംകോട്ടുകുളം	12
9.	കാവൽപ്പുരകുളം	1

അവലംബം: വിഭവഭൂപടം, സെസ്സ്


നീർമറിപ്രദേശങ്ങൾ

മഴയെ ആശ്രയിച്ച് കൃഷിചെയ്യുന്ന ഒരു പഞ്ചായത്താണ് വിളക്കുടി ഗ്രാമ പഞ്ചായത്ത്. വർഷം 2554 മി. മീ മഴ ലഭിക്കുന്നുണ്ടെങ്കിലും മഴയിൽനിന്നും ലഭിക്കുന്ന ജലം ചെരിവുകളിലൂടെ ഒഴുകി തോടുകൾവഴി നഷ്ടപ്പെടുകയാണ്. ഈ ജലം സംഭരിക്കുന്നതിന് നിലവിൽ യാതൊരു സൗകര്യവും ഇന്ന് നിലവിലില്ല ഇങ്ങനെജലം ഒഴുകിവരുന്ന പ്രദേശങ്ങളെ നീർമറി പ്രദേശങ്ങൾ എന്നും, ഈ പ്രദേശങ്ങളും അവ ഉൾപ്പെടുന്ന തോടുകളും ചേർന്നുള്ള പ്രദേശങ്ങളുടെ വികസന പദ്ധതിയാണ് നീർതട വികസന പദ്ധതി. വിളക്കുടിപഞ്ചായത്തിൽ നീർതട പദ്ധതിക്കുപറ്റിയ പ്രദേശങ്ങളെ പ്രധാനമായി 5 ആയി തിരിക്കാം (ചിത്രം 8)

പട്ടിക 2

നമ്പർ	നീർമറിപ്രദേശം	കക്കാണിക്കരതോട്	വിസ്തീർണ്ണം ഹെക്ടറിൽ
1	I	കക്കാണിക്കരതോട്	215.6
2	II	കുന്നിക്കോട് വലിയതോട്	309
3.	III	പ്ലാത്തറ	118.75
4.	IV	ചീയോട് മാടപ്പാറ	243.75
5.	V	മീയാത്തിൻകുന്ന്-ആവണീശ്വരം	257.8

അവലംബം: വിഭവഭൂപടം, സെസ്സ്


വിളക്കുടിപഞ്ചായത്ത്
നീർമറി പ്രദേശങ്ങൾ
76° 50'
76° 53'
9° 2'
9° 0'
N
I
II
III
IV
V
സൂചിക
പഞ്ചായത്ത് അതിർ
വറ്റാത്തതോടുകൾ
വറ്റുന്ന തോടുകൾ
നീർമറി രേഖ
76° 50'
76° 53'
PRM, CESS, 1996

ചിത്രം

ജലലഭ്യത

പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലെ ജലലഭ്യത പരിശോധിക്കുകയാണെങ്കിൽ പഞ്ചായത്തിന്റെ എല്ലാഭാഗത്തും ഒരു പോലെ ജലലഭ്യതല്ലെന്നു എന്നു മനസ്സിലാക്കാം. ഉയർന്ന സമതല പ്രദേശങ്ങളും കുത്തനെചെരിവുള്ള പ്രദേശങ്ങളും പൊതുവേ കടുത്ത ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളാണ്. മഴക്കാലത്തു മാത്രം ജലം ലഭിക്കുന്ന പ്രദേശങ്ങളാണിവ. ഏകദേശം 556 ഹെക്ടർ പ്രദേശങ്ങൾ ഇതിലുൾപ്പെടും ഇടത്തരം ചെരിവു പ്രദേശങ്ങളിൽ മിതമായി ജലം ലഭിക്കുന്നു. ഇത് 803 ഹെക്ടറോളം വരും. ജലലഭ്യത കൂടുതലുള്ള പ്രദേശങ്ങൽ താഴ്വരകളാണ്. ഇത്784 ഹെക്ടർ വരും(ചിത്രം 9)

ജന പ്രകൃതി

1991 ലെ സെൻസസ്സ് കണക്കുകൾ പ്രകാരം വിളക്കുടി ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 30433 ആയിരുന്നു. ഇതിൽ 14908 പുരുഷന്മാരും 15525 സ്ത്രീകളുമായിരുന്നു. പുരുഷന്മാരെ അപേക്ഷിച്ച് 617 സ്ത്രീകൾ കൂടുതലാണ്. ആകെ വീടുകൾ 6162 ആയിരുന്നു. അതായത് ശരാശരി വീടൊന്നിന് 4.9 ആളുകൾ വീതമുണ്ട് ജനസാന്ദ്രത ചതുരശ്ര കി. മീറ്ററിന് 1420 ആയിരുനനു. ഇത് കേരളത്തിന് 749 ഉം കൊല്ലം ജില്ലയുടേത് 967 ഉം ആയിരുന്നു. ആറുവയസ്സിനുതാഴെയുള്ള 1997 ആൺകുട്ടികളും, 1863 പെൺകുട്ടികളുമുണ്ട്. പട്ടിക ജാതി ജനസംഖ്യ 3060 ആയിരുന്നു. ഇതിൽ 1484 പുരുഷനും 1576 സ്ത്രീജനമായിരുന്നു. പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 78.49 പേർ സാക്ഷരരാണ്. അതായത് 12143 പുരുഷന്മാരും 11746 സ്ത്രീകളും സാക്ഷരരാണ്.


ആകെ ജനസംഖ്യയുടെ 24.7 ശതമാനം (7519 പേർ വിവിധ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്നു. ഇതിൽ 6354 പേർ പുരുഷന്മാരും 1165 പേർ സ്ത്രീകളുമാണ്. കൃഷി മേഖലയിലാണ് കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്നത്. ആകെ ജനസംഖ്യയുടെ 7.64 ശതമാനം ആൾക്കാർ കൃഷിമേഖലയിലാണ്. ഇതു കൂടാതെ കന്നുകാലിവളർത്തൽ, കുടിൽ വ്യവസായം, കെട്ടിടനിർമ്മാണം, വാണിജ്യം, ഗതാഗതം തുടങ്ങി നിരവധി മേഖലകളിൽ ജനങ്ങൾ തൊഴിലെടുക്കുന്നു.

പട്ടിക 1

ആകെജനസംഖ്യ	പുരുഷൻ	സ്ത്രീ	0–6 വയസ്സു വരെയുള്ളവർ	പട്ടികജാതി	സാക്ഷരർ
30433	14908	15525	3860	3060	23889

അവലംബം: 1991 സെൻസസ്




ഭൂജലഭൃത
0 0.5 1 കി.മീ
സൂചിക
പഞ്ചായത്ത് അതിർത്തി
ഭൂജലഭൃത- കിണർ
ഭൂജലഭൃത- മിനം
ഭൂജലഭൃത-കുടുതൽ
76° 50'
76° 53'
9° 2'
9° 0'
N
PRM.CESS.1996


ചിത്രം

പട്ടിക 2

വിവിധ തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവർ

	പുരുഷൻ	സ്ത്രീകൾ	ആകെ	ശതമാനം
1. ആകെ പണിയെടുക്കുന്നവർ	6354	1165	7519	100.00
2. കർഷകർ	1485	26	1511	20.09
3. കർഷക തൊഴിലാളികൾ	1963	363	2326	30.93
4. കന്നുകാലിവളർത്തൽ മത്സബന്ധനം, പ്ലാന്റേഷൻ തുടങ്ങിയവ	209	14	223	2.96
5. ഖനനം	33	7	40	0.53
6. കുടിൽവ്യവസായം	73	8	81	1.07
7. കെട്ടിടനിർമ്മാണം	198	5	207	2.69
8. ഗതാഗതം, വാർത്താവിനിമയം, സംഭരണം	449	8	457	6.07
9. കുടിലേതര വ്യവസായം	524	366	890	11.83
10. വാണിജ്യം	814	41	855	11.37
11. മറ്റുള്ളവർ	606	327	933	12.40

അവലംബം: 1991 സെൻസസ്



പരിസ്ഥിതി

വായു, ജലം, മണ്ണ് എന്നിവ ജീവന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. ഭൂമിയുടെ ഉപരിതലത്തിലുള്ള സസ്യാവരണങ്ങൾ നിലനിൽക്കേണ്ടത് ശുദ്ധവായു ലഭിക്കുന്നതിന് അനിവാര്യമാണ്. ജനങ്ങൾ പെരുകുന്നതോടൊപ്പം സസ്യാവരണം പലകാരണങ്ങളാൽ കുറഞ്ഞും ചിലയിടങ്ങളിൽ നശിപ്പിക്കപ്പെട്ടും കണ്ടു വരുന്നു. ശുദ്ധവായുവും ജലവും, മണ്ണും ലഭ്യമല്ലാതാകുമ്പോൾ ഗ്രാമത്തിന്റെ നിലനിൽപ്പുതന്നെ അപകടത്തിലാവുന്നു. വികസന പ്രവർത്തനങ്ങളുടെ ഫലമായി പരിസ്ഥിതിത്തകർച്ചയുണ്ടാകാതെ ശ്രദ്ധിക്കണം. വികസനപദ്ധതികൾ ഫലപ്രദമായി വിജയിക്കണമെങ്കിൽ പരിസ്ഥിതിസംരക്ഷണം പരമ പ്രധാനമാക്കണം.

പരിസ്ഥിതിസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതായിരിക്കണം ആദ്യത്തെ പരിപാടി. ഇതിനായി ഗ്രാമ പഞ്ചായത്തു തലത്തിൽ വിദഗ്ദ്ധൻമാരടങ്ങിയ ഒരു പരിസ്ഥിതി സംരക്ഷണ സമിതിമുണ്ടാക്കണം. സാമൂഹ്യ പ്രവർത്തകരും ഹെൽത്ത് ഇൻസ്പെക്ടർ പഞ്ചായത്തു സമിതിയിലെ അംഗങ്ങളുമടങ്ങിയ ഒരു സംഘം പരിസരശുചീകരണത്തിന് മേൽനോട്ടം വഹിക്കേണ്ടതാണ്.

I. മണ്ണുസംരക്ഷണം ÷

ജനസംഖ്യ വർദ്ധിക്കുന്നതിനനുസരണമായി ഓരോരുത്തർക്കും ആവശ്യമുള്ള ഭൂമിയുടെ വിസ്തൃതി കുറഞ്ഞു വരികയാണ്. പാർപ്പിട സൗകര്യത്തിനും ഭക്ഷ്യോൽപ്പാദനത്തിനുമായി ഭൂമി ചെറു തുണ്ടുകളായി വിഭജിക്കപ്പെടുന്നു. ഭൂമിയുടെ മേലുള്ള അധിക സമ്മർദ്ദം പലവിധത്തിൽ വർദ്ധിച്ചുവരുന്നു. അധികവിളവുണ്ടാക്കുന്നതിനു വേണ്ടി രാസവളങ്ങളും കീടനാശിനികളും അമിതമായി പ്രയോഗിക്കുന്നതിന്റെ ഫലമായി വളരെ വേഗം ഊഷരഭൂമിയായി മാറിക്കൊണ്ടിരിക്കുകയാണ് നമ്മുടെ പ്രദേശം.യൂരിയ, ഡി.ഡി.റ്റി, ഫ്യൂറഡാൻ തുടങ്ങിയവയുടെ ക്രമാതീതമായ ഉപയോഗം കൊണ്ട് മണ്ണ് ക്രമേണ വിഷമയമായിതീരുന്നു. രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിതമായപ്രയോഗം ഇന്ന് മനുഷ്യരാശിക്കുതന്നെ ഒരു ഭീഷണിയായിതീർന്നിട്ടുണ്ട്. ഈ രാസവസ്തുക്കൾക്ക് ജൈവവിഘടനം സംഭവിക്കാത്തതുകാരണം, അവ കൃഷി നിലങ്ങളിലെ മണ്ണിൽതന്നെ തങ്ങിനിൽക്കുകയോ നീർച്ചാലുകളിലൂടെ ജലാശയത്തിലെത്തിച്ചേരുകയോ ചെയ്യുന്നു. ഇവയുടെ അടിക്കടിയുള്ള ഉപയോഗം മണ്ണിലും ജലത്തിലും അലിഞ്ഞുകൂടുകയും ചെയ്യുന്നു. ഡി. ഡി. റ്റി. യുടെ ഉപയോഗം നീയന്ത്രിക്കുവാൻ പലരാജ്യങ്ങളും മുൻകയ്യെടുക്കുന്നതു നാം ശ്രദ്ധിക്കേണ്ടതാണ്. അമിതമായ രാസ വളത്തിന്റെയും കീടനാശിനികളുടെയും പ്രയോഗഫലമായി ഫലമായി കർഷകന് സഹായകമായിട്ടുള്ള ജൈവകീട നീയന്ത്രണമാർഗ്ഗങ്ങളും ചിതലുകളും മണ്ണിന്റെ സംരക്ഷണമായ മണ്ണിരയും ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. നമ്മുടെ നാട്ടിൽ മണ്ണൊലിപ്പ് സാധാരണകാണുന്ന ഒന്നാണ്. മഴവെള്ളത്തിലിലൊലിച്ചു പോകുന്ന മേൽ മണ്ണ് തടഞ്ഞുനിർത്താൻ പലർക്കും കഴിയാതെ പോകുന്നു. പാടശേഖരങ്ങളിൽ കൊല്ലാപ്പൊട്ടുന്നതും, പറമ്പുകളിലെ തിടിലുകൾ, കയ്യാലകൾ ഇവ ഇടിയുന്നതും വർഷകാലങ്ങളിൽ നിത്യവും കാണാറുള്ളതാണ്. ഇതിനെതിരെ താല്ക്കാലികമായി എന്തെങ്കിലും ചെയ്യുന്നതൊഴിച്ചാൽ സഥിരമായി മണ്ണൊലിപ്പ് ത

ടയാൻ കഴിയണം. ഇതിനു വേണ്ടി പറമ്പുകളിൽ കയ്യാലകളും, തിടിലുകളും സ്ഥിരം സംവിധാനത്തിൽ ഉ
ന്നെ കെട്ടി ബലപ്പെടുത്തണം ഇതു കൊണ്ട് മേൽമണ്ണൊലിപ്പ് തടയുന്നതിനുപരി ഭൗമജലം ഭൂമിയുടെ അടി
ത്തട്ടിൽ ശേഖരിച്ചു നിർത്താനും കഴിയും. പ്രാദേശികമായുള്ള ചെറുതും വലുതുമായ അരുവികൾ, തോടു
കൾ എന്നീ ജല സ്രോതസ്സുകളിൽ അവിടവിടെ അടിയണകളും തടയണകളും കെട്ടിയാൽ നല്ലൊരളവിൽ
ഭൗമജലം ശേഖരിക്കുവാൻ സാധിക്കുന്നതാണ്. ജന പങ്കാളിത്തത്തോട് കൂടിയുള്ള ചെറു പദ്ധതികൾ ഇതിനു
വേണ്ടി ആവിഷ്കരിച്ചു നടപ്പാക്കാം. വ്യാപകമായ തോതിൽ സസ്യാവരണം നശിപ്പിക്കുന്ന പ്രവണത തിരു
ത്സാഹപ്പെടുത്തി സസ്യങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് പ്രോൽസാഹനം നൽകണം. നമ്മുടെ നാട്ടിൽ പൊതു
വേ ഇഷ്ടിക നിർമ്മാണം വർദ്ധിച്ചുവരുന്നു. മേൽമണ്ണുപയോഗിച്ചുള്ള ഇഷ്ടിക നിർമ്മാണം നിരോധിക്കണം.
ആധുനിക രീതിയിലുള്ള യന്ത്രങ്ങൾ കൊണ്ട് കുന്നിൻ പ്രദേശം ഇടിച്ചുനിരത്തുന്നത് പ്രകൃതിയുടെ തന്നെ
സ്ഥിരത നഷ്ടപ്പെടുത്തുന്നു. അങ്ങനെയുള്ള പ്രദേശങ്ങളിൽ പലവിധ പരിസ്ഥിതി പ്രശ്നങ്ങളുണ്ടാകുന്നു.
ഫലഭൂയിഷ്ടമായ വയൽ പ്രദേശത്ത് മണ്ണിട്ടുനികത്തി കോൺക്രീറ്റ് കെട്ടിടങ്ങൾ പണിയുന്നത് സാധാരണമാ
യി തീർന്നിട്ടുണ്ട്. ഇതു മൂലം പ്രകൃതിയുടെ സ്വതവേയുള്ള ജല സ്രോതസ്സുകളടഞ്ഞുപോകുന്നുണ്ടെന്നുള്ള
തും പരിസ്ഥിതി പ്രശ്നമാണ്. ചുരുക്കത്തിൽ പ്രകൃതിയുടെ മനോഹാരിതയ്ക്ക് വികൃത രൂപം നൽകി പുതി
യ പുതിയ പരിസ്ഥിതി പ്രശ്നങ്ങളുണ്ടാക്കുകയാണ്. കൃഷി നിലം നികത്തുന്നത് കർശനമായി നിരോധി
ക്കാൻ നിയമനിർമ്മാണമുണ്ടാവണം.

II. ജല സംരക്ഷണം:

ജീവന്റെ നിലനിൽപ്പിന് ജലം അത്യാവശ്യമാണ്. ധാരാളം മഴ ലഭിക്കുന്ന നമ്മുടെ നാട്ടിൽ ജലവിഭവം വേണ്ടരീതിയിൽ സംരക്ഷിക്കാൻ കഴിയുന്നില്ലെന്നുള്ളതാണ് യാഥാർഥ്യം. ശാസ്ത്രീയമായ രീതിയിൽ ജല സംരക്ഷണ പരിപാടി ജനപങ്കാളിത്തത്തോടുകൂടി നടപ്പാക്കണം. പഞ്ചായത്തിന്റെ മിക്കവാറും പ്രദേശങ്ങൾ ചരിവുള്ളതാണ്. അതിനാൽ മഴയിൽ നിന്നും ലഭിക്കുന്ന വെള്ളം പടിഞ്ഞാറേക്കൊഴുകി പോവുകയാണ്. ഈ തീരാനഷ്ടം ഒഴിവാക്കാൻ ചില നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. പഞ്ചായത്തിലെ ചെറുതും വലുതുമായ തോടുകളിൽ അടിയണകളും , തടയണകളും നിർമ്മിക്കുക.

2) ജലനിരപ്പ് ഭൂമിയിൽ വളരെ താണുപോകാതിരിക്കാൻ തോടുകളിൽനിന്നും പുഴകളിൽനിന്നുമുള്ള മണൽവാരൽ നിരോധിക്കയും കരകളിൽ വൃക്ഷങ്ങൾവച്ചുപിടിപ്പിച്ച് തീരങ്ങൾ ഇടിഞ്ഞുപോകാതെ സൂക്ഷിക്കുകയും ചെയ്യുക.

3) പുരയിടങ്ങളിൽ പലഭാഗങ്ങളിലായി കുഴികൾ എടുത്ത് മഴക്കാലത്ത് വെള്ളം ശേഖരിച്ചുനിർത്തുക.

4) ഉപയോഗശൂന്യമായികിടക്കുന്ന കുളങ്ങൾ വിപുലീകരിച്ച് മത്സ്യകൃഷിക്കുപയോഗിക്കുക.

5) മലിന ജലം കെട്ടിക്കിടക്കുന്നിടങ്ങളിൽ കൊതുകു നിവാരണം നടത്തുക.

6) ഫാക്ടറികളിൽ നിന്നും ഹോട്ടലുകളിൽ നിന്നുമുള്ള മലിന ജലം തോടുകളിലേക്കും പുഴകളിലേക്കും ഒഴുക്കി വിടുന്നത് കർശനമായി നിരോധിക്കുക.

7) ജനങ്ങൾ പല പ്രകാരത്തിൽ ഉപയോഗിക്കുന്ന കുളങ്ങളിലും തോടുകളിലും മറ്റും ഓലകുതിർക്കുന്ന സമ്പ്രദായം തടയുക. മത്സബന്ധനത്തിനുവേണ്ടിയുള്ള വിഷംകലർത്തൽ കർശനമായി നിരോധിക്കുക.

III വായുമലിനീകരണം തടയുന്നതിന്

1) ജീവന്റെ നിലനില്പിന് ശുദ്ധവായു വളരെ പ്രധാനമാണ്. അന്തരീക്ഷമലിനീകരണം തടയുന്നതിന് ഫാക്ടറികളിൽനിന്നുയരുന്ന പുകപടലങ്ങൾ നിയന്ത്രിക്കേണ്ടതാണ്.

2) പുകകുഴലുകളുടെയും ചിമ്മിനികളുടെയും ഉയരം വർദ്ധിപ്പിക്കണം.

3) ആളുകൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ കക്കാനീറ്റൽപോലുള്ള വ്യവസായ യൂണിറ്റുകൾ നിരോധിക്കുക.

IV. പരിസരശുചീകരണം.

പരിസ്ഥിതിയുടെ സംരക്ഷണത്തിന് പരിസരശുചീകരണം വലിയ പങ്കുവഹിക്കുന്നു. പഞ്ചായത്തിലെ ഒട്ടുമിക്ക ഭാഗങ്ങളിലുമുള്ള നിരത്തുവക്കിൽ വസിക്കുന്നവർ വീടുകളിൽ നിന്നുള്ള ചപ്പുചവറുകൾ റോഡിലേക്കുവലിച്ചെറിയുന്നതു സാധാരണ കണ്ടുവരുന്നതാണ്. ഇതിനുപുറമെ, കുളിമുറികളിൽനിന്നും, അടുക്കളയിൽ നിന്നും, തൊഴുത്തുകളിൽ നിന്നുമുള്ള മലിന ജലം പൊതുനിരത്തിലേക്ക് ഒഴുക്കിവിടുന്നു. ഇത് പരിസര മലിനീകരണം വ്യാപകമായ തോതിലുളവാക്കുകയും പരിസ്ഥിതി പ്രശ്നമാകുകയും ചെയ്യുന്നു. കൂടാതെ ചെറുകിട റബ്ബർത്തോട്ടമുടമകളുടെ റബ്ബർറോളർ പ്രവർത്തിപ്പിക്കുന്ന സ്ഥലങ്ങളിലെ ദുർഗന്ധം വമിക്കുന്ന മലിനജലം വഴിയോരങ്ങളിലേക്കും തോടുകളിലേക്കും കടത്തിവിടുന്നതും വലിയൊരു പരിസ്ഥിതി പ്രശ്നമാകുന്നുണ്ട്. തുകൽ സംസ്കരണ സ്ഥലങ്ങളിലെയും പ്രശ്നം മറ്റൊന്നല്ല. ഫാക്ടറികളിലെ കറയും അഴുക്കും നിറഞ്ഞ മലിനജലം അടുത്തുള്ള തോടുകളിലേക്ക് ഒഴുക്കിക്കളയുന്നതും ഹോട്ടലുകളിൽ നിന്നുള്ള ഉച്ഛിഷ്ടങ്ങൾ, മലിന ജലം എന്നിവയും ഇത്തരത്തിൽ വെളിയിലെവിടെയെങ്കിലും കളയുന്നതും പരിസരശുചീകരണത്തെ ബാധിക്കുന്ന ഒരു പരിസ്ഥിതി പ്രശ്നമാണ്.

പൊതുമാർക്കറ്റിലെ ഇറച്ചിക്കടകളിൽ നിന്നുള്ള അവശിഷ്ടങ്ങൽ, മത്സ്യക്കച്ചവടസ്ഥലങ്ങളിലെ ദുർഗന്ധ പൂരിതമായ മലിനജലം എന്നിവയും പരിസ്ഥിതി പ്രശ്നളുണ്ടാക്കുന്നുണ്ട്. പച്ചക്കറിസ്റ്റാളുകളിൽ നിന്നും ദിവസേന നല്ലൊരളവിൽ നിരത്തുവക്കിലേക്കു കുമിഞ്ഞുകൂടുന്ന അവശിഷ്ടത്തിനു കണക്കില്ലതന്നെ. ഇതും പരിസ്ഥിതി പ്രശ്നങ്ങൾക്കൊരു ഭീഷണിയായി നിലനില്ക്കുന്നു.

പോളിത്തീൻ കിറ്റുകളുടെ ഒരുവലിയ പ്രളയം തന്നെയാണീകാലത്ത്. ഒരു രൂപയ്ക്കൊരു സാധനം വാങ്ങിയാലും അതുകൊണ്ടുനടക്കുന്നത് ഇത്തരം ഭാരംകുറഞ്ഞ പോളിത്തീൻ കിറ്റുകളിലാണ്. ഉപയോഗശേഷം വീട്ടിനുവെളിയിലേക്കു വലിച്ചെറിയുന്നു. ഇതു മണ്ണിൽ അലിഞ്ഞ് ചേരുന്നതല്ലെന്നും പാരിസ്ഥിതികമായുണ്ടാകുന്ന പ്രശ്നങ്ങളെന്തല്ലാമാണെന്നുള്ളത് ആലോചനാവിഷയമാക്കേണ്ടതാണ്.

പാരിസ്ഥിതിക സംരക്ഷണത്തിന് ഗ്രാമസഭകളിൽനിന്നുള്ള നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും.

ക 1) മണ്ണിന്റെ സംരക്ഷണം ഉറപ്പുവരുത്താൻ കഴിയുന്നതും രാസവളപ്രയോഗം കുറച്ച് ,കൂടുതലളവിൽ ജൈവവളവും കാലിവളവും കൃഷികൾക്ക് ഉപയോഗിക്കുവാൻ കർഷകരെ പ്രേരിപ്പിക്കുക.

2) ഡി.ഡി.റ്റി, ഫ്യൂറഡാൻ തുടങ്ങിയ കീടനാശിനികൾ നിരോധിക്കുക. ഡി.ഡി.റ്റി യുടെ ദോഷഫലങ്ങൾ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുക.

3) ചരിവുള്ള പ്രദേശങ്ങളിൽ വ്യാപകമായ തോതിലുള്ള മണ്ണൊലിപ്പുതടയാൻ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കൽ, കയ്യാലകൾ ബലപ്പെടുത്തൽ തുടങ്ങിയവ പഞ്ചായത്തിൽ രൂപീകൃതമാകുന്ന പരിസ്ഥിതി സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്.

4) പ്രകൃതിയിലെ സസ്യാവരണം നിലനിർത്താൻ മരങ്ങൾ കുട്ടത്തോടെ മുറിച്ച്മാറ്റുന്നത് തടയുക.

5) കുന്നുകൾ ഇടിച്ചുനിരത്തുന്നതു നിരോധിക്കുക.

6) വയൽ പ്രദേശങ്ങളിലെ നിലം നികത്തൽ നിയമം വഴി നിരോധിക്കുക.

II 1) ശാസ്ത്രീയമായ രീതിയിൽ ജലവിഭവസംരക്ഷണപരിപാടി ജനപങ്കാളിത്തോടെ നടപ്പിലാക്കണം.

2) ഭൗമജലം നഷ്ടപ്പെട്ടുപോകാനിടവരാതിരിക്കാൻ പുരയിടങ്ങളിലവിടവിടെ കുഴികൾ എടുത്ത് മഴക്കാലത്ത് ലഭിക്കുന്ന വെള്ളം ശേഖരിച്ച് നിർത്തുക

3) ഉപയോഗ ശൂന്യമായികിടക്കുന്ന കുളങ്ങളിലും ചുടുകട്ട കളങ്ങളിലും കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കൊതുകുനശീകരണം നടത്തുക

III & IV


1) വീടുകളിലെ ചപ്പുചവറുകൾ ഉച്ഛിഷ്ടങ്ങൾ തുടങ്ങിയവ കുഴികളിലാക്കി കമ്പോസ്റ്റുവളങ്ങളുണ്ടാക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുക. കുളിമുറികളിൽനിന്നും ഒഴിക്കിവുടുന്ന മലിനജലം പ്രത്യേകം കുഴികളിലോ അടപ്പുള്ള ടാങ്കുകളിലോ ശേഖരിച്ച് പരിസര ശുചീകരണം പാലിക്കാൻ ഏർപ്പാടുണ്ടാക്കുക

2) റബ്ബർ റോളറുകൾ പ്രവർത്തിപ്പിക്കുന്ന സ്ഥലങ്ങളിൽ മലിന ജലം അടപ്പുള്ള ടാങ്കുകളിലാക്കി പരിസര മലിനീകരണം ഒഴിവാക്കുക.

3) നിരത്തുവക്കിലുള്ള ഹോട്ടലുകൾ, പച്ചക്കറി സ്റ്റാളുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽനിന്ന് ഉച്ഛിഷ്ടങ്ങളും മാലിന്യങ്ങളും പ്രത്യേകമായി നിക്ഷേപിക്കാനും അവ ദിവസംതോറും ശേഖരിച്ച് പഞ്ചായത്തിന്റെ ആൾപ്പാർപ്പില്ലാത്ത സ്ഥലത്ത് കമ്പോസ്റ്റ് കുഴികളിലാക്കിയാൽ കൃഷിക്ക് ഉപയോഗിക്കുവാനുള്ള വളമാക്കിയെടുക്കാൻ പഞ്ചായത്തിന്റെ നേരിട്ടുള്ള പ്രവർത്തനരീതി പ്രായോഗികമാക്കുക.

4) പൊതുമാർക്കറ്റ് ശുചിയായിസൂക്ഷിക്കുന്നതിന് പഞ്ചായത്ത് പരിസ്ഥിതി സംരക്ഷണ സമിതിയെ ചുമതലപ്പെടുത്തുക.

മണ്ണ്, ജലം, സസ്യജാലങ്ങൾ, ജന്തുജാലങ്ങൾ, ജൈവ വൈവിദ്ധ്യം എന്നിവ സംരക്ഷിക്കുകയും കാത്തു സൂക്ഷിക്കുകയും ചെയ്യുന്നതിലൂടെ പരിസ്ഥി തകർച്ച തടഞ്ഞുനിർത്തുന്നതിനും ജന പങ്കാളിത്തത്തോടുകൂടി ഒരു പുത്തൻ വികസന സംസ്കാരത്തിന് സ്ഥായിത്വം നൽകുവാനും നമുക്ക് കഴിയട്ടെ !!!



കൃഷിയും ജലസേചനവും

ഒരു പ്രദേശത്തിന്റെ വികസനമെന്നാൽ പുതിയ റോഡുകളും പാലങ്ങളും മാത്രമല്ലയെന്നും, മറിച്ച് കാർഷീകോല്പാദന വർദ്ധനയിലൂടെ പ്രതിശീർഷ വരുമാന വർദ്ധന ഉറപ്പുവരുത്തുകയും തൊഴിലില്ലായ്മ പരിഹരിക്കുന്നതുൾപ്പടെ സമൂഹത്തിന്റെ സ്ഥിതിമെച്ചപ്പെടുത്തുകയും, നിത്യാവശ്യങ്ങൾക്ക് ഇറക്കുമതിയെ അമിതമായി ആശ്രയിക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്ന ബൃഹത്തായ കർമ്മ പരിപാടിയാകണമെന്ന കാഴ്ചപ്പാട് കൃഷിയേയും അനുബന്ധ മേഖലയായ ജലസേചനത്തെയും സുപ്രധാന ശ്രദ്ധ അർഹിക്കുന്ന പ്രാഥമിക മേഖലകളാക്കിതീർത്തിരിക്കുന്നു.

വിളക്കുടി പഞ്ചായത്തിൽ 9 കശുവണ്ടി ഫാക്ടറികളും ചെറുതും വലുതുമായ 7 ഇഷ്ടിക നിർമ്മാണ ശാലകളും ഏതാനും സാമില്ലുകളും ഉണ്ടെങ്കിലും ജനങ്ങളുടെ പ്രധാന തൊഴിൽ ഇന്നും കൃഷി തന്നെയാണ്. സംസ്ഥാനത്തുടനീളം കഴിഞ്ഞ അരനൂറ്റാണ്ടിൽ ഉണ്ടായ സാമൂഹ്യമാറ്റത്തിനനുസൃതമായി കൃഷിഭൂമിയുടെ കൈവശാവകാശത്തിലും ഉടമസ്ഥതയിലും ഈ പഞ്ചായത്തിലും സമൂലമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. അതിന്റെ ഫലമായി ചെറുകിട ഭൂ ഉടമകളുടെയും കർഷകരുടെയും എണ്ണത്തിൽ കാര്യമായ വർദ്ധനയുണ്ടായിട്ടുണ്ട്. വില്ലേജാഫീസ് രേഖകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ ഭൂമിയുടെ കൈവശം താഴെ പറയുന്ന ക്രമത്തിലാണ്.

പട്ടിക 1

ഭൂപരിധി	ഉടമകളുടെ എണ്ണം	ആകെ വിസ്തീർണ്ണം
1 2 ഹെക്ടറിന് മുകളിൽ ഭൂമിയുള്ളവർ	30	75 ഹെക്ടർ
2. ഒരു ഹെക്ടറിനും രണ്ടു ഹെക്ടറിനും ഇടയിൽ ഭൂമിയുള്ളവർ	194	294 ഹെക്ടർ
3. ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ളവർ	22192	1774 ഹെക്ടർ

ഇതിൽ തന്നെ മുന്നാമതു വിഭാഗത്തിൽ പ്പെട്ട ചെറുകിട കർഷകരുടെ ഉടമസ്ഥയിലുള്ള ഭൂമിയുടെ വിസ്തീർണ്ണം താഴെ വിവരിക്കുന്ന പ്രകാരമാണ്.

പട്ടിക 2

1 സെന്റു മുതൽ 10 സെന്റുവരെ ഭൂമിയുള്ളവർ	9982 പേർ
10 സെന്റു മുതൽ 25 സെന്റുവരെ ഭൂമിയുള്ളവർ	7060 പേർ
25 സെന്റു മുതൽ 50 സെന്റുവരെ ഭൂമിയുള്ളവർ	3010 പേർ
50 സെന്റു മുതൽ ഒരു ഏക്കർ വരെ ഭൂമിയുള്ളവർ	1110 പേർ
1 ഏക്കർ മുതൽ 2 ഏക്കർ വരെ ഭൂമിയുള്ളവർ	1030 പേർ

ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണം 2143 ഹെക്ടറാണ്. ഇത് ഉയർന്ന സമതലം, കുത്തനെ ചെരിവുള്ള പ്രദേശങ്ങൾ, ഇടത്തരം ചെരിവുള്ള പ്രദേശങ്ങൾ, താഴ്വരകൾ എന്നീ ഭൂരൂപങ്ങളാണ്. (പട്ടിക 3)

പട്ടിക 3

നമ്പർ	ഭൂരൂപങ്ങൾ	വിസ്തൃതി ഹെക്ടറിൽ	ശതമാനം
1.	ഉയർന്ന സമതലം	106	4.95
2.	കുത്തനെ ചരിവ്	450	21
3.	ഇടത്തരം ചരിവ്	803	37.47
4.	താഴ്വര	784	36.58
	ആകെ	2143	100.00

അവലംബം വിഭവഭൂപടം, സെസ്സ്

1994-ൽ നടന്ന വിഭവ ഭൂപടസർവ്വേയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ മുഖ്യ കൃഷി റബ്ബറാണ്. പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 60.66 ശതമാനം (1300 ഹെക്ടർ) വരും. (പട്ടിക 4) വർഷങ്ങൾ കഴിയും തോറും ഇതിന്റെ തോത് വർദ്ധിച്ച് വരുന്നു. പഞ്ചായത്തിലെ ഉയർന്ന സമതലങ്ങളിലും കുത്തനെ ചെരിവുള്ള പ്രദേശങ്ങളിലേയും പ്രധാന കൃഷി റബ്ബറായി മാറിക്കഴിഞ്ഞു. ഇടത്തരം ചെരിവുകളിലും റബ്ബർ കൃഷി ചെയ്യുന്നു. തൊഴിലാളികളുടെ ലഭ്യതയും, ആദായകരമായ കൃഷി എന്ന നിലയിലും കൂടുതൽ കർഷകരെ ഇതിലേക്ക് ആകർഷിപ്പിക്കുന്നു ചെമ്പുമല, താവളം, മഞ്ഞമണ് കാല, മീനം കോട്, കരിനാകോട്, വിളക്കുടി, കാര്യറ തുടങ്ങിയ പ്രദേശങ്ങൾ റബ്ബർ കൃഷി വ്യാപകമായ സ്ഥലങ്ങളാണ്. റബ്ബർ ബോർഡുകളിൽ നിന്നുള്ള വായ്പ്പകളും മറ്റും റബ്ബർ കൃഷിക്ക് ആക്കം കൂട്ടുന്നു.

റബ്ബർ കഴിഞ്ഞാൽ മിശ്രിത വിളകളാണ് പഞ്ചായത്തിൽ കൂടുതലായി കണ്ടുവരുന്നത്. ഇതിൽ തെങ്ങ്, കവുങ്ങ്, പ്ലാവ്, മാവ്, കുരുമുളക്, മരച്ചീനി, വാഴ തുടങ്ങിയവ ഉൾപ്പെടുന്നു. ആകെ വിസ്തീർണ്ണത്തിന്റെ 27.34 ശതമാനം (586 ഹെക്ടർ) പ്രദേശങ്ങളിൽ മിശ്രിത വിളകൾ കണ്ടുവരുന്നു. ഇടത്തരം ചെരിവുകളിലാണ് മിശ്രിതവിളകൾ കൂടുതലും കണ്ടുവരുന്നത്. കുന്നിക്കോടിന് പടിഞ്ഞാറുവശങ്ങൾ, വിളക്കുടി, ആവണീശ്വരം തുടങ്ങിയ പ്രദേശങ്ങൾ മിശ്രിത വിളകൾ കൂടുതലായി കണ്ടുവരുന്നു. മിശ്രിത വിളയിൽ കൂടുതലും തെങ്ങാണ്.

മിശ്രിതവിളകഴിഞ്ഞാൽ മുഖ്യകൃഷിയായി കാണുന്നത് നെല്ലാണ്. ആകെ വിസ്തൃതിയുടെ 9.75 ശതമാനം (209 ഹെക്ടർ) പ്രദേശത്താണ് നെൽകൃഷി ചെയ്തുവരുന്നു. പ്രധാന പ്രദേശങ്ങൾ കണ്ണാറുർ ഏല, പുതിയിടത്ത് ഏല, ആരൂർ ഏല, പ്ലാത്തറ ഏല തുടങ്ങിയവ പ്രധാന നെൽ വയലുകളാണ്. മുഞ്ജവയൽ ഏലാ, ഞാറവയൽ ഏലാ എന്നിവിടങ്ങളിൽനിന്നും ചുടുകട്ടയുണ്ടാക്കുന്നതിനായി മണ്ണെടുക്കുന്നതുകൊണ്ട് കൃഷി കുറയുന്നു. നെൽപ്പാടങ്ങൾ നികത്തുന്ന പ്രവണത വളരെ കൂടുതലായി പഞ്ചായത്തിൽ നടക്കുന്നുണ്ട്.

മേൽവിവരിച്ച വിളകൾക്കുപുറമേ പഞ്ചായത്തിൽ 12 ഹെക്ടറോളം പ്രദേശങ്ങൾ കൃഷിക്ക് യോഗ്യമായ തരിശുഭൂമിയാണ്. (ചിത്രം 10)


പട്ടിക 4

ഭൂവിനിയോഗം

നമ്പർ	ഭൂവിനിയോഗം	വിസ്തീർണ്ണ ഹെക്ടർ	ശതമാനം
1.	റബ്ബർ	1300	60.66
2.	മിശ്രിതവിളകൾ	586	27.34
3.	നെല്ല്	209	9.75
4.	നിലംനികത്തിയസ്ഥലങ്ങൾ	36	1.7
5.	ഉപയുക്തമായ തരിശുഭൂമി	12	0.55
	ആകെ	2143	100

അവലംബം: വിഭവഭൂപട സെന്സ്സ്

പഞ്ചായത്തിലെ മുഖ്യവിള റബ്ബർ ആണ്. വിളക്കുടി കൃഷിഭവനിലെ രേഖകൾ പ്രകാരം പഞ്ചായത്തിലെ വിളക്രമം താഴെ പറയുന്ന പ്രകാരമാണ്.


ഭൂവിനിയോഗം
80.88 (റബ്ബർ)
1.7
(നിർമ്മിത
സ്ഥലങ്ങൾ)
9.75
(നെല്ല്)
27.34
(വിശ്രിതവിളകൾ)
PRM, CESS, 1996

ചിത്രം 10

നെല്ല്	209 ഹെക്ടർ
തെങ്ങ്	189 "
വാഴ	125 "
ഇഞ്ചി	125 "
പയർ	25 "
പച്ചക്കറി	20 "
എള്ള്	1.50 "
അടയ്ക്കാ	10 "
പറങ്കിമാവ്	20 "
റബ്ബർ	1300 "
മറ്റുകൃഷികൾ	186.97 "
ഫല വൃക്ഷങ്ങൾ	
ആകെ	2111.47

അര നൂറ്റാണ്ടിനു മുമ്പുണ്ടായിരുന്ന വിളക്രമത്തിൽ നിന്നും വ്യത്യസ്തമായ ഒരു വിളക്രമമാണ് ഇന്നു പഞ്ചായത്തിൽ നിലവിലുള്ളത്. തരിശുഭൂമികളും ഫലവൃക്ഷങ്ങളും കശുമാവ് മുതലായ മറ്റുവൃക്ഷങ്ങളും തടിയാവശ്യത്തിനുള്ള വൃക്ഷങ്ങളും ഉണ്ടായിരുന്ന ഭൂമി ഏറെക്കുറെ പൂർണ്ണമായി കൃഷിഭൂമിയായിമാറിയിരിക്കുന്നതായി കാണാം. ഇതിൽ ഏറിയ പങ്കും റബ്ബർ കൃഷിക്കായി വിനിയോഗിക്കപ്പെട്ടിരിക്കുന്നു. 1960 നു ശേഷം റബ്ബർ കൃഷിയിൽ കൃഷിക്കാർക്കുണ്ടായ അമിതമായ അഭിനിവേശം ഇതിനൊരു പ്രധാനകാരണമാണ്. ഒരു നാണ്യവിളയെന്ന നിലയിൽ ക്രമമായ ഉല്പാദനം ഉറപ്പുവരുത്തുന്നതും കാര്യമായ പ്രശ്നങ്ങളില്ലാതെ വിളവെടുപ്പും വിപണനവും നടത്താവുന്നതും കൃഷിയിറക്കുന്നതിനും ആദ്യ വർഷങ്ങളിലെ പരിചരണത്തിനും റബ്ബർബോർഡിൽനിന്നും ലഭിക്കുന്ന ആനു കൂല്യങ്ങളും സർവ്വോപരി മണ്ണിന്റെ സ്വഭാവവും ഭൂമിയുടെ കിടപ്പും കൃഷിക്കാരെ ആകർഷിക്കുന്ന ഘടകങ്ങളായിരുന്നു. കൃഷിക്കാരന്റെ സാമ്പത്തികോന്നതിക്ക് റബ്ബർ കൃഷി ഒരു പരിധിവരെ സഹായകരമായിരുന്നു. എങ്കിലും മണ്ണിന്റെ ജലാംശം നഷ്ടപ്പെടുത്തുന്നതുൾപ്പെടെയുള്ള പരിസ്ഥിതി പ്രശ്നങ്ങളും വ്യാപകമായ റബ്ബർ കൃഷിമൂലം സംജാതമായിട്ടുണ്ട് എന്നത് വിസ്മരിക്കാവുന്നതല്ല. എന്നിരുന്നാലും മുൻ അധ്യായത്തിൽ വിവരിച്ചിട്ടുള്ള പ്രത്യേക ഭൂപ്രകൃതിയായ കുന്നുകളും ചരുവുകളും ഉൽക്കൊള്ളുന്ന ഈ പഞ്ചായത്തിലെ കൃഷിഭൂമി ഏറ്റവും ഫലപ്രദമായി വിനിയോഗിക്കുന്നതിനും റബ്ബർതന്നെയാണ് അനുയോജ്യമെന്നതിൽ അഭിപ്രായാന്തരം ഇല്ല.

അത്യുല്പാദന ശേഷിയുള്ള RRII.105 RRI.600, G.T.1 എന്നീആധുനിക ഇനങ്ങളാണ് ഇന്ന് സാധാരണയായി കൃഷി ചെയ്ത് വരുന്നത്. ഒരു ഹെക്ടർ റബ്ബർ തോട്ടത്തിൽ നിന്ന് ശരാശരി 15-20 കിലോഗ്രാം റബ്ബർ ലഭിക്കുന്നുണ്ട്. പലതരം രോഗങ്ങളും, പ്രകൃതിക്ഷോഭവും, വരൾച്ചയും, റബ്ബർ കൃഷിയെ ദോഷകരമായി ബാധിച്ചുകൊണ്ടിരിക്കുന്നു. റബ്ബറിനെ ബാധിക്കുന്ന പ്രധാനരോഗങ്ങൾ പട്ടമരവിപ്പിക്ക്, ചീക്ക് തുടങ്ങിയവയാണ്. 1995 ൽ ഒരു കിലോഗ്രാം റബ്ബറിന് 65 രൂപ കിട്ടിയിരുന്ന സ്ഥാനത്ത് ഇപ്പോൾ (1996) വില 40 രൂപയ്ക്ക് താഴെയെത്തി നിൽക്കുന്നു. എന്നാൽ റബ്ബറുകൊണ്ടുല്പാദിപ്പിക്കുന്ന ടയർപോലെയുള്ള ഉല്പന്നങ്ങൾക്ക് വില

നാൾക്കുനാൾ വർദ്ധിക്കുന്നത് ഒരു വൈരുദ്ധ്യമാണ്. കാലാ കാലങ്ങളിൽ കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന ഇ റക്കുമതി നയങ്ങൾ റബ്ബർ വിലയെ ദോഷകരമായി ബാധിക്കുന്നുഎന്നുള്ളതും ഒരുവസ്തുതയാണ്.

നെൽകൃഷി

കൃഷി എന്ന സംജ്ഞ കേൾക്കുമ്പോൾ അരിയാഹാരം ശീലിച്ച മലയാളികളുടെ മനസ്സിൽ തെളിയുന്ന ചിത്രം നെൽ കൃഷിയുടേതായിരിക്കും. നെല്ല് മുഖ്യ വിളയായിരുന്ന പഞ്ചായത്തിൽ ഇപ്പോൾ നെല്ലിന് മൂന്നാം സ്ഥാനമാണുള്ളത്. ഒരു കാലത്ത് അന്തസ്സിന്റേയും ആഭിജാത്യത്തിന്റെയും ചിഹ്നമായിരുന്ന നെൽകൃഷി ഇ ന്ന് നിരവധി ഗുരുതര പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നു. പഞ്ചായത്തിൽ നിലവിലുള്ള കശുവണ്ടി ഫാക്ടറി കളിലും മറ്റ് വ്യവസായസ്ഥാപനങ്ങളിലും നിലവിലുള്ള മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ കൃഷി മേ ഖലയോടുള്ള തൊഴിലാളികളുടെ ആഭിമുഖ്യം കുറയാൻ കാരണമായി കാണുന്നു. വർദ്ധിച്ച കൃഷി ചിലവാ ണ് നെൽ കൃഷിക്കാർ അഭിമുഖീകരിക്കുന്ന മറ്റൊരു പ്രശ്നം. മുമ്പ് നെൽകൃ,ഷിയിൽ ഏർപ്പെട്ടിരുന്നവർ സ്വ ന്തമായി ഉരുക്കളെ വളർത്തിയിരുന്നു. ഇപ്പോൾ പഞ്ചായത്തിൽ സ്വന്തമായി ഉഴവുമാടുകൾ ഉള്ളവർ നാമമാത്ര മാണ്. വൈയ്കോലിന്റേയും പുല്ലിന്റെയും ദൗർലഭ്യവും കാലിതീറ്റകളുടെ ക്രമാതീത വില വർദ്ധനയുമാണ് ഇതിന് കാരണം. കൂടുതൽ പാൽതരുന്ന ജനുസ്സുകൾക്കുവേണ്ടിയുള്ള പരക്കം പാച്ചിലിൽ അദ്ധ്വാന ശേഷി കുറഞ്ഞ സങ്കരയിനം കാളകൾ ഉല്പാദിപ്പിക്കപ്പെട്ടതും അതുകൊണ്ട് ഉഴവുമാടുകളുടെ വില ദുർവഹമാവ ണ്ണം വർദ്ധിച്ചതും മറ്റൊരു കാരണമാണ്. ഇതിന്റെ ഫലമായി കൃഷിക്കാവശ്യായ ചാണകം ലഭിക്കാതെയാവു ന്നു. ധാരാളം പച്ചിലവളവും, ചാണകവും കൃഷിത്തൊഴിലാളികളും സുലഭമായിരുന്ന കാലത്ത് ജൈവ കൃഷി ക്ക് പ്രാമുഖ്യമുണ്ടായിരുന്നു. എന്നാൽ ഇന്ന് ദീർഘ വീക്ഷണമില്ലാതെയുള്ള രാസ വള പ്രയോഗം മൂലം മണ്ണി ന്റെ ഫലഭൂയിഷ്ടിത നഷ്ടമാക്കിക്കൊണ്ടിരിക്കുന്നു. രാസ വളങ്ങളുടെയും കീടനാശിനികളുടെയും അമിതവും അശാസ്ത്രീയവുമായ ഉപയോഗം കാർഷിക രംഗം തികച്ചും ലാഭകരമല്ലാതെയാക്കി. കൂടാതെ രാസവള പ്ര യോഗം മണ്ണിന്റെ അമ്ലത്വം വർദ്ധിപ്പിക്കുന്നതായും കാണുന്നു. മൂന്ന് പതിറ്റാണ്ട് കൊണ്ട്കർഷക തൊഴിലാളി യുടെ കൂലി നിരക്ക് നാലിരട്ടിയായപ്പോൾ ഉല്പാദനക്ഷമത കുറയുകയാണുണ്ടായത്. മഴയെ മാത്രം ആശ്രയി ച്ചാണ് ഈ പഞ്ചായത്തിലെ നെൽകൃഷി നടത്തിവരുന്നത്. കല്ലട ജലസേചന പദ്ധതിയുടെ ഏതാനും ട്രിബ്യൂ ട്ടറികൾ ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്നുണ്ടെങ്കിലും അവയിൽ നിന്നും കൃഷിക്കാവശ്യമായ ജലം ലഭിക്കാറില്ല. തോട്ടു വരമ്പുകൾ ബലക്ഷയമുള്ളവയായതിനാൽ മഴക്കാലത്ത് വെള്ളപ്പാച്ചിലിന്റെ കെടുതിയും, വേനൽക്കാലത്ത് വരൾച്ചയും നെൽകൃഷി കർഷകർ അഭിമുഖീകരിക്കുന്ന അടിസ്ഥാന പ്രശ്നങ്ങളാണ്. ഇതി ന്റെയൊക്കെ ഫലമായി നെൽകൃഷിക്ക് ഉപയോഗിച്ചുവന്നിരുന്ന പാടങ്ങൾ വ്യാപകമായതോതിൽ നികത്തി മ റ്റാവശ്യങ്ങൾക്കുപയോഗിക്കുകയോ കുഴിച്ച് ചെളിയെടുത്ത് ചുടുകട്ട നിർമ്മാണത്തിനും മറ്റും ഉപയോഗിക്കു കയോ ചെയ്യുന്നു.

ഈ പഞ്ചായത്തിൽ 1987 ൽ ഒരു കൃഷിഭവൻ ആരംഭിച്ചു പ്രവർത്തനം നടത്തിവരുന്നു. പലകാരണ ങ്ങൾകൊണ്ടും ഇതിന്റെ പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമാകുന്നില്ല. വിവിധ സബ്സിഡികളുടെ വിതരണ വും അതിന്റെ കണക്കു സൂക്ഷിപ്പിനുമിടയിൽ കർഷകർക്ക് വേണ്ട സമയത്ത് വേണ്ടത്രയളവിൽ വിത്ത് വിത രണം ചെയ്യുന്നതിനോ സാങ്കേതിക ഉപദേശം നൽകുന്നതിനോ കഴിയാറില്ല. ഈ കൃഷിഭവന്റെ കീഴിൽ താഴെ വിവരിക്കുന്ന ഗ്രൂപ്പ് ഫാമിംഗ് സമിതികൾ പ്രവർത്തിക്കുന്നു.

ക്രമനമ്പർ	സമിതിയുടെപേര്	നെൽകൃഷിഭൂമിയുടെ വിസ്തീർണ്ണം	ഗുണഭോക്താക്കളുടെ എണ്ണം
1	കൽപ്പാലത്തിങ്കൽ	25 ഹെ.	105
2.	വിളക്കുടി	21	89
3.	കാമന്തൂർ	7	34
4.	ബംഗ്ലാവിൽ	31	112
5.	കണവൂർ	9	39
6.	ആവുക്കോണം	15	55
7.	ചീയോട്	17	89
8.	ചന്ദനപുറം	20	76
9.	അയത്തൂർ	8	39
10.	പ്ലാത്തറ	20	101
11.	ആരൂർ	20	86
12.	മറവും വയൽ	16	39

ഗ്രൂപ്പ് ഫാമിംഗ് സമിതികൾ ഫല പ്രദമായി പ്രവർത്തിക്കുന്നില്ല. ഒരേയിനം വിത്ത് ഒരു പാടശേഖരത്തിൽ ഒരേ സമയം കൃഷിചെയ്യുകയും ഒന്നിച്ച് കീടനിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുകവഴി കൃഷി ലാഭകരമാക്കുന്ന പ്രവർത്തനങ്ങൾക്ക് ഗ്രൂപ്പ് ഫാമിംഗ് സമിതികൾ നേതൃത്വം നൽകേണ്ടതാണ്. കൃഷിയന്ത്രവൽക്കരിക്കുന്നതിന്റെ ഭാഗമായി ആവശ്യമായ കൃഷി യന്ത്രങ്ങളായ പവർ ടില്ലർ, കൊയ്ത്ത് യന്ത്രം, പാറ്റ് മിഷ്യൻ, സ്പ്രെയറുകൾ എന്നിവ ലഭ്യമല്ലാത്തതും ടില്ലർപോലുള്ള യന്ത്രങ്ങൾ പാടങ്ങളിൽ ഇറക്കുന്നതിന് സൗകര്യമില്ലാത്തതും കൃഷിക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നമാണ്. നെല്ലിന്റെ ഉല്പാദന ക്ഷമത 15മുതൽ 20 മേനിവരെയാണ്.

തെങ്ങ് കൃഷി

തെങ്ങ് മാത്രം കൃഷിചെയ്യുന്ന തോപ്പുകൾ പഞ്ചായത്തിൽ പ്രായേണ കുറവാണ്. ഉല്പാദന ക്ഷമതയും വളരെ കുറവാണ്. രോഗ കീടബാധയും തെങ്ങ് കൃഷിക്ക് അത്ര അനിയോജ്യമല്ലാത്ത മണ്ണും ഭൂ പ്രകൃതിയും ഇതിന് കാരണങ്ങളാകാം. സാധാരണ കണ്ടുവരാറുള്ള രോഗങ്ങൾ കാറ്റുവീഴ്ച്ച, മണ്ടചീയൽ, ഓലകരിയൽ എന്നിവയാണ്. വിളക്കുടി കൃഷിഭവന്റെ കീഴിൽ ഒരു കേര വികസന സമിതി പ്രവർത്തിച്ച് വരുന്നു. പറമ്പുകളിൽ വൃക്ഷങ്ങളിൽ കുരുമുളക് കൊടി പടർത്തി കൃഷിചെയ്യുന്നതിൽ ദ്രുതവാട്ടം മുതലായ രോഗങ്ങൾ ഇവയിൽ കണ്ടുവരുന്നു.

റബ്ബറിന്റെ കടന്നുകയറ്റത്തോടെ നാടൻ മാവിനങ്ങൾ പ്ലാവ്, പേര, നെല്ലി എന്നിവയുടെ എണ്ണം ആശങ്കജനകമാംവണ്ണം ചുരുങ്ങിയിട്ടുണ്ട്. കാർഷിക മേഖലയിലെ ഇത്തരം പരിവർത്തനങ്ങളിൽ വംശനാശ ഭീഷണി തന്നെ നേരിടുന്ന അപൂർവ്വങ്ങളായ ഔഷധ സസ്യങ്ങളെ സംരക്ഷിക്കേണ്ട ചുമതലകൂടി സമൂഹം ഏറ്റെടുക്കേണ്ടിയിരിക്കുന്നു.

പച്ചക്കറി കൃഷി ഒരു വരുമാന മാർഗ്ഗമായി സ്വീകരിച്ചവർപഞ്ചായത്തിൽ വിരളമായിരുന്നു. എന്നാൽ വെള്ളരി, പയർ, പാവയ്ക്കാ തുടങ്ങിയവയുടെ വൻ വില വർദ്ധനവ് അടുത്തകാലത്തായി കൂടുതൽ കർഷകരെ ഈ രംഗത്തേക്ക് ആകർഷിച്ചിരിക്കുന്നു. അതുപോലെതന്നെ നൂതന കാർഷിക സംരംഭമായ പുഷ്പകൃഷി വികസനത്തിനായി പഞ്ചായത്തിൽ ഒറ്റെപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നത് പ്രോത്സാഹനം അർഹിക്കുന്നു. ഈ ദൃശ പരിവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കപ്പെട്ടാൽ കർഷകന്റെ വരുമാനത്തിൽ വർദ്ധനവുണ്ടാവുകയും കൃഷി കൂടുതൽ ആദായകരമാകുകയും ചെയ്യും.

മരച്ചീനി, ചേമ്പ്, കാച്ചിൽ, മുക്കിഴങ്ങ്, നനകിഴങ്ങ്, ചെറുകിഴങ്ങ്, മധുരക്കിഴങ്ങ്, ചീവക്കിഴങ്ങ്, ചേന, ഇഞ്ചി, മഞ്ഞൾ എന്നിവ പ്രധാനമായും കരപുരയിടങ്ങളിലെ ഇടവിളകളായി കൃഷിചെയ്തിരുന്നവയാണ്. ചുരുങ്ങിയ തോതിലെങ്കിലും കരയിൽ നെല്ലും, കൂവരകും, എള്ളും ചേർത്തും കൃഷിചെയ്തിരുന്നു. എന്നാൽ റബ്ബറിന്റെ കടന്നുകയറ്റത്തോടെ മേൽപ്പറഞ്ഞ വിളകളെല്ലാംതന്നെ പരിമിതപ്പെടുകയോ നികത്തിയ നിലങ്ങളിലേക്ക് മാറുകയോ ചെയ്തിരിക്കുന്നു.

ജലസേചനം

പഞ്ചായത്തിലെ കൃഷി പൂർണ്ണമായും മഴയെ ആശ്രയിച്ചാണ് നടക്കുന്നത്. പഞ്ചായത്തിൽ പ്രധാനമായു 12 തോടുകളും ഇതിനോടനുബന്ധമായി അനേകം കൈതോടുകളും ചെറിയ തോടുകളും പഞ്ചായത്തന്റെ എല്ലാ വാർഡുകളിലുമായുണ്ട് തോടുകളിൽ പകുതിയും വേനൽക്കാലത്തു പൂർണ്ണമായി വറ്റുകയും ബാക്കിയുള്ളവ ജലസേചനത്തിനു ഉപയോഗിക്കാൻ പറ്റാത്തവിധം ശോഷിച്ചു പോകുകയും ചെയ്യുന്നു. പഞ്ചായത്തിലെ 1, 2, 3, 4, 8, 12 എന്നീ വാർഡുകളിലൂടെ കെ. ഐ. പി കനാലുകൾ കടന്നു പോകുന്നുണ്ടെങ്കിലും അവ വർഷങ്ങളായി വെള്ളമില്ലാതെ ഉപയോഗ ശൂന്യമായികിടക്കുകയാണ്. ഇവ ഉപയോഗക്ഷമമായാൽ പ്രദേശത്തെ കാർഷിക വികസനം ത്വരിതപ്പെടുമായിരുന്നു. കിണറുകളിൽ നിന്നുള്ള ജല സേചനം തുലോം കുറവാണ്. പഞ്ചായത്തിൽ ആകെ 20 ജലസേചന വൈദ്യുത കണക്ഷൻ മാത്രമാണ് ഇപ്പോഴുള്ളത്. 24 കിലോമീറ്ററോളം നീളത്തിൽ പഞ്ചായത്തിലൂടെ കടന്നുപോകുന്ന തോടുകൾ നെൽകൃഷിക്ക് കാര്യമായി പ്രയോജനപ്പെടുന്നില്ല എന്നു മാത്രമല്ല ഇടവപാതിയിലും തുലാവർഷത്തിലും ഇതിന്റെ ദുർബലമായ വരമ്പുകൾപൊട്ടി കൃഷിനാശം സംഭവിക്കുകയും ചെയ്യുന്നു. മേല്പ്പറഞ്ഞതോടുകളിൽ, ആവണീശ്വരം വാർഡിൽ കണ്ണങ്കരഭാഗത്തും, കിടങ്ങയിൽക്ഷേത്രത്തിനടുത്തും വയലുവീട്ടിൻഭാഗത്തും പുത്തൻ വീട്ടിൻഭാഗം താഴെയും മുകളിലുമായും, ബംഗ്ലാവിൻ ഭാഗത്തും ചീർപ്പുകൾ നിർമ്മിച്ചിരുന്നെങ്കിലും ദീർഘകാലമായി അവയ്ക്കു പലകകളിടാതെ പ്രവർത്തന രഹിതമായികിടക്കുകയാണ്. പുതിയതായി ചീർപ്പുകൾ ആവശ്യമായ സ്ഥലങ്ങൾ പ്രശ്ന പരിഹാര പട്ടികയിൽ സൂചിപ്പിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ 9 ഓളം കുളങ്ങളുടെ ഈ കുളങ്ങളിൽ മിക്കതും മണ്ണുകയറി ഉപയോഗ ശൂന്യമായികിടക്കുന്നതുകൊണ്ട് ജലസേചനത്തിന് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. ഇതിൽ മീനങ്കോട് കുളം കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുകൂടിയാണ് നിർമ്മിച്ചത്. കേര വികസന പദ്ധതി പ്രകാരം കിണർ കുഴിക്കുന്ന

തിനും പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനും ധനസഹായം നൽകുന്ന പദ്ധതി വളരെ കുറച്ച് കർഷകർക്ക് മാത്രമെ പ്രയോജനപ്പെട്ടിട്ടുള്ളു

കാർഷികോല്പന്ന വിപണനം

കാർഷികരംഗത്തെ ലാഭകരമല്ലാതാക്കിയ പ്രധാനകാരണങ്ങളിലൊന്നു വിപണന രംഗത്തെ ചൂഷണമാണ്. കാർഷികോല്പന്നങ്ങൾക്കു ഉയർന്ന വില നിലവിലുള്ളപ്പോഴും കർഷകനു ലഭിക്കുന്ന വില തുലോം കുറവാണ്. ഈ പഞ്ചായത്തിൽ ചൊവ്വാ, ശനി ദിവസങ്ങളിൽ, സമീപ പ്രദേശങ്ങളായ പട്ടാഴി, പത്തനാപുരം ചെങ്ങമനാട് എന്നിവിടങ്ങളിൽ നിന്നുപോലും ജനങ്ങളെ ആകർഷിച്ചുകൊണ്ട് വളരെ പ്രശസ്തമായി നടന്നു വന്നിരുന്ന ഒരു മാർക്കറ്റാണു കുന്നിക്കോട് മാർക്കറ്റ്. എന്നാൽ ഇന്ന് ഈ മാർക്കറ്റിന്റെ പ്രവർത്തനം സ്ഥല സൗകര്യമില്ലായ്മ അശാസ്ത്രീയമായ ചന്തപിരിവ് എന്നിവയുൾപ്പെടെയുള്ള വിവിധകാരണങ്ങളാൽ നാമാവ ശേഷമായിരിക്കുകയാണ്. ആയതിനാൽ പഞ്ചായത്തിലെ കാർഷികോല്പന്നങ്ങൾ ചൊവ്വായും, ശനിയും, പത്തനാപുരത്തും. തിങ്കളും, വ്യാഴവും പുനലൂരും നടക്കുന്ന ചന്തകളിലാണ് വിറ്റഴിക്കുന്നത്. ഇവിടെ ഇടത്തട്ടുകാരുടെ അതിരുകവിഞ്ഞ ഇടപെടൽ കയറ്റിയിറക്കുകൾക്ക് വർദ്ധിച്ച കൂലി നിരക്ക് നിരോധിക്കപ്പെട്ട സ്പ്രിംഗ് ബാലൻസ്, വെള്ളിക്കോൽ തുടങ്ങിയ അളവുപകരണങ്ങളുടെ ഉപയോഗം. ഇട, മന്ന് തുടങ്ങിയ നിയമ വിരുദ്ധമായി തൂക്കങ്ങളുടെ ഉപയോഗം ഇടത്തട്ടുകാർക്ക് വൻ ചൂഷണത്തിന് അവസരം ഉണ്ടാക്കാനായി അർദ്ധരാത്രിയിലും വെളുപ്പാൻ കാലത്തും നടക്കുന്ന വ്യാപാരം എന്നിവ കർഷകന് ഗുണകരമയി ഉൽപ്പന്നം വിപണനംനടത്തുന്നതിനുള്ള സാഹചര്യം ഇല്ലാതാക്കി തീർത്തിരിക്കുന്നു.

ഇതിന് പരിഹാരമായി ഉപഭോത്ര കേന്ദ്രങ്ങളിൽ കാർഷികോല്പ്പന്ന വിപണന കേന്ദ്രങ്ങൾ ആരംഭിക്കുകയും ഗ്രാമീണ ഉല്പാദന കേന്ദ്രങ്ങളിൽ നിന്നും നേരിട്ട് അവ സംഭരിച്ച് എത്തിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തണം. നിലവിലുള്ള കുന്നിക്കോട് മാർക്കറ്റും സൗകര്യപ്രദമായി പുനസംവിധാനം ചെയ്യുക. അളവു തൂക്കങ്ങളുടെ ഉപയോഗം കർശനമായും നിയമപരമായി നടക്കുന്നു എന്ന് ഉറപ്പുവരുത്തുക

പ്രശ്നങ്ങൾ പരിഹാരനിർദ്ദേശങ്ങൾ

1. അടിസ്ഥാനസൗകര്യങ്ങൾ

പഞ്ചായത്തിലെ പ്രധാന തോടുകളിലെ വരമ്പുകൾ എല്ലാം തന്നെ മഴക്കാലത്ത് കൊല്ലാപൊട്ടി കൃഷിനാശം ഉണ്ടാക്കുന്ന വിധം ബലക്ഷയമുള്ളവയാണ്

പരിഹാരം:- പഞ്ചായത്തിലെ 24 കിലോമീറ്ററോളം തോട്ടുവരമ്പ് എത്രയും പെട്ടെന്ന് കരിങ്കൽഭിത്തികെട്ടി ബലപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ഇപ്രകാരം ചെയ്താൽ മഴക്കാലത്തുണ്ടാവുന്ന വ്യാപകമായ കൃഷിനാശത്തിന് ഒരു പരിഹാരമാകുന്നതാണ്. അടഞ്ഞുകിടക്കുന്ന തോടുകൾ തുറന്ന് ജലം ഒഴുക്കാനുള്ള തടസം മാറ്റേണ്ടതുമാണ്.

1. കല്ലട ഇറിഗേഷൻ പ്രോജറ്റിന്റെ സബ് കനാൽ പഞ്ചായത്തിലെ 1, 2, 3, 4, 8, 12 എന്നീ വാർഡുകളിൽ കൂടി കടന്നുപോകുന്നുണ്ട്. നിലവിൽ ഈ കനാലുകൾ ഉപയോഗശൂന്യമായി കിടക്കുന്നു. ഇവയിൽ കൂടി കൃഷിക്കാവശ്യമായ വെള്ളം ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി ഉണ്ടാകേണ്ടത് അത്യാവശ്യമാണ്.

2. ജലസേചന സൗകര്യം

കൃഷിക്കാവശ്യമായ ജലം യഥാസമയം ലഭിക്കാത്തത് ഉൽപ്പാദനം കുറയാൻ പ്രധാന കാരണ മാകുന്നു. ഇന്നു ഇരുപ്പൂ കൃഷിചെയ്തുവരുന്ന പല പാടശേഖരങ്ങളും യഥാസമയം ആവശ്യാനുസൃതമായി ജലം

ലഭിച്ചാൽ മൂന്നു പൂവോ ഒരു ഇടവിളയോ കൃഷിചെയ്യുന്നതിനു സാധിക്കുന്നതാണ്.

പരിഹാരം:– 1. ഇപ്പോൾ ചീർപ്പുകളുള്ള കണ്ണങ്കര ഭാഗത്ത് കിടങ്ങയിൽ ക്ഷേത്രത്തിനടുത്ത് വയലുവീട്ടിൽ ഭാഗം പുത്തൻവീട്ടിൽ ഭാഗം താഴെയും മുകളിലും ബംഗ്ലാവിൽഭാഗം ആവശ്യത്തിനുള്ള പലകകളിട്ട് ജലസേചന സൗകര്യം ഉണ്ടാക്കണം.

2. പ്ലാത്തറതോട്ടിൽ ചുനാവയൽ ഭാഗത്ത് ഒരു പുതിയ ചീർപ്പ് നിർമ്മിച്ച് നെൽകൃഷിക്ക് വെള്ളം ലഭ്യമാക്കണം.

3 പഞ്ചായത്തിൽ നിലവിലുള്ള 9 കുളങ്ങൾ ഇപ്പോൾ മണ്ണ്കയറി നികഴ്ന്നു ഉപയോഗ ശൂന്യമായി കിടക്കുകയാണ്. ഇവയിലെ മണ്ണ് മാറ്റി കൃഷിക്ക് ജലം ലഭ്യമാക്കുന്നതിന് ശ്രദ്ധിക്കണം കൂടാതെ നിലവിലുള്ള പ്രവർത്തന ക്ഷമമല്ലാത്ത പമ്പു സെറ്റുകൾ റിപ്പെയർ ചെയ്യേണ്ടതുമാണ്.

4. മുത്തുകുഴി, മറവൻവയൽ, മരത്തക്കോട് തലയ്ക്കൽ, വെള്ളാക്കോണം, കൈത്തോട്, കുര്യോട്, മണ്ണാങ്കുഴി, വല്യാടൻകുഴി, കരുന്നാങ്കോട്, വല്ല്യപാറക്കുഴി എന്നിവിടങ്ങളിൽ പുതിയ കുളങ്ങൾ കുഴിച്ച് പമ്പ്സെറ്റ് വച്ച് ജലസേചന സൗകര്യം ഉണ്ടാക്കണമെന്ന് ഗ്രാമ സഭകൾ ആവശ്യപ്പെടുന്നു.

നീർക്കെട്ട്

പഞ്ചായത്തിൽ നീർക്കെട്ട് അനുഭവപ്പെടുന്ന ഒന്നാം വാർഡിലെ ശാസ്താംകുന്ന്, രണ്ടാവാർഡിലെ കുരാംകോട്, അഞ്ചാം വാർഡിലെ പീന്തലോട്, ഏഴാം വാർഡിലെ കുറ്റികുളം മുക്കാം തോട്, ഒമ്പതാം വാർഡിലെ പാണ്ടലയേല, പനകുന്നം എന്നീ സ്ഥലങ്ങളിൽ ശാശ്വതമായ ജല നിർഗ്ഗമന പദ്ധതി നടപ്പിലാക്കേണ്ടതാണ്.

4. കർഷക തൊഴിലാളികളുടെ ദൗർലഭ്യം–കൃഷിയന്ത്രവൽക്കരിക്കൽ

കർഷക തൊഴിലാളികളെ വേണ്ടെത്ര ലഭിക്കുന്നില്ല. ഇന്ന് നിലവിലുള്ള കൂലി നിരക്ക് കാർഷിക ഉല്പന്ന വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ കൂടുതലാണ്. കൂലിനിരക്ക് ക്രമമായി വർദ്ധിക്കുന്നു. ഉല്പന്ന വിലയിൽ ആ വർദ്ധനവില്ല. കൃഷിക്കുള്ള യന്ത്രങ്ങൾ സാർവ്വത്രികമായിട്ടില്ല അവയുടെ വില കൂടുതലും ഉള്ളവ റിപ്പയർചെയ്യാൻ സ്പെയർപാർട്ടുകൾ സുലഭമല്ലാത്ത സാഹചര്യവും കൊട്ടാരക്കരയുള്ള ആഗ്രോ ഇന്റസ്ട്രീസ് കേന്ദ്രത്തിൽ ആവശ്യമുള്ള സ്പെയർപാർട്ടുകൾ യഥാസമയം ലഭിക്കാറില്ല ഇവ വാങ്ങാൻ അത്താണിവരെ പോകേണ്ടിവരുന്നു. റിപ്പെയർചെയ്യാൻ വേണ്ടത്ര ആളുകളെ ലഭിക്കാറില്ല പല പാടശേഖരങ്ങളിലും കൃഷിയന്ത്രങ്ങൾ ഇറക്കുന്നതിന് പ്രയാസം അനുഭവപ്പെടുന്നുണ്ട്.

പരിഹാരം:–1. കർഷക തൊഴിലാളികളുടെ ദൗർലഭ്യവും ഉഴവുമാടുകളുടെ തീറ്റിപോറ്റുന്നതിനുള്ള വൈഷമ്യവും കാർഷിക രംഗത്ത് യന്ത്രവൽക്കരണത്തിന് തുടക്കമിട്ടിരിക്കുന്നു. പവർ ടില്ലർ നടീൽയന്ത്രം, കൊയ്ത്ത് യന്ത്രം, മെതി പാറ്റ് യന്ത്രം, സ്പെയറുകൾ എന്നിവ അമ്പത് ഹെക്ടർ നെൽകൃഷിഭൂമിക്ക് ഓരോന്ന് എന്ന ക്രമത്തിൽ 75% സബ്സിഡിക്ക് ഗ്രൂപ്പ് ഫാമിംഗ് സമിതിക്ക് ലഭ്യമാക്കണം. താല്പര്യമുള്ള വ്യക്തികൾക്ക് ഉദാരമായ സബ്സിഡി വ്യവസ്ഥയിൽ യന്ത്രങ്ങൾ നൽകണം. ഇന്ന് നിലവിലുള്ള യന്ത്രങ്ങൾ റിപ്പയർചെയ്യുന്നതിന് ആഗ്രോ ഇന്റസ്ട്രീസ് കോർപ്പറേഷൻ ഫല പ്രദമായി പ്രവർത്തിക്കണം.

2. കർഷക തൊഴിലാളികളുടെ കൂലി നിരക്ക് മറ്റ് മേഖലകളിൽ ചെയ്തിട്ടുള്ളതുപോലെ നിജപ്പെടുത്തി അത് നടപ്പിലാക്കണം.

3. പാടശേഖരങ്ങളിൽ പവർ ടില്ലർ തുടങ്ങിയ യന്ത്രങ്ങൾ സുഖമമായി ഇറക്കുന്നതിനുള്ള വഴികളും മറ്റ് ഉണ്ടാക്കുന്നതിന് കൃഷി ഭവനിൽ നിന്ന് നടപടിയുണ്ടാകണം.

4. 70% സർക്കാർ വിഹിതം 20% ഗുണഭോക്താക്കളുടെ വിഹിതം, 10% ലാഭവിഹിതം എന്ന ക്രമത്തിൽ ചിലവ് വകയിരുത്തുന്ന ജലധാരാപദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കണം.

5. കൃഷിഭവൻ

കാർഷിക മേഖലയുടെ സമഗ്രവികസനത്തിന് കൃഷിഭവന്റെ പ്രവർത്തനം മെച്ചപ്പെടണം.

പരിഹാരം:-1. കൃഷി അസിസ്റ്റന്റ് മാരുടെ എണ്ണം വർദ്ധിപ്പിക്കണം. ഇന്ന് അവർ ചെയ്തുകൊണ്ടിരിക്കുന്ന ആഫീസ് ജോലികൾക്ക് ക്ലർക്ക് മാരെ നിയോഗിക്കുകയും അവരുടെ പൂർണ്ണസേവനം കാർഷീകമേഖലയിലെ സാങ്കേതിക പ്രശ്നപരിഹാരത്തിനു വിനിയോഗിക്കണം.

2.കൃഷിഭവനോടനുബന്ധിച്ച് കാർഷീകമേഖലയിലെ മരാമത്ത് പണികൾ ചെയ്യുന്നതിന് ഒരു ഇഞ്ചിനിയറിംഗ് സെൽ ഉണ്ടാകണം. മൈനർ ഇറിഗേഷൻ വകുപ്പും കൃഷിഭവനുകളും കൂടുതൽ സംയോജിതമായി പ്രവർത്തിക്കണം.

3. വിത്തുകളും നടീൽ വസ്തുക്കളും യഥാസമയത്ത് കർഷകർക്ക് ലഭ്യമാക്കണം.

4. കാർഷീക മേഖലയിൽ രോഗബാധ നേരിട്ട് കണ്ട് പ്രതിവിധി നിശ്ചയിക്കുന്നതിനും കൃഷി ഉദ്യോഗസ്ഥൻ സ്വമേധയാ കൃഷിയിടങ്ങൾ സന്ദർശിക്കണം.

5. ഗ്രൂപ്പ് ഫാമിംഗ് സാമിതികളുടെ പ്രവർത്തനം ഫലപ്രദമാകുന്നതിന് അവയെ സുസജ്ജമാക്കണം.

6. കൃഷി സെമിനാറുകൾ കാർഷികോത്സവങ്ങൾ, കൃഷിക്കാരെ ആദരിക്കൽ, മരമടി മത്സരം തുടങ്ങിയവ കൃഷിഭവന്റെ നേതൃത്വത്തിൽ ആകർഷകമായി സംഘടിപ്പിക്കുന്നതിനും ബോധവൽക്കരണത്തിനും നടപടിയുണ്ടാകണം.

6. മണ്ണ് പരിശോധന ശാസ്ത്രീയ വളപ്രയോഗം

കാർഷിക മേഖലയിൽ സമഗ്രമായ മണ്ണു പരിശോധന നടത്തിയിട്ടില്ല. മണ്ണ് പരിശോധന അടിസ്ഥാനമാക്കി ആവശ്യഘടകങ്ങൾ മണ്ണിൽ ചേർക്കുന്ന ശാസ്ത്രീയ വളപ്രയോഗം നടത്താൻ കഴിയുന്നില്ല. അമിതമായ രാസവളപ്രയോഗം മണ്ണിൽ അമ്ലത്വം ഉണ്ടാക്കുന്നു. രോഗകാരണങ്ങൾ കണ്ടുപിടിച്ച് അടിസ്ഥാന പ്രതിവിധി നിർദേശിക്കാൻ സംവിധാനമില്ല.

പരിഹാരം:-1. കൃഷിഭൂമിയെ ഓരോ ചെറുമേഖലയായി തിരിച്ച് മണ്ണിന്റെ സാമ്പിൾ ശേഖരിച്ച് പരിശോധനാ ഫലം കൃഷിക്കാർക്ക് രേഖാമൂലം ലഭ്യമാക്കുന്നതിന് കൃഷിഭവൻ നടപടിയെടുക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ ആ മേഖലയിൽ ചെയ്യേണ്ട വളപ്രയോഗം കൃഷിഭവൻ നിർദ്ദേശിക്കണം. വിവിധകൃഷികൾക്കുണ്ടാകുന്ന രോഗങ്ങൾ, റബറിന്റെ പട്ടരോഗങ്ങൾ,, കുരുമുളകിന്റെ ദ്രുതവാട്ടം, തെങ്ങിന്റെ കാറ്റുവീഴ്ച, മണ്ട ചീയൽ, നെല്ലിന്റെ രോഗങ്ങൾ ഉണ്ടാകുന്നതിന്റെ കാരണം മണ്ണിന്റെ ഘടകങ്ങളുടെ ഏറ്റക്കുറവുകളുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായി കണ്ടെത്തി പരിഹാരം നിശ്ചയിക്കണം.

2. രാസ വളപ്രയോഗം മൂലം മണ്ണിന്റെ അമ്ലത്വം നിർവീര്യമാക്കുന്നതിന് നീറ്റ്ക്കയോ ഡോളോമൈറ്റോ മണ്ണിൽ ചേർക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് സൗജന്യ നിരക്കിൽ അവ കർഷകർക്ക് ലഭ്യമാക്കണം.

3. ജൈവവളപ്രയോഗം പ്രോത്സാഹിപ്പിക്കുന്നതിന് കമ്പോസ്റ്റ് നിർമ്മാണത്തിന് ധനസഹായം കാര്യക്ഷമമായി ഉറപ്പുവരുത്തണം.

7. കൃഷി സബ്സിഡി (ഉല്പാദന ബോണസ്സ്)

ഇന്നു രാസ വള സബ്സിഡിയായി നെൽകൃഷി കർഷകർക്ക് സെന്റിനു ഒരു രൂപ നിരക്കിൽ നൽകി വരുന്നത് തീരെ അപര്യാപ്തമാണ്. ഇത് എല്ലാ കർഷകർക്കും ലഭ്യമാക്കുന്നുമില്ല.

പരിഹാരം:-1. ഇന്ന് സെന്റൊന്നിന് ഒരു രൂപ നിരക്കിൽ നൽകി വരുന്ന രാസവള സബ്സിഡി കുറഞ്ഞത് 10 രൂപയായി വർദ്ധിപ്പിക്കണം. ഇതിന് ഓരോ തവണയും കർഷകൻ അപേക്ഷയും, വെരിഫിക്കേഷൻ റിപ്പോർട്ടും മറ്റുമായി കൃഷിഭവൻ കയറിയിറങ്ങേണ്ട ഇന്നത്തെ സ്ഥിതി മാറ്റി കൃഷിഭവന്റെ കീഴിലുള്ള കർഷകരുടെ ലിസ്റ്റ്

കൃഷി ഭവൻ ശേഖരിച്ച് സബ്സിഡി എല്ലാ കർഷകർക്കും യഥാസമയം ലഭ്യമാക്കണം.

8. നീർതട പദ്ധതി

ഈ പഞ്ചായത്തിന്റെ തനതായ നീർതടപദ്ധതി നടപ്പിലാക്കിയിട്ടില്ല. പഞ്ചായത്തിന്റെ ഭൂപ്രകൃതി എന്ന മുൻ അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന മൈക്രോ നീർതട പദ്ധതികൾ നടപ്പിലാക്കുന്നതിന് സാദ്ധ്യതപരി ശോധിച്ചിട്ടില്ല. ഒരു വർഷം 0.6 മുതൽ1 സെ. മി. വരെ മേൽമണ്ണ് ഒഴുകി പോകുന്നതായാണ് കണക്ക്.

പരിഹാരം:-1. പരിസ്ഥിതി പുനരുജ്ജീവനം പ്രകൃതി വിഭവങ്ങളുടെ യുക്തിയുക്തമായ ഉപയോഗം, മഴവെ ള്ളം സംരക്ഷിച്ചുനിർത്തുക, മണ്ണിന്റെ മുകൾപരപ്പിൽ സസ്യാവരണം സൃഷ്ടിക്കുക, ഉൾപ്പെടെയുള്ള മണ്ണു സംരക്ഷണം, ജല സംരക്ഷണം പ്രവർത്തനങ്ങളും ഉറപ്പുവരുത്തുന്നതിനായി കൃഷി, മൃഗ സംരക്ഷണം, ക്ഷീ രോല്പാദനം, വനം, മൈനർ ഇറിഗേഷൻ, മണ്ണു സംരക്ഷണം, മണ്ണ് പര്യവേഷണം വ്യവസായം. എന്നീ വകു പ്പുകൾ ഏകോപിപ്പിച്ചു നടത്തുന്ന ബൃഹത്തായ പദ്ധതിയായ നീർതടപദ്ധതി ഈ പഞ്ചായത്തിന്റെ നീർമറി പ്രദേശങ്ങളായി വിഭവഭൂപട പഠനത്തിൽ കണ്ടെത്തിയ പ്രദേശങ്ങളിൽ നടപ്പിലാക്കുന്നതിനു അടിയന്തിര നട പടിയുണ്ടാക്കണം.

9. ചെക്കു ഡാം

കിണറുകളിലെ ജലനിരപ്പുയർത്തുന്നതിനും, കൃഷിക്കുവെള്ളം ലഭിക്കുന്നതിനും സഹായകരമായ നിര വധി ചെറുകിട ചെക്കു ഡാം പദ്ധതികൾ പഞ്ചായത്തിൽ നടപ്പിലാക്കാൻ സാദ്ധ്യതയുണ്ട്.

പരിഹാരം:-1. 5 ഹെക്ടർ വരെ പ്രയോജനം ലഭിക്കുന്ന ചെറുകിട ചെക്ക് ഡാം പദ്ധതികൾ ചെക്കു ഡാം ക മ്മിറ്റിമുമ്പാകെ സമർപ്പിച്ച് അംഗീകരം വാങ്ങി പഞ്ചായത്തു തലത്തിൽ നടപ്പിലാക്കണം.

10. പച്ചക്കറി കൃഷി

പച്ചക്കറി കൃഷിയിൽ കൃഷിക്കാർക്ക് അഭിമുഖ്യം ഉണ്ടാകുന്ന പ്രോത്സാഹന പരിപാടികൾ നടപ്പിലാക്കി യിട്ടില്ല.

പരിഹാരം:-1. കഞ്ഞിക്കുഴി മാതൃകയിൽ പഞ്ചായത്തു ഒട്ടാകെ പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം ചെയ്യുന്ന പദ്ധതി ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി ആദ്യപടിയെന്ന നിലയിൽ പഞ്ചായത്തിലെ തെരഞ്ഞെടുത്ത ഒരു വാർഡിൽ ഒരു കമ്മിറ്റിയുടെ മേൽനോട്ടത്തിൽ പച്ചക്കറികൃഷിക്കാവശ്യമായമേൽത്തരം വിത്തിനങ്ങളും വള വും പഞ്ചായത്തിന്റെ ചിലവിൽ നൽകി കൃഷി നടത്തണം. ഇതിന്റെ പ്രായോഗിക വിജയത്തിന്റെ അടിസ്ഥാന ത്തിൽ പദ്ധതി പഞ്ചായത്തു ഒട്ടാകെ വ്യാപിപ്പിക്കണം.

11. പാടം നികത്തുന്നതിന് നിയന്ത്രണം

കൃഷിഭൂമി തരിശിടുന്നതും പാടങ്ങൾ നികത്തുന്നതും കർശനമായ നിയന്ത്രണത്തിനു വിധേയമാക്കിയി ല്ലെങ്കിൽ നെൽകൃഷി കുറഞ്ഞു കുറഞ്ഞ് തീരെ യില്ലാതാകുന്ന സ്ഥിതി ഉണ്ടായിതീരുകയും ചെയ്യും നെൽകൃ ഷിയെ അഭിമുഖീകരിക്കുന്ന മുകളിൽ പ്രതിപാദിച്ചിട്ടുള്ള കാരണങ്ങളും അതിന്റെ ഫലമായുണ്ടായിട്ടുള്ള അ നാകർഷകത്വവും ആണ് ഒരു പരിധിവരെ ഇപ്രകാരം നിലംനികത്തി കരയാക്കുന്നതിനോ മറ്റു കൃഷികൾക്കു വിനിയോഗിക്കുന്നതിനോ ചുടുകട്ടനിർമ്മാണത്തിനു ചെളിയെടുക്കുന്നതിനോ പ്രേരകമായി ഭവിച്ചിട്ടുള്ളത്. ഇതു ഗുരുതരമായ പ്രശ്നമാണ്.

പരിഹാരം:-1. പാടങ്ങൾ നികത്തുന്നതിനെതിരായി നടപടി സ്വീകരിക്കുന്നതിനു ഇന്നു ചുമതലപെടുത്തിയി ട്ടുള്ളത്, കൃഷിവകുപ്പിനേയും റവന്യൂ വകുപ്പിനേയും ആണ്. എന്നാൽ ഈ കാര്യത്തിൽ ഫല പ്രദമായി നട പടികൾ ഉണ്ടായികാണുന്നില്ല. പാടം നികത്തുന്നതു കർശനമായി നിയന്ത്രിക്കുന്നതിനു പഞ്ചായത്തിനു അധി കാരം നൽകുകയും ഒഴിവാക്കാനാകാത്ത സാഹചര്യത്തിൽ അപ്രകാരം ചെയ്യേണ്ടി വരുമ്പോൾ അതിനു അ

നുമതി നൽകുന്നതിനു ആ സ്ഥലത്തെ കരഭൂമിയുടെ നിലവിലുള്ള വിലയുടെ നിശ്ചിത ശതമാനം നികുതിയായി ഈടാക്കാനും വ്യവസ്ഥ ചെയ്യുന്ന നിയമ നിർമ്മാണം ഉണ്ടാകണം.

12 വിള ഇൻഷ്വറൻസ്

കൃഷിയെ സംരക്ഷിക്കുന്നതിനു ഇന്നു വിള ഇൻഷ്വറൻസ് നിലവിലുണ്ടെങ്കിലും എല്ലാകർഷകർക്കും അവരവരുടെ വിവിധ ഇനം വിളകൾക്ക് യഥാസമയം പ്രീമിയം അടച്ചു ഇൻഷ്വറൻസ് സംരക്ഷണം ലഭ്യമാക്കാൻ കഴിയാതെ വരുന്നു. അതിനാൽ പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന വിള നാശത്തിനു നഷ്ടപരിഹാരം ലഭിക്കാതെവരുന്നു.

പരിഹാരം:-1. ഇതിനു പരിഹാരമായി കൃഷിവിളകൾക്കു ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കണം. ഇത് കൃഷിയെ സംരക്ഷിക്കുന്നതിനും കർഷകർക്ക് ആത്മ വിശ്വാസം നൽകുന്നതിനും സഹായകരമാകും.

13 നാളികേര കൃഷിവികസനം

പഞ്ചായത്തിൽ വിളക്കുടി കൃഷിഭവന്റെ കീഴിൽ ഒരു കേര വികസന സമിതി പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിലെ അർഹതയുള്ള മുഴുവൻ കേര കർഷകരെയും അംഗങ്ങളാക്കി ചെറുകിട കർഷകർക്കുള്ള സംയോജിത കേര കൃഷി പദ്ധതി പ്രകാരവും സമഗ്ര നാളികേരവികസന പദ്ധതി പ്രകാരവുംഉള്ള ഗുണ ഫലങ്ങൾലഭിക്കാൻ സാഹചര്യങ്ങളുണ്ടായിട്ടില്ല. തെങ്ങുമുറിച്ചുമാറ്റുന്ന കർഷകർക്ക് 200 രൂപ പ്രകാരം സങ്കരയിനം തെങ്ങും തൈയ്യും രാസവള കിറ്റും ലഭ്യമാക്കുന്ന ആദ്യത്തെ പദ്ധതിയും ജലസേചനത്തിനു കിണർനിർമ്മിച്ച് പമ്പുസെറ്റു സ്ഥാപിക്കുന്ന ചിലവിന്റെ 1/3 ധനസഹായം നൽകുന്ന പദ്ധതിയുടെ ഗുണഫലം അർഹതപ്പെട്ട എല്ലാ കേരകർഷകർക്ക് ലഭ്യമാകുന്നില്ല.

പരിഹാരം:-1. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഉള്ള അർഹതപ്പെട്ട കേരകർഷകരെ ആനു കൂല്യം ലഭിക്കുന്നതിനും അതുവഴി കേര കൃഷി മെച്ചപ്പെടുത്തുന്നതിനു സഹായിക്കാനുമായി കേരവികസന സമിതിയിൽ അംഗങ്ങളായി ചേർക്കുന്നതിനു ശ്രമമുണ്ടാക്കണം. അതോടൊപ്പം അർഹതപ്പെട്ട എല്ലാകർഷകർക്കും രണ്ടു പദ്ധതി പ്രാകാരമുള്ള ആനുകൂല്യം ലഭിക്കുന്നുണ്ടോ എന്ന ഉറപ്പു വരുത്തുന്നതിനു പഞ്ചായത്തു ഭരണാധികാരികൾ ശ്രദ്ധിക്കുകയും വേണം.

14 കാർഷികോല്പന്ന വിപണനം

ഇടനിലക്കാരുടെ ചൂഷണം അശാസ്ത്രീയമായ അളവുതൂക്കങ്ങൾ രാത്രികാലങ്ങളിലെ വ്യാപാരം ഇവ കർഷകനു അവന്റെ ഉല്പന്നത്തിനു ന്യായമായ വില ലഭിക്കാതെയാകുന്നു.

പരിഹാരം:-1. ഉല്പാദന മേഖലയിൽനിന്നും ഉല്പന്നം നേരിട്ടു സംഭരിച്ചു ഉപഭോക്തകേന്ദ്രങ്ങളിൽ എത്തിക്കുന്നതിനു വിപണന സഹകരണ സംഘങ്ങൾ ഉണ്ടാകണം.

2. കുന്നിക്കോട് മാർക്കറ്റ് പുനരുജ്ജീവിപ്പിക്കണം.

3. ചന്തകളിൽ ഉപയോഗിക്കുന്ന അളവുതൂക്കങ്ങൾ നിയമപരമായിട്ടുള്ളവയാണെന്ന് ഉറപ്പുവരുത്തുക


മൃഗസംരക്ഷണം & മത്സ്യബന്ധനം

മൃഗസംരക്ഷണ രംഗത്തു കഴിഞ്ഞ 3 ശതാബ്ദത്തിലെ വളർച്ചയും വികാസവും പരിശോധിച്ചാൽ പാലിന്റെ ഉല്പാദനത്തിലും ഉപഭോഗത്തിലും ഈ പഞ്ചായത്തിൽ ഗണ്യമായ വർദ്ധനയുണ്ടായിട്ടുള്ളതായി കാണാം. പാലുല്പാദനം ഈ കാലഘട്ടത്തിൽ ഉദ്ദേശം 6 ഇരട്ടിയായി വർദ്ധിച്ചതായി പ്രാദേശിക പഠനം വെളിപ്പെടുത്തുന്നു. പഞ്ചായത്തിൽ ഇപ്പോഴുള്ള വളർത്തു മൃഗ സംഖ്യ ഇപ്രകാരമാണ്.

മൃഗങ്ങളുടെ ഇനം	എണ്ണം
പശു (നാടൻ)	931
പശു(സങ്കരം)	1001
എരുമ	89
പോത്ത്	132
കാള	180
ആട്	3200
പൂവൻകോഴി	480
പിടക്കോഴി	4532

അവലംബം:- കുന്നിക്കോട് മൃഗാശുപത്രിരേഖകൾ

സാങ്കേതിക വിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് സത്യമാണ്. എന്നാൽ സാധാരണ കർഷകർക്ക് ഇന്ന് ലഭ്യമായിട്ടുള്ള സാഹചര്യങ്ങളിൽ പലപ്പോഴും ഉല്പാദനം ഉന്നത നിലവാരത്തിലെത്തിക്കാൻ കഴിയുന്നില്ല. ഇതിന് പ്രധാന കാരണം, ഉയർന്ന ജനിതക ഗുണമുള്ള സങ്കരയിനം കന്നുകാലികൾക്ക് നൽകേണ്ട ശാസ്ത്രീയ പരിപാലനവും പോഷക സമൃദ്ധമായ തീറ്റയും വേണ്ട അളവിൽ നൽകാൻ കർഷകന് കഴിയുന്നില്ലെന്നുള്ളതാണ്. വൈക്കോലും ഭക്ഷ്യവസ്തുക്കളുടെ അവശിഷ്ടങ്ങളും നൽകി നാടൻ കന്നുകാലികളെ വളർത്തിയിരുന്ന രീതിയിൽ സങ്കരയിനം കന്നുകാലികളെ വളർത്താൻ സാധ്യമല്ല. പോഷക സമൃദ്ധമായ കാലിതീറ്റ ചിലവേറിയതാണ്. പാലിനു ലഭിക്കുന്ന വിലയും ശാസ്ത്രീയമായി കന്നുകാലികളെ തീറ്റിപോറ്റുന്നതിനുള്ള ചിലവും താരതമ്യപ്പെടുത്തുമ്പോൾ വലിയ ലാഭം കർഷകന് ലഭിക്കുന്നില്ല. ഈ കാരണത്താൽ നാടൻ കന്നുകാലികളെ വളർത്തുന്നവരും കുറവല്ല. എങ്കിലും ഐ.ആർ.ഡി.പി സ്കീമിൽ ലോൺ വ്യവസ്ഥയിലും മറ്റും സങ്കരയിനം പശുക്കളെ സമ്പാദിച്ച് പ



രിപാലിച്ച് ഉപജീവനം നടത്തുന്ന ഒട്ടനവധി കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. ഇത്രയൊക്കെയായിട്ടും പാലിന്റെ കാര്യത്തിൽ നാം സ്വയം പര്യാപ്തരല്ല തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിൽ നിന്നും തകര പാട്ടകളിൽ കൊണ്ടുവരുന്ന പാലും പാലുല്പന്നങ്ങളും പഞ്ചായത്തിൽ വിറ്റഴിയുന്നുണ്ട്.

പുത്തൻ സാങ്കേതിക വിദ്യയുടെ പ്രയോഗം ഉദ്ദേശിച്ച ഫലങ്ങൾ നൽകണമെങ്കിൽ ഉയർന്ന ഉല്പാദന ക്ഷമതയുള്ള മൃഗങ്ങളെ ലഭ്യമാക്കിയാൽ മാത്രംപോര അനുബന്ധ ഘടകങ്ങളായ കാലിത്തീറ്റ ശരിയായ ചികിത്സ ശാസ്ത്രീയ പരിപാലനം എന്നിവയും ഉറപ്പുവരുത്തേണ്ടതുണ്ട്. ഈ അനുബന്ധ മേഖലകൾ വേണ്ടവിധം വികസിച്ചിട്ടില്ല. തീറ്റപ്പുൽ കൃഷി ജനങ്ങളുടെ ഇടയിൽ വേണ്ടത്ര പ്രചരിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. കാലിതീറ്റ ഉല്പാദിപ്പിക്കാൻ പ്രാദേശികമായി കഴിഞ്ഞിട്ടില്ല. ഇന്ന് വൻകിട കുത്തകകൾ നിർമ്മിക്കുന്ന വിലകൂടിയ കാലിത്തീറ്റയെയാണ് നാം ആശ്രയിക്കുന്നത്. ചിലവ് കുറച്ച് കാലിത്തീറ്റ നമുക്ക് നിർമ്മിക്കാൻ കഴിയും എന്ന വസ്തുതയും അപ്രകാരം നിർമ്മിക്കുന്ന കാലിത്തീറ്റ പോഷകഗുണത്തിലും മറ്റും കുത്തകകമ്പനികൾ നിർമ്മിക്കുന്നവയോടൊപ്പം നിൽക്കാൻ കഴിയുന്നതാണെന്നും കർഷകനെ ബോധവൽക്കരിച്ചാൽ ഈ രംഗത്ത് നമുക്ക് വൻനേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയും. തേങ്ങാപിണ്ണാക്ക് (33%), തവിട് (30%), പുളിയരി (10%), കപ്പ (24%), മിനറൽ (1.5%), ഉപ്പ് (1.5%), എന്നീക്രമത്തിൽ കലർത്തി പോഷകസമ്പന്നമായ കാലിത്തീറ്റ ഉണ്ടാക്കാൻ കഴിയും ഇതിൽ ഏതെങ്കിലും ഒരു ഘടകത്തിൽ കുറവു വരുത്തി റബർകുരു പിണ്ണാക്ക് കൂടി ചേർത്തും മിശ്രതം നിർമ്മിക്കാൻ കഴിയും. മേൽപറഞ്ഞ ഉൽപ്പന്നങ്ങൾ നമ്മുടെ പഞ്ചായത്തിൽ സുലഭമാക്കാനും കഴിയും. തേങ്ങാ ആട്ടി വെളിച്ചെണ്ണയാക്കുന്ന പ്രക്രിയ പഞ്ചായത്തിൽ തന്നെ ചെയ്താൽ ആവശ്യമായ തേങ്ങാപിണ്ണാക്ക് ലഭിക്കും. റബർ അരി നാം ഇപ്പോൾ കയറ്റി അയക്കുകയാണ്. അതും ഇവിടെ സംസ്കരിക്കണം കപ്പ (ചീനി) ഇവിടെ സുലഭമാണ്. ഇവയൊക്കെ ഉപയോഗിച്ച് കാർഷീകമേഖലയെ മൃഗപരിപാലനവുമായി ബന്ധിപ്പിച്ച് കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്ന കാലിത്തീറ്റ വ്യവസായം അരംഭിക്കാൻ സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തു മുൻകൈഎടുക്കണം ഇന്ന് ബഹുരാഷ്ട്ര കമ്പനികളും ഇന്ത്യൻ കുത്തകകളും കൈയടക്കിയിരിക്കുന്ന കേരളത്തിലെ കാലിത്തീറ്റ കമ്പോളത്തെ അവരിൽ നിന്നും മോചിപ്പിക്കാൻ ഇത് സഹായിക്കും. പച്ചപ്പുല്ല് വച്ചുപിടിപ്പിക്കാനായി പുൽവിത്ത് വിതരണം ചെയ്യാനും പുൽകൃഷി വികസിപ്പിക്കുന്നതിനുമായി സംവിധാനങ്ങൾ കൃഷിവകുപ്പും മൃഗസംരക്ഷണവകുപ്പും കൂടി ചേർന്ന് നടത്തണം

പഞ്ചായത്തിലെ കന്നുകാലികൾക്ക് 95-96 വർഷം ഉണ്ടായതായി രേഖപ്പെടുത്തപ്പെട്ടിട്ടുള്ള (മൃഗാശുപത്രിയിലെ രേഖകൾ അടിസ്ഥാനം) രോഗവിവരങ്ങൾ താഴെ വിവരിക്കുന്നു. ചികിൽസക്ക് എത്തിയവയും കണ്ടെത്തിയവയും മാത്രമാണ് പ്രതിപാദിക്കപ്പെട്ടിട്ടുള്ളത്.

ക്രമനമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	കോഴി
1	ദഹനസംബന്ധമായവ	538	23	468	
2	ശ്വാസകോശ സംബന്ധമായവ	156		180	260
3	ഉപാപചയ സംബന്ധം	122			
4	ത്വക് രോഗങ്ങൾ	152			208

ക്രമനമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	കോഴി
5	ധാതുലവണങ്ങളുടെ അഭാവം				
6	പരാദരോഗങ്ങൾ	673	12	298	280
7	പ്രത്യുല്പാദനപരം	564	2		
8	വന്ധ്യത				
9	അകിടുവീക്കം	34		18	
10	മുടന്തൻപനി	21			
11	പകർച്ചവ്യാധികൾ				

പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയുള്ളത് കുന്നിക്കോട് ഒരു സ്വകാര്യ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. ഇതു പഞ്ചായത്തിന്റെ പടിഞ്ഞാറ്റത്തു സ്ഥിതിചെയ്യുന്നതിനാൽ പഞ്ചായത്തിന്റെ കിഴക്കൻ ഭാഗങ്ങളിലുള്ളവർക്ക് ഇതിന്റെ പ്രയോജനം പൂർണ്ണമായി ലഭിക്കുന്നില്ല. ആശുപത്രിയിൽ വേണ്ടത്ര സജ്ജീകരണങ്ങൾ ഇല്ലാത്തതിനാൽ ഫലപ്രദമായ രോഗനിർണ്ണയവും പ്രതിവിധി നിശ്ചയിക്കലും ദുസാദ്ധ്യമാകുന്നു. ക്ലിനിക്കൽ ലബോർട്ടറിക്കു വേണ്ട മൈക്രോ സ്കോപ്പ് സ്ലൈഡ് തുടങ്ങിയ അത്യാവശ്യ ഉപകരണങ്ങളും മറ്റു ലഭ്യമാക്കിയാൽ പ്രവർത്തനം കൂടുതൽ നന്നാക്കാൻ കഴിയും. പഞ്ചായത്തിന്റെ ഇളമ്പൽ, കാര്യറ എന്നീസ്ഥലങ്ങളിൽ രണ്ടു വെറ്റിറിനറി സബ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശമായ മഞ്ഞമൺകാല തുടങ്ങിയ പ്രദേശങ്ങൾക്ക് ഈ സബ്സെന്ററുകളുടെ പ്രയോജനം ലഭ്യമാക്കാൻ ദൂരകൂടുതൽ കൊണ്ടുകഴിയുന്നില്ല. അതുകൊണ്ടു പുതിയ വെറ്റിറിനറി സബ്സെന്ററുകൾ ആ പ്രദേശങ്ങളിൽ ഉടനടി ആരംഭിക്കണം. അല്ലാത്ത പക്ഷം ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഇപ്രകാരമുള്ള സ്ഥലങ്ങളിൽ വെറ്റിറിനറി ഡോക്ടർ ക്യാമ്പ് ചെയ്തു രോഗനിർണ്ണയം നടത്തുന്ന സംവിധാനം ഉറപ്പാക്കേണ്ടത് കാലിരോഗ നിർമ്മാർജ്ജനത്തിനും ജനിതക ഗുണമേന്മയുള്ള ബീജസങ്കലനത്തിനും അത്യാന്താപേക്ഷിതമാണ്. ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാകുന്നതിനും അടിയന്തിര നടപടിയുണ്ടാക്കണം. (നടപ്പുവർഷം 935 പശുക്കൾക്ക് കൃത്രിമ ബീജസങ്കലനം നടത്തുകയുണ്ടായി)

മാസാവശ്യത്തിനായി കേരളത്തിലേക്ക് മറ്റുസംസ്ഥാനങ്ങളിൽ നിന്നും കന്നുകാലികളെ കൊണ്ടുവരുന്നുണ്ട്. 1986-87 ലെ കണക്കു പ്രകാരം 10 ലക്ഷത്തിലേറെ കന്നുകാലികളാണ് കേരളത്തിൽ കശാപ്പുചെയ്യപ്പെട്ടത്. ഇതിൽ നല്ലൊരു പങ്ക് ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്ന കൊല്ലം ചെങ്കോട്ട റോഡിൽ കൂടിയാണ് കടന്നുപോകുന്നത്. ആനുപാതികമായി ഈ പഞ്ചായത്തിലും ഇവ ഉപയോഗിക്കപ്പെടുന്നുണ്ട്. രോഗങ്ങൾ ബാധിച്ചവയും വാർദ്ധക്യം ബാധിച്ചവയുമാണ് ഇത്തരത്തിൽകൊണ്ടുവരുന്ന കന്നുകാലികളിൽ അധികവും. ഈ ഉരുക്കളുടെയും അവശിഷ്ടങ്ങളുടെയും അന്തർ സംസ്ഥാന വരത്തുപോക്കു രസകരമായ ഒരു ചാക്രിക പ്രക്രിയയായി നടന്നുകൊണ്ടിരിരിക്കുന്നതു നാം ശ്രദ്ധിക്കുന്നതേയില്ല. കാള കുട്ടികളെ (കുമ്പൻ) കൂട്ടം കെട്ടി തമിഴ്നാട്ടിൽ നിന്നും ഇവിടെ കൊണ്ടുവന്നു കേരളത്തിൽ മെരുക്കി കാച്ചി പുഷ്ടിപ്പെടുത്തി പൂട്ടാനും മറ്റും പരിശീലിപ്പിച്ച് യുവത്വത്തിന്റെ പ്രസരിപ്പിൽ അവ തമിഴ് നാട്ടിൽ വില്ക്കപ്പെടുന്നു. അവിടെ അതിനെ വാർദ്ധക്യം വരെ വണ്ടിവലിപ്പിച്ചും വെള്ളംവലിപ്പിച്ചും എല്ലും തോലു മാകുമ്പോൾ ഇറച്ചിയാവശ്യത്തിനു കേരളത്തിലേക്കയക്കുന്നു. ഇവിടെ ഇറച്ചിമാത്രം വെട്ടിയെടുത്തു അതിന്റെ തോലും എല്ലും ദുർഗന്ധത്തോടുകൂടി ഹൈവേകളിൽ കൂടി വീണ്ടും തമിഴ്നാട്ടിൽകൊണ്ടുപോകുന്നു. അവിടെ തോൽ സംസ്കരിച്ച ഉല്പന്നങ്ങളാക്കി

യും എല്ലുപൊടിച്ചു വളമാക്കിയും വീണ്ടും നമ്മുടെ സംസ്ഥാനത്തു കൊണ്ടുവന്നു ഉപയോഗിക്കപ്പെടുന്നു. ധാരാളം തൊഴിലവസരം ലഭിക്കുന്ന തുകൽ വ്യവസായവും എല്ലുപൊടിച്ച് വളമാക്കുന്ന വ്യവസായവും നമുക്ക് ആരംഭിക്കാവുന്നതിന്റെ സാദ്ധ്യതകൾ പഠനവിഷയമാക്കേണ്ടതാണ്. ഇറച്ചിക്കുവേണ്ടിയുള്ള നല്ല കന്നുകാലിപരിപാലനം നാം ശ്രദ്ധാപൂർവ്വം നടത്തേണ്ടത് കേരളീയന്റെ ആരോഗ്യത്തെ മുൻനിർത്തി വളരെ അത്യന്താപേക്ഷിതമാണ്.

മുട്ട ഉല്പാദനത്തിന്റെ കാര്യത്തിൽ പഞ്ചായത്ത് സ്വയം പര്യാപ്തമല്ല. ഒരു കാലത്ത് മുട്ടകയറ്റിയച്ചുകൊണ്ടിരുന്ന നാം ഇന്ന് കോഴിമുട്ടക്കും താറാവ് മൊട്ടയ്ക്കും ഇറക്കുമതിയെ ആശ്രയിക്കുകയാണ്. ഇതിനൊരുകാരണം മുട്ട ഉപയോഗിക്കുന്നതിൽ വന്നിട്ടുള്ള വർദ്ധനവ് കൊണ്ടുകൂടിയാണെന്നകാര്യം വിസ്മരിക്കാവുന്നതല്ല. മെച്ചപ്പെട്ട കോഴിക്കുഞ്ഞുങ്ങളെ ആവശ്യമായ പ്രതിരോധ കുത്തിവയ്പ്പ് നടത്തിയ ശേഷം വളർത്താൻ നൽകുന്ന മുട്ടവിരിയൽ കേന്ദ്രങ്ങൾ സ്ഥാപിച്ച് അവ കർഷകർക്ക് ലഭ്യമാക്കണം. ഗുണമേന്മയുള്ള കോഴിക്കുഞ്ഞുങ്ങളെ ഗ്രാമവാസികൾക്കു ഇന്നു ലഭിക്കുന്നില്ല. ഇതിന് പരിഹാരമുണ്ടാക്കണം. താറാവ് വളർത്തൽ പഞ്ചായത്തിൽ വ്യാപകമായ തോതിൽ കാണുന്നില്ല. എങ്കിലും ഇതിനുള്ള സാദ്ധ്യതകൾ തള്ളിക്കളയാനിവില്ല.

ആടുവളർത്തൽ ഇന്നു പഞ്ചായത്തിൽ വളരെ കുറവായിട്ടാണു കണ്ടുവരുന്നത്. ആടുകളുടെ വംശനാശം ഒഴിവാക്കാനും ആദായകരമായി ആടുവളർത്തൽ നടത്തുന്നതിനും പട്ടികജാതിക്കാർക്കും വനിതകൾക്കും ആവശ്യമായ ആൺ ആടിന്റെയും പെൺ ആടിന്റെയും കുഞ്ഞുങ്ങളെ നൽകുന്ന പദ്ധതി ഈ പഞ്ചായത്തിൽ ഫലപ്രദമായി നടപ്പിലാക്കാവുന്നതാണ്.

അലഞ്ഞു നടക്കുന്ന നായ്ക്കളുടെയും പേപ്പട്ടികളുടെയും ശല്ല്യം പഞ്ചായത്തിൽ ഗുരുതര പ്രശ്നമായിരിക്കുകയാണ്. അലഞ്ഞു നടക്കുന്ന നായ്കളെയും പേപ്പട്ടികളെയും കൊല്ലുന്നതിനു നടപടിയൊന്നും ഫലവത്തായി കാണുന്നില്ല. ഇത്തരം നായ്കളെ പിടിച്ചുകൊല്ലുന്നതിനു പരിചയം സിദ്ധിച്ച ആളുകളുടെ കുറവ് ആണു ഈ പരിപാടി പരാജയപ്പെടാൻ കാരണമായി കാണുന്നത്. ഈ ജോലിയിൽ വേണ്ടത്ര ആളുകൾക്ക് ട്രെയിനിംഗ് നൽകുന്നതിനു നടപടി സ്വീകരിക്കണം. വളർത്തു നായ്ക്കൾക്കു പേവിഷബാധക്ക് എതിരെയുള്ള വാക്സിൻ നൽകുന്നതിനു സമഗ്രപരിപാടി ആസൂത്രണം ചെയ്യണം ഇന്നത്തെനിലയിൽ ഒറ്റക്കു പട്ടികളെ വാക്സിനേറ്റ് ചെയ്യുന്നതിന് 80 രൂപയോളം വാക്സിന്റെ വിലമാത്രം ആകും ഈ പരിപാടി കൂട്ടായി വാക്സിൻ വരുത്തി നടപ്പിലാക്കിയാൽ ഒരു പട്ടിക്ക് 22 രൂപാ നിരക്കിൽ വാക്സിൻ നൽകാൻ കഴിയും. അടിയന്തിര പ്രാധാന്യത്തോടെ വളർത്തുനായ്ക്കൾക്ക് വാക്സിനേഷൻ പഞ്ചായത്തുതലത്തിൽ നടപ്പിലാക്കണം. കൂടാതെ വളത്തു നായ്ക്കൾക്ക് ലൈസൻസും, ടോക്കണും നൽകണം.

കർഷകൻ ഉല്പാദിപ്പിക്കുന്ന പാൽ ന്യായ വിലയ്ക്ക് വില്ക്കാൻ കഴിയുന്നതും അവന്റെ ആവശ്യങ്ങൾക്കു വേണ്ടത്ര സഹായം നൽകാൻ കഴിയുന്നതുമായ പാൽ സഹകരണ സംഘം പഞ്ചായത്തിൽ കുന്നിക്കോട് ഭാഗത്തു ഒരെണ്ണം മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളു. പഞ്ചായത്തിലെ പ്രധാന കാലിവളർത്തൽ കേന്ദ്രങ്ങളിൽ പാൽ വിപണന സൊസൈറ്റികൾ ഉണ്ടാകുന്നതു കന്നുകാലിവളർത്തുന്നവർക്കു വളരെ ഗുണകരമായിരിക്കും.

പഞ്ചായത്തിൽ 13 ഗോബർ ഗ്യാസ് പ്ലാന്റുകൾ പ്രവർത്തിച്ചുവരുന്നു. പാചക വാതകത്തിനു കടുത്ത ക്ഷാമം അനുഭവപ്പെടുന്ന ഇന്നത്തെ അവസ്ഥയിൽ കൂടുതൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനു കർഷകർക്കു വേണ്ട പ്രോത്സാഹനം നൽകേണ്ടതാണ്.

മത്സ്യബന്ധനം

ഈ പഞ്ചായത്തിൽ കടൽ തീര പ്രദേശങ്ങളോ കായലുകളോ ഇല്ലാത്തതിനാൽ മത്സ്യബന്ധനം എന്ന വിഷയം ഇവിടെ പ്രസക്തമല്ല. കല്ലടയാറിന്റെ 2 കിലോമീറ്റർ ദൂരം ഈ പഞ്ചായത്തിന്റെ അതൃത്തിയായി ഒഴുകുന്നുണ്ടെങ്കിലും മത്സ്യബന്ധനത്തിനു ശ്രമങ്ങൾ ഒന്നും ഉണ്ടായിട്ടില്ല. പഞ്ചായത്തിൽ ജലസേചനത്തിനുള്ള 9 കുളങ്ങൾ ഉണ്ട്. ഈ കുളങ്ങളിൽ മത്സ്യങ്ങളെ വളർത്തുന്നതിന്റെ സാദ്ധ്യതകൾ പഠിച്ചു നടപ്പിലാക്കാവുന്നതാണ്. ശുദ്ധജല മത്സ്യകൃഷി പഞ്ചായത്തിൽ IX വാർഡിൽ ഒരു സ്ഥലത്തു നടത്തുന്നുണ്ട്.

ക്ഷീരവികസന പ്രവർത്തനങ്ങൾ

വിളക്കുടി പഞ്ചായത്തിലെ ക്ഷീരവികസന പ്രവർത്തനങ്ങൾ പത്തനാപുര ക്ഷീര വികസന ആഫീസിന്റെ പരിധിയിൽ ആണ്. ക്ഷീരവികസന വകുപ്പ് മുഖേന നടത്തേണ്ട വിവിധ വികസന പദ്ധതി പ്രവർത്തനങ്ങൾ വിജയകരമായി നടത്തുന്നതിനു ഈ പഞ്ചായത്തിനു മാത്രമായി ഒരു ക്ഷീരവികസന ആഫീസുണ്ടായിരിക്കുന്നതു അഭികാമ്യമാണ്. ഈ പഞ്ചായത്തിൽ ക്ഷീര വികസന പദ്ധതിപ്രകാരം ഇതുവരെ കാര്യമായ പ വർത്തനങ്ങൾ ഒന്നും തന്നെ നടന്നിട്ടില്ല.

മുകളിൽ വിവരിച്ച വസ്തുതകളുടെ വെളിച്ചത്തിൽ മൃഗസംരക്ഷണ രംഗത്തെ പ്രശ്നങ്ങളെയും പരിഹാര മാർഗ്ഗങ്ങളും ഇപ്രകാരം ക്രോഡീകരിക്കാം.

1. കാലിതീറ്റയുടെ വിലവർദ്ധന

പരിഹാരം:-പഞ്ചായത്തിൽ സഹകരണ മേഖലയിൽ ഒരു കാലിതീറ്റ മിശ്രണയൂണിറ്റുസ്ഥാപിക്കുക. അസംസ്കൃതവസ്തുക്കൾ പഞ്ചായത്തിൽ തന്നെ പ്രാദേശികമായി ലഭ്യമാണ്.

2. തീറ്റ പുല്ലിന്റെ കുറവ്

പരിഹാരം:-തീറ്റ പുൽവളർത്തുന്നതിനു വിത്തുകളും മറ്റും സൗജന്യമായി കർഷകർക്കു ലഭ്യമാക്കി തീറ്റ പുൽ വളർത്തുന്നതിനു പ്രോത്സാഹനം നൽകുക.

3. ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത

പരിഹാരം:-കുന്നിക്കോട് പ്രവർത്തിച്ചു വരുന്ന മൃഗാശുപത്രിയിൽ ക്ലിനിക്കൽ ലാബ്-കൾച്ചർ-പരിശോധനയ്ക്കുള്ള സൗകര്യം ഉൾപ്പെടെ ആധുനിക രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തണം. നിലവിലുള്ളതിനുപുറമേ മഞ്ഞമൺകാല ഉൾപ്പെടെയുള്ള ഉൾനാടുകളിൽ വെറ്റിറിനറി സബ്സെന്ററോ നിശ്ചിത തീയതികളിൽ വെറ്റിറിനറിക്യാമ്പുകളോ നടത്തി കന്നുകാലികളുടെ രോഗപരിശോധനക്കും പ്രതിവിധിക്കും സംവിധാനം ഉണ്ടാക്കണം. കോഴിവസന്തക്കു കുത്തിവയ്പ്പ് സാർവത്രികമാക്കണം. കച്ചിക്കോഴിയുടെ വരവ് നിയന്ത്രിക്കണം. മൃഗാശുപത്രിയിൽ ആവശ്യത്തിനുള്ള മരുന്നും മറ്റും യഥാസമയം ലഭ്യമാക്കണം. ഡിസീസ് ഫ്രിസോണുകളുടെ പ്രവർത്തനം സ്ഥിരമായി നിലനിർത്തി കാലിവസന്ത കുളമ്പുരോഗം എന്നിവ നിർമ്മാർജ്ജനം ചെയ്യണം.

4. പേപ്പട്ടിശല്ല്യം

പരിഹാരം:-അലഞ്ഞുനടക്കുന്ന നായ്കളെ കൊല്ലാൻ അടിയന്തിര നടപടി ആവശ്യമാണ്. ഇതിന് ആളിനെ കിട്ടാനില്ലാത്ത അവസ്ഥയ്ക്ക് പരിഹാരമായി ആവശ്യമായ ആളുകൾക്ക് പഞ്ചായത്തിൽ നിന്നും പരിശീലനം നൽകണം. വളർത്തുനായ്കൾക്ക് രജിസ്ട്രേഷൻ നിർബന്ധിതമാക്കുക. ലൈസൻസു നിർബന്ധമാക്കി അവയ്ക്ക് ടോക്കൺ നൽകണം. പേവിഷ നിർമ്മാർജ്ജനപദ്ധതി പ്രകാരം പേവിഷത്തിനെതിരായുള്ള വാക്സിൻ പകുതിവിലയ്ക്കു വിതരണം ചെയ്യുക. പേവിഷബാധയെ പറ്റി ജനങ്ങളെ ബോധവൽക്കരിക്കുക.

5. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

പരിഹാരം:-ജനിതകഗുണമുള്ള പശുകുട്ടികൾക്ക് പരിചരണം നൽകി പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുക. ആദ്യ പ്രസവം 30-ാം മാസത്തിൽ സാദ്ധ്യമാക്കുക. കാലിതീറ്റ പകുതി വിലയ്ക്കുനൽകുക. പ്രതിരോധകുത്തിവയ്പ്പുകളും വിരമരുന്നുകളും പകുതിവിലക്ക് നൽകുക. ഈ സ്കീമിന്റെ ആനുകൂല്യം 900 രൂപയിൽ കവിയാത്ത മാസവരുമാനമുള്ള കർഷകർക്കു പ്രയോജനപ്പെടുന്നു. ഈ സ്കീമനുസരിച്ചു പരമാവധി 4500 രൂപ കർഷകനു സബ്സിഡിലഭിക്കും. ഈ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കണം.

6. ക്ഷീരസഹകരണ സംഘങ്ങൾ

പരിഹാരം:-പുതുതായി ക്ഷീരസഹകരണ സംഘങ്ങൾ സ്ഥാപിക്കാൻ പ്രോത്സാഹനം ചെയ്യുക. ക്ഷീര സഹകരണ സംഘങ്ങളുടെ ആധുനീവൽക്കരണ പദ്ധതിപ്രകാരം മിൽക്കോ ടെസ്റ്റർവാങ്ങാനും മിൽക്ക് കൂളർ, ഫ്രീസർ, റഫ്രിജറേറ്റർ എന്നിവ വാങ്ങുന്നതിനും സംഭരണ ശാല നിർമ്മിക്കുന്നതിനും ധനസഹായം നൽകുന്ന പദ്ധതി ഈ പഞ്ചായത്തിൽ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ നടപ്പിലാക്കണം.

7. പശ്ചിമഘട്ട വികസനപദ്ധതി വാട്ടർഷെഡ് പ്രദേശത്തെ കർഷകർക്കുള്ള പ്രത്യേക ആനുകൂല്ല്യങ്ങൾ

പരിഹാരം:-ഭൂപ്രകൃതി അദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുള്ള പ്രദേശങ്ങൾ വാട്ടർ ഷെഡ് പ്രദേശങ്ങളായി പ്രഖ്യാപിച്ച് അവിടെയുള്ള തെരഞ്ഞെടുത്ത കർഷകർക്ക് കറവ പശു, കാലിതൊഴുത്ത്, പുൽകൃഷി, എന്നിവക്ക് ധനസഹായം ഉറപ്പുവരത്തണം.

8. വന്ധ്യതാപരിശോധന ജനിതകഗുണമേന്മയുള്ള ഇനങ്ങളുടെ ബീജസങ്കലനം പ്രത്യുല്പാദനപരമായ പ്രശ്നങ്ങളുടെ പരിഹാരം

പരിഹാരം:-വന്ധ്യതാപരിശോധനക്കും പ്രതിവിധിനിർദ്ദേശിക്കുന്നതിനും ഫലപ്രദമായ നടപടികൾ ആവശ്യമാണ്. നമ്മുടെ കാലാവസ്ഥക്ക് യോജിച്ച ഇനം സങ്കര വർഗ്ഗങ്ങളുടെ ബീജാധാനം കുറഞ്ഞ ചിലവിൽ കർഷകനു ലഭിക്കണം. പ്രസവ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കാൻ ഉടനടി വിദഗ്ദ്ധ സഹായം ലഭിക്കുന്നതിനു കർഷകർ വിശേഷിച്ചു ഉൾനാട്ടിലുള്ളവർ ഇന്നു വളരെ വിഷമങ്ങൾ അനുഭവക്കുന്നു. ഇതിനു പരിഹാരം ഉണ്ടാക്കാൻ മൃഗസംരക്ഷണ വകുപ്പിൽ പ്രത്യേക സംവിധാനം ഉണ്ടാക്കണം.


9. ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ വിജയകരമായി നടപ്പിലാക്കിയിട്ടില്ല.

പരിഹാരം:-ഈ പഞ്ചായത്തിൽ ക്ഷീരവികസന വകുപ്പിന്റെ ആഭ്യമുഖ്യത്തിൽ പുൽകൃഷി വികസനപരിപാടി മിനിഡയറി യൂണിറ്റ് ജനറൽ സെക്ടർ പദ്ധതി പ്രകാരം പശുക്കളെ വാങ്ങുന്നതിനും, തൊഴുത്തു നിർമ്മിക്കുന്നതിനും 50% സബ്സിഡി അനുവദിക്കുക. കന്നുകാലി ഇൻഷ്വറൻസ് പദ്ധതി പ്രകാരം പ്രീമിയത്തിന്റെ 50% സർക്കാരിൽ നിന്നും ധനസഹായമായി നൽകുക. പ്രത്യേക ഘടക പദ്ധതിപ്രകാരം ഹരിജനങ്ങൾക്ക് ഡയറിയൂണിറ്റിനു ധനസഹായം തുടങ്ങിയ വിവിധപദ്ധതികൾ നടപ്പിലാക്കണം.

10. കുന്നിക്കോട് കന്നുകാലി ചന്ത

..... എല്ലാ മലയാളമാസവും 25-ാം തീയതി കന്നുകാലി വ്യാപാരം നടക്കുന്ന ഒരു കേന്ദ്രമാണ് കുന്നിക്കോട് കന്നുകാലി ചന്ത. ഈ ചന്തക്ക് പ്രത്യേക സ്ഥലമില്ല. റോഡ് അരുകിൽ കന്നുകാലികളെ നിർത്തി നടത്തിവരുന്ന വ്യാപാരം ഗതാഗതത്തിനും പൊതു ജനങ്ങൾക്കും വളരെ അസൗകര്യമുണ്ടാക്കുന്നു. ഈ അസൗകര്യങ്ങളുടെ ഫലമായി ചന്തയുടെ പ്രവർത്തനം ശോഷിച്ച് നാമമാത്രമായിതീർന്നുകൊണ്ടിരിക്കുന്നു.

പരിഹാരം:-കുന്നിക്കോട് കന്നുകാലിചന്ത നടത്തുന്നതിനു പഞ്ചായത്തു പ്രത്യേക സ്ഥലംകണ്ടെത്തി ഉരുക്കളെ നിറുത്തുന്നതിനും ക്രയവിക്രയത്തിനും മതിയായ സൗകര്യങ്ങൾ ഉണ്ടാക്കണം. അന്യസ്ഥലങ്ങളിൽ നിന്നും കന്നുകാലികളെ കൊണ്ടുവരുന്നതിന് സൗകര്യങ്ങൾ ഉള്ളതിനാലും കൊല്ലം ചെങ്കോട്ട റോഡിനു സമീപമായതിനാലും ഈ ചന്തക്ക് ധാരാളം വികസന സാദ്ധ്യതയുണ്ട്. പഞ്ചായത്തിനു വരുമാനം വർദ്ധനയുണ്ടാക്കും.



വ്യവസായം

വിളക്കുടി പഞ്ചായത്തിൽ വൻകിട വ്യവസായങ്ങൾ ഒന്നുംതന്നെയില്ല. എന്നാൽ പുനലൂർ പട്ടണത്തിന്റെ പേരിന് പ്രശസ്തി നൽകിയ പുനലൂർ പേപ്പർമിൽസ് ഈ പഞ്ചായത്തിലെ XI -ാം വാർഡിന്റെ കിഴക്കറ്റത്ത് കല്ലടയാറിന്റെ തീരത്ത് പഞ്ചായത്തതൃത്തിക്കുള്ളിൽ ഉദ്ദേശം 500 സ്കയർ മീറ്റർ സ്ഥലത്തുകൂടി വ്യാപിച്ചുകിടക്കുകയാണ്. എന്ന വസ്തുത വിസ്മരിച്ചുകൂടാ. കഴിഞ്ഞ 10 വർഷക്കാലമായി അടഞ്ഞുകിടക്കുന്ന ഈ പ്രമുഖ വ്യവസായ സ്ഥാപനവും പരിസരവും ഗതകാല പ്രൗഡിയുടെ ശവകുടീരംപോലെ ശോകമൂകമാണ്. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും കടമെടുത്ത ഭീമമായ തുകകൾ അടയ്ക്കാതെവന്നതിനാൽ, ബോംബെ ഹൈക്കോടതിയുടെ ഉത്തരവു പ്രകാരം റിസീവർ ഭരണത്തിലാണു ഈ സ്ഥാപനം എന്നാണ് അറിയപ്പെടുന്നത്. മിൽ പൂട്ടാനുള്ള സാഹചര്യങ്ങളും കാരണങ്ങളും എന്തെക്കെയായാലും ഈ പഞ്ചായത്തിൽ താമസക്കാരായ നല്ലൊരു ഭാഗം ജനങ്ങളും ഈ വ്യവസായ സ്ഥാപനത്തിലെ ജീവനക്കാരോ അനുബന്ധ ജീവിതം നടത്തിയിരുന്നവരോ ആയിരുന്നു എന്നതും ഇന്ന് അവരൊക്കെ തൊഴിൽ നഷ്ടപ്പെട്ടതുകൊണ്ട് നിത്യ ദുരിതത്തിൽ ജീവിതം തള്ളിനീക്കുകയാണെന്നും നാം വിസ്മരിച്ചുകൂടാ. ഈ സ്ഥാപനം തുറക്കുന്നതിനു കേന്ദ്ര സർക്കാരിൽ സമ്മർദ്ദം തുടരുന്നുണ്ടെങ്കിലും അതു ഫലപ്രദാകുന്നില്ല എന്നാണു ഇതു സംബന്ധമായ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത് ഏറ്റവും ഒടുവിൽ ടാങ്കുകൾക്കും മറ്റുമുള്ള ടയർ നിർമ്മാണം ഈ സ്ഥാപനത്തിൽ ആരംഭിക്കാൻ ശ്രമിക്കുന്നു എന്നും റിപ്പോർട്ടുകൾ ഉണ്ട്. ഈ വ്യവസായ സ്ഥാപനം പുനരുജ്ജീവിപ്പിക്കുന്നത് ഈ പഞ്ചായത്തിലെ ജനങ്ങളുടെ കൂടി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും പ്രദേശത്തിന്റെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്കും ഐശ്വര്യത്തിനും കാരണ ഭൂതമാകുമെന്നതു കൊണ്ടും അതു സംബന്ധമായ വാർത്തകളിൽ ജനങ്ങൾ ജാഗരൂഗരാണ്. പേപ്പർമില്ലിന്റെ തളർച്ച ഈ പഞ്ചായത്തിലെ നല്ലൊരു വിഭാഗം ജനങ്ങളുടെയും തളർച്ചയായി തീർന്നു എന്ന യാഥാർത്ഥ്യം വിസ്മരിച്ചു കൊണ്ട് വ്യവസായം എന്ന വിഷയം ചർച്ചാവിഷയമാക്കുന്നത് ഉചിതമല്ലാത്തതിനാലാണ് ആ മുഖമായി ഇതു സൂചിപ്പിച്ചത്.

2. ചെറുകിട വ്യവസായങ്ങൾ

വിളക്കുടി പഞ്ചായത്തിൽ പൊതു മേഖലയിലോ സ്വകാര്യ മേഖലയിലോ വൻകിട വ്യവസായ യൂണിറ്റുകൾ ഇല്ലെന്നു നേരത്തേ സൂചിപ്പിച്ചുവല്ലോ. ചെറുകിട മേഖലയിൽ പ്രധാനമായും പഞ്ചായത്തിൽ കാണുന്നതു കശുവണ്ടി വ്യവസായമാണ്. ഈ മേഖലയിൽ ധാരാളം തൊഴിലാളികളെ താരതമ്യേന കുറഞ്ഞ കൂലിക്ക് ലഭിക്കുമെന്നതാണ് ഏതാനും കശുവണ്ടി സംസ്കരണ യൂണിറ്റുകൾ ഇവിടെ ഉണ്ടാകാൻ കാരണമായത്. പ്രധാനമായും സ്ത്രീ തൊഴിലാളികളാണ് ഈ വ്യവസായ മേഖലയിൽ പണിയെടുക്കുന്നത്. ഈ വ്യവസായത്തിന് ആവശ്യമായ അസംസ്കൃത വസ്തുവായ തോട്ടണ്ടിയുടെ ദൗർലഭ്യം മൂലം ഈ തൊഴിൽമേഖലയിൽ ലഭിക്കുന്ന തൊഴിൽദിനങ്ങൾ തുലോം പരിമിതമാണ്. അനൗദ്യോഗിക കണക്കുകൾ അനുസരിച്ച് വർഷത്തിൽ 100 – നും 150–നും ഇടയ്ക്കു ദിവസം മാത്രമേ ഈ തൊഴിൽ സ്ഥാപനങ്ങളിൽ തൊഴിൽ ലഭിക്കാറുള്ളൂ. എന്നിരുന്നാലും സ്ഥിരമായ ഒരു തൊഴിൽ എന്ന ആകർഷണം കൊണ്ടും മറ്റൊരു മേഖലയിലും തൊഴിൽ ല

ഭിക്കാൻ സാദ്ധ്യത ഇല്ലാത്തതിനാലും കുറഞ്ഞ കായികാദ്ധ്വാനം മാത്രം മതിയെന്നതിനാലും ഈ രംഗത്ത് തൊഴിലാളികൾ ധാരാളമായി വന്നുകൊണ്ടിരിക്കുന്നു. കേരളത്തിൽ പൊതുവെ കശുവണ്ടി വ്യവസായ മേഖലയിൽ അനുഭവപ്പെടുന്ന മാന്ദ്യം ഈ പഞ്ചായത്തിലും അനുഭവപ്പെടുന്നുണ്ട്. ആവശ്യമായ തോട്ടണ്ടി ലഭ്യമാക്കി ഈ വ്യവസായത്തിനെയെങ്കിലും പരിപോഷിപ്പിക്കുന്നതിനും സംഭരണ ഏജൻസികൾ മുഖേന സമ്മർദ്ദം ചെലുത്തി, ഈ വ്യവസായ സ്ഥാപനങ്ങൾ നടത്തുന്ന സ്വകാര്യ വ്യക്തികൾ വേണ്ട ക്രമീകരണം ഉണ്ടാക്കിയാൽ അത് തൊഴിലാളികൾക്ക് വലിയ അനുഗ്രഹമായിരിക്കും. ഈ പഞ്ചായത്തിൽ ആകെ 9 കശുവണ്ടി ഫാക്ടറികൾ പ്രവർത്തിച്ചുവരുന്നു. ഇവയെല്ലാം സ്വകാര്യ മേഖലയിലാണ്. ഈ ഫാക്ടറികളുടെ വിവരം വാർഡ് തിരിച്ചുള്ള വ്യവസായ പട്ടികയിൽ (അനുബന്ധം I) നൽകിയിട്ടുണ്ട് രണ്ടായിരത്തി നാനൂറ് തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുക്കുന്നുണ്ട്. ഭൂരിഭാഗവും സ്ത്രീ തൊഴിലാളികളാണ്.

3. കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ പരിഹാരങ്ങൾ

എ. തോട്ടണ്ടിയുടെ ലഭ്യത വർദ്ധിപ്പിച്ച് കൂടുതൽ തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തുക.

ബി. കശുവണ്ടി ഫാക്ടറികളിലെ പുക ചെറിയ തോതിൽ അന്തരീക്ഷ മലിനീകരണം ഉണ്ടാക്കുന്നതായി പരാതിയുണ്ട്. ഫാക്ടറികളുടെ പുകകുഴൽ കഴിയുന്നത്ര ഉയർത്തി ഈ പ്രശ്നത്തിന് പരിഹാരം കാണാൻ തൊഴിലുടമകൾ ശ്രദ്ധിക്കേണ്ടതാണ്. അണ്ടിക്കറയും മറ്റും അടങ്ങുന്ന മാലിന്യങ്ങൾ ഫാക്ടറികളിൽ നിന്നും തോടുകളിൽ ഒഴുക്കി വിടന്നതുമൂലം ജലമലിനീകരണം ഉണ്ടാകുന്നതായും ഗ്രാമ സഭകളിൽ പരാതി ഉയർന്നിട്ടുണ്ട്. ഈ പ്രശ്നത്തിന് ഫലപ്രദമായ പരിഹാരം കണ്ടെത്താൻ തൊഴിലുടമകൾ ശ്രദ്ധിക്കേണ്ടതാണ്.

സി. ഷെല്ലിംഗ് വിഭാഗത്തിൽ പണിയെടുക്കുന്ന സ്ത്രീതൊഴിലാളികളുടെ കൈകൾ തൊലിയും മറ്റും കറപിടിച്ച് വൃത്തികേടാകുന്ന സ്ഥിതിക്ക് പരിഹാരം കാണുന്നതിനായി. അണ്ടിതല്ലുന്നതിനുപയോഗിക്കുന്ന ഉപകരണം വികസിപ്പിച്ചെടുത്ത് അതു നൽകി ഈ പ്രശ്നം പരിഹരിക്കുന്നതിനെപറ്റി തൊഴിൽ ഉടമകൾ ചിന്തിക്കുന്നത് നല്ലതായിരിക്കും. തോട്ടണ്ടി വറുക്കുന്നതിനു പകരം പുഴുക്കിയെടുത്തു ക്രാക്കുചെയ്യുന്ന രീതി അലമ്പിക്കണം

ഡി. രാവിലെ മുതൽ വൈകുന്നേരം വരെ പണിശാലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് വിശേഷിച്ച് സ്ത്രീ തൊഴിലാളികൾക്ക് പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിന് കാര്യമായ സംവിധാനങ്ങളൊന്നും ഈ തൊഴിൽ ശാലകളിൽ ഇല്ലെന്നുള്ളതാണ് ഇന്നത്തെ സ്ഥിതി. ഇതിനു പരിഹാരം ഉണ്ടാകേണ്ടതാണ്. തൊഴിൽ ശാലയോടനുബന്ധിച്ചു പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ നിർബന്ധമായും ഉണ്ടാക്കണം.

ഇ. ഉച്ചഭക്ഷണത്തിനും മറ്റും ഈ ഫാക്ടറികളിൽ നിന്നും തൊഴിലാളികൾ (അതും പ്രധാനമായും സ്ത്രീതൊഴിലാളികൾ) ഭക്ഷണ പാത്രങ്ങളുമായി അടുത്തവീടുകളിലും മറ്റു സ്ഥലങ്ങളിലേക്കും പോകുന്ന കാഴ്ചയാണു ഇന്നുള്ളത്. ഇതിനും പരിഹാരം കാണണം. തൊഴിലാളികൾക്ക് ഇരുന്ന് ആഹാരം കഴിക്കുന്നതിനുള്ള ഷെഡുകളോ അതു പോലുള്ള സൗകര്യങ്ങളോ ഉണ്ടാക്കേണ്ടതാണ്.

എഫ്. ഈ മേഖലയിലെ തൊഴിലാളികൾ തറയിലിരുന്നു പണിയെടുക്കേണ്ടസ്ഥിതിയാണ് ഇന്നുള്ളത്. ചെമ്മീൻ വ്യവസായത്തിലും മറ്റും നാം കാണാറുള്ളതുപോലെ ഇവർക്ക് ഡെസ്ക്ക് വർക്കായി ഈ പണി ചെയ്യുന്നതിനു സൗകര്യമുണ്ടാക്കുന്നതിനെപറ്റി ചിന്തിക്കുന്നതു നന്നായിരിക്കും.

4. ചുടുകട്ട വ്യവസായം

കശുവണ്ടി മേഖല കഴിഞ്ഞാൽ ഈ പഞ്ചായത്തിൽ തൊഴിൽ സാദ്ധ്യത ചെറിയ തോതിലെങ്കിലും നൽകുന്ന ഒരു വ്യവസായ മേഖലയാണ് ചുടുകട്ട വ്യവസായം. നാടൻ കട്ട നിർമ്മാണവും വയർ കട്ട് ബ്രിക്സ് നിർമ്മാണവും സിമന്റ് ഹോളോ ബ്രിക്സ് നിർമ്മാണവും ഈ പഞ്ചായത്തിൽ ചെറിയ തോതിൽ കാണുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങളുടെ വാർഡുതിരിച്ചുള്ള വിവരങ്ങൾ പട്ടിക 1 ൽ ചേർത്തിട്ടുണ്ട്. 13 ചുടുകട്ട നിർമ്മാണ ഫാക്ടറികളും, 2 ഹോളോ സിമന്റു ബ്രിക്സ് ഫാക്ടറികളും ഉള്ളതായി പഞ്ചായത്തു രേഖകളും ഗ്രാമസഭാറിപ്പോർട്ടുകളും സൂചിപ്പിക്കുന്നുണ്ട്. ഈ മേഖലയിലും ധാരാളം തൊഴിലാളികളെ ലഭ്യമാണ്. ചുടുകട്ടനിർമ്മാണം ഗുരുതരമായ പരിസ്ഥിതിപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. നമ്മുടെ നെൽവയലുകൾ വൻതോതിൽ കുഴിച്ച് ചെളിയെടുത്ത് വലിയ കുഴികളാക്കി തീർത്തിരിക്കുകയാണ്. എങ്കിൽ കൂടി ഒരു വ്യവസായം എന്ന നിലയിൽ കുറെ തൊഴിൽ സാദ്ധ്യതകൾ ഉറപ്പുവരുത്തുന്നതിനാലും കെട്ടിടനിർമ്മാണത്തിനും മറ്റും ചുടുകട്ട പ്രാദേശികമായി ലഭിക്കേണ്ട ആവശ്യമുള്ളതിനാലും ഈ വ്യവസായ മേഖലയെ നിരുത്സാഹപ്പെടുത്താനുമാകില്ല. സിമെന്റ് ഹോളോബ്രിക്സ് നിർമ്മാണം പ്രോത്സാഹനം അർഹിക്കുന്നുണ്ട്.

5. തടിമില്ലുകൾ

പഞ്ചായത്തിൽ ആകെ 7 തടിമില്ലുകളും രണ്ട് പ്ലൈവുഡ് ഫാക്ടറികളും ഒരു പെൻസിൽ സ്ലാട്ട് ഫാക്ടറിയും പ്രവർത്തിക്കുന്നുണ്ട്. ഇവയിലെ തൊഴിൽ സാധ്യത വളരെ പരിമിതമാണ്. തടിയും മറ്റും ആവശ്യത്തിന് ലഭിക്കാത്തതിനാൽ ഈ വ്യവസായ മേഖല വേണ്ടത്ര പുഷ്ടിപ്രാപിച്ച് വരുന്നില്ല. കൂടാതെ വൈദ്യുതി ക്ഷാമം ഈ വ്യവസായ മേഖലയെ തകർച്ചയിലേക്ക് തള്ളിയിട്ടിരിക്കുകയാണ്. ഇവ കൂടാതെ പഞ്ചായത്തിൽ ഏതാനും റൈസ്മില്ലുകളും പൊടിപ്പുമില്ലുകളും പ്രവർത്തിക്കുണ്ട്. ഇതുകൂടാതെ ഒരു ബുക്ക് നിർമ്മാണ പ്രിന്റിംഗ് യൂണിറ്റും 10-ാം വാർഡിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കമലാ ചാരിറ്റബിൾ സൊസൈറ്റി കുന്നിക്കോട് നടത്തിവന്നിരുന്ന അലുമിനിയം ഫാക്ടറി ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

മേൽവിവരിച്ച വസ്തുകളിൽ നിന്നും ഈ പഞ്ചായത്ത് ചെറുകിട വ്യവസായക രംഗത്ത് കഴിഞ്ഞ കാൽനൂറ്റാണ്ടിനകത്തു യാതൊരു പുരോഗതിയും കൈവരിച്ചിട്ടില്ല എന്ന് കാണാവുന്നതാണ്. കശുവണ്ടി വ്യവസായ രംഗത്തു തൊഴിൽ ദിനങ്ങളുടെ കുറവ് മറ്റു മേഖലകളിൽ തൊഴിൽ സാദ്ധ്യത തുലോം പരിമിതം. അവയുടെയൊക്കെ നിലനില്പ് തന്നെ ചോദ്യംചെയ്യപ്പെട്ടിരിക്കുന്ന സാഹചര്യം എന്നിവ കണക്കിലെടുക്കുമ്പോൾ പഞ്ചായത്തിലെ വ്യാവസായിക മേഖലയുടെ ഭാവി ഇരുളടഞ്ഞതാണ്. ഇതിനു പരിഹാരം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. നമ്മുടെ പ്രദേശത്തെ ജനങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു ആധുനിക വ്യവസായ യൂണിറ്റുകൾ പഞ്ചായത്തിൽ ഉണ്ടായേതീരു. അതിനു ജനങ്ങളുടെയും അധികാരികളുടെയും ശ്രദ്ധ പതിയേണ്ടതാണ്. അനവധി മേഖലകളിൽ പുതിയ വ്യവസായങ്ങൾ തുടങ്ങാൻ സാദ്ധ്യതയുണ്ട്. സ്വകാര്യ വ്യക്തികൾക്കും സഹകരണ മേഖലയ്ക്കും ഈ രംഗത്തു കാര്യമായ സംഭാവനകൾ ചെയ്യാൻ കഴിയും.

പുതിയ വ്യവസായങ്ങൾ

കൃഷിക്കും കന്നുകാലി പരിപാലനത്തിനും ഊന്നൽ നൽകുന്ന വികസന സമീപനം കൈക്കൊള്ളുന്ന ഇന്നു കാലിതീറ്റയുടെ ലഭ്യതയും വിലകൂടുതലും കർഷകനു ഒരു പ്രശ്നമാണ്. നമ്മുടെ പഞ്ചായത്തിൽ സുലഭമായിരിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചു കാലിതീറ്റ മിക്സിംഗ് യൂണിറ്റു പഞ്ചായത്തിൽ

ആരംഭിക്കാവുന്നതാണ്. ആഗോള കുത്തകകൾ കൈയ്യടക്കി വച്ചിരിക്കുന്ന കാലിത്തീറ്റ നിർമ്മാണം നമുക്ക് വിജയ പ്രദമായി പരീക്ഷിക്കാവുന്ന ഒരു ചെറുകിടവ്യവസായമാണ്. ഇത്തരത്തിൽ ഒന്നോ രണ്ടോ യൂണിറ്റു പഞ്ചായത്തിൽ ആരംഭിക്കാൻ സാദ്ധ്യതയുണ്ട്.

റബ്ബർ മുഖ്യമായി കൃഷി ചെയ്യുന്ന ഒരു പഞ്ചായത്താണ് നമ്മുടേത്. നിർഭാഗ്യവശാൽ VIII -ാം വാർഡിൽ ഉള്ള താൻസൺ റബർ ഫാക്ടറി എന്ന ഒരു ഫാക്ടറയല്ലാതെ റബർ അസംസ്കൃതവസ്തുവായി ഉപയോഗിക്കുന്ന യാതൊരു വ്യവസായവും പഞ്ചായത്തിൽ ഇന്ന് നിലവിലില്ല. റബർ കയ്യുറ നിർമ്മാണം, റബർ ബാന്റ് തുടങ്ങി നിത്യോപയോഗത്തിന് ആവശ്യമായ ഒട്ടനവധി ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ സാദ്ധ്യതയുണ്ട്. റബർ അധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിന് ഫലപ്രദമായ നീക്കം ഉണ്ടാകണം. ഇലക്ട്രോണിക്സ് - കമ്പ്യൂട്ടർ - സാങ്കേതികവിദ്യ ഇന്ന് ദൈനം ദിനം ജീവിതത്തിന്റെ ഭാഗമായി മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഈ നൂതന ശാസ്ത്രമേഖലകളിൽ ഒട്ടധികം വ്യവസായസാദ്ധ്യതകൾ വിദഗ്ധർ പരിശോധിക്കേണ്ടതാണ്.

റെഡിമെയ്ഡ് ഗാർമെന്റ് നിർമ്മാണം പഞ്ചായത്തിൽ ചെറിയ തോതിൽ നടക്കുന്നുണ്ട്. പക്ഷെ ഈ വ്യവസായം വേണ്ടത്ര പുഷ്ടി പ്രാപിച്ചു കാണുന്നില്ല. ഉൽപ്പന്നത്തിന്റ വിപണനസാദ്ധ്യതകൾ മെച്ചപ്പെടുത്തി സഹകരണമേഖലയിൽ ഈ വ്യവസായം പുഷ്ടിപ്പെടുത്താവുന്നതാണ്.

അച്ചാർനിർമ്മാണം, പഴസത്ത് ഉണ്ടാക്കൽ, കറിപ്പൊടി നിർമ്മാണം തുടങ്ങിയവ സഹകരണമേഖലയിൽ ആരംഭിക്കാവുന്നതാണ്. വനിതാ തൊഴിൽമേഖലയിൽ ഈ വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിനും വേണ്ടത്ര സാമ്പത്തിക സഹായവും ഉപദേശങ്ങളും നൽകേണ്ടതാണ്. തീപ്പെട്ടി, മെഴുകുതിരി, കളിക്കോപ്പ് നിർമ്മാണം എന്നിവയും പഞ്ചായത്തിൽ ആരംഭിക്കാൻ സാദ്ധ്യതയുള്ള വ്യവസായമേഖലകളാണ്. ഇത്തരം വ്യവസായങ്ങൾ വനിതാസഹകരണ സംഘങ്ങൾ മുഖേന തുടങ്ങന്നതു നന്നായിരിക്കും.

ഈ പഞ്ചായത്തിൽ ആരംഭിക്കുന്നതിന് സാദ്ധ്യതയുള്ള മറ്റൊരു വ്യവസായമാണ് പാറമെറ്റൽ ചിപ്സ് നിർമ്മാണം. ധാരാളം പാറ ലഭ്യമായ പ്രദേശങ്ങൾ പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിൽ VIII, X, XI, XII എന്നീ വാർഡുകളിൽ വനിതാ വ്യവസായ യൂണ്ിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വനിതാവ്യവസായ യൂണിറ്റുകൾ മേൽപ്പറഞ്ഞ മേഖലകളിൽ ആരംഭിക്കേണ്ടതാണ്.

പരമ്പരാഗത വ്യവസായ മേഖലയായ പരമ്പ്, കുട്ട നെയ്ത്ത് വ്യവസായം ഇന്ന് ഏതാണ്ട് സ്തംഭിച്ച അവസ്ഥയിലാണ്. ഈ വ്യവസായത്തിനാവശ്യമായ ഈറ ലഭിക്കാത്തതാണ് ഈ വ്യവസായം ഇത്ര കണ്ട് അധപ്പതിക്കാനുള്ള കാരണം. ബാംബു കോർപ്പറേഷൻ മുഖേനയാണ് ഇന്നു ഈ തൊഴിലിനുള്ള ഈറ വിതരണം ചെയ്യപ്പെടുന്നത്. ഈ പഞ്ചായത്തിലോ പരിസരപ്രദേശത്തോ ബാംബു കോർപ്പറേഷന്റെ ഡിപ്പോകൾ ഇല്ല. അതിനാൽ ആവശ്യമായ ഈറ ലഭിക്കുന്നില്ല. ബാംബു കോർപ്പറേഷന്റെ ഒരു സബ്ഡിപ്പോ ഈ പഞ്ചായത്തിൽ ആരംഭിക്കണം. ഈ വ്യവസായരംഗത്തു പണിയെടുക്കുന്ന പരമ്പരാഗത തൊഴിലാളികൾക്ക് കൂടിയിരുന്നു ഒരു കേന്ദ്രത്തിൽ വച്ച് ഈ തൊഴിൽ ചെയ്യുന്നതിനുള്ള സാഹചര്യം ഉണ്ടാക്കി ഈ പരമ്പരാഗത വ്യവസായത്തിനെ പുനരുദ്ധരിക്കണം. സഹകരണാടിസ്ഥാനത്തിൽ ഈ വ്യവസായ മേഖലയെ പുനസംഘടിപ്പിക്കണം.

ഖാദി വ്യവസായം

ഇന്ന് വികസന സാദ്ധ്യതയും നിലനിൽപ്പും തൊഴിൽ സാദ്ധ്യതയും ഉള്ള ഒരു വ്യവസായ മേഖലാണ് ഖാദി വ്യവസായം. എന്നാൽ ഈ വ്യവസായ മേഖല വേണ്ടത്ര പരിപോഷിപ്പിക്കാനുള്ള കാര്യമായ യാതൊരു ശ്രമവും അധികൃതരുടെ ഭാഗത്ത് നിന്നുണ്ടായിട്ടില്ല. ഗാന്ധി സ്മാരകനിധിയുടെ ആഭിമുഖ്യത്തിൽ ഒരു ഖാദി ഉല്പാദന കേന്ദ്രം ഈ പഞ്ചായത്തിൽ ആരംഭിക്കുന്നതിന് 1985 കാലത്ത് ശ്രമം നടക്കുകയും അതിന്റെ ഭാഗമായി ഏതാനും യുവതീയുവാക്കളെ ഈ രംഗത്ത് ആകർഷിക്കുകയും അവരിൽ നിന്ന് മൂലധനമായി സമ്പാദിച്ച് തുകയുപയോഗിച്ച് ആവണീശ്വരം മഹാദേവർക്ഷേത്രത്തിന്റെ ചിറയുടെ തെക്കുവശത്തായി 50 സെന്റ് സ്ഥലം വിലയ്ക്കു വാങ്ങുകയും ആ സ്ഥലത്ത് ഗാന്ധി സ്മാരകനിധിയുടെ ആഭിമുഖ്യത്തിൽ ഖാദ് ഉൽപ്പാദനകേന്ദ്രം സ്ഥാപിക്കാൻ ഷെഡ് കെട്ടുകയും മറ്റും ചെയ്തു. അവിടെ കെട്ടിടം ഉണ്ടാകുന്നതുവരെയും ഖാദി ഉൽപ്പാദനം പഞ്ചായത്തു ഹാളിൽ നടന്നുവന്നു. എന്നാൽ കുറച്ചു കാലം കഴിഞ്ഞ് അതിന്റെ പ്രവർത്തനം നിലച്ചു. ഇപ്പോൾ പഞ്ചായത്തു കമ്മ്യൂണിറ്റി ഹാളിൽ വച്ചു നൂൽനൂൽപ്പ് മാത്രം ചെറിയ തോതിൽ നടക്കുന്നു. നെയ്ത്ത് ഉപകരണങ്ങൾ അനാഥമായി കിടക്കുന്നു. ഇതിനിടയ്ക്ക് മേൽപ്പറഞ്ഞ 50 സെന്റ് സ്ഥലം വിൽക്കുന്നതിന് ഗാന്ധി സ്മാരകനിധി ശ്രമിച്ചതായും, അതിന് തടസ്സം ഉണ്ടായതായും ഇപ്പോൾ ആ ശ്രമം ഉപേക്ഷിച്ചതായും അറിയുന്നു. ഈ വ്യവസായം പുനരുദ്ധരിക്കുന്നതിന് സാദ്ധ്യതയുണ്ട്. മേൽപ്പറഞ്ഞ സ്ഥലത്ത് ഖാദി വ്യവസായം പുനരാരംഭിക്കുന്നതിനും ഫലപ്രദമായ ശ്രമം ഉണ്ടാകണം.

വ്യവസായ മേഖലയുടെ നവോഥാനത്തിനും ഏകാഗ്രമായ ശ്രമങ്ങൾ പഞ്ചായത്തുതലത്തിൽ നടത്താവുന്നതാണ് ആദ്യമായി വ്യവസായങ്ങൾ തുടങ്ങാൻ താല്പര്യമുള്ള വ്യക്തികളുടെയും സഹകരണ സ്ഥാപനങ്ങളുടെയും ലിസ്റ്റു തയാറാക്കാനായി അത്തരം ആളുകളിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും ഓരോരുത്തരും നിർദ്ദേശിക്കുന്ന വ്യവസായം ആരംഭിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളെയും അതിന് സമീപിക്കേണ്ട സ്ഥാപനങ്ങളെയും സംബന്ധിച്ച് വേണ്ട രീതിയിൽ അറിവ് നൽകി ഡിപ്പാർട്ട്മെന്റുകളുടെ ചുവപ്പുനാടയിൽ അത്തരം നിർദ്ദേശങ്ങൽ കുരുങ്ങിപ്പോകാതെ രക്ഷിച്ച് പ്രവർത്തിപഥത്തിൽ കൊണ്ടുവരാൻ ശ്രമിക്കണം. വിദ്യുച്ഛക്തി ബോർഡിന്റെ തടസ്സങ്ങളും നിബന്ധനകളും വ്യവസായം തുടങ്ങുന്നതിന് ഇന്നും പ്രതിബന്ധമാണ്. ഇതുമാറിയേ ഇവിടെ വ്യവസായിക രംഗം പുരോഗതി പ്രാപിക്കു. റബ്ബർ മുഖ്യവിളയായ പഞ്ചായത്തിൽ റബ്ബർ അധിഷ്ടിത വ്യവസായങ്ങൾക്ക് തന്നെ മുൻഗണന നൽകണം.

വ്യവസായ കേരളം പ്രസിദ്ധീകരണം പഞ്ചായത്തിൽ വരുത്തണം. പഞ്ചായത്തിൽ വ്യവസായം തുടങ്ങുവാൻ ആഗ്രഹിക്കുന്നവർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്ന ഒരു വ്യവസായ ഗൈഡൻസ് സെൽ പഞ്ചായത്തിൽ ആരംഭിക്കണം. ഇന്ത്യയിൽ 7500 ലധികം വിവിധതരം ഉൽപ്പന്നങ്ങൾ ചെറുകിട വ്യവസായ മേഖലയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നു. രണ്ടു ലക്ഷംകോടി വരുന്ന ഉൽപ്പന്നങ്ങൾ ചെറുകിട വ്യവസായ മേഖലയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നു. അതിൽ 80,000 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്തുവരുന്നുണ്ട്. നമ്മുടെ സംസ്ഥാനം പൊതുവെ ഈ രംഗത്ത് പിന്നിലാണ്. അതുപോലെ തന്നെ നമ്മുടെ പഞ്ചായത്തും നമുക്ക് ദൈനംദിനം ആവശ്യമുള്ള എന്തെല്ലാം വസ്തുക്കൾ നാം ഉൽപ്പാദിപ്പിക്കുന്നു എന്ന് ഓരോ പൗരനും ചിന്തിക്കണം. ശരാശരി 18 മീറ്റർ തുണി ഉപയോഗിക്കുന്ന കേരളീയൻ വളരെ കുറച്ചുതുണി മാത്രമാണ് ഉൽപ്പാദിപ്പിക്കുന്നത്. ഇതൊരു ചൂണ്ട് പലകയാണ്. ഒട്ടനവധി ചെറുകിട വ്യവസായങ്ങൾ നമ്മുടെ പഞ്ചായത്തിലും ആരംഭിക്കാൻ സാധ്യതയുണ്ട്. ആവശ്യമായ വൈദ്യുതി കുറഞ്ഞനിരക്കിൽ ലഭ്യമാക്കുക. വ്യവസായ സംരംഭകരെ നിരുത്സാഹപ്പെടുത്തുന്ന നൂലാമാലകൾ ഒഴുവാക്കുക. വേണ്ടത്ര നിർദ്ദേശങ്ങളും

സഹായങ്ങളും നൽകി അവരെ പ്രോത്സാഹിപ്പിക്കുക. നല്ല തൊഴിലാളി-തൊഴിലുടമബന്ധം നിലനിർത്തുക. അനാവശ്യമായ ട്രേഡ് യൂണിയൻ ഇടപെടലുകൾ ഒഴുവാക്കുക. എന്നിങ്ങനെ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന ഘടകങ്ങൾ ഒത്തൊരുമ്മിപ്പിച്ചാൽ നമ്മുടെ പഞ്ചായത്തിനെ ഒരു ചെറുകിട വ്യവസായ മേഖലയാക്കിമാറ്റാനും പഞ്ചായത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനും ആളോഹരി വരുമാനം വർദ്ധിപ്പിക്കാനും കഴിയും.

അനുബന്ധം 1

പഞ്ചായത്തിലെ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ

വാർഡ് നമ്പർ	വ്യവസായ സ്ഥാപന വിവരം
I	1. കേശവനായ്ക് കാഷ്യൂഫാക്ടറി 2. ഷാൽസൺ കാഷ്യൂഫാക്ടറി 3. തടി അറപ്പുമിൽ (മുരളി എ.വി.എം) 4. മുല്ലയ്ക്കൽ പ്ലൈവുഡ് ഫാക്ടറി (പടിഞ്ഞാറെ കാവൽപ്പുരയ്ക്ക് സമീപം) 5. ചുടുകട്ടവ്യവസായം (റഹിം) 6. ചുടുകട്ടവ്യവസായം (പത്മനാഭൻ) 7. ചുടുകട്ടവ്യവസായം (ഷംസുദ്ദീൻ) 8. ചുടുകട്ടവ്യവസായം (മൈതീൻകുഞ്ഞ്) 9. നെല്ല്കുത്ത്മില്ല് (മുഹമ്മദ് കുഞ്ഞ്)
II	1. സുപ്രീം കാഷ്യു ഫാക്ടറി 2. സലിം റൈസ്മിൽ
III	1. കശുവണ്ടി വ്യവസായം (ഡി.ഡി. ഫാക്ടറി) 2. പ്ലൈവുഡ് വ്യവസായം (എം. കെ. സലാഹുദ്ദീൻ) 3. മുല്ലയ്ക്കൽ ഇന്റസ്ട്രീസ് സാമിൽ 4. ഇഷ്ടിക വ്യവസായം (റിയാസ് ബ്രിക്സ് ശാസ്ത്രിജംഗ്ഷൻ) 5. ഹോളോബ്രിക്സ് (ഹബീബുള്ള) 6. സുബ്ബയ്യൻ ചെട്ടിയാർ ഫ്ളവർമിൽ & ഓയിൽമിൽ
IV	വ്യവസായസ്ഥാപനങ്ങളൊന്നുമില്ല


V	1. കശുവണ്ടി വ്യവസായം അലിഫ് കാഷ്യൂ (ഇളമ്പൽ ജംഗ്ഷൻ 2. രഘുനാഥ് കാഷ്യൂ (തിരുവഴി ജംഗ്ഷൻ) 3. അരിസ്റ്റോ കാഷ്യൂ (സ്വാഗതം ജംഗ്ഷൻ) 4. തടിമിൽ പെൻസിൽ സ്ലാട്ട് (ഇളമ്പൽ ജംഗ്ഷൻ) 5. ഫ്ളവർമിൽ 2 എണ്ണം.
VI	റയ്നു & സന്തോഷ് ഹോളോ ബ്രിക്സ്
VII	വ്യവസായസ്ഥാപനങ്ങളൊന്നുമില്ല
VIII	1. താൻസൻ റബ്ബർമിൽ (സീസണൽ) 2. ചുടുകട്ടവ്യവസായം 7 എണ്ണം 3. നടയ്ക്കാവിൽ റൈസ്മിൽ ജഗദീഷ്, ജമാലുദ്ദീൻ, ജമാലുദ്ദീൻ, രാജു, ഹാ ജിറാബീബി, മുഹമ്മ ദ്കുഞ്ഞ്, റഹീം
IX	1. അരുണാചൽ ടിംബർ & ഇന്റസ്ട്രീസ് 2. നൂറുദ്ദീൻകുഞ്ഞ് റൈസ്മിൽ
X	1. ഗ്രീൻവ്യൂ ബുക്ക്നിർമ്മാണം & പ്രിന്റിംഗ് (ലൈലാ അബുബേക്കർ) 2. കടയിൽ റൈസ്മിൽ (അബുബേക്കർ) 3. പൊടിമൺ റൈസ്മിൽ (ഷാഹുൽഹമീദ്) 4. ആൽഫാ റൈസ്മിൽ റൈസ്മിൽ (ഷമീം റഹീം)
XI	1. ഗണേഷ് സാമിൽ 2. ഐസക്ക് ഇന്റസ്ട്രീസ് (സാമിൽ) സുബൈദാ റൈസ്മിൽ
XII	1. കശുവണ്ടി ഫാക്ടറി (ബിനു കാഷ്യു വിളക്കുടി) 2. കശുവണ്ടിഫാക്ടറി (കോട്ടവട്ടം ജംഗ്) 3. സിമിന്റ് കട്ടനിർമ്മാണ ഫാക്ടറി 4. ചുടുകട്ടനിർമ്മാണ ഫാക്ടറി (കെ. കെ. പി. ബ്രിക്സ് കോപ്ലക്സ്)

(പഞ്ചായത്ത് ഓഫീസിലെ സ്ഥാപന രജിസ്റ്ററും – ഗ്രാമസഭാ റിപ്പോർട്ടുകളും അടിസ്ഥാനം)

കശുവണ്ടികറ ഉപയോഗിച്ച് പെയിന്റ് നിർമ്മാണം

നമ്മുടെ പഞ്ചായത്തിലെ കശുവണ്ടി ഫാക്ടറികളിൽ ഇന്ന് കശുവണ്ടി വറക്കുന്ന രീതിയാണ് നിലവിലുള്ളത്. ഇതിന്റെ ഫലമായി അണ്ടിത്തോട് കാര്യമായ ഉപയോഗ യോഗ്യമല്ലാത്ത വസ്തുവായിതീരുന്നു. ഇന്ധനത്തിനും മറ്റുമായി ഇത് കുറേയൊക്കെ ഉപയോഗിക്കപ്പെടുന്നുണ്ട് എന്നകാര്യം വിസ്മരിക്കുന്നില്ല. എന്നാൽ ഇന്ന് മറ്റ് പലസ്ഥലത്തും ഈ വ്യവസായ മേഖലയിൽ ചെയ്തുവരുന്ന കശുവണ്ടി പുഴങ്ങി എടുക്കുന്ന രീതി അവലംബിച്ചാൽ കശുവണ്ടിത്തോട് വ്യാവസായിക പ്രാധാന്യമുള്ള ഒരു ഉപോല്പന്നമായി ലഭിക്കുന്നതാണ്. പുഴങ്ങിയെടുത്ത കശുവണ്ടി കൈകൊണ്ട് പ്രവർത്തിക്കുന്ന ഉപകരണം ഉപയോഗിച്ച് പൊട്ടിച്ച് പരിപ്പെടുത്ത ശേഷം കാര്യമായ കേടുപാടുകൂടാതെ ലഭിക്കുന്ന തോടിൽ നിന്നും നല്ലയളവിൽ അണ്ടിക്കറ ലഭിക്കും ഈ കറ പെയിന്റ് നിർമ്മിക്കുന്നതിന് അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്നുണ്ട്. ഇപ്പോൾ മേൽപ്പറഞ്ഞ രീതിയിൽ ലഭിക്കുന്ന കശുവണ്ടിതോട് വ്യാവസായിക ആവശ്യത്തിന് അന്യ സംസ്ഥാനങ്ങളിലേക്ക് കടത്തിക്കൊണ്ട് പോകുകയാണ്. താരതമ്യേന കുറഞ്ഞ ചിലവിൽ അണ്ടിക്കറ ഉപയോഗിച്ച് പെയിന്റ് നിർമ്മിക്കാൻ കഴിയും.

ഈ വ്യവസായം പഞ്ചായത്തിൽ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതയും, സാങ്കേതിക വശങ്ങളും അടിയന്തിരമായി പഠന വിഷയമാക്കി പ്രയോഗത്തിൽ വരുത്തേണ്ടതാണ്. ഇത് പ്രാവർത്തികമാക്കുമ്പോൾ കശുവണ്ടി പുഴുങ്ങുന്ന രീതി അവലംമ്പിക്കാൻ ഫാക്ടറി ഉടമ്മകളിൽ സമ്മർദ്ദം ചെലുതേണ്ടിവരും. അപ്രകാരം ലഭിക്കുന്ന അണ്ടിതോടിന് കാര്യമായ വില ലഭിക്കുമെന്നു വന്നാൽ അവർ അതിന് തയാറാകും. കശുവണ്ടി ഫാക്ടറികളിലെ പുകകൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളും അതോടെ ഇല്ലാതിയതീരും





വിദ്യാഭ്യാസം



വിളക്കുടി പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം കുന്നിക്കോട് ആരംഭിച്ച ഗവൺമെന്റ് പ്രൈമറി വിദ്യാലയമാണ്. ഈ സ്ഥാപനം തിരുവിതാംകൂർ രാജഭരണകാലത്ത് 1910- ൽ സ്ഥാപിതമായ ഈ വിദ്യാലയത്തിൽ സമീപ പ്രദേശങ്ങളായ വെട്ടിക്കവല, മേലില, തലവൂർ, പട്ടാഴി എന്നിവിടങ്ങളിൽ നിന്നും ധാരാളം കുട്ടികൾ വന്നു പഠിച്ചുകൊണ്ടിരുന്നു. 1985 - ൽ പ്ലാറ്റിനം ജ്യൂബിലി ആഘോഷിച്ച ഈ വിദ്യാഭ്യാസ സ്ഥാപനം ലോവർ പ്രൈമറി സ്കൂളായി ആരംഭിച്ച് ഒരു നൂറ്റാണ്ടു കാലം തികയാറായിട്ടും ഇന്നും അത് ലോവർ പ്രൈമറി വിദ്യാലയമായി തന്നെ സ്ഥിതി ചെയ്യുന്നു.

ഈ കാലയളവിൽ തന്നെ ക്രിസ്തീയ മിഷണറിമാരുടെ പ്രവർത്തന ഫലമായി ആവണീശ്വരം റെയിൽവെ സ്റ്റേഷനു സമീപ പ്രദേശത്ത് എൽ. എം. എസ് പള്ളിയോട് അനുബന്ധിച്ച് സർക്കാർ അംഗീകാരമുള്ള പ്രൈമറിസ്കൂൾ നടത്തിയിരുന്നു. ഇങ്ങനെയുള്ള എൽ. എം. എസ്. സ്കൂളുകൾ സമീപ പ്രദേശമായ തലവൂരും നമ്മുടെ പഞ്ചായത്തിൽ ഇളമ്പലും ഉണ്ടായിരുന്നു. പഠന നിലവാരം വളരെ ഉയർന്ന തരത്തിലായിരുന്നു എന്ന് പഴമക്കാർ ഇന്നും അഭിമാനപൂർവ്വം ഓർക്കുന്നുണ്ട്. എന്നാൽ അന്നത്തെ ഭരണകൂടം കൈക്കൊണ്ട ചില നടപടികൾകാരണം പത്തനാപുരം താലൂക്കിൽ പ്രവർത്തിച്ചിരുന്ന എൽ. എം. എസ് സ്കൂളുകൾ നിർത്തേണ്ടിവന്നു. മറ്റ് താലൂക്കുകളിൽ ഇന്നും എൽ. എം. എസ് സ്കൂളുകൾ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്.

കുന്നിക്കോട് കേന്ദ്രീകരിച്ച് കൊച്ചുപാറ്റൂർ ശ്രീ. മാധവൻ പിള്ള സ്ഥാപിച്ച ഒരു പെൺപള്ളിക്കുടം കുറേ നാൾ പ്രവർത്തിച്ചിരുന്നു. കാലാന്തരത്തിൽ അതും നിന്നുപോയി

പഞ്ചായത്തിലെ പഴയകാല വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചോർക്കുമ്പോൾ ആവണീശ്വരത്ത് പ്രവർത്തിച്ചിരുന്ന സംസ്കൃത ഹൈസ്കൂളിന്റെ നാമധേയം പ്രഥമ ഗണനീയം തന്നെയാണ്. ഇരുപ്പക്കവടക്കേതിൽ യശഃശരീരനായ ശ്രീ. പത്മനാഭപിള്ള സ്ഥാപിച്ച സംസ്കൃതവിദ്യാലയം വളരെ പ്രസിദ്ധിയാർജ്ജിച്ചിരുന്നു. ഈ പ്രദേശത്ത് സംസ്കൃത ഭാഷാപണ്ഡിതൻമാർ വിരളമായിരുന്നതിനാൽ വിദൂരസ്ഥലങ്ങളിൽ നിന്നും പണ്ഡിതൻമാരെ ഈ പഞ്ചായത്തിലേക്ക് കൊണ്ടുവന്നിട്ടാണ് ഈ സ്കൂൾ പ്രവർത്തിപ്പിച്ചിരുന്നത്. മഹോപാദ്ധ്യായ എം. ആർ. നീലകണ്ഠപണിക്കർ, നാരായണപിള്ള, പുന്തല ഗോപാലപിള്ള, തെക്കേവിള ഗോപാലപിള്ള, കൊച്ചുനാരായണപിള്ള, വെളിയം കുഞ്ഞുകൃഷ്ണപിള്ള, നാരായണനാചാരി, വള്ളിയാട്ട് ജനാർദ്ദനൻ ഉണ്ണിത്താൻ, പനമ്പുല ഭാസ്കരൻപിള്ള, വിദ്വാൻ ആറ്റൂർ ഗോപാലപിള്ള തുടങ്ങിയ പണ്ഡിത ശ്രേഷ്ഠൻമാർ അന്നത്തെ അദ്ധ്യാപകരിൽ ചിലരാണ്. ശ്രീ നാണു ജോത്സ്യർ ഈ പണ്ഡിത ശിരോമണി വൃന്ദത്തിലെ ശ്രദ്ധിക്കപ്പെട്ടിരുന്ന ഒരു സംസ്കൃത പണ്ഡിതനായിരുന്നത്രേ. ഈ സ്കൂൾ വാർഷികത്തോടനുബന്ധിച്ച് നടത്തിയിരുന്ന കവിയരങ്ങ് സമീപ പ്രദേശത്തുള്ള ആദ്യകാല സാംസ്കാരിക പ്രവർത്തനങ്ങളിൽ ഒന്നായിരുന്നു. 1953 ൽ ഈ വിദ്യാലയം യു പി. സ്കൂൾ ആവുകയും തുടർന്ന് സംസ്കൃത ഭാഷാപഠനം കാലക്രമേണ നിന്നുപോകുകയും 1962 ൽ ഹൈസ്കൂൾ ആയി, ഇപ്പോൾ 'ആവണീശ്വരം പത്മനാഭപിള്ള മെമ്മോറിയൽ ഹൈസ്കൂൾ' എന്നപേരിൽ അറിയപ്പെടുകയും ചെയ്യുന്നു.

കൂടാതെ ഈ നൂറ്റാണ്ടിന്റെ ആരംഭംമുതൽതന്നെ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ വിദ്യാലയങ്ങൾ സ്ഥാപിതമായി. 1917 ൽ കാര്യറ ഗവ. ലോവർ പ്രൈമറിസ്കൂൾ ആരംഭിച്ചു. ഇളമ്പൽ ആലുംമൂട്ടിൽ നീലമ്പിനായരുടെ ഉടമസ്ഥതയിൽ ആരംഭിച്ച സ്കൂളാണ് തിരുവഴി ജംഗ്ഷനടുത്തുള്ള ഗവ. അപ്പർ പ്രൈമറി സ്കൂൾ.

പഞ്ചായത്തിൽ നിലവിലുള്ള സ്കൂളുകളുടെ വിശദവിവരം പട്ടികപ്പെടുത്തി അനുബന്ധമായി ചേർത്തിട്ടുള്ളത് ശ്രദ്ധിക്കുക.

സ്കൂൾതലംവരെയുള്ള നിർബന്ധിതവും സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസ സമ്പ്രദായം നമ്മുടെ പഞ്ചായത്തിലും കാലാനുസൃതമായ മാറ്റങ്ങൾവരുത്തിയിട്ടുണ്ട്. എങ്കിലും പ്രതീക്ഷയ്ക്കൊത്ത അക്കാദമിക്ക് നിലവാരം ഉയർത്താൻ കഴിഞ്ഞിട്ടുണ്ടോയെന്നകാര്യത്തിൽ തീർപ്പ്കൽപ്പിക്കുവാൻ വയ്യാത്ത ഒരവസ്ഥയാണ് ഇന്ന് ഉള്ളത്. പഞ്ചായത്തിലെ ജനങ്ങളുടെ ജീവിത സാഹചര്യങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്ന വിവിധ പ്രശ്നങ്ങളാണ്, മുഖ്യമായും ഇതിനാധാരമായ വസ്തുത. പഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിപക്ഷംവരുന്നത് ഇടത്തരം കർഷകർ ദരിദ്ര കർഷകർ, കർഷകത്തൊഴിലാളികൾ, കശുവണ്ടി തൊഴിലാളികൾ മറ്റ് കൂലിപ്പണിക്കാർ എന്നിവരാണ്. സാമ്പത്തിക പരാധീനതയില്ലാത്തവർ വളരെ കുറച്ച് കുടുംബങ്ങൾ മാത്രമാണ്. ദരിദ്ര കർഷകരുടെയും തൊഴിലാളി കുടുംബങ്ങളിലേയും മുതിർന്ന കുട്ടികൾ പ്രൈമറി വിദ്യാഭ്യാസം പോലും പൂർത്തിയാക്കാനാവാതെ ഇളയകുട്ടികളുടെ സംരക്ഷണ ചുമതല ഏറ്റെടുക്കേണ്ടിവരുന്നതിനാൽ വിദ്യാഭ്യാസത്തിനുള്ള അവസരം നഷ്ടപ്പെടുന്നു. സാക്ഷരതാസമിതികളുടെ സർവ്വേപ്രകാരം 1995-96 അധ്യയനവർഷത്തിൽ പഞ്ചായത്തിലെ വിവധ സ്കൂളുകളിൽനിന്ന് 14 വയസ്സിന് താഴെ പ്രായമുള്ള 15 കുട്ടികളും 1996-97 അധ്യയനവർഷത്തിൽ 30 കുട്ടികളും ഇടയ്ക്കുവച്ച് പഠനം നിർത്തി പോയിട്ടുള്ളതായി കാണുന്നു. വിദ്യാഭ്യാസത്തിന്റെ മഹത്വത്തെക്കുറിച്ചുള്ള ബോധവൽക്കരണമില്ലായ്മയും പൊതുവിലുള്ള ഒരതരം നിരാശതാചിന്തയും രക്ഷിതാക്കളിലും കുട്ടികളിലുമുണ്ട്. അഭ്യസ്തവിദ്യരുടെ രൂക്ഷമായ തൊഴിലില്ലായ്മയും മറ്റൊരു പ്രശ്നമാണ്. എന്തുപഠിച്ചാലും ഒരുകാര്യവുമില്ല എന്നുള്ള ഒരുമിഥ്യാധാരണ പൊതുവേ നിലനിൽക്കുന്നു. വല്ലവിധേനയും പത്താംക്ലാസുവരെ എത്തിക്കണമെന്നല്ലാതെ അടിസ്ഥാനപരമായി കുട്ടികളുടെ വിദ്യാഭ്യാസത്തിൽ പ്രധാന്യംകൊടുക്കുന്ന രക്ഷിതാക്കൾ തുലോം വിരളമാണ്. പെൺകുട്ടികളധികവും പത്താം ക്ലാസ്സിൽ വച്ചുതന്നെ പഠനം നിറുത്തുന്നതായാണ് സർവ്വേയിൽ കാണുന്നത്.

കോളേജ്ജു വിദ്യാഭ്യാസത്തിനും, സാങ്കേതിക വിദ്യാഭ്യാസത്തിനും വേണ്ടി പഞ്ചായത്തിൽനിന്ന് പത്തുമുതൽ അൻപതുകിലോമീറ്റർ ദൂരംവരെ യാത്രചെയ്തുവേണം കുട്ടികൾക്കുപോകാൻ. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അമിതമായ ഫീസ് നിരക്ക് ഭൂരിപക്ഷം വിദ്യാർത്ഥികളേയും പ്രതികൂലമായി ബാധിക്കുന്ന പ്രശ്നങ്ങളാണ്.

നമ്മുടെ പഞ്ചായത്തിന്റെ സാമൂഹ്യവും സാംസ്കാരികവുമായ വികസനത്തിൽ വിദ്യാഭ്യാസം സാരമായ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നതിൽ സംശയമില്ല. സർക്കാരിന്റെ റവന്യൂവരുമാനത്തിൽ ഏറ്റവും കൂടുതൽ തുക ചെലവിടുന്നത് വിദ്യാഭ്യാസരംഗത്താണ്. എന്നാൽ ഇതിനനുസരണമായുള്ള അക്കാദമിക് നിലവാരം ഉയർത്താൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് ഒരു വസ്തുതയാണ്. സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്കൽ ക്രമേണ വർദ്ധിക്കുന്നു. പഞ്ചായത്തു സമിതി, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തിലൂടെ ബോധവൽക്കരണം ഫലപ്രദമായി നടത്തിയാൽ ഈ പ്രവണത മാറ്റിയെടുക്കാൻ കഴിയും.

പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ സ്വകാര്യ മേഖലയിലുള്ള വിദ്യാലയങ്ങളെ അപേക്ഷിച്ച് പൊതുമേഖലയിലുള്ള വിദ്യാലയങ്ങളുടെ സ്ഥിതി വളരെ പരിതാപകരമാണ്.

ലഭ്യമായിട്ടുള്ള വിവരങ്ങൾ താഴെ വിവരിക്കുന്നു.

1. ഗവ. എൽ. പി. സ്കൂൾ കുന്നിക്കോട്

പ്രധാന കെട്ടിടം ഒരു നൂറ്റാണ്ടോളം പഴക്കമുള്ളതാണ്. മേൽക്കൂര മിക്കവാറും ദ്രവിച്ചിരിക്കുന്നു. കാലപ്പഴക്കം കൊണ്ട് മേച്ചിൽ ഓടുകൾപൊട്ടി ക്ലാസ്മുറികൾ ചോർന്നൊലിക്കുന്നു. കതകുകളും ജനാലുകളും അടയ്ക്കാൻ സാധിക്കാത്ത വിധത്തിൽ നശിച്ചുപോയിട്ടുണ്ട്. സ്കൂൾ കോംപൗണ്ടിനു ചുറ്റുമതിലില്ലാത്തത് വളരെ ശ്രദ്ധിക്കപ്പെടേണ്ടതാണ്. സ്കൂളിനുമുൻവശത്തുകൂടിയുള്ള കുന്നിക്കോടു പത്തനാപുരം റോഡ് തിരക്കേറിയതാണ്. കണക്കില്ലാത്തവിധം വാഹനങ്ങൾ ഒരു നിയന്ത്രണവുമില്ലാതെ ചീറിപ്പാഞ്ഞുകൊണ്ടിരിക്കുന്ന പ്രസ്തുത റോഡിൽ ഒരു ബംമ്പുപോലും വച്ചിട്ടില്ല. കോംപൗണ്ടിനു ചുറ്റുമതിൽകെട്ടി ഗേറ്റ് ഇട്ട് സുരക്ഷിതമാക്കണം. ക്ലാസ്സ് മുറികൾ പ്രത്യേകമായി തിരിക്കാൻ സ്ക്രീനുകൾ,ആവശ്യമുള്ള ബ്ളാക്ക് ബോർഡ് എന്നിവ ഉണ്ടാകേണ്ടിയിരിക്കുന്നു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായി കക്കൂസുകളും മൂത്രപ്പുരകളും അത്യാവശ്യമാണ്. ഇപ്പോൾ പൊതുവായ ഒരു മൂത്രപ്പുരപോലും ഇല്ലെന്നുള്ളതാണ് സത്യാവസ്ഥ. നമ്മുടെ പഞ്ചായത്തിൽ പ്രൈമറി സ്കൂളിനോടു ചേർന്ന് പ്രവർത്തിക്കുന്ന ഏക പ്രീ-പ്രൈമറി സ്കൂളുള്ളത് ഇവിടെയാണ്. എന്നാൽ പിഞ്ചു കുഞ്ഞുങ്ങൾക്ക് ഇപ്പോഴിവിടെയുള്ള സൗകര്യങ്ങൾ പരിമിതമാണ്. ചെറിയ ബഞ്ചുകൾ, കളിക്കോപ്പുകൾ തുടങ്ങിയവ ലഭ്യമാക്കണം. അദ്ധ്യാപകരേയും മറ്റുപരിമിതികളേയും കുറിച്ച് പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും എന്ന ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുണ്ട്.

2. ഗവ. എൽ. പി സ്കൂൾ വിളക്കുടി

250 കുട്ടികൾ പഠിക്കുന്ന ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത് കൊല്ലം - ചെങ്കോട്ട റോഡിന്റെ സമീപത്താണ്. സ്കൂൾ കോംപൗണ്ടിന് ചുറ്റുമതിലില്ല. ചുറ്റുമതിലും ഗേറ്റും ഉണ്ടാക്കണം. കുട്ടികൾക്കു വേണ്ടിയുള്ള മൂത്രപുരയുടെ പണി പൂർത്തീകരിച്ചിട്ടില്ല. അതിനോടനുബന്ധിച്ച് കക്കൂസും അത്യാവശ്യമാണ്. കുടിവെള്ളത്തിന് പൈപ്പ് സൗകര്യം ഏർപ്പെടുത്തണം. ക്ലാസ്സ്മുറികൾ സ്ക്രീനുകളിട്ട് വേർതിരിച്ച് കുട്ടികൾക്ക് ആവശ്യമായ വിധത്തിൽ ഡസ്ക്ക്, ബഞ്ച് ഇവയും, അദ്ധ്യാപകർക്ക്വേണ്ട മേശ കസേര ഇവയും ലഭ്യമാക്കണം. മേൽക്കൂരയിലെ മേച്ചിൽ ഓടുകൾ പൊട്ടിയത് മാറ്റിയിട്ട് ചോർച്ച തടയണം. ജനൽ, കതക് ഇവയ്ക്ക് കുറ്റിയും കൊളുത്തുമിട്ട് സുരക്ഷിതമാക്കണം. പ്രീപ്രൈമറി പുതിയതായി സ്ഥാപിക്കണം.

3. ഗവ. യു. പി സ്കൂൾ ഇളമ്പൽ.

1996 - 97അദ്ധ്യയനവർഷത്തിൽ ആകെ 448 കുട്ടികളാണ് ഈ സ്കൂളിൽ പഠിക്കുന്നത്. ഒരു അപ്പർ പ്രൈമറിസ്കൂളിന് അത്യാവശ്യംവേണ്ടതായ സൗകര്യങ്ങളോ ആധുനിക ഉപകരണങ്ങളോ ഈ സ്കൂളിനില്ല. ആകെ 1.5 ഏക്കർ സ്ഥലമുള്ള ഈ സ്കൂളിന് വേണ്ടത്ര സൗകര്യമുള്ള കളിസ്ഥലമില്ല. 80X20 അളവിലുള്ളഒരു കെട്ടിടമാണുള്ളത്. കെട്ടിടം ആവശ്യത്തിന് വിപുലീകരിക്കണം. ചുറ്റുമതിൽ കെട്ടി ഗേറ്റ് സ്ഥാപിച്ച് സുരക്ഷിതമാക്കേണ്ടിയിരിക്കുന്നു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായി മൂത്രപ്പുരയും കക്കൂസുകളും ഉണ്ടാക്കണം. 14 ബ്ലാക്ക് ബോർഡുകൾ ആവശ്യമായ ഈ സ്കൂളിന് ഇപ്പോൾ 6 ബ്ലാക്ക് ബോർഡുകൾ മാത്രമാണുള്ളത്. ബാക്കി വേണ്ടതായ ബ്ലാക്ക് ബോർഡുകൾ, കുട്ടികൾക്ക് ഇരുന്നു പഠിക്കാനാവശ്യമായ ബഞ്ചുകൾ, ഡസ്ക്കുകൾ ഇവയും അദ്ധ്യാപകർക്കാവശ്യമുള്ള മേശ, കസേര എന്നിവയും ലഭ്യമാക്കണം. ഓഫീ

സ്ഥയലുകൾ അദ്ധ്യാപകരുടെ സർവ്വീസ് പുസ്തകങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനാവശ്യമായ അലമാര, ചാർട്ടുകൾ, മാപ്പുകൾ എന്നിവകൾ ലഭ്യമാക്കണം. സ്കൂളിനോടനുബന്ധിച്ച് പ്രീ-പ്രൈമറി ആരംഭിക്കാനുള്ള നടപടിയും അതിനാവശ്യമായ സൗകര്യങ്ങളും ഉണ്ടാകണം.

4. ഗവ. എൽ.പി. സ്കൂൾ കാര്യറ

കൃത്യമായിപ്പറഞ്ഞാൽ 16.7.1917 -ൽ ആരംഭിച്ച ഈ വിദ്യാലയം ഗവൺമെന്റിലേക്ക് സർണ്ടർ ചെയ്തത്. 5-10-1947 -ൽ ആയിരുന്നു. 50 സെന്റ് സ്ഥലത്തിൽ E ആകൃതിയിൽ 80X20 വലുപ്പത്തിൽ ഒരു ഹാളും 20X20 ൽ രണ്ടു മുറികളും ഉണ്ട്. ഒന്നു മുതൽ നാലുവരെ ക്ളാസുകളുള്ള ഇവിടെ ആറു ഡിവിഷനുകൾ പ്രവർത്തിക്കുന്നുണ്ട്. അത്യാവശ്യം നടത്തേണ്ട വികസനപ്രവർത്തനങ്ങൾ താഴെ വിവരിക്കുന്നു.

1 കെട്ടിടം പഴക്കമുള്ളതിനാൽ അറ്റകുറ്റപ്പണികൾ നടത്തി ബലപ്പെടുത്തണം.

2 കെട്ടിടത്തിനു ഭീഷണിയായി ചുവരോട് ചേർന്നു നിൽക്കുന്ന പഴക്കമേറിയ വൃക്ഷം വെട്ടിമാറ്റണം.

3 സ്കൂൾ വക സ്ഥലം അളന്നു തിരിക്കുകയും അതിർത്തി നിശ്ചയിക്കുകയും ചുറ്റും മതിൽ കെട്ടി ഗേറ്റ് ഇട്ട് സുരക്ഷിതമാക്കണം.

4 ക്ളാസ് മുറികൾ സ്ക്രീനുകൾ വച്ച് വേർതിരിക്കണം.

5 ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായി മൂത്രപ്പുരയും കക്കൂസും നിർമ്മിക്കണം.

6 ഉച്ചഭക്ഷണത്തിനുള്ള സാധനങ്ങൾ സൂക്ഷിക്കുവാൻ ഒരു മുറിയുണ്ടാക്കണം

7 പാഴായിക്കിടക്കുന്ന കുണ്ടും കുഴിയുമായ സ്ഥലം നിരത്തി കളിസ്ഥലം നിർമ്മിക്കണം.

8 പഠനോപകരണങ്ങൾ ലഭ്യമാക്കണം.

9 സ്കൂളിൽ നിന്നും പുറത്തേക്കുള്ള വഴി മെയിൻ റോഡിൽ ചേരുന്ന ഭാഗത്ത് ഇരുവശത്തും ബമ്പുകൾ നിർമ്മിക്കണം.

10 കുടിവെള്ളം ലഭിക്കുന്നതിന് പൈപ്പ് സൗകര്യം ഏർപ്പെടുത്തുക.

11 ഉച്ചഭക്ഷണം മുടങ്ങാതെ നടത്താനുള്ള ക്രമീകരണം ഏർപ്പെടുത്തണം.

5 W.L.P.S കാര്യറ

105 കുട്ടികൾ പഠിക്കുന്ന പൊതുമേഖലയിലുള്ള ഈ വിദ്യാലയത്തിന് പരിമിതികൾ ഏറെയാണ്. 1.13 ഏക്കർ സ്ഥലമുള്ള ഈ വിദ്യാലയത്തിന് അത്യാവശ്യമായ ചുറ്റുമതിൽ വേണം. കെട്ടിടത്തിന്റെ മേൽക്കൂര ആസ്ബസ്റ്റോസ് ഷീറ്റുകൊണ്ടാണ് മേഞ്ഞിട്ടുള്ളതിനാൽ വേനൽക്കാലത്ത് അസഹനീയമായ ചൂടാണ് കുട്ടികൾക്കനുഭവപ്പെടുന്നത്. ഇതിനു പരിഹാരമുണ്ടാക്കണം. അടിസ്ഥാന സൗകര്യങ്ങൾ പരിമിതമാണ്. ഉച്ചഭക്ഷണം തയ്യാറാക്കുന്നതിനു വേണ്ടിയുള്ള അടുക്കളയുടെ പണി JRY സ്കീമിൽ തുടങ്ങിയെങ്കിലും പൂർത്തീകരിച്ചിട്ടില്ല. ആവശ്യമുള്ള 6 ബ്ളോക്കു ബോർഡുകളിൽ 2 എണ്ണം മാത്രമാണ് ഇപ്പോൾ ഉള്ളത്. ചാർട്ടുകൾ മാപ്പുകൾ തുടങ്ങിയ പഠനോപകരണങ്ങളും ലഭ്യമാക്കേണ്ടതുണ്ട്.

6. W.L.P.S ആവണീശ്വരം

149 കുട്ടികൾ പഠിക്കുന്ന ഈ സ്കൂളിന് ആകെയുള്ളത് 15 സെന്റ് സ്ഥലവും ഒരു ചെറിയ കെട്ടിടവും മാത്രമാണ്. പരിമിതമായസ്ഥലം ആകെ പാറക്കെട്ടുകൾ കൊണ്ട് കുണ്ടും കുഴിയുമായി കിടക്കുന്നതിനാൽ കുട്ടികൾക്ക് വളരെ ബുദ്ധിമുട്ടാണ്. കളിസ്ഥലം തീരെയില്ല. അടിസ്ഥാനസൗകര്യങ്ങൾ ഒന്നുംതന്നെയില്ല ഈ വിദ്യാലയത്തിന്. കുട്ടികൾക്ക് ഇരുന്ന്പഠിക്കുന്നതിന് വേണ്ടി ബഞ്ചുകൾ, ഡെസ്ക്കുകൾ, അദ്ധ്യാപകർക്കാവശ്യമായ മേശ, കസേര, ഓഫീസ്ഫയലുകൾ അധ്യാപകരുടെ സർവ്വീസ് പുസ്തകങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനാവശ്യമായ അലമാര എന്നിവയും പഠനോപകരണങ്ങളും ലഭ്യമാക്കേണ്ടതുണ്ട്.

അത്യാവശ്യംവേണ്ട വിവരങ്ങൾ പട്ടികപ്പെടുത്തി അനുബന്ധമായിചേർത്തിരിക്കുന്നു.

പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും

1 ഇന്ന് സ്കൂളുകളിൽ നിലനിൽക്കുന്ന ക്ളാസ്സ്കയറ്റ സമ്പ്രദായം പരിഷ്കരിക്കണം. ഒരു വിഭാഗം കുട്ടികളെ ഒന്നും പഠിച്ചില്ലെങ്കിലും 10-ാം ക്ളാസ്സിൽ എത്താം എന്നൂ ചിന്തിപ്പിക്കുകയും ചെയ്യുന്ന ധാരണ നിലനിൽക്കുന്നു.

പരിഹാരം:- ഏതു ക്ളാസ്സുകളിലായാലും അതാത് വിഷയങ്ങൾക്ക് നിശ്ചിത ശതമാനം മാർക്കു നേടിയാൽ മാത്രമേ അടുത്ത ക്ളാസ്സിലേക്ക് കയറ്റം ലഭിക്കുകയുള്ളു എന്ന രീതിയിലേക്ക് നിയമം ഭേദഗതി ചെയ്യുക.

2 നാലാം ക്ളാസ്സിൽ നിന്ന് അഞ്ചാം ക്ളാസ്സിലെത്തുന്ന 30 ശതമാനം കുട്ടികൾക്കും അക്ഷരത്തിട്ടമില്ല.

പരിഹാരം:- എല്ലാ എൽ.പി. സ്കൂളുകളോടും അനുബന്ധമായി പ്രീ-പ്രൈമറി ഏർപ്പെടുത്തുക. 2,3,4 എന്നീ ക്ളാസ്സിലെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സ്കൂളുകളിൽത്തന്നെ അക്ഷരപ്പുലരി നിർബന്ധിതമാക്കുക.

3 ഇന്നു നിലവിലുള്ള അദ്ധ്യാപക വിദ്യാർത്ഥി അനുപാതം ശരിയല്ലാത്തതിനാൽ എല്ലാവരിലും മതിയായ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയുന്നില്ല.

പരിഹാരം:- അദ്ധ്യപക വിദ്യാർത്ഥി അനുപാതം 1:25 എന്ന തോതിലാക്കുക.

4 സ്കൂളിലെ അദ്ധ്യാപകർ സ്വകാര്യട്യൂഷൻ എടുക്കുന്നതിനാൽ ഒരു ചെറിയ വിഭാഗം കുട്ടികൾ മാത്രം ശ്രദ്ധിക്കപ്പെടുകയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾ പുറം തള്ളപ്പെടുകയും ചെയ്യുന്നു.

പരിഹാരം:- സ്കൂളുകളിലെ അദ്ധ്യാപകരുടെ സ്വകാര്യട്യൂഷൻ സമ്പ്രദായം അവസാനിപ്പിച്ച് സ്കൂളുകളിൽ എല്ലാ കുട്ടികൾക്കുമായി എക്സ്ട്രാ ക്ളാസ്സുകൾ എടുക്കുക.

5 ഗവ. എൽ. പി സ്കൂളുകൾ ഹാൾ പോലെ കിടക്കുന്നതിനാൽ അദ്ധ്യാപകർക്കു പഠിപ്പിക്കുന്നതിനും കുട്ടികൾക്കു ശ്രദ്ധിക്കുന്നതിനും കഴിയുന്നില്ല.

പരിഹാരം:- ക്ളാസ്സുമുറികൾ ഭിത്തികൾ കെട്ടിയോ സ്ക്രീനുകൾ സ്ഥാപിച്ചു വേർതിരിച്ച് പ്രത്യേകം [illegible] ളാക്കുകയോ ചെയ്യണം.

പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് സ്കൂളുകളിൽനിന്നും ഗ്രാമസഭകളിൽ നിന്നും പൊതുവായ നിർദ്ദേശങ്ങൾ:-

1 എല്ലാ പ്രൈമറി വിദ്യാലയങ്ങളോടും അനുബന്ധമായി പ്രീ-പ്രൈമറി ക്ളാസ്സുകൾ നടപ്പിലാക്കുക.

2 പാഠപുസ്തകങ്ങളും മറ്റു പഠനോപകരണങ്ങളും സ്കൂൾ വർഷാരംഭത്തിൽ തന്നെ ലഭ്യമാക്കുക.

3 അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:20 എന്ന തോതിൽ നിജപ്പെടുത്തുക.

4 ഉച്ചഭക്ഷണം മുടങ്ങാതെ നടത്താനുള്ള ക്രമീകരണം ഏർപ്പെടുത്തുക.

5 കുട്ടികൾക്കു സൗകര്യമായി കുടി വെള്ളം ലഭ്യമാക്കുക.

6 സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും വസ്ത്രങ്ങളും സൗജന്യമായി നൽകുക.

7 പഠിത്തത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിഹാരബോധനത്തിലൂടെ മുന്നോട്ടു കൊണ്ടുവരുവാൻ സ്കൂളിൽത്തന്നെ അദ്ധ്യാപകരെ ചുമതലപ്പെടുത്തുക.

8 പ്രഥമാധ്യാപകരെ ക്ളാസ്സുകളുടെ പൂർണ്ണ ചുമതലയിൽ നിന്നും ഒഴുവാക്കുക.

9 സ്കൂൾ വർഷത്തിനിടയിൽ സ്ഥലം മാറ്റങ്ങൾ നടത്താതിരിക്കുക.

10 അദ്ധ്യാപകർക്കു നൽകുന്ന ഇൻസർവ്വീസ് കോഴ്സ് , മറ്റു ചുമതലകൾ എന്നിവ അവധിക്കാലത്താക്കുക.

11 വിദ്യാലയ പരിശോധന ഇടക്കിടെ നടത്തുക.

പ്രഥമ ശുശ്രൂഷയിൽ അദ്ധ്യാപകർക്കു വേണ്ടത്ര പരിശീലനം നൽകുകയും ആവശ്യമായ സാധനങ്ങളും മരുന്നുകളും വിദ്യാലയങ്ങളിൽ ലഭ്യമാക്കുക.

13 രാഷ്ട്രീയ പ്രവർത്തനം , സാമൂഹ്യസേവനം ,സംഘടനാ പ്രവർത്തനം എന്നിവയിൽ നേതൃത്വം ഏറ്റെടുത്തിട്ടുള്ള അദ്ധ്യാപകർക്ക് ആവശ്യമായ പ്രത്യേക അവധി അനുവദിക്കുകയും പകരം അദ്ധ്യാപകരെ നിയമിക്കുകയും ചെയ്യുക.

14 വിദ്യാലയങ്ങളുടെ മുൻവശത്തുള്ള റോഡുകളുടെ ഇരുവശത്തും ബമ്പുകൾ നിർമ്മിക്കുക.

15 P.T.A--യുടെ പ്രവർത്തനം ഫലപ്രദമാക്കുകയും ഓരോ മാസവും അതു കൂട്ടുവാനും സ്കൂളിന്റെ പൊതുസ്ഥിതി വിലയിരുത്തുവാനും ശ്രദ്ധിക്കുക.

16 നാട്ടിൽ പെരുകി വരുന്ന അൺഎയ്ഡഡ് സ്കൂളുകളുടെ മേൽ സർക്കാർ നിയന്ത്രണം ഏർപ്പെടുത്തുക.

17 പഞ്ചായത്തിലെ സ്കൂളുകളിലെ പഠന നിലവാരം മറ്റു ഭൗതീക സൗകര്യങ്ങൾ തുടങ്ങിയവ പഞ്ചായത്തു കമ്മിറ്റിയുടെ പരിശോധനക്കു വിധേയമാക്കുക.

18 എല്ലാ സ്കൂളുകളിലും മാതൃസംഘങ്ങൾ രൂപീകരിക്കുക.

പുതിയ സ്കൂളുകൾക്ക് നിർദ്ദേശങ്ങൾ

ഭൂപ്രകൃതിയുടെ അവസ്ഥയനുസരിച്ച് പഞ്ചായത്തിലെ ഏതാനും വാർഡുകളിൽ പിഞ്ചുകുട്ടികളടക്കമുള്ള വിദ്യാർത്ഥികൾക്ക് സുഗമമായി പല സ്കൂളുകളിലും ചെന്നെത്തുന്നതിന് വളരെ ബുദ്ധിമുട്ടുകളനുഭവിക്കേണ്ടിവരുന്നു. നടപ്പാതകൾ പോലും ദുഷ്കരമായ പ്രദേശങ്ങളിൽ നിന്നും രണ്ടും മൂന്നും കിലോമീറ്റർ വരെ ദൂരം പിന്നിട്ടാണ് സ്കൂളുകളിലെത്തേണ്ടത്. പരിഹാരമാർഗ്ഗമെന്ന നിലയിൽ വളരെ പ്രാധാന്യം നൽകി സ്ഥാപിക്കേണ്ട സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1 മഞ്ഞമൺകാലാ എൽ. പി. എസ്

പഞ്ചായത്തിന്റെ കിഴക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന മഞ്ഞമൺകാലാ വാർഡിൽ ഇതുവരെ കാര്യമായ തോതിൽ വികസന പ്രവർത്തനങ്ങളൊന്നും കടന്നു ചെന്നിട്ടിട്ടില്ല. പൊതുസ്ഥാപനങ്ങളായി ഒന്നും തന്നെയില്ലയിവിടെ . പൊതുതെരെഞ്ഞെടുപ്പിന് ആളുകൾക്ക് സമ്മതിദാനാവകാശം രേഖപ്പെടുത്തുവാൻ പറ്റുന്ന തരത്തിലൊരിടം പോലും അവിടെയില്ലെന്ന് പറഞ്ഞാൽ ആ പ്രദേശത്തിന്റെ പൊതുവായ സ്ഥിതി മനസ്സിലാക്കാമല്ലോ.

പിഞ്ചുകുട്ടികൾക്കുപോലും അവരുടെ വിദ്യാഭ്യാസത്തിനുവേണ്ടി കിലോമീറ്ററുകളോളം സഞ്ചരിച്ച് പുനലൂർ മുനിസിപ്പാലിറ്റിയിലുള്ള സ്ഥാപനങ്ങളിൽ ചെന്നെത്തേണ്ട ദുസ്ഥിതിയാണിന്നുള്ളത്. തിരക്കേറിയ പട്ടണപ്രദേശമായതിനാൽ രക്ഷിതാക്കൾ ചെറിയകുട്ടികളെ അവിടെ പറഞ്ഞയക്കാൻ സാധിക്കാതെ വിഷമിക്കുന്നു. ദരിദ്ര കർഷകരും പട്ടികജാതി വിഭാഗം ജനങ്ങളും അവരുടെ കൊച്ചുകുട്ടികളെ പ്രാഥമിക വിദ്യാഭ്യാസം ചെയ്യിക്കാൻ ഒരു വിദ്യാലയം ആവശ്യപ്പെട്ടുകൊണ്ട് ദീർഘനാളുകളായി കാത്തിരിക്കുന്നു. ഈ പ്രദേശത്തെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് മഞ്ഞമൺകാലയിൽ ഒരു LP. സ്കൂൾ സ്ഥാപിക്കേണ്ടത് ആവശ്യമാണ്.

2. കുന്നിക്കോട് വടക്കുംകര എൽ. പി. എസ്

പഞ്ചായത്തിലെ പടിഞ്ഞാറുവടക്കേയറ്റം ചേർന്നു കിടക്കുന്ന കുന്നിക്കോട് ഒന്നാം വാർഡിലെ കുട്ടികൾക്ക് മൂന്നു കിലോമീറ്ററോളം സഞ്ചരിച്ചു വേണം സ്കൂളിലെത്താൻ. റെയിൽപ്പാളവും, നെൽപ്പാടവും, തോടുകളും കടന്ന് ചെറിയ കുട്ടികൾക്ക് അടുത്ത പഞ്ചായത്തിലെ തലവൂർ സ്കൂളിലും കുന്നിക്കോട് എൽ. പി സ്കൂളിലും ചെന്നെത്തുവാൻ വളരെ പ്രയാസമാണ്. കുന്നിക്കോട് കാവൽപ്പുരജംഗ്ഷൻ കേന്ദ്രീകരിച്ച് ഒരു എൽ. പി സ്കൂൾ സ്ഥാപിക്കണമെന്ന നിർദ്ദേശം ഗ്രാമസഭയിൽ മുഖ്യമായി ഉയർന്നു വന്നിട്ടുള്ളത് പരിഗണനാർഹമാണ്.

മറ്റ് നിർദ്ദേശങ്ങൾ.

1. കാര്യറ കേന്ദ്രീകരിച്ച് ഹൈസ്കൂൾ സ്ഥാപിക്കണം.
2. ഇളമ്പൽ ഗവ. യു. പി സ്കൂൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളാക്കണം.

സാങ്കേതിക വിദ്യാഭ്യാസസ്ഥാപനത്തിന്റെ ആവശ്യം

ഈ ആധുനിക യുഗത്തിലും പഞ്ചായത്തിൽ സാങ്കേതിക പരിജ്ഞാനം നേടാൻ ഒരു സ്ഥാപനമില്ല. ഐ. റ്റി. ഐ, ഐ. റ്റി. സി ഇവയിൽ ഏതെങ്കിലും ഒന്ന് ഈ പഞ്ചായത്തിൽ സ്ഥാപിക്കണമെന്ന് ഗ്രാമസഭകളിൽനിന്ന് ശക്തമായ നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. എസ്. എസ്. എൽ. സി കഴിഞ്ഞ എല്ലാവർക്കും കോളേജുകളിൽ പ്രവേശനം ലഭിക്കുന്നില്ല. തൊഴിലധിഷ്ടിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കപ്പെടുന്ന ഇക്കാലത്ത് ഒരു സാങ്കേതിക വിദ്യാഭ്യാസസ്ഥാപനം പഞ്ചായത്തിൽ സ്ഥാപിക്കുവാൻ പ്രാധാന്യം നൽകണം.

പഞ്ചായത്തു വിദ്യാഭ്യാസ കോംപ്ലക്സ്

പ്രാഥമിക വിദ്യാലയങ്ങളുടെ നിയന്ത്രണാധികാരം കൈവന്ന സാഹചര്യത്തിൽ പൊതുവിദ്യാലയങ്ങളിലെ ഗുണനിലവാരക്കുറവ് പരിഹരിക്കുന്നതിന്, ഭൗതിക സാഹചര്യങ്ങളും സേവനസൗവന്ധയും മെച്ചപ്പെടുത്തുന്നതിന്, വിദ്യാലയങ്ങലിലെ അക്കാദമിക് നിലവാരം ഉയർത്തുന്നതിന്, പഞ്ചായത്തിന്റെ നേതൃത്വത്തിൽ പഞ്ചായത്തുപരിധിയിലെ മുഴുവൻ വിദ്യാലയങ്ങളുടേയും പങ്കാളിത്തത്തോടുകൂടി ഇവിടത്തെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താനുള്ള പൊതുസമ്മതമായൊരുപരിപാടി രൂപപ്പെടുത്തുകയും നടപ്പാക്കുകയും ചെയ്യുക.

പഞ്ചായത്തു തലത്തിൽ കോംപ്ലക്സ് സമിതി, അക്കാദമിക്സമിതി. സ്കൂൾതല കോംപ്ലക്സ് സമിതി ക്ലാസ്തലം വരെ എത്തിനില്ക്കുന്ന മാതൃസംഘങ്ങൾ.

അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും, രക്ഷകർത്താക്കൾക്കും, നാട്ടുകാർക്കും, പഞ്ചായത്തിനും എല്ലാം അവരവരുടെപങ്കുനിർവ്വഹിക്കാനുണ്ട്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ടു ഹൈസ്കൂളുകൾ നാലു അപ്പർ പ്രൈമറിസ്കൂളുകൾ എന്നിവിടങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ 4 ട്യൂട്ടോറിയൽ സ്ഥാപനങ്ങളും ഏതാനും ട്യൂഷൻ സെന്ററുകളും പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ അഭ്യസ്തവിദ്യരായ യുവജനങ്ങളാണ് ഇവയിൽ കൂടുതൽ അധ്യാപകരും.

ചെറിയ തോതിലെങ്കിലും ഒരു കമ്പ്യൂട്ടർ പരിശീലന കേന്ദ്രം നമ്മുടെ പഞ്ചായത്തിൽ കുന്നിക്കോടു കേന്ദ്രമായി പ്രവർത്തിക്കുന്നു.

തയ്യൽ പരിശീലന കേന്ദ്രങ്ങൾ, ടൈപ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിൽ വിളക്കുടി കേന്ദ്രമാക്കി മന്നം മെമ്മോറിയൽ ബിഎഡ് ട്രെയിനിംഗ്സെന്റർ എന്നപേരിൽ ഒരു ബിഎഡ് കോളേജ് 1995 ഡിസംബർ 1-ാം തീയതി ആരംഭിച്ചു. ഇത് സ്വകാര്യ സ്വാശ്രയമേഖലയിലാണ്.

സാക്ഷരതാ പ്രവർത്തനങ്ങൾ.

ഇന്ത്യൻ ഭരണഘടന നിലവിൽ വന്ന 1950 ൽ തന്നെ പ്രാഥമികവിദ്യാഭ്യാസം സാർവത്രികമാക്കാനുള്ള ശ്രമം നാട്ടിലാരംഭിച്ചു. അതോടനുബന്ധിച്ച് അനൗപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി കേരള ഗ്രന്ഥശാലാ സംഘം നേരിട്ടു നടത്തിയിരുന്ന സാക്ഷരതാ ക്ലാസ്സുകൾ പഞ്ചായത്തിൽ നടത്തിയിരുന്നു. പ്രസിദ്ധനായ ശ്രീ. പി. എൻ. പണിക്കർ ഉത്ഘാടനം നിർവഹിച്ച പ്രസ്തുത ക്ലാസ്സിൽ 60 ൽ പരം പഠിതാക്കളുണ്ടായിരുന്നു.

കേരളം സമ്പൂർണ്ണ സാക്ഷരത നേടുന്നതിന്റെ ഭാഗമായി നടന്ന ഒന്നാം ഘട്ട പ്രവർത്തനം ശാസ്ത്രസാഹിത്യപരിഷത്തിന്റെ പ്രവർത്തകരുടെ പങ്കാളിത്തത്തോടുകൂടിയാണാരംഭിച്ചത്. പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലുമുള്ള വീടുകളിൽ നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ വിപുലമായ പ്രചാരണത്തോടുകൂടി ആരംഭിച്ച സാക്ഷരതാപ്രവർത്തനം പുതിയൊരനുഭവമാക്കുകയും വീട്ടമ്മമാരുൾപ്പെടെ ധാരാളം ആളുകൾ വളരെ താല്പര്യത്തോടുകൂടി ക്ലാസ്സുകളിൽ വന്നുചേർന്നത് മഹത്തായ ഈ യജ്ഞം വിജയിക്കുമെന്നു വിളിച്ച

റിയിച്ചു. പഞ്ചായത്തിലുള്ള വായനശാലകൾ, അങ്കനവാടികൾ, പട്ടികജാതികോളനികൾ എന്നിവകളോടനു ബന്ധിച്ച് സാക്ഷരതാ കേന്ദ്രങ്ങൾ പ്രവർത്തിച്ചു. നിർഭാഗ്യകരമെന്നുപറയട്ടെ, സാക്ഷരതാ പ്രവർത്തനത്തി ന്റെ രണ്ടാം ഘട്ടത്തിൽ വലിയൊരുമാന്ദ്യം അനുഭവപ്പെട്ടു. ഒന്നാംഘട്ടത്തിൽ സാക്ഷരരായവരെ തുടർവിദ്യാ ഭ്യാസം ചെയ്യിക്കാൻ പ്രതീക്ഷിച്ചതുപോലെ കഴിയാതെ വന്നു. അതിനാൽ നല്ലൊരു ഭാഗം ആളുകളും വീ ണ്ടും അക്ഷരലോകത്തോടു വിടപറയുന്ന സ്ഥിതിയാണിന്നുള്ളത്.

പ്രധാന സാക്ഷരതാ കേന്ദ്രങ്ങൾ

പഠനകേന്ദ്രങ്ങൾ	–	47
അക്ഷര സംഘങ്ങൾ	–	9
ജനവിദ്യാ കേന്ദ്രങ്ങൾ	–	3
സാക്ഷരതാ പ്രവർത്തകർ	–	35

നിർദ്ദേശങ്ങൾ

1) പഞ്ചായത്തിലെ മുഴുവൻ നിരക്ഷരരേയും കണ്ടുപിടിച്ച് സാക്ഷരതാ കേന്ദ്രങ്ങളിലെത്തിക്കുക. സന്ന ദ്ധസംഘങ്ങളുടെ പങ്കാളിത്തത്തോടെ പഠിതാക്കൾക്ക് പഠനോപകരണങ്ങളും മറ്റ് ഭൗതിക സൗകര്യങ്ങളും ഏർപ്പെടുത്തുക.

2) അഭ്യസ്തവിദ്യരായവരിൽ നിന്ന് ഇൻസ്ട്രക്ടർമാരെ കണ്ടെത്തി പഞ്ചായത്തുസമിതികളുടെ അനു വാദത്തോടുകൂടി നിയമിക്കുക.

3) അക്ഷരസംഘങ്ങളുടേയും, ജനവിദ്യാകേന്ദ്രങ്ങളുടെയും പ്രവർത്തനം കാര്യക്ഷമമാക്കുക.

4) വിദ്യാലയങ്ങളിൽ നിന്ന് കൊഴിഞ്ഞുപോകുന്ന കുട്ടികളുടെ ലിസ്റ്റ് യഥാസമയങ്ങളിൽ പഞ്ചായത്തു സമിതിയെ ഏൽപ്പിക്കുകയും വാർഡ് മെമ്പറൻമാരുടെ ഉത്തരവാദിത്തത്തോടുകൂടി കുട്ടികളെ വീണ്ടും ചേർക്കു കയും ചെയ്യുക.

5) കൊഴിഞ്ഞുപോകുന്ന കുട്ടികളുടെ സാഹചര്യം അന്വേഷിച്ച് വേണ്ടപരിഹാരംകാണുക.

6) മുഴുവൻ സമയ പ്രവർത്തകരായ ഇൻസ്ട്രക്ടർമാർക്ക് അലവൻസ് അനുവദിപ്പിക്കുക.



പട്ടിക - 1
കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ.

	ആകെ കുട്ടികൾ			SC/ST കുട്ടികളുടെ എണ്ണം			ഭിന്നശേഷി ക്കുന്നവർ SC/ST കുട്ടികൾ			മറ്റുള്ളവർ.									
STD	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ							
I	179	175	354	32	22	54													
II	215	191	406	33	30	63				9		9							
III	189	213	402	32	43	75	3		3	12	9	21							
IV	232	204	436	53	49	102				11	8	19							
V	197	173	370	44	31	75				12	8	20							
VI	222	187	409	57	44	101				14	9	23							
VII	184	220	404	30	46	76				17	14	31							
VIII	139	149	288	35	45	80	7	7	14	21	12	33							
IX	211	299	410	52	47	99	29	24	53	28	21	49							
X	150	178	318	24	34	58													
ആകെ	1918	1989	3797	392	391	783	39	31	67	124	81	205							

സ്കൂളിന്റെ പേര്	HS/UP/LP/U.P.P	സർക്കാർ	എയിഡഡ്	അൺഎയിഡഡ്	താൽക്കാലിക അംഗീകാരം	ആൺകുട്ടികൾ	പെൺ	ആകെ	അധ്യാപകരുടെ തസ്തിക	പ്രീപ്രൈമറി കുട്ടികളുടെ എണ്ണം	ഗവൺമെന്റ് ഗ്രാന്റ്
A.P.P.M. HS. തൈക്കണ്ടിച്ചിറ	HS		✓			372	394	766	35	5.33	150
M.M.H.S വിളക്കുടി	HS		✓						40	5 "	100
DBUPS വിളക്കുടി	UPS		✓			92	91	183	9	1.5	50
GOVT. UPS ഇരവിൽ	UPS	✓				220	228	448	18	1.5	
ST. GREGORIOUS. UPS കുറ്റിക്കോണം	UPS		✓			88	62	150	8	1.5	50
RBM. U.P.S. കാവിര	UPS		✓			77	71	148	6	1.16	60
Gov: LPS. കുന്നിക്കോട്	LPS	✓				162	151	313	9	.4	
Gov: LPS വിളക്കുടി	LPS	✓				138	112	250	10	.5	30
W.LPS തൈക്കണ്ടിച്ചിറ	LPS	✓				63	86	149	5	.15	
Gov: LPS കാവിര	LPS	✓				97	86	183	7	.5	15
WLPS കാവിര	LPS	✓				51	54	105	5	1.13	
T.V.TM കുറ്റിക്കോണം	LPS		✓			137	127	264	9	1	50
ST. ഗ്രിഗോറിയസ് LKG കുറ്റിക്കോണം.	LKG			✓	✓	94	87	181	8	3	100
M.ES. Eng: കുന്നിക്കോട്	UKG			✓	✓						

പട്ടിക-2

സ്കൂളിന്റെ പേര്	ലൈബ്രറി ഉണ്ട്/ഇല്ല	ലൈബ്രേറിയൻ സ്ഥിരം/താൽക്കാലികം ഉണ്ട്/ഇല്ല	ലൈബ്രറി കമ്പ്യൂട്ടറൈസ്ഡ് ഉണ്ട്/ഇല്ല	ഇരിപ്പിടം	ടേബിൾ	ടി.വി.	വിദ്യാഭ്യാസ സി.ഡി.	ലൈബ്രറി	ഇന്റർനെറ്റ് സൗകര്യം	കമ്പ്യൂട്ടർ	ഓഡിയോ സൗകര്യം	ടീച്ചേഴ്സ് ആൺ	ടീച്ചേഴ്സ് പെൺ	95-96 അധ്യയന വർഷം	ലൈബ്രറി പ്രവർത്തിക്കുന്നുണ്ടോ	ലൈബ്രറി കമ്മിറ്റി ഉണ്ടോ	പ്രവർത്തനം ആരംഭിച്ചത്	ഹെഡ് ഓഫീസിൽ നിന്നും ലൈബ്രറി ഗ്രാന്റ് ലഭിച്ചു
APPMHS. ആവണീശ്വരം	×	✓	✓	✓	×	×	×	×	×	×	×	21	15	195	×	5	×	✓
M.MHS വിളക്കുടി	✓	✓	✓	×	×	×	×	×	×	×	×	20	20	195	×	5	×	✓
Govt: UPS മൈലമ്പാറ	✓	✓	✓	×	×	×	×	×	×	×	×	14	6	195	×	5	✓	✓
DBUPS വിളക്കുടി	✓	×	✓	×	×	×	×	×	×	×	×	6	6	195	×		✓	✓
St ഗ്രിഗോറിയൽസ് UPS. കുടിക്കോണം	×	×	×	×	×	×	×	×	×	×	×	5	5	194	×	6	✓	✓
RBM.UPS കാര്യറ	✓	×	✓	×	×	×	×	×	×	×	×	6	3	195	×	5	✓	✓
Govt: LPS. കുന്നിക്കോട്	✓	×	താൽക്കാലികം	×	×	×	×	×	×	×	×	9	5	195	×	5	✓	✓
Govt: LPS വിളക്കുടി	×			✓	✓	×	×	×	×	×	×	8	8	193	×	7	✓	✓
WLPS. ആവണീശ്വരം	✓	×	✓	✓	×	×	×	×	×	×	×	4	4	195	×	5	✓	✓
Govt. LPS കാര്യറ	✓	×	✓	ഉവ: തുച്ഛ	ഉവ: തുച്ഛ	×	×	×	×	×	×	6	2	194	×	6	✓	✓
WLPS കാര്യറ	×	×	✓	✓	×	×	×	×	×	×	×	4	3	194	×	6	✓	✓
TVTMLPS. കുടിക്കോണം	✓	×	✓	✓	✓	×	×	×	×	×	×	10	10	195	×	5	✓	✓

പട്ടിക. 4 അക്കാദമിക് നിലവാരം.

		കുട്ടികളുടെ പൊതു നിലവാരം					SSLC വിജയ ശതമാനം						
	അളവ്	30% നാലും കുറവ് ഗ്രേഡ്	30/40 ഗ്രേഡ് വാങ്ങുന്നവർ	40-50 ശതമാനം മാർക്ക് വാങ്ങുന്നവർ	50-60 ശതമാനം മാർക്ക് വാങ്ങുന്നവർ	60% മാർക്കിനുമേൽ	91-92 ആദ്യകാല വർഷം	92-93	93-94	94-95	95-96		
2	3	4	5	6	7	8	9	10	11	12			
402	54	53	80	84	131								
436	68	69	55	71	173								
370	55	47	54	85	129								
423	68	87	71	81	116								
404	82	65	93	79	85								
288	56	76	70	45	41								
410	70	110	110	70	50								
318	118	92	49	36	23								
332						29%	28.56%	25.5%	31.5%	26%			

സാമ്പത്തികമായ കൂടുതൽ ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

ക്രമനമ്പർ	സ്കൂളിന്റെ പേര്	ജനറേറ്റർ സൗകര്യമുണ്ടോ	ലഭ്യമായ സീറ്റ്	ഡിമാന്റ് വന്ന കുട്ടികളുടെ എണ്ണം	സീറ്റുകൾ കൂടുതൽ ആവശ്യമുണ്ടോ	ആവശ്യമായ സീറ്റുകൾ	മറ്റിടങ്ങളിൽ പ്രവേശനം ലഭിച്ചവരുടെ എണ്ണം	മുൻഗണനാ പട്ടിക സമർപ്പിച്ചിട്ടുണ്ടോ	മറ്റു വിവരങ്ങൾ
1	APPM.H.S അഞ്ചൽ	×	177	180	-	-	-	-	-
2	MMHS വിളക്കുടി.	×	192	40	2	-	-	-	-
3	DBUPS വിളക്കുടി.	×	51	24	-	-	-	-	-
4	Govt. UPS തലവൂർ.	18	73	3	2	6	-	-	-
5	St: ഗ്രിഗോറിയോസ് UPS, കുന്നിക്കോണം.	×	50	-	-	-	-	-	-
6	RBM.U.P.S കിഴക്ക	1	5	30	1	-	-	-	-
7	Govt: LPS കുന്നിക്കോട്	1	42	-	-	-	-	-	-
8	Govt: LPS വിളക്കുടി	×	53	-	-	-	-	-	-
9	WLPS അഞ്ചൽ	×	47	-	-	-	-	-	-
10	Govt: LPS. കിഴക്ക	×	13	-	1	-	-	-	-
11	WLPS കിഴക്ക	×	43	-	-	-	-	-	-
12	TKTM LPS കുന്നിക്കോണം	1	54	-	-	-	-	-	-



ആരോഗ്യം

വിളക്കുടി പഞ്ചായത്തിലെ ജനങ്ങളുടെ പൊതുവായ ആരോഗ്യസ്ഥിതി അവലോകനം ചെയ്യുമ്പോൾ സംസ്ഥാനത്ത് പൊതുസ്ഥിതിയിൽ നിന്നും പ്രകടമായ വ്യത്യാസങ്ങൾ ഒന്നും തന്നെ ദൃശ്യമല്ല. ഉദ. പഞ്ചായത്തിലെ പൊതു മരണ നിരക്ക് 95-96 വും 6.70 ആണ് $\frac{(213 \times 1000)}{31778}$

94-95 വർഷത്തിൽ ഇത് 3.33- 93-94 വർഷത്തിൽ 3.20- വും ആയിരുന്നു. സംസ്ഥാന ശരാശരി മരണനിരക്കായ 5.90 എന്ന സംഖ്യയുമായി പഞ്ചായത്തിന്റെ കഴിഞ്ഞ 3 വർഷത്തെ ശരാശരി മരണ നിരക്ക് താരതമ്യം ചെയ്യുമ്പോൾ വർദ്ധന കാണിക്കുന്നില്ല. ശിശു മരണ നിരക്കു സംബന്ധിച്ചും കേരളത്തിന്റെ ശരാശരിയായ 16 എന്ന സ്ഖ്യയിൽ കാര്യമായ വർദ്ധനവ് പഞ്ചായത്തിലെ ലഭ്യമായ കണക്കുകൾ വച്ച് നോക്കുമ്പോൾ കാണുന്നില്ല. 99% പ്രസവും ആശുപത്രികളിൽ വച്ച് നടക്കുന്ന ഇന്നത്തെ സ്ഥിതിയിൽ മാതൃ മരണ നിരക്ക് തുലാം കുറവാണ്. നാട്ടുപതിച്ചികളും, മുത്തശ്ശിമാരും വീടുകളിൽ വച്ച് കൈകാര്യം ചെയ്തിരുന്ന പ്രസവങ്ങൾ ഇന്ന് ഭൂരിപക്ഷവും ആശുപത്രികളിലോ യോഗ്യതയുള്ളവരുടെ മേൽനോട്ടത്തിലോ നടക്കുന്നതുകൊണ്ട്ആ ശങ്കയുടെ മുൾമുനയിൽ നിമിഷങ്ങലെണ്ണി ഒടുവിൽ"രണ്ടും രണ്ട് പാത്രമായി" എന്ന ആശുസിക്കുന്ന പഴയ സ്ഥിതിമാറി പ്രകടമായ നേട്ടം കൈവരിക്കാൻ ഈ രംഗത്ത് നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഈ പുരോഗതി ആരോഗ്യരംഗത്ത് പൊതുവിലുണ്ടായിട്ടുണ്ട് എന്നുള്ള വസ്തുത അംഗീകരിച്ചേ മതിയാവു. പഞ്ചായത്തിലെ ജനനം സംബന്ധിച്ച് പട്ടിക നാലിൽ ചേർത്തിരിക്കുന്ന വിവരങ്ങൾ യഥാതഥമല്ലാത്തതിന് കാരണംപഞ്ചായത്തിലെ പ്രസവങ്ങൾ തൊട്ടടുത്ത പട്ടണമായ പുനലൂരും കൊട്ടാരക്കരയുമറ്റുമുള്ള ആശുപത്രികളിൽ കൂടി നടക്കുന്നതുകൊണ്ടാണ്. പഞ്ചായത്തിലെ ശരാശരി ജനന നിരക്ക് സംസ്ഥാന ശരാശരിയുമായി പൊരുത്തപ്പെട്ട് പോകത്തക്കരീതിയിലാണ്. ജനന നിയന്ത്രണ മാർഗ്ഗങ്ങൽ സാർവ്വത്രികമായി സ്വീകരിച്ചിരിക്കുന്നു എന്ന പട്ടിക അഞ്ചിലെ വിവരങ്ങളിൽ നിന്നും വ്യക്തമാണ്. കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ്പുകൾ നടത്തുന്നതിനെ സംബന്ധിച്ച് മാതാപിതാക്കൾ തികച്ചും ബോധവാന്മാരാണ്. ദേശീയ പോളിയോ നിർമ്മാർജ്ജന പരിപാടികൾപോലുള്ള പ്രത്യേക പരിപാടികൾ 100% വിജയകരമായി പഞ്ചായത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

കഴിഞ്ഞ അര നൂറ്റാണ്ടിൽ ആരോഗ്യരംഗത്തുണ്ടായ അവബോധം എടുത്തുപറയത്തക്കതാണ്. ആരും വാർദ്ധക്യത്തേയോ രോഗത്തേയോ, മരണത്തേയോ ഇഷ്ടപ്പെടുന്നില്ല. എന്നാൽ ഇവയിൽ നിന്നം മോചനം പ്രകൃതി നിയമമനുസരിച്ച് ആർക്കും ലഭിക്കുന്നില്ല. എന്നാൽ തനിക്ക് ബാധിച്ചിരിക്കുന്ന രോഗം എന്താണെന്നോ അതിന്റെ ഗൗരവം എന്താണെന്നോ ഫലപ്രധമായ പ്രതിവിധി എവിടെ ലഭിക്കുമെന്നോ യാതൊരു രൂപവുമില്ലാതെ ജനങ്ങൾ ചത്തൊടുങ്ങിയിരുന്ന കഴിഞ്ഞ നൂറ്റാണ്ടുകളിൽ നിന്നും തികച്ചും വ്യത്യസ്ഥമായി എ

ന്താണ് ബാധിച്ചിരിക്കുന്ന രോഗം, ഫലപ്രധമായ പ്രതിവിധിയെവിടെലഭിക്കും എന്നൊക്കെയുള്ള കാര്യങ്ങൾ സംബന്ധിച്ച് ജനങ്ങൾ തികച്ചും ബോധവാന്മാരാണ്. രക്ത സമ്മർദ്ദത്തിന്റെ ഏറ്റക്കുറച്ചിലുകളും അതിന്റെ കണക്കുകളും കഴിക്കേണ്ട മരുന്നുകളും പ്രമേഹം തുടങ്ങി സർവ്വസാധാരണമായി കണ്ടുവരുന്ന രോഗങ്ങളെക്കുറിച്ചും ഗ്രാമീണർപോലും വാചാലരാകുന്നത് സർവ്വസാധാരണമാണ്. ഈ നൂറ്റാണ്ടിന്റെ ശാപമായി മാറിയ ഏയ്ഡ്സ് പോലുള്ള വിപത്തുകൾ ഒഴിച്ചാൽ മറ്റെല്ലാ രോഗങ്ങൾക്കും പ്രതിവിധിയുണ്ട് ഫലപ്രദമായ ചികിത്സയുണ്ട് ഭേദംമാക്കാവുന്നതുമാണ്. എന്നാൽ ഗ്രാമീണരെ സംബന്ധിച്ച് ഈ മെച്ചപ്പെട്ട ചികിത്സാ സൗകര്യം ദുഷ്പ്രാപ്യമായിരിക്കുന്നു. വിദഗ്ദ ചികിത്സക്ക് തിരുവനന്തപുത്ത് എത്തിപ്പെട്ടാലെ തരമുള്ളു എന്ന അവസ്ഥ മാറണം. അതാണ് പഞ്ചായത്തിനെ സംബന്ധിച്ച് ആരോഗ്യ രംഗത്ത് ആവശ്യമായിരിക്കുന്നത്.

ആതുര ശുശ്രൂഷ രംഗത്തെ വിശകലനം ചെയ്യുമ്പോൾ ഈ പഞ്ചായത്തിൽ ആദ്യകാലങ്ങളിൽ ഈ രംഗത്ത് പ്രവർത്തിച്ചിരുന്നവരെ സ്മരിക്കാതിരിക്കുന്നത് അനുചിതമാണ്, ലഭ്യമായ വിവരങ്ങളനുസരിച്ച് അത് ചുരുക്കമായി പ്രതിപാതിക്കാം.

1950 കളിൽ ആവണീശ്വരം മഹാദേവ ക്ഷേത്രത്തിനു സമീപം മടിയറയിൽ യശശരീരനായ രാമൻപിള്ള ഭാഗവതർ സ്വന്തം വീട്ടിൽതന്നെ വൈദ്യ ശുശ്രൂഷ നടത്തിയിരുന്നു പേരുകേട്ട ഒരു സംഗീതജ്ഞനായിരുന്ന അദ്ദേഹത്തിന്റെ സംരംഭമാണ് പഞ്ചായത്തിലെ ആദ്യത്തെ ആതുര ശുശ്രൂഷാകേന്ദ്രം. അതുപോലെ തന്നെ മർമ്മ വൈദ്യൻ ശ്രീ.കുഞ്ഞൻപിള്ള മച്ചിനാം കോണത്തുള്ള വീട്ടിൽ തിരുമ്മു ചികിത്സ നടത്തിയിരുന്നു. പ്രതിഫലേച്ഛ കൂടാതെ നടത്തിയിരുന്ന പ്രസ്തുത മർമ്മ ചികിത്സ നാട്ടുകാരുടേയും അഭ്യതയ കാംക്ഷികളുടെയും സ്നേഹ പൂർവ്വ മായ നിർബന്ധം മൂലം ഇപ്പോൾ മതിയായ സൗകര്യങ്ങളോടുകൂടി ഒരാശുപത്രിയായി പ്രവർത്തിക്കുന്നുണ്ടെന്നുള്ളത് പ്രസ്താവ്യമാണ്. പാരമ്പര്യ വൈദ്യശുശ്രൂഷാ രംഗത്ത് മിയാത്തിൻകുന്നിലെ കണ്ണു വൈദ്യൻ ശ്രീ സഖറിയ നേത്ര രോഗങ്ങൾക്ക് ഫലപ്രധമായി ചികിത്സിച്ചിരുന്നു. പരമ്പരാഗതമായി ആ ചികിത്സ ഇന്നും നാമമാത്രമായെങ്കിലും തുടരുന്നു.

പഴയ കാലത്ത് വിവിധതരം വിഷചികിത്സക്ക് ആവണീശ്വരം റയിൽവേസ്റ്റേഷനു സമീപമുള്ള പുത്തൻവീട്ടിൽ ശ്രീ. വാവാകുഞ്ഞ് അനിഷ്ടിച്ചിരുന്ന വിഷവൈദ്യ ശുശ്രൂഷ മഹത്തരമായിരുന്നു. അദ്ദേഹത്തിന്റെ കാല ശേഷം അത് നിലച്ചുവെന്നു പറയാം. എങ്കിലും കുന്നിക്കോട്ട് ഇപ്പോൾ ഒരു വനിത വിഷചികിത്സ നടത്തുന്നുണ്ട്. കാര്യറ മറവും വയൽ ചരുവിള വീട്ടിൽ എം. രാഘവൻപിള്ളയും വിഷ ചികിത്സയിൽ പ്രസിദ്ധനാണ്. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ അറിയപ്പെടുന്നവരും അല്ലാത്തവരുമായ ഏതാനും പേർ നാടൻ ചികിത്സ തുടരുന്നുണ്ട്.

എന്നാൽ പഞ്ചായത്തിൽ ആധുനിക വൈദ്യ സഹായത്തിൽ നാഴികക്കല്ലായത് 1954 ൽ നല്ലൊരു സംസ്കൃതപണ്ഡിതൻകൂടിയായ ഡോ. കെ. മൊഹയുദ്ദീൻ കുഞ്ഞ് ലബ്ബ സ്ഥാപിച്ച കെ. എം. കെ ആശുപത്രിയാണ്. ആയൂർവ്വേദ ചികിത്സക്കൊപ്പം ആധുനിക ചികിത്സാ സമ്പ്രദായവും ഇവിടെ ലഭ്യമാണ്. പഞ്ചായ

ത്തിൽ ഒരു സർക്കാർ സ്ഥാപനമില്ലായതിരുന്നതിനാൽ കെ. എം. കെ. ആശുപത്രിക്ക് സർക്കാരിൽ നിന്നും ഗ്രാന്റനുവദിച്ചിരുന്നു. ഇന്നും പഞ്ചായത്തിലെ പ്രധാന ആശുപത്രികളിലൊന്നായ ഈ ആതുരാലയത്തിലേക്ക് നാടിന്റെ നാനാ ഭാഗങ്ങലിൽ നിന്നും വിദൂരങ്ങളിൽ നിന്നും വിദേശങ്ങളിൽ നിന്നുപോലും വാതരോഗത്തിന് രോഗികൾ ചികിത്സക്കായി എത്തുന്നുണ്ട്.

സ്വാതന്ത്ര സമര സേനാനിയും ഐ. എൻ. എ ഭടനുമായിരുന്ന യശശരീരനായ ഡോ. ജി. എസ്. പിള്ള സ്ഥാപിച്ച് നടത്തിയിരുന്ന കമല ആശുപത്രിയും പഴയകാലത്ത് ഈ ഗ്രാമ വാസികൾക്ക് ഏറെ ആശ്രയമായിരുന്നു. 1980 ൽ ആണ് സർക്കാർ നേരിട്ട് നടത്തുന്ന പ്രധമിക ആരോഗ്യ കേന്ദ്രം പഞ്ചായത്തിൽ സ്ഥാപിതമായത്. രോഗ പ്രതിരോധ നടപടികളുടെ ഭാഗമായി പി. എച്ച്. സെന്ററുകൾ കൂടാതെ മറ്റ് അഞ്ച് സബ് സെന്ററുകളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നു. അവയിൽ രണ്ടെണ്ണം സർക്കാർ കെട്ടിടത്തിലും മൂന്നെണ്ണം വാടക കെട്ടിടത്തിലുമാണ് നടക്കുന്നത്. രോഗ പ്രതിരോധ വിഭാഗങ്ങൾക്ക് നേതൃത്വം നൽകികൊണ്ട് ഒരു ഹെൽത്ത് ഇൻസ്പെക്ടറും ഒരു ലേഡീ ഹെൽത്ത് ഇൻസ്പെക്ടറും പ്രവർത്തിക്കുന്നു. ഇവരെ കൂടാതെ ഓരോ സബ് സെന്റിലും ഓരോ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറും ഓരോ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സും പ്രവർത്തിക്കുന്നു. ചികിത്സാ വിഭാഗത്തിന് നേതൃത്വം വഹിക്കുന്നത് ഒരു ഡോക്ടറാണ്. ദിവസവും 100 ൽ പരം ഔട്ട് പേഷ്യന്റസ് ആശുപത്രിയിലെത്താറുണ്ട്. കൂടാതെ ഇൻപേഷ്യന്റ് വിഭാഗവും സജീവമായി പ്രവർത്തിക്കുന്നു.

വിശദ വിവരങ്ങൾ പട്ടികയായി ചേർത്തിട്ടുണ്ട്.

മലിനീകരണ സാദ്ധ്യതയുള്ള വ്യവസായങ്ങളുടെ കുറവും ജനങ്ങളുടെ ആരോഗ്യ ബോധവും കാരണ പഞ്ചായത്തിൽ പൊതുവേ ആരോഗ്യകരമായ അന്തരീക്ഷമാണുള്ളത്. ഈ അടുത്തകാലത്ത് പഞ്ചായത്തിൽ കാര്യമായ വ്യവസായ മലിനീകരണം പഞ്ചായത്തിലില്ലെങ്കിലും കശുവണ്ടിഫാക്ടറികളിൽ നിന്നം കറനിറഞ്ഞ മലിനജലം പഞ്ചായത്തിലെ തോടുകളെ മലിനപ്പെടുത്തുന്നു. കൂടാതെ പഞ്ചായത്തിലെ അറവുശാലകൾ മത്സ്യ മാർക്കറ്റ് ഇവയും പരിസര ശുചിത്വത്തിന് ഭീഷണിയായിനിൽക്കുന്നു. ചുടുകട്ട കളങ്ങളിലെ കെട്ടി നിൽക്കുന്ന മലിനജലം കൊതുക് പെരുകുന്നതിന് കാരണമാകുന്നു. ഇത് മലമ്പനി തുടങ്ങിയ രോഗങ്ങൾ ക്ഷണിച്ച് വരുത്തുമെന്നതിനാൽ അങ്ങനെയുള്ള സ്ഥലങ്ങളിൽ കൊതുക് നിവാരണത്തിന് ആവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ ചെയ്യേണ്ടതാണ്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അറവുശാല ശാസ്ത്രീയമായ വിധത്തിലുള്ളതല്ല. അറവു മാടുകളെ ആരോഗ്യകരമല്ലാത്ത സാഹചര്യത്തിൽ കശാപ്പുചെയ്യുകയും. അവശിഷ്ടങ്ങൾ തെരുവു നായ്കൾക്കും പറവുകൾക്കും കൊത്തിവലിക്കാൻ പാകത്തിൽ ഉപേക്ഷിക്കുകയും ചെയ്യുന്നത് ഗുരുതരമായ ആരോഗ്യപ്രശ്നം സൃഷ്ടിക്കുന്നു.

നിരത്തുവക്കിലുള്ള വീടുകളിൽ നിന്നും മലിന വസ്തുക്കൾ വഴികളിലേക്ക് വലിച്ചെറിയുന്നതും തൊഴുത്തുകളിൽനിന്നും കുളുമുറികളിലിൽനിന്നമുള്ള മലിന ജലം റോഡുകളിലേക്കൊവുക്കിവിടുന്നതും സാധാരണ കാണുന്ന കാഴ്ചയാണ്. ഇത് പരിസര വാസികൾക്കും യാത്രക്കാർക്കും വളരെ ബുദ്ധിമുട്ടുണ്ടാകുന്നതും രോഗങ്ങളുണ്ടാക്കുവാൻ സാധ്യതയുള്ളതുമാണ്. റബ്ബർ റോളുകൾ പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ മലിന ജലം അടപ്പുള്ള ടാങ്കുകളിലേക്ക് ഒഴുക്കിവിടാത്തതിനാൽ അസഹ്യമായ ദുർഗന്ധവും കൊതുകുശല്യവും ഉണ്ടാകുന്നു. ഇത് കർശനമായി നിയന്ത്രിക്കേണ്ടതാണ്.

പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

പഞ്ചായത്ത് ഹെൽത്ത് സെന്ററിന്റെ ഇപ്പോഴത്തെ അവസ്ഥക്ക് മാറ്റമുണ്ടാകണം. സമീപ പഞ്ചായത്തുകളിൽ നിന്നുപോലും ധാരാളമാളുകൾ ഇവിടെ ചികിത്സക്കെത്തുന്നു. ഇപ്പോൾ അനുവദച്ചിട്ടുള്ള പത്ത് കിടക്കകൾ തീരെ പര്യപ്തമല്ല. കിടക്കകളുടെ എണ്ണം ഇരുപതായെങ്കിലും ഉയർത്തേണ്ടതാണ്. രാത്രിയിൽ ആശുപത്രിയിൽ ഡ്യൂട്ടിക്ക് ജീവനക്കാരില്ല. ആശുപത്രി ജീവനക്കാർക്ക് ആവശ്യത്തിനുള്ള സ്റ്റാഫ് കോർട്ടേഴ്സ് നിർമ്മക്കുക. ആശുപത്രി ചുറ്റുമതിലുകൾകെട്ടി തോടിന്റെ വശത്ത് റിട്ടേണിംവാൾ കെട്ടി സ്റ്റെപ്പുകളുണ്ടക്കി രോഗികൾക്കും കൂടെയുള്ള സഹായികൾക്കും കുളിക്കടവിന്റെ സൗകര്യം ലഭ്യമാക്കാവുന്നതാണ്. ആശുപത്രിയോടനുബന്ധിച്ച് മോർച്ചറിയും പോസ്റ്റുമാർട്ടം മുറിയും ഉണ്ടാക്കണം. പേവാർഡിന് സൗകര്യം ഉണ്ടാക്കേണ്ടതുണ്ട്. എക്സറേ യൂണിറ്റ് ക്ലിനിക്കൽ ലബോർട്ടറി എന്നിവ അടിയന്തിരമായി ആശുപത്രിയോടനുബന്ധിച്ച് പ്രവർത്തിക്കാൻ സൗകര്യമുണ്ടാക്കണം. സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത ഫാമിലി വെൽഫെയർ സെന്ററുകൾക്ക് ആവശ്യമായ സ്ഥലം കണ്ടെത്തുകയു കെട്ടിടം നിർമ്മിക്കുകയും ചെയ്യുക. വിളക്കുടി ധർമ്മപുരി ഇളമ്പൽ എന്നിവിടങ്ങളിലെ സബ്സെന്ററുകൾക്കാണ് സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്തത്. വെട്ടിക്കവല, മേലില, പിടവൂർ, ചക്കുവരയ്ക്കൽ കോട്ടവട്ടം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ധാരാളം രോഗികൾ ചികിത്സക്കായി എത്തുന്ന കുന്നിക്കോട് പി. എച്ച്. സെന്റർ ഒരു ഗവ. ആശുപത്രിയായി ഉയർത്തേണ്ടതാണ്. അതിനുവേണ്ട കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും ആവശ്യാനുസരണം ഡോക്ടർമാരേയും മറ്റ് ജീവനക്കാരെയും നിയമിക്കാനുള്ള നടപടി സ്വീകരിക്കണം. യാതൊരു പ്രാഥമിക ചികിത്സാ സൗകര്യങ്ങളും ലഭ്യമല്ലാത്ത പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശമായ മഞ്ഞമൺകാലയിൽ ഒരു ഹെൽത്ത് സെന്റർ സ്ഥാപിക്കണം എന്ന ആവശ്യം അനുകൂല പരിഗണന അർഹിക്കുന്നു.

അറവു ശാല ശാസ്ത്രീയ മായി പരിഷ്കരിക്കണം. അവശിഷ്ടങ്ങൾ വെളിയിലേക്ക് വലിച്ചെറിയാതെ ടാങ്കുകളിൽ നിക്ഷേപിക്കാൻ ഏർപ്പാടുണ്ടാക്കണം. മത്സ്യ കച്ചവടം നടത്തുന്നതിന് പ്രത്യേക സ്ഥലം നിശ്ചയിച്ച് മലിനജലം പ്രത്യേക കുഴികളിൽ നിക്ഷേപിക്കാൻ സൗകര്യമണ്ടാക്കണം.

പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കണ്ടുവരുന്നത് ജലജന്യരോഗമായതിനാൽ ശുദ്ധജലവിതരണത്തി

ന് ക്രമീകരണങ്ങൾ ചെയ്യേണ്ടത് ആവശ്യമാണ്. കക്കൂസുകളില്ലാത്ത എല്ലാ വീടുകൾക്ക് കക്കൂസ് നിർമ്മിക്കാനുള്ള തീവ്ര യത്ന പരിപാടി നടപ്പിലാക്കുക. പകർച്ചവ്യാധികൾ തടയുന്നതിനായി ക്ലോറിനേഷൻ കൊതുക് നിയന്ത്രണം പ്രതിരോധ കുത്തിവയ്പ്പുകൾ ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിക്യത്യമായി നടത്താനുള്ള സംവിധാനം ചെയ്യേണ്ടതാണ്.

കശുവണ്ടി ഫാക്ടറികളിൽ നിന്നും പുറത്തേക്ക് വരുന്ന മാലിന്യങ്ങൾ മലിനീകരണ നിയന്ത്രണ ചട്ടങ്ങളനുസരിച്ച് പൊതുജനങ്ങൾക്ക് ഉപദ്രവകരമാകാതിരിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. നിരത്തുവക്കിലെ വീടുകളിലെ ചപ്പുചവറുകൾ മാലിന്യങ്ങൾ എന്നിവയും റബ്ബർ റോളുകളിലെ അഴുക്കുവെള്ളവും പുറത്തേക്ക് വരാതെ നിയന്ത്രിക്കാൻ പൊതുജനങ്ങൾ ശ്രദ്ധിക്കണം

പട്ടിക ഒന്ന്

സ്ഥാപനവിവരങ്ങൾ

ക്രമ	സ്ഥാപത്തിന്റെപേര്	ഇനം	കെട്ടിടം സ്വന്തം/വാടക	ഉദ്യോഗ സ്ഥരുടെഎണ്ണം	പ്രശ്നങ്ങൾ
1	പി.എച്ച്. സെന്റ്റർവിളക്കുടി	മാതൃസ്ഥാപനം	സ്വന്തം	22	ചുറ്റുമതിലില്ല ഫർണിച്ചർ കുറവ്
2.	ഫാമിലി വെൽഫയർസെന്റ്റർ ആവണീശ്വരം	സബ്സെന്റ്റർ	സ്വന്തം		വാട്ടർസപ്ലെയില്ല
3	ടി കാര്യറ	ടി	സ്വന്തം		പഴക്കമുള്ളത് അറ്റകുറ്റപണി ആവശ്യം
4	സബ്സെന്റർ ധർമ്മപുരി	ടി	വാടകകെട്ടിടം		
5	ടി. വിളക്കുടി	ടി	ടി		
6	ടി. ഇഞ്ചമ്പൽ	ടി	ടി		

പട്ടിക 2

പി. എച്ച്. സെന്റർ വിളക്കുടി

	രോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ						
വർഷം	ഇൻ.പേഷ്ന്റ്	ഔട്പേഷ്ന്റ്	തക് രോഗം	വാതരോഗം	പകർച്ചവ്യാധി	വിഷ ചികിത്സ	മറ്റുള്ളവ
1992–93	819	36923	754	660	1887	–	34441
1993–94	1072	28325	588	514	1470	–	27288
1994–95	1647	31580	665	581	1661	–	30320
1995–96	1184	29522	614	537	1535	–	28020

പട്ടിക 3

പകർച്ചവ്യാധി വിവരങ്ങൾ

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യരോഗങ്ങൾ	പ്രാണിജന്യരോഗങ്ങൽ	മറ്റുള്ളവ
1993–94	98	51	15	11
1994–95	108	48	19	12
1995–96	67	26	15	14

പട്ടിക 4

ജനനമരണ വിവരം

വർഷം	ജനനം	മരണം	ചാപിള്ള ജനനം
1993–94	9	102	ഇല്ല
1994–95	16	106	ഇല്ല
1995–96	18	213	ഇല്ല

പഞ്ചായത്തിന് വെളിയിലുള്ള ആശുപത്രികളിൽ നടക്കുന്ന ജനന വിവരം ലഭ്യമല്ല.

പട്ടിക - 5.

ജനസംഖ്യ	
പുരുഷൻമാർ	12,989
സ്ത്രീകൾ	13,930
കുട്ടികൾ	4,869
ആകെ	31,788

അമ്മമാരുടെ കൂടെയും ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ	
1 കുട്ടി	730
2 കുട്ടികൾ	1755
2 ൽ കൂടുതൽ	963

പ്രായപൂർത്തിയായ പുരുഷൻമാർ (സ്ത്രീകളുടെ പ്രായക്രമം)	
15 - 19	200
20 - 24	670
25 - 29	806
30 - 34	977
35 - 39	751
40 - 44	399

കുട്ടികളുണ്ടാകാത്തതുകൊണ്ടും സ്ത്രീകളെ അമ്മമാർ ഉപേക്ഷിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ	
1 കുട്ടി	355
2 കുട്ടികൾ	1553
2 - ൽ കൂടുതൽ	893

അംഗവൈകല്യമുള്ളവർ	
അന്ധർ	24
ബധിരർ	10
മൂകർ	11
ബധിര - മൂകർ	10
ചലനവൈകല്യമുള്ളവർ	69
ആകെ	124

മനുഷ്യമൃഗങ്ങൾ	
പ്രായം	എണ്ണം
0 - 5	7
6 - 10	6
11 - 15	6
16 നു മേൽ	22
ആകെ	41

സാംക്രമിക രോഗബാധിതർ	
രക്തസമ്മർദ്ദം	739
പ്രമേഹം	289
കാൻസർ	18
ട്യൂമർ	3
ഹൃദ്രോഗം	59
മറ്റുള്ളവ	98

ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം.	
എണ്ണം ആകെ	431
പ്രതിരോധകുത്തിവയ്പ്പ്	
നടത്തിയവർ,	406
ആകെ ഗർഭിണികൾ	255

ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന പൊതു നിർദ്ദേശങ്ങൾ

1. പരിസര ശുചീകരണം വീടുകളിലാരംഭിച്ച് ഗ്രാമത്തിൽ വ്യാപകമാക്കണം


2. വീടുകളിലെ ചപ്പുചവറുകൾ മലിന വസ്തുക്കൾ ഇവയൊക്കെ ചെറു കുഴികളിൽ നിക്ഷേപിച്ച് കമ്പോസ്റ്റ് വളങ്ങൾ ഉണ്ടാക്കുകയും അതുകൊണ്ട് അടുക്കള തോട്ടം സമ്പുഷ്ടമാക്കുകയും ചെയ്യുക

3. ഇടയ്ക്കിടെ ഗ്രാമാന്തരങ്ങളിൽ ശുചീകരണത്തെക്കുറിച്ച് ഡോക്കുമെന്ററികളും സ്ലൈഡുകളും പ്രദർശിപ്പിച്ച് പൊതുജനാരോഗ്യ ബോധവൽക്കരണം നടത്തണം

4. മദ്യം മയക്കുമരുന്നുകൾ, വെറ്റിലമുറുക്ക്, പുകവലി ഇവയുടെ ദോഷഫലങ്ങളെക്കുറിച്ച് സെമിനാറുകളും ബോധവൽക്കരണ പരിപാടികളും പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും സംഘടിപ്പിക്കുക.

5. നേത്രദാനം, രക്തദാനം എന്നിവയുടെ മഹത്വത്തെക്കുറിച്ച് ശരിയായ വിധത്തിൽ ബോധവൽക്കരണം നടത്തുക.

6. മഞ്ഞമണൽകാലയിൽ ഒരു ഹെൽത്ത് സെന്റർ സ്ഥാപിക്കുക



കുടിവെള്ളം

കിട്ടുന്ന വെള്ളം വേണ്ട രീതിയിൽ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലുള്ളതാണ് നമ്മുടെ പഞ്ചായത്തിന്റെ ഭൂ പ്രകൃതി. അതുകൊണ്ട് തന്നെ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളാണ് പഞ്ചായത്തിന്റെ ഒട്ടുമിക്ക ഭാഗങ്ങളും ജനുവരിമാസത്തിന്റെ മദ്ധ്യത്തോടുകൂടി ചരുവുള്ള പ്രദേശങ്ങളിലെ ജല സ്രോതസ്സുകളും കിണറുകളും വറ്റിവരളാൻ തുടങ്ങും. വർഷകാലങ്ങളിൽ എന്തുമാത്രം അളവിലാണ് നമ്മുടെ ചെറുതും വലുതുമായ അരിവികളിൽനിന്നും തോടുകളിൽ നിന്നും വെള്ളം ഒഴുകിപോയിട്ടുള്ളത്; അടിയണകളും തടയണകളും കെട്ടിയിരുന്നെങ്കിൽ ചെറിയൊരളവിൽ ഭൗമ ജലത്തിന്റെ നഷ്ടം ഒഴിവാക്കാൻ കഴിയുമെന്ന് ഇനിയെങ്കിലും നമുക്ക് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും കഴിയണം.

സെസ്സ് റിപ്പോർട്ടിന്റെ കണക്കനുസരിച്ച് 12 വാർഡുകളിലേയും ജല സ്രോതസ്സുകളുടെ വിവരം താഴെപട്ടികയിൽപെടുത്തിയിരിക്കുന്നു.

വാർഡ് / വർഷംമുഴുവൻ	1	2	3	4	5	6	7	8	9	10	11	12
വെള്ളമുള്ള കിണർ	142	85	98	106	45	109	55	72	162	23	137	24
ഇടയ്ക്ക് വറ്റുന്നത്	126	106	59	72	72	69	83	148	147	43	17	102
കുളം			1	1	2		1	1	1			

പഞ്ചായത്തിലെ ഗ്രാമങ്ങളിലെ കുടിനീർ പ്രശ്നം പരിഹരിക്കുന്നതിന് മാതൃകാപരമായ പ്രവർത്തനം ജന പങ്കാളിത്തത്തോടെ ചെയ്യാൻ കഴിയണം. പഞ്ചായത്തിലെ പകുതിയിലേറെയാളുകളും രൂക്ഷമായ കുടിവെള്ള പ്രശ്നമുള്ളവരാണ്. പ്രാവർത്തികമാക്കാൻ കഴിയുന്ന ചില നിർദ്ദേശങ്ങളാണ് ചുവടെ ചേർക്കുന്നത്.

1. നിശ്ചിത പ്രദേശത്ത് കുടിവെള്ളം ആവശ്യമുള്ള വീടുകൾ ഒന്നിച്ചു ചേർന്ന് ഒരു പൊതു കുടിവെള്ള പദ്ധതി തയാറാക്കുക. അതിന് വേണ്ടിവരുന്ന ചിലവ് അവർ വീതിച്ച് എടുക്കണം. മാസംതോറും ഗഡുക്കളായി തുക ശേഖരിക്കണം. സൊസൈറ്റി റെജിസ്റ്റർ ചെയ്ത് പദ്ധതിക്കാവശ്യമായ രണ്ടോ, മൂന്നോ സെന്റ് സ്ഥലം വിലക്കുവാങ്ങി അവിടെ ഒരു കിണറുകുഴിച്ച് മോട്ടോർ പമ്പ്ലൈൻ എന്നിവ സ്ഥാപിച്ച് ഓരോ അംഗത്തിന്റെയും വീട്ടിൽ ടാപ്പ് കണക്ഷൻ എടുക്കാൻ കഴിയും.

2. ലഘുവായി ചെയ്യാവുന്ന അറ്റ കുറ്റപണികളിലൂടെ നിലവിലുള്ള പൊതു കുടിവെള്ള സ്രോതസ്സുകൾ മെച്ചപ്പെടുത്തുക

3. ചുരിങ്ങിയ 200 മീറ്ററിനുള്ളിൽ കുടിവെള്ളം ലഭ്യമാക്കാൻ സൗകര്യങ്ങൾ ചെയ്യുക.

4. പുതിയ സ്രോതസ്സുകൾ ആവശ്യമുണ്ടെങ്കിൽ എവിടെ വേണമെന്ന് തീരുമാനിക്കുക.

5. പഞ്ചായത്തിലെ മുഴുവൻ കിണറുകളും പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ സഹായത്തോടുകൂടി ക്ലോറിനേറ്റ് ചെയ്യുക.

6. പഞ്ചായത്തിലെ മുഴുവൻ കിണറുകളിലേയും ചെളിനീക്കി വൃത്തിയാക്കി ആഴം കൂട്ടുക.

പഞ്ചായത്തിലെ വിവിധ വാർഡുകളിലെ ശുദ്ധ ജല ക്ഷാമമുള്ള കേന്ദ്രങ്ങളും നടപ്പിലാക്കേണ്ട പദ്ധതികളും.

വാർഡ് 1

1. വലിയ പാറകുഴി കല്ലൂർകോണം, കൊപ്പാറകുന്ന്

വലിയപാറക്കുഴി പ്രദേശം പാറനിറഞ്ഞ സ്ഥലമായതിനാൽ താഴെ വയലരികിൽ വലിയ കുളം നിർമ്മിച്ച് ഉയർന്ന ഭാഗത്ത് ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പ്ചെയ്ത് വിതരണം ചെയ്യാം. കൊപ്പാറകുന്നിൽ പൊതുകിണർ സ്ഥാപിക്കണം

വാർഡ് 2

മിയാത്തിക്കുന്ന്

പൊതു കിണർ സ്ഥാപിക്കണം

വർഡ് 3

പറയംകോട് കല്ലാട്ടുഭാഗം, പള്ളിക്കുന്നുംപുറം

ഈ പ്രദേശത്തെ ഇപ്പോഴുള്ള കുഴൽകിണർ ഉപയോഗ ശൂന്യമാണ്. ഇവിടെ പൊതു കിണർ സ്ഥാപിച്ച് ടാങ്കിൽ വെള്ളം ശേഖരിച്ച് വിതരണംചെയ്യണം.

വാർഡ് 4

മോന്തംകോട് ചെല്ലിക്കുഴി, തണ്ണിച്ചാൽ, കുറ്റിക്കോമം, താന്നിത്തടം, ചെമ്പുമല മാക്കന്നൂർ, കുമരംപാറ, ചിയോട്

മോന്തംകോട് ഭാഗത്തുകൂടി കടന്നുപോകുന്ന പൈപ്പ് ലൈനിൽനിന്നും എല്ലാവീടുകൾക്കും കണക്ഷൻ നൽകണം. നിലവിലുള്ള പൊതു കിണറിന്റെ ആഴം കൂട്ടണം. തണ്ണിച്ചാൽ ചെല്ലിക്കുഴി, കുറ്റിക്കോണം എന്നിവിടങ്ങളിൽ പൊതു കിണർ സ്ഥാപിക്കണം. താന്നിത്തടം ഭാഗത്ത് നിലവിലുള്ള കുളം പുനരുദ്ധരിച്ച് മോട്ടോർ പ്രവർത്തിപ്പിച്ച് വെള്ളം ടാങ്കിൽ ശേഖരിച്ച് വിതരണം ചെയ്യണം. ചെമ്പ്മലയിൽ ഉയർന്ന സ്ഥലത്ത് ടാങ്ക് നിർമ്മിച്ചാൽ മാക്കന്നൂർ, കുമരംപാറ എന്നിവിടങ്ങളിലും കുടിവെള്ളം ലഭിക്കും. ചീയോട് ഭാഗത്ത് പൊതു കിണർ സ്ഥാപിക്കണം.

വാർഡ് 5

മരുത്തക്കോട്, കിഴക്കും പടിഞ്ഞാറും

പൊതു കിണർ സ്ഥാപിച്ച് ടാങ്കിൽ വെള്ളം പമ്പുചെയ്ത് വിതരണം ചെയ്യണം.

വാർഡ് 6

എലിക്കോട്, കുണ്ടയം

പൊതുകിണർസ്ഥാപിച്ച് വെള്ളം ലഭ്യമാക്കണം.

വാർഡ് 7

മുത്തുകുഴി, മുകളുവിള, മതിരംചേരി, കുടകുളം, കടുവാകുഴി, മഞ്ഞമൺകാല

മുത്തുക്കുഴിയിലോ, മഞ്ഞമൺകാല തോട്ടത്തിന്റെ അടിവാരത്തോ വലിയ കുളം കുഴിച്ച് മുകളുവിളഭാഗത്ത് ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പുചെയ്ത് ശേഖരിച്ച് വിതരണം ചെയ്യണം. മതുരം ചേരി, കുടകുളം മുകളുവിള, മങ്കുന്നം എന്നീ സ്ഥാലങ്ങളിൽ പൊതു കിണറുകൾ സ്ഥാപിക്കുക. പണിക്കർ ജംഗ്. കിണറിന്റെ ആഴം കൂട്ടി അടിഭാഗം ഇടിഞ്ഞുകിടക്കുന്നത് കെട്ടിവൃത്തിയാക്കുക. മഞ്ഞമൺകാല ജംഗ്. ൽ നിലവിലുള്ള കിണറിന്റെ ആഴം കൂട്ടുകയും പമ്പുസെറ്റ് ടാങ്ക് എന്നിവ റിപ്പയർചെയ്യുക.

വാർഡ് 8

ചക്കുപാറകോളനി, കുളപ്പുറം, മുട്ടോട്ടുമുകൾ, പാപ്പാരംകോട്

ചക്കുപാറകോളനി, പാറ പ്രദേശമായതിനാൽ വയലരികിൽ വലിയ കുളം നിർമ്മിച്ച് അതിൽ നിന്നും വെള്ളം പമ്പ് ചെയ്ത് ഉയർന്ന പ്രദേശത്ത് ടാങ്കെട്ടി വിതരണംചെയ്യണം. കുളപ്പുറം പാപ്പാരംകോട് എന്നിവിടങ്ങളിൽ പൊതു കിണർ സ്ഥാപിക്കുക. മുട്ടോട്ടുമുകൾ ഭാഗത്തും പൊതു കിണർ സ്ഥാപിക്കുക.

വർഡ് 9

മിച്ചഭൂമി പ്രദേശം

പൊതുകിണർസ്ഥാപിച്ച് പൈപ്പ് സിസ്റ്റം ഏർപ്പെടുത്തുക.

വാർഡ് 10

മൈലാടുംപാറ

താഴ്ന്ന ഭാഗത്ത് വലിയ കിണർ നിർമ്മിച്ച് മോട്ടോർ വച്ച് വെള്ളം പമ്പ് ചെയ്ത് ടാങ്കിൽ ശേഖരിച്ച് വിതരണം ചെയ്യുക.

വാർഡ് 11

കാഞ്ഞിരമല


പുതിയതോപ്പിൽ വലിയ കുളമുണ്ടാക്കി, കാഞ്ഞിരമലയുടെ മുകൾഭാഗത്തേക്ക് പൈപ്പുവഴി വെള്ളമെത്തിച്ച് വിതരണം ചെയ്യുക.

വർഡ് 12

തേക്കുമുകൾ ലക്ഷംവീട് കോളനി, വട്ടേന്തിൽ, മീനാംകോട് മുകൾഭാഗം, കരുനാകോട് മുകൾ ഭാഗം

മീനാങ്കോട് മുകൾ ഭാഗത്ത് കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സ്കീമിൽ നിർമ്മിച്ചിട്ടുള്ളതും ഇപ്പോൾ ഉയോഗ ശൂന്യമായികിടക്കുന്ന കുളം ആഴം കൂട്ടി തേക്കും മുകളിൽ വാട്ടർ ടാങ്ക് നിർമ്മിച്ച് അതിൽ ശേഖരിച്ച് തേക്കും മുകൾ ലക്ഷംവീട് തുടങ്ങിയ സ്ഥലങ്ങളിൽ വെള്ളമെത്തിക്കാൻ കഴിയും. കരുനാവോട് ഭാഗത്ത് പൊതുകിണർ സ്ഥാപിക്കണം.

പഞ്ചായത്തിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി ഇടിഞ്ഞറ ഭാഗത്ത് സ്ഥാപിച്ച പമ്പ് ഹൗസും അവിടെ നിന്നും ഒന്നരകി.മി ദൂരത്തിലുള്ള വാട്ടർ ടാങ്കും പ്രയോജനപ്പെടുത്താൻ വേണ്ടത് ചെയ്യണം.



ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ഈ പഞ്ചായത്തിലെ എല്ലാ ഗ്രാമ സഭകളിലും ഏറ്റവും സജീവമായി ചർച്ച ചെയ്യപ്പെട്ട വിഷയം റോഡു ഗതാഗതവും ഊർജ്ജവുമാണ്. ജീവിതനിലവാരത്തിൽ കഴിഞ്ഞ അരനൂറ്റാണ്ടിൽ ഉണ്ടായ ഉയർച്ച ജനങ്ങളിൽ എല്ലാ വിഭാഗങ്ങളും വാഹനങ്ങളെ യാത്രക്കായി കൂടുതലായി ഉപയോഗിക്കുന്ന സ്ഥിതി വിശേഷം ഉണ്ടാക്കി തീർക്കുകയും സമൂഹത്തിലെ മുകൾത്തട്ടിലെ ഒട്ടനവധി പേർ സ്വന്തമായി ഇരുചക്രവാഹനങ്ങളെങ്കിലും നേടുകയും ചെയ്യുന്നതിന്റെ ഫലമായി റോഡുകളുടെ ആവശ്യകതയും അവയുടെ ഗുണനിലവാരം സംബന്ധിച്ച് നിഷ്കർഷയും സജീവ പരിഗണനയും അർഹിക്കുന്ന വിഷയങ്ങളായി ഭവിച്ചു. പഞ്ചായത്തിനെ സംബന്ധിച്ച് അതിന്റെ ചിലവിനത്തിന്റെ സിംഹഭാഗവും റോഡു വികസനത്തിനു വേണ്ടി നീക്കിവെച്ചു എന്നതും ഒരു വസ്തുതയാണ്. എങ്കിലും ഈ രംഗത്തെ പ്രശ്നങ്ങൾക്ക് ശാശ്വത പരീഹാരം കാണാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഈ പഞ്ചായത്തിലെ I,II,III,V,VIII,XI എന്നീ വാർഡുകളിലെ ഭൂമി താരതമ്യേന നിരപ്പും IV,VI,VII,IX,X,XII എന്നീ വാർഡുകളിലെ ഭൂമി കിഴക്കാം തൂക്കായ കുന്നുകളും ചരിവുകളും ഉള്ളവയുമാണ്. അത്തരം പ്രദേശങ്ങളിൽ റോഡുനിർമ്മാണവും പരിപാലനവും താരതമ്യേന ചിലവേറിയതാണ്. കുന്നിൻ പ്രദേശങ്ങളിലെ മൺറോഡുകൾ ഓരോ മഴയത്തും സൈഡുകൾ ഇടിഞ്ഞു വീണ് ഓടകൾ നികഴ്ന്ന് വലിയ ചാലുകൾ ഉണ്ടായി ഗതാഗതം ദുസാധ്യമായി കിടക്കുന്ന ദയനീയമായ കാഴ്ച ഈ പഞ്ചായത്തിലെ മേൽപ്പറഞ്ഞ വാർഡുകളിൽ സുലഭമാണ്. ഇവക്ക് അടിയന്തിര പരിഹാരം കാണണമെന്ന് മുറവിളി സ്വഭാവികം മാത്രമാണ്. അവ ഒരു പരിധിവരെയെങ്കിലും പരിഹരിക്കാതെ ഭരണകർത്താക്കൾക്ക് സുഗമമായി ഭരണം നടത്തിക്കൊണ്ടു പോകാൻ സാധ്യമല്ല. അതിനാൽ അത്തരം റോഡുകളെ മുൻഗണനാ ക്രമത്തിൻ ഗതാഗത യോഗ്യമാക്കുന്നതിനുള്ള സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണം.

തമിഴ്നാടിനെ കേരളവുമായി ബന്ധിപ്പിക്കുന്ന ഒരു പാതയായ ആര്യങ്കാവ് പാതയിൽക്കൂടി വരുന്ന കൊല്ലം, ചെങ്കോട്ട റോഡ് എന്ന സുപ്രധാന സംസ്ഥാനനന്തര റോഡു ഇളമ്പൽ സ്വാഗതംമുക്ക് മുതൽ കുന്നിക്കോട് പച്ചിലവളവ് വരെ 7കി.മി ദൂരം ഈ പഞ്ചായത്തിൽ കൂടി കടന്നു പോകുന്നു. വിളക്കുടി ഭാഗത്തും കോട്ടവട്ടം ജംഗ്ഷനടുത്തും ഈ റോഡിലുണ്ടായിരുന്ന കൊടും വളവുകൾ ഒഴിവാക്കി റോഡുനേരെയാക്കിയിട്ട് ഇരുപത്തോഞ്ചോളം വർഷമായി. ജലം കൊണ്ടു പോകുന്നതിനുള്ള മൺപൈപ്പുകളും, ടെലിഫോൺ കേബിളുകളും സ്ഥാപിക്കുന്നതിന് റോഡിന്റെ വശങ്ങൾ കുഴിക്കുന്നതും ശരിയായി കുഴികൾ മൂടാതെയിടുന്നതും ഈ റോഡു വഴിയുള്ള ഗതാഗതത്തിനെ പലപ്പോഴും ബാധിച്ചു കാണാറുണ്ട്.

ഈപഞ്ചായത്തിലെ റോഡുകളുടെ വിവരം പഞ്ചായത്ത് രേഖകൾ പ്രകാരം വാർഡ് തിരിച്ച് താഴെ കൊടുക്കുന്നു

അനുബന്ധം I

വാർഡ് നമ്പർ	ടാർ ചെയ്ത റോഡ് എണ്ണം-കി.മി		മെറ്റൽ റോഡ് എണ്ണം-കി.മി		മൺ റോഡ് എണ്ണം കി.മി				
I	3	1.955			26	18.055			
II	1	0.290			17	5.460			
III	3	1.987			15	10.526			
IV	1	1.500			27	20.457			
V					34	16.200			
VI	2	1.700			24	12..130			
VII	2	2.000			17	11.600			
VIII	1	1.800			30	13.820			
IX			1	2.400	29	13.280			
X					26	10.290			
XI			1	1.300	14	4.850			
XII			1	0.547	24	10.860			
TOTAL		11.232		4.247		147.528			

പഞ്ചായത്തിലെ 12 വാർഡുകളിലെയും നിലവിലുള്ള റോഡുകളിലെ ലിസ്റ്റ്, നീളം, വീതി ടാറിട്ടത് മെറ്റൽ ചെയ്തത്, മൺറോഡ് എന്ന തരം തിരിവോടെ അനുബന്ധമായി ചേർത്തിരിക്കുന്നു. പഞ്ചായത്തിലാകെ 163കി.മി റോഡുണ്ടെങ്കിലും ടാർ ചെയ്തവും മെറ്റൽ ചെയ്തവും ഉൾപ്പെടെ ഉദ്ദേശം 60കി.മി റോഡുമാത്രമേ പൂർണ്ണമായും ഗതാഗതയോഗ്യമായിട്ടുള്ളു. പഞ്ചായത്തിന്റെ ആകെ വിസ്തൃതയായി 27.43 സ്കയർ കി.മീ.ന് ഈ കണക്കു വച്ച് 2.79 കി.മി./ ച.കി.മി. റോഡുമത്രമേ പഞ്ചായത്തിനുള്ളു. ഇത് സംസ്ഥാന ശരാശരിയായ 3.2 കി.മി /ച.കി.മി. ൽ നിന്നും വളരെ താഴെയാണ്. പഞ്ചായത്തിന്റെ മൊത്തം ജനസംഖ്യയും ടാർ ചെയ്ത റോഡിന്റെ നീളവും കണക്കിലെടുക്കുമ്പോൾ ഒരാൾക്ക് 37 സെന്റീമീറ്റർ റോഡു മാത്രമേ ഉള്ളു.

പഞ്ചായത്തിൽ പുതുതായി നിർമ്മിക്കേണ്ട റോഡുകളുടെ ലിസ്റ്റ് പ്രത്യേകമായി എടുത്തിട്ടില്ല. നിലവിലുള്ള മൺറോഡുകളുടെ ശോച്യാവസ്ഥ പരിഹരിച്ച് അവ മെറ്റൽ ചെയ്ത് ടാറിട്ട് സഞ്ചാരയോഗ്യമാക്കണം. 8 മി.വീതിയുള്ള മൺറോഡുകൾ ഏറ്റവും അടിയന്തിരമായി മെറ്റൽ ചെയത് ടാറിടണം. ഓരോ വാർഡിലും അപ്രകാരം ചെയ്യേണ്ട റോഡുകളുടെ മുൻഗണന റോഡു ലിസ്റ്റ് അനുബന്ധത്തിൽ കോഡു നമ്പർ സഹിതം ചേർത്തിരിക്കുന്നു. ഈ കോഡിന്റെ ആദ്യ രണ്ടക്കങ്ങൾ വാർഡ് നമ്പറിനെയും തുടർന്ന് വരുന്ന രണ്ടക്കങ്ങൾ റോഡിലുള്ള ക്രമനമ്പറിനെയും മുൻഗണനയെയും സൂചിപ്പിക്കുന്നു. ഈ റോഡുകളെല്ലാം ഗതാഗതയോഗ്യമാക്കേണ്ടത് പഞ്ചായത്തിന്റെ വികസനത്തിന് അത്യന്താപേക്ഷിതമാണ്. ഗ്രാമസഭകളിലെ നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും നിലവിലുള്ള മൺറോഡുകളുടെ ശോചനീയാവസ്ഥയും ചൂണ്ടിക്കാട്ടി, പൊടിപ്പൊളിഞ്ഞ് താറുമാ

റായിക്കിടക്കുന്ന റോഡുകൾ അറ്റകുറ്റപ്പണി ചെയ്ത് ഗതാഗതയോഗ്യമാക്കിത്തീർക്കണമെന്നാണ്.

അനുബന്ധം 2

വാർഡ്	റോഡിന്റെ പേര്	ദൂരം	വീതി	ടാറിട്ടത്	ടാറിടാത്തത്
0101	കുന്നിക്കോട് മാർക്കറ്റ് Jn-QS റോഡ്	0.030	8	✓	
0102	S.G.N ഫാക്ടറി-കുന്നിക്കോട് പട്ടാഴി റോഡ്	0.425	8	✓	
0103	കുന്നിക്കോട് പട്ടാഴി-പതിനെട്ടാം പടി റോഡ്	1.500	8	✓	
0104	ലൈലാമൻസിൽ Jn--പഞ്ചായത്ത് അതിർത്തി റോഡ്	1.500	4		
0105	കുന്നിക്കോട്-പട്ടാഴിറോഡിൽ നിന്നും കാട്ടുമങ്കൽ-പട്ടാഴിറോഡ്	0.450	4		
0106	തുണ്ടയുംവാതുക്കൽ-പട്ടാഴിറോഡ്	0450		4.5	
0107	കാര്യാട്ടു വാതുക്കൽ നിന്നും -കാക്കാണിക്കൽ ഏലാ	0.300	4		
0108	തുണ്ടയും വാതുക്കൽ-പുന്നിലേത്ത്	0.300	3		
0109	കാവൽപ്പുര കോടിയാട്ട്	1.500	3.5		
0110	തൈയ്യിലഴികം ജംഗ് -മാങ്കുളം	1	6		
0111	പട്ടാഴിറോഡ് മാക്കുളം ജംഗ്. ചാമലക്കുന്നു നടുത്തേരി	1.500	4.5		
0112	മുളയിൽപ്പാറ ജംഗ്-വല്യപാറക്കുഴി	0.800	5		
0113	കുന്നിക്കോട് റോമാപ്പള്ളി ജംഗ് പഞ്ചായത്തുത്തി.	0.250	4		
0114	കുന്നിക്കോട് പട്ടാഴിറോഡ് തട്ടിട്ടുഴികംവാതുക്കൽ	0.750	3		
0115	കുന്നിക്കോടുയാക്കോബാപള്ളി കിളിയം കോട്ടു ഏല	0.350	4		
0116	ആവണീശ്വരം-കിടങ്ങേതിൽക്ഷേത്രം	1.135	3		
0117	സി.എസ്.ഐ പള്ളി-ആവണീശ്വരം	0.455	4		
0118	കരമേൽവാതുക്കൽ-സിയഎസ്യൈ പള്ളി	0.700	4		
0119	കുന്നിക്കോട്-പത്തനാപുരംറോഡ് കീഴേലഴികടവാതുക്കൽ	0.550	5		

0120	കുന്നിക്കോടുപട്ടാഴിറോഡ് പുതിയിടത്ത് ഏല	0.100	4.5
1014	കുന്നിക്കോട് പത്തനാപുരം കീവേലഴികം-വലിയതോട്ട്	1	3
0122	ലൈലാമൻസിൽ-കല്ലൂർക്കോണം ഏല	0.550	4
0123	പട്ടാഴിറോഡ്-തട്ടിട്ടഴികം ഏലം	0.850	4
0124	പാൽസൊസൈറ്റി-കുന്നിക്കോടു പട്ടാഴി	0540	4
0125	ചിറയിൽമുക്കു-പഞ്ചായത്തുതൃത്തി	1.400	3
0126	എസ്. ജി. എൻ. ഫാക്ടറി-മുള്ളിക്കാല	0.260	4
0127	സി. എസ്. ഐ പള്ളി-കുരാംകോട് കുളമൂടി	0.550	3
0128	കൊപ്പാറക്കുന്നു-കാരോട്ടുവീട്	0.300	3
0129	പഞ്ചായത്ത് അതൃത്തി-മിയാത്തിൻകുന്ന്	0.300	4
0201	കുന്നിക്കോട്-കോടിയാട്ടുജംഗ് ചെങ്ങമനാട് ഐ.റ്റി.ഐ റോഡ്	1.150	7
0202	മീയാത്തിൻകുന്നു ഓർത്തഡോക്സ് പള്ളി കനാൽവഴി കുരാംകോട്	0.200	3
0203	കുന്നിക്കോട്തൈക്കാവ് ജംഗ്. വെള്ളടി ഏലാ	0.350	4
0204	ഇ. എസ്. ഐ ആശുപത്രിമുതൽ വെള്ളടിഏലാ	0.315	3.5
0205	ശ്രീനാരായണമംഗലം-കുരാംകോട്ട്	0.800	3.6
0206	കുന്നിക്കോട് ക്യൂസ് റോഡിൽനിന്നും മാർക്കറ്റു വഴി പി. എച്ച് സെന്റർ വരെയും കുന്നിക്കോട് ഏലാവരെയുള്ളത്	0.510	4
0207	ക്യൂസ് റോഡിൽനിന്നും പി.എച്ച് സെന്ററിലേക്കുള്ള റോഡ്	0.100	6
0206	ക്യൂസ് റോഡിൽനിന്നും ബ്രദേഴ്സ് ഇൻഡസ്ട്രീയൽ വഴി വെള്ളടി ഏലാറോഡ്	0.100	3.5
0209	ക്യൂസ് റോഡിൽ നിന്നും കുന്നിക്കോട് ഏലാ യിൽ ഇറങ്ങുന്ന റോഡ്	0.360	4

A206
KERALA INSTITUTE OF LOCAL ADMIN
LIBRARY
THRISSUR-680

0210	പുളിമുക്കിൽ നിന്നും വയൽവഴി കൂരംകോട്	0.540	6
0211	കിളിയാം കോട് ഏലാ മോട്ടയിൽ ഭാഗത്തുകൂടി വെളളടി ഏലാ റോഡ്	0.250	4
0212	ശ്രീനാരായണ മന്ദിരം പണയിൽവീടുവരെ കൂരാംകോട് റോഡ്	0.075	3
0213	മിയാത്തും കുന്ന്-കുഴിവിള വഴി വെളളടി ഏലാ	0.200	5
0214	കൂരാംകോട്ട്കോടിയാട്ട് റോഡിൽനിന്നും കുഴിവിളഭാഗത്തുകൂടി വെളളടി ഏലാ റോഡ്	0.150	3.5
0215	പട്ടാഴിറോഡിൽ നിന്നും പുതിയിടത്ത് ഏലാ യിലിറങ്ങുന്ന റോഡ്	0.075	3
0216	മിയാത്തും കുന്നിൽ നിന്നും കൂരാംകോട്ട് റോഡി ലിറങ്ങുന്ന ക്രോസ് റോഡ്	0.150	3
0217	കിളിയാംകോട്ട് മുകൾഭാഗത്തുകൂടി കൂരാംകോട്ട് കോളനി റോഡ്	500	4
0218	കുന്നിക്കോട് തൈക്കാവ് ജംഗ്. പുളിമുക്ക്	0.290	4
0219	കുന്നിക്കോട് എൽ.പിഎസ് പുതിയിടത്ത് ഭാഗം	0.200	3
0301	ആവണീശ്വരം - പുളിമുക്ക് മേലില	0.537	8
0302	പുളിമുക്ക് മേലില	0.250	8
0303	ശാസ്ത്രജംഗ്. കിണറ്റിൻകര	1.200	8
0.304	ആവണഇശ്വരം പുളിമുക്ക് പച്ചില	0.581	3.5
0305	പച്ചില വളവ് പച്ചിലകുന്ന്	0.536	5
0.306	ചൂരെലക്കുഴി മേലില	0.870	6.5
0307	കണ്ണങ്കര കുഴിവേലിൽ തോട്	0.095	7.5
0.308	മഹാദേവർക്ഷേത്രം വലിയവിള	0.160	4.5
0.309	മണ്ണൂർവാതുക്കൽ മഹാദേവർക്ഷേത്രം	0.120	4
0.310	പുളിമുക്ക് കുഴിവേലിൽ ഏലാ	0.234	4
0.311	എലവുംകുഴി ആവുക്കോണം	0.125	3
0.312	S V C ഫാക്ടറി ആവണീശ്വരം പബ്ളിക്ക് ലൈബ്രറി	1.165	5.3

0.313	മാവൂർ ആവുക്കോണം	0.335	3.42
0.314	മുരുക്കും കുഴി പറയൻകോട്	0510	3.7
0.315	പബ്ലിക്ക് ലൈബ്രറി- കല്ലുമ്പുറത്ത്	0220	3.7
0.316	തേക്കും മുകൾ -മുരുക്കും കുഴി	0200	5.3
0.317	മുരുക്കും കുഴി- ചാപ്പാക്കോട്	1.000	5
0.318	മുരുക്കും കുഴി -മച്ചിനാം കോണം	1.000	4
0401	ആവണീശ്വരം -കുറ്റിക്കോണം	1.500	8
0402	കുറ്റിക്കോണം- ചാപ്പാക്കോട്	0.850	8
0403	ചീയോട് റീത്തുപള്ളി മുത്താൻകാവ് കണിയാൻകോട് ഏല	0.100	7
0404	കുറ്റിക്കോണം ചീയോട് ഏല	0850	3.2
0405	മാക്കുന്നൂർ പള്ളി ചീയോട് ഏലാ	0.917	3
0406	കുമരംപാര എള്ളുവിള കടശ്ശേരി കുരിശ്ശടി	1.500	6
0407	കുമരംപാറ തെക്കുവശം -താന്നിത്തടം	1.250	8
0408	പ്ലാവിളമുക്കു മനക്കര ഏല	0700	4
0409	കോട്ടവട്ടം റോഡ് മനക്കര ഏല	1000	4
0410	കോട്ടവട്ടം റോഡമുതിരവിളപ്പടി-കോലിയാക്കോട് ഏലാ	0.700	3
0411	കോട്ടവട്ടം റോഡ് കളീലുവാതുക്കൽ	0.500	4
0412	ചീയേട്- കൊട്ടക്കാട് വാതുക്കൽ	1.000	6
0413	ചീയോട് ആനന്ദഭവനം വാതുക്കൽ	0.500	6
0414	കൈതളാവിൽ ഏലാ - ഒലപ്പയിൽ ഏലാ	0.500	7
0415	മരങ്ങാട് - ചെമ്പുമല - താന്നിതടം	0.500	6
0416	കടശ്ശേരിമുക്കു - മീന്തലോട് ഏല	0.720	7.5
0417	മുരുക്കും കുഴി ചാപ്പഓട് റോഡ്	0.340	3
0418	കുമരം പാറ - ചെമ്പുമല - ചീയോട് മല	1.000	6
0419	കുറ്റിക്കോണം റീത്ത് പള്ളി കണിയാൻകോണം ഏല	1.000	6
0420	കുറ്റിക്കോണം റോഡ് ചീയോട് ഏല	0.800	3

0421	കുറ്റിക്കോണം, വള്ളിയഴികം, ആവണീശ്വരം മുരുക്കും കുഴി മോന്തൻകോട് ഹരിജൻ കോളനി	1.500	6
0422	ചീയോട് കൈതളാവിൽ റോഡ്- ചെപ്രക്കുന്നുമുതൽ ചീയോട് റോഡ് വരെ	0500	5
0423	മരങ്ങാട്ട് കരയോഗമന്ദിരം വാര്യാട് വാതുക്കൽ	0500	5
0424	ഇലയിട വീട് താന്നത്തടം കോളനി	0 500	5
0425	കേസരിവാതുക്കൽ മാക്കന്നൂർ കോട്ടവട്ടം റോഡ്	0 500	3
0426	ക്യൂസ് റോഡ് കോട്ടവട്ടം ജം. ഫിലിപ്പ് വാതുക്കൽ	0 080	3
0427	മനക്കര ചർച്ചിന്റെ കിഴക്കുവശം പഞ്ചായത്തു കിണർവഴി മനക്കര റോഡ് വരെ	0 500	3
0428	കടശ്ശേരി ജംഗ്. തേക്കും വീട്ടു പടി ചെമ്പുമല	0 900	3.5
0501	കൊട്ടായ്ക്കാട് - ചീയോട്	1.600	4
0502	വരിഞ്ഞത്തു -മാടപ്പാറ	0.600	4
0503	വരിഞ്ഞത്തു -ഇറച്ചിക്കോണം	0.175	5
0504	മുടപ്പനം പള്ളി കുര്യണി ഏല	0420	4
0505	കുറിഞ്ഞിത്തടി വാതുക്കൽ കളീലിൽ വാതുക്കൽ ഏല	0400	4
0506	കടശ്ശേരി ചെമ്പുമല അടവുക്കുഴി	1.500	3
0507	ക്യൂഎസ് റോഡ് കൊട്ടക്കാട് വാതുക്കൽ	0385	5
0508	ഇളമ്പൽ ജംഗ്. മാടപ്പാറ	0600	4.5
0509	ക്യൂഎസ് റോഡ് വില്ലേജോഫീസ് അമ്പലംപുറം ഏല	0190	5
0510	കരിയ്ക്കത്തിൽ വാതുക്കൽ കുമരം പാറ	2000	3
0511	ഇളമ്പൽ കാഷ്യൂ ഫാക്ടറി മരങ്ങാട്	0750	3
0512	മുൻസിപ്പൽ റോഡ് ശവക്കോട്ട മുൻ വശം വഴി ചൂട്ടറ മുക്ക് വാട്ടർ അതോറിറ്റി കാഷ്യൂ ഫാക്ടറി	0500	3

0513	ഇളമ്പൽ നരിക്കൽ റോഡിൽ നിന്ന് മീന്തലോട്ട് – കടശ്ശേരി	0720	7
0514	ഇളമ്പൽ നരിക്കൽ റോഡിൽ നിന്നും ആനക്കോട് ഏലാ	0250	3
0515	ഇളമ്പൽ യു.പി.എസ് കൂടിയത്തുർ കല പണവൂർ വിള കടശ്ശേരി നരിക്കൽ റോഡ്	0500	4
0516	ക്യൂഎസ് റോഡിൽ നിന്നും ഇറച്ചി ക്കോണം ഏല വരെ	0300	4
0517	ഇളമ്പൽ നരിക്കൽ റോഡിൽ ആനക്കോട്ട് ഏല	0500	4
0518	ചെറുവണം കോട് മുത്താംകാവ്	0300	3
0519	CSI –മാടപ്പാറ	0120	3
0520	ക്യൂഎസ് റോഡ് തോണിപ്പാറ മാടപ്പാറ	0120	3
0521	മാടപ്പാറ വാതുക്കൽ പുത്തൻപുറ പടിഞ്ഞാറ്	0180	3
0522	മാടപ്പാറ റോഡിൽനിന്നും ഫിലോമിന യുടെ റോഡ്വഴി ഇറച്ചിക്കോണം ഏല	0120	3
0523	കണ്ണങ്കര പുരയിടം –മാടപ്പാറ	0120	3
0524	മാടപ്പാറ രാജിഭവൻ – ഇറച്ചിക്കോണം	0200	3
0525	ഇളമ്പൽ റൈസ് മിൽ – കല്പാല ത്തങ്കൽ ഏല	0400	3
0526	ഇളമ്പൽ സൊസൈറ്റി മുക്ക് –കുറിച്ച തടി – കരിങ്കോട്ട് ഏല	0400	3
0527	ആരംപുന്നമുൻസിപ്പൽ റോഡ് മരുത്ത ങ്ങാട് ഏല	0250	3
0528	വളളിക്കാവിൻ – കട്ടിയന്നൂർ	0200	3
0529	ചിന്നലോട്ട് കോരുതുവാർ മുക്ക്– ഒലപ്പ യിൽമുക്ക് ഏല	0300	4

0530	പൊരുന്നലോട്ട് - മീന്തലോട്ട് ഹരിജൻ കോളനി	0150	3
0531	കണ്ണങ്കര വീട് -തേക്കുവിള- വലിയവീട് സൊസൈറ്റിമുക്ക് - കരങ്കോട്ട് ഏല	0150	3
0532	കരിങ്ങോട്ട് ഒലപ്പയിൽ	0200	3
0533	കട്ടിയന്തൂർകുളം - നരിക്കൽ റോഡ് വരെ	0300	5
0534	ആരമ്പുന്നമുക്ക് -ശവക്കോട്ട-വരെ (ഏലാ വഴി)	0300	3
0535	ഇളമ്പൽ മാർക്കറ്റ് വശത്തുകൂടി ഏലായിലേക്ക്	0300	6
0601	വളളിക്കാവ് - എലിക്കോട്	0800	8
0602	കടശ്ശേരി -കുരിശ്ശിളം - താന്നിത്തടം	0900	8
0603	തിരുവഴി ജംഗ്. പെരിങ്ങോട്ട് വഴി ചെമ്മന്തൂർ ക്യൂഎസ് റോഡ്	2000	6
0604	തിരുവഴി പെരുങ്ങോട്ട് റോഡ് - ലക്ഷം വീട്	0300	4
0605	തിരുവഴി പെരുങ്ങോട്ട് കൊച്ചുവിള റോഡ് മൈലാട്ടം ചിറവഴി പാലോട്ട് ഏല	0600	4
0606	തിരുവഴി തെക്കെമുക്ക് -കുഴിമാന്തടം നരിക്കൽ റോഡ്	0800	4
0607	ഇളമ്പൽ നരിക്കൽ വളളിക്കാട് ജംഗ്. കുഴി മാന്തടം	0300	5
0608	വളളിക്കാട് പടിഞ്ഞാറ് ജം.ഗ്. കട്ടിയന്തൂർ ഏല	0400	3
0609	ഇളമ്പൽ നരിക്കൽറോഡ് കുണ്ടയം ഏല	0500	3
0610	അരിവിനാട് ജംഗ്. കടശ്ശേരി ഏല	0500	3

0611	ഇളമ്പൽ പെരിങ്കാട്ട വിള ജംഗ്. വാഴോട്ട് ഏല	0210	3	
0612	കടശ്ശേര് ജംഗ്. കൊച്ചുപെരുന്നൽ വയൽ	0850	3	
0613	തിരുവഴി പെരിങ്ങോട് ജം. കൊച്ചു വിള ജംഗ്.	0100	3	
0614	തിരുവഴി പെരിങ്ങോട്ട് ലക്ഷംവീട് കാമ്പൗണ്ട്	0120	3	
0615	ഇളമ്പൽ നരിക്കൽ കാഷ്യൂ ഫാക്ടറി ചന്ദനപ്പുറം ഏല	0400	4	
0616	തിരുവഴി CSI പള്ളി വഴി ചന്ദനപ്പുറം ഏല	0400	4	
0617	വിളയിൽ ജം.വരാലയിൽ വഴി പെരിങ്കോട്ട് കൃഷ്ണവിലാസം വാതുക്കൽ	0210	6	
0618	റേഡിയോ കിയോസ്ക് എരുമപ്പെട്ടി ഏല	0700	3	
0619	മാർത്തോമ്മാ ചർച്ച് സെമിത്തേരി വല്യാടൻ വഴി - ഏല	1.000	3	
0620	എലിക്കോട് ജംഗ്.- ഉരിക്കോട് ജംഗ്.	0700	3	
0621	ഇളമ്പൽ നരിക്കൽ റോഡ് - ക്ലാവോട് പടിഞ്ഞാറ് -കുണ്ടയം ഏല	0200	4	
0622	ഇളമ്പൽ നരിക്കൽ കുഞ്ഞൻപാപ്പിത്തോട്ടം മരങ്ങാട് ഏല	0150	3	
0623	എലിക്കോട് മാർത്തോമ്മാ പള്ളി -സെമി ത്തേരി - എലിക്കോട് റോഡ്	0.710	3	
0624	കുണ്ടയം തിരുവഴി	1.000	4	
0625	എലിക്കോട് തിരുവഴി റോഡ് കൊട്ടുങ്കട ഏലാ വഴി കണ്ണംമ്പള്ളി- കരിക്കംവഴി -എലിക്കോട് റോഡ്	0800	3	
0626	എലിക്കോട് -കണ്ണമ്പള്ളി തോട്ടം	0180	3	
0701	മഞ്ഞമൺകാലാ - ചെമ്മന്തൂർ	1.000	8	✓
0702	മങ്കുന്നം - മഞ്ഞമൺകാലാ	1.000	8	✓

0703	മുറിഞ്ഞ കലുങ്കു – മഞ്ഞമൺകാലാ ഉറിക്കോട്	1.100	8
0704	ചെമ്മന്തൂർ മഞ്ഞമൺകാലാ റോഡ് – കടുവാക്കുഴി എസ്റ്റേറ്റിനു തെക്കു വശത്തു കൂടി – തെന്നപ്പുറം	0.800	3
0705	പുന്നാര ജം. – എരുമപ്പെട്ടി ഏലാ	0310	8
0706	പണിക്കർമുക്ക് പ്ലാത്തറക്ഷേത്രം ഗുരുമന്ദിരം വഴി മാങ്കുന്നം റോഡ്	1.600	6
0707	പ്ലാത്തറ ഏലാ – മുറിഞ്ഞ കലുങ്ക്	1.000	3
0708	പണിക്കർമുക്ക് – മാടപ്പാറ–മുറിഞ്ഞകലുങ്ക്	0.800	4
0709	കുരിശ്ശടി ജം – LIC Joseph വീട്ടുപടി കടുവാക്കുഴി	1.000	4
0710	ഉരിക്കോട് – ഭാനുവിലാസം – ചെമ്മന്തൂർ ഏല	1.000	3
0711	മഞ്ഞമൺകാലാ– കടുവാക്കുഴി	0.900	3
0712	പ്ലാത്തറക്ഷേത്രം മുത്തുക്കുഴി മുകളുവിള	0.630	5
0713	എലിക്കോട് –മങ്കുന്നം –മഞ്ഞമൺകാലാ	0250	8
0714	വളളിക്കവ്– മഞ്ഞമൺകാല റോഡ് പച്ചയിൽ ജംഗ്.മയിലാടുംകുഴി വഴി റേഡിയോ ക്യൂയോക്സ്	0.600	4
0715	തെന്നൂപ്പുറം കടുവാക്കുഴി റോഡ്– മഞ്ഞമൺകാലാ റീത്തുപളളി താഴെവരെ	0300	4
0716	കുടകുളം – മദിരംചേരി കടുവാക്കുഴി	0600	4
0717	നിരപ്പിൻഭാഗം – കടുവാക്കുഴി– പുത്തയം	0.300	3
0718	എലിക്കോട്– ഉറിക്കോട്	0.500	3
0719	കോളേജ് വാർഡ് മുൻസിപ്പാലിറ്റി പുത്തയം വരെ നിർമ്മിച്ച റോഡിൽ നിന്നും തെന്നപ്പുറം വരെ	0.100	3
0801	വിളക്കുടി LPS – ആവണീശ്വരം റെയിൽവേസ്റ്റേഷൻ	1.800	8

0802	ക്യൂഎസ് റോഡ് - വിളക്കുടി തലവൂർ റോഡ്	0300	3.5
0803	വിളക്കുടി- കുളപ്പുറം	1.400	6.0
0804	വിളക്കുടി -കുളപ്പുറം - വെള്ളംകോണം	0.200	3.5
0805	വിളക്കുടി LPS - ആവണീശ്വരം RS (പള്ളിച്ചിറ വഴി)	0.400	3.5
0806	വിളക്കുടി - തലവൂർ	1.700	8
0807	പള്ളിച്ചിറ - കുളപ്പുറം	0.500	4
0808	QS Road - വിളക്കുടി തലവൂർ റോഡ് NSS -കരയോഗമന്ദിരം	0080	5
0809	QS റോഡ് വിളക്കുടി തലവൂർ റോഡ് കൊപ്പാറ വാതുക്കൽ	0.080	5
0810	QS റോഡ് -നീലാം കോയിക്കൽ വാതുക്കൽ	0.080	4
0811	ചക്കുപാറ - മുള്ളുർ ഏല	0.200	3.5
0812	കുളപ്പുറം റോഡ്- മുള്ളുർ ഏല	0.100	3.5
0813	QS റോഡിൽനിന്നും വിളക്കുടി ത ലവൂർ റോഡ് -മാമൂട്ടിൽവാതുക്കൽ	10160	4
0814	വിളക്കുടി തലവൂർ റോഡ് - നെട്ടൂർ ഏല	0150	3.5
0815	ആവണീശ്വരം RS -നെട്ടൂർ ഏല	0200	3.5
0816	വിളക്കുടി HS ജം.- വെള്ളംകോണം	0050	3.5
0817	പാപ്പനം കോട്ട- ചക്കുപാറ	1.500	4
0818	MM HS ജം. -വെള്ളംകോണം ഏല	0050	3.5
0819	മുത്തോട്ട് ഏല - കുറുമ്പിക്കോട് ജം.	0450	4
0820	കമലവിലാസം വാതുക്കൽ-വെള്ളക്കോണം ഏലയിൽ ഇറങ്ങുന്ന റോഡിൽ മുട്ടോട്ട് ഏല	0080	3.5
0821	കുളപ്പുറം റോഡിൽ മുളക്കൽ വാതുക്കൽ വെള്ളക്കോണം ഏല	0270	4
0822	മുള്ളുവയൽ - ചക്കുപാറ	0710	4

0823	വിളക്കുടി - തലവൂർ റോഡിൽ-നെട്ടൂർ ഏല	0205	3.5
0824	ആവണീശ്വരം - വിളക്കുടി LPS പള്ളി ച്ചിറ വഴി RS	0.350	4
0825	പാലശ്ശേരി മൂക്ക്- മുത്തോട് ഏല	0550	3.5
0826	വിളക്കുടി - തലവൂർ റോഡിൽ-നെട്ടൂർ ഏല	0550	4
0827	വലിയഴികത്തു വാതുക്കൽ-മുള്ളൂർ ഏല	0240	3.5
0828	മുള്ളൂർ ഏല- ചക്കുപാറ	0375	3.5
0829	QS റോഡ് പഞ്ചായത്താഫീസ്	0.050	5
0830	കമലവിലാസം - വെള്ളാക്കോണം ഏലാ റോഡ്	0.900	4
0831	കമലവിലാസം വെള്ളാക്കോണം റോഡ്- ഇടയ്ക്കോട് ഏല	1.050	4
0901	വിളക്കുടn LPS -മണ്ണാംകുഴി	2.400	7.5
0902	പുതുശ്ശേരി -തെങ്ങുംതറ മല	0.800	3.5
0903	വരിക്കോൽ- വെള്ളംകൊള്ളി ഏല	0.400	4.0
0904	പട്ടാണി വിള - പാപ്പനം കോട്	0.400	3.5
0905	ബാലവാടി -വെള്ളംകെട്ടി ഏല	0600	3.5
0906	മണ്ണാം കുഴി വെള്ളംകൊള്ളി ഏലാ	0.150	3.5
0907	കാര്യറ LPS അമ്പലം	0.500	3.5
0908	അമ്പലം മണ്ണാന്റഴികം	1.200	4.5
0909	മണ്ണാന്റഴികം - പനമ്പറ്റ	1.200	4.5
0910	പനമ്പറ്റ- പാറ്റൂർ ഏല	0.100	3.5
0911	പനമ്പറ്റ റോഡ് - പാറ്റൂർ ഏല കിഴക്ക്	0100	3.5
0912	കാര്യറ -പനമ്പറ്റ റോഡ് അമ്പലം വാതുക്കൽ വഴി പനങ്കുന്ന് ഏല	1.150	3.5
0913	അമ്പലം റെയിൽവെ	0.150	3.5

0914	ചിത്രപുരി റോഡ്	0.800	5.5
0915	പറയരു വിള ജം.- കറുമ്പിക്കോട്	0200	4
0916	വിളക്കുടി ആരംപുന്ന മുൻസിപ്പൽ റോഡ് അറപ്പുരവഴി പാപ്പാരംകോട്	0.300	4
0917	പുതുവശ്ശേരി -പടിഞ്ഞാറ് റെയിൽവേ	0.100	4
0918	മുനി:അത്യത്തി പാണ്ടളം ഏല	0.500	4
0919	പാപ്പാരംകോട് ജം. പാണ്ടളം ഏല	0.200	3.5
0920	വരിക്കോൽ ജം. -വെള്ളംകൊള്ളി ഏല	0.320	3.5
0921	വരിക്കോൽ വെള്ളംകൊള്ളി ഏല വഴി കാര്യറ	0.570	3.5
0922	കുറുമ്പിക്കോട് -വടക്കോട റെയിൽവേ ജം.	0.150	3.5
0923	മിച്ചഭൂമി-മുനി: ബൗണ്ടറി	0.800	4.0
0924	പാപ്പരംകോട് പനങ്കുന്ന്	1.400	4
0925	ഇടക്കുന്ന് -കുറുമ്പിക്കോട്	0.350	4
0926	ഇടപ്പുര വാതുക്കൽ -കുറുമ്പിക്കോട് റോഡ് ഏല വരെ	0.450	3.5
0927	വരിക്കോലിൽമുക്ക്-മണ്ണാക്കുഴി റോഡ് തെക്കോട്ട് ഏലായിൽ വരെ	0.590	3.5
0928	മണ്ണാങ്കുഴി ഏല- പാണ്ടളം ഏല	0.100	3.5
0929	S.N ജം. -കാമന്തൂർ ഏല	0.200	3.5
0930	വടക്കേവിള ജം. കാമന്തൂർ ജം.	0.200	3.5
1001	കാഞ്ഞിരംവിള ജം. മുങ്ങോട്ട്ഏല	0230	3.5
1002	കാര്യറ പുളിമുക്ക് - കിഴക്കോട്ട് ദർഭയിൽ	1.600	6
1003	കാഞ്ഞിരംവിള ജം. കൈതോട് ഏല	0.130	3.5
1004	പനമൂട്ടിൽ ജം. കുര്യോട്ട് ഏല	0400	3
	കാര്യറ പളളിമുക്ക് മുതൽ പുതിയ തോപ്പ് ജം.	1.300	0.6
1005	കാര്യറ താവളം ജം. റയിൽവേ ലൈൻ	0430	4.5
1006	RBM UPS -തെക്കോട്ട്- ഏലാവരെ	0.320	4.5
1007	RBM UPS വടക്കോട്ട് ഏലാവരെ	0.086	3
1008	പുനലൂർ പനമ്പറ്റ റോഡിൽ നിന്നും വടക്കോട്ട് ഉള്ള റോഡ് 1.	0.086	3
1009	2.	0.090	3

1010	3.	0.100	3
1011	താവളം ജം. -P.V Jn..	1.300	6.5
1012	P.V ജം. മൈലാടും പാറ	1.350	6.5
1013	കാര്യര റബ്ബർ എസ്റ്റേറ്റ് - പഞ്ചായത്തത്തി	0600	6.5
1014	P.V -Jn. താവളം കടമത്തൂർ ഏല	0079	3
1015	താവളം ജം. തോണ്ടലിൽ വാതുക്കൽ	0250	3.5
1016	ചെട്ടിയാരഴികം വാതുക്കൽ തെക്കോട്ട് റെയിൽവേ റോഡിലേക്ക്.	0050	3.5
1017	കുളത്തോട്ടുവാതുക്കൽ - കുര്യോട് ഏല	0125	3
1018	ഇറയിൽ വയൽ- മേക്കൂട്ട് വാതുക്കൽ	0200	3.5
1019	കാഞ്ഞരം വിള- മൈലാട്ടുപാറ റോഡിൽ നിന്നും തൈക്കാവ് ജം വഴി വടക്കോട്ട്	0.380	3.5
1020	തുമ്പറ പള്ളി ജം, അയിത്തൂർ ഏല	0.260	3
1021	ചുമടുതാങ്ങി മൈലാടും പാറ	0600	4.5
1022	വാഴവിള ജം. കാവന്തൂർ ഏല	0050	2..8
1023	P.V -ജം. റോഡ് വാഴവിള ജം. ആശാരിക്കോണം ഏല	0100	3
1024	വെളിയത്താഴികെ വാതുക്കൽ ഇറയിൽ ഏല	0.220	4
1025	വാഴവിള- ആശാരിക്കോണം ഏല	0.220	4
1026	ചുവട്താങ്ങി-തോണിക്കടവ് തോണിക്കടവ്- ജോൺ പുരയിടം റോഡ്	0.800	8
1101	പേപ്പർ മിൽ 3-ാം ഗേറ്റ് - പനമ്പറ്റ പുനലൂർ റോഡുവരെയുള്ള റോഡ്	1.300	3
1102	കാഞ്ഞിരമല - മറവും വയൽ	0.400	4
1103	പുതിയ തോപ്പു ജം. - മറവും വയൽ	0.800	6
1104	അരയേക്കർ - മറവും വയൽ	0.200	3
1105	ആൽത്തര ജം. - റോക്കി ബാരിയർ റോഡ്	0.0225	3
1106	കാര്യറ പന്ത്രണ്ടേക്കർ- മറവും വയൽ	0.200	3
1107	അരയേക്കർ -അംബികാ ജം.	0.450	3
1108	അരയേക്കർ ട്രാൻസ്ഫോർമർ - പുനലൂർ പനമ്പറ്റ റോഡിൽ ചെന്നു ചേരുന്ന റോഡ്	0225	3
1109	അരയേക്കർ - പന്ത്രണ്ടേക്കർ	0150	3
1110	പുത്തൂക്കരപള്ളി ഏലായിൽ വരെ	0150	3

1111	തോണിക്കടവ് കീഴോട്ട് ഏലാ	0.750	4.5
1112	പന്ത്രണ്ടേക്കർ കണിയാംകോണം ഏലാ	0.125	3
1113	ദർഭയിൽ കലുങ്ക് മണ്ണാം വിള ഭാഗം	0.450	3.5
1114	ചുമട്താങ്ങി ജം. ക്രിസ്തുരാജ് പള്ളിയുടെ സമീപം	0.525	3.5
1115	കാഞ്ഞിരമല വിദ്യാമന്ദിർ ജം.- മറവും വയൽ ഏല	0.200	3
1201	QS റോഡ്-പാപ്പരംകോട് പള്ളി റോഡ്	0.547	8
1202	ആവണീശ്വരം കുറ്റിക്കോണം -ലക്ഷം വീട് കോളനി	0.450	3
1203	കുറ്റിക്കോണം ജം. ധർമ്മപുരി തോട്ടത്തിന് തെക്കുവശം കൂടി വയൽ വരെ	1250	4
1204	ആവണീശ്വരം കുറ്റിക്കോണം-മീനം കോട്	0.500	5
1205	QS . റോഡ് ss മൻസിൽ റോഡ്	0.150	4
1206	പാപ്പാരം കോട് പള്ളി -പെന്തക്കോസ്തു ശവക്കോട്ടവഴി - കോട്ടവട്ടം ജംഗ്ഷൻ	0.900	4
1207	ഓർത്തഡോക്സ് പള്ളി -കനാൽ റോഡ് വഴി മൂങ്ങോട് ഏല	0.300	3
1208	കണ്ണങ്കരക്കോണം ഏല - മൂങ്ങോട് ഏല	0.200	3
1209	കണ്ണങ്കരക്കോണം മൂങ്ങോട് റോഡിൽ നിന്നും കോട്ടവട്ടംറോഡിൽ ഇറങ്ങുന്ന ബ്രാഞ്ച് റോഡ്	0.100	3
1210	ഞാറവിള യോഹന്നാൻ റബ്ബർതോട്ടം - കിഴക്കുവശം കനാൽ റോഡ്	0.090	4
1211	ഞാറവിള യോഹന്നാൻ റബ്ബർതോട്ടം - പടിഞ്ഞാറ് വശം കനാൽ റോഡ്	0.090	4
1212	മൂങ്ങോട് - അമ്പലം കണ്ണങ്കര ഏല	0.150	4
1213	മൂങ്ങോട് ഏല റോഡ് മേരി വിലാസം പടി കരിനാക്കോട്	0.150	4
1214	മൂങ്ങോട് ഏലാ റോഡ് കാഞ്ഞിരം വിള വീട് വഴി കണ്ണംകര ഏല	0.0150	4
1215	കോട്ടവട്ടം റോഡ് - മൂങ്ങോട് ഏല QS റോഡ്	1.560	6
1216	മൂങ്ങോട് ഏല മത്തായി പടി കണ്ണം കര ഏല	0.150	3

1217	കോട്ടവട്ടം മുങ്ങഓട് ഏല	0.310	3
1218	കാഷ്യു ഫാക്ടറി QS റോഡ് കുറ്റിക്കോണം.	0.350	4
1219	തേക്കുംമുകൾ ലക്ഷംവീട്	0.300	3
1220	തേക്കുംമുകൾ ലക്ഷംവീട് വഴി തണ്ണിച്ചാൽ	1.000	4
1221	മീനംകോട് ഏല – കുറ്റിക്കോണം വാട്ടർസപ്ലൈ റോഡ്	0.500	4
1222	ഓലിക്കൽ ഏല കമ്മ്യൂണിറ്റി ഹാൾ വഴി തേക്കുമുകൾ പാറവിള റോഡ്	0.300	4
1223	QS റോഡിൽ ചുടുകട്ട ജം മുതൽ കമ്മ്യൂണി ഹാൾ വഴി ഓലിക്കൽ ഏലാ വഴി QS റോഡ്	0.750	3
1224	തേക്കും മുകൾ – ലക്ഷവീട് –ശ്മശാനം	0.150	4
1225	കരുന്നാകോട് – ഗുരുമന്ദിരത്തിനു വടക്കു വശം കാരവിള കരിന്നാകോട് ഏലാ വഴി മുങ്ങോട് ഏല	1.000	5

പഞ്ചായത്തിൽ നിലവിലുള്ള റോഡ് രജിസ്റ്റർ അടിസ്ഥാന രേഖയായി പരിഗണിച്ച് വിലയിരുത്തൽ നടത്തത്തക്കവിധം വിവരങ്ങൾ ഉൾക്കൊള്ളുന്നതല്ല. ഈ രജിസ്റ്റർ റോഡിനെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി ഒരു റോഡിന് ഒരു പേജ് എന്ന കണക്കിന് കാര്യക്ഷമമായി സൂക്ഷിക്കുകയും ഓരോവർഷം ടി റോഡിൽ ചെയ്യുന്ന ജോലികളും ചിലവായ തുകകളും രജിസ്റ്ററിൽ അപ്പോഴപ്പോൾ എഴുതി ചേർത്ത് രജിസ്റ്റർ യഥാതഥമായി റോഡുകളുടെ വിവരങ്ങൾ നൽകത്തക്കവിധമാക്കുകയും ചെയ്യേണ്ടതാണ്.

താഴെ പറയുന്ന വിവരങ്ങൾ രജിസ്റ്ററിൽ ഓരോ റോഡിനെ സംബന്ധിച്ചും ഉണ്ടായിരിക്കണം. റോഡുകൾക്ക് അനുബന്ധം രണ്ടിൽ നൽകിയ പ്രകാരം കോഡ് നമ്പർ നല്കുന്നതിന് ശ്രദ്ധിക്കണം.

റോഡ് രജിസ്റ്ററിൽ ഉണ്ടായിരിക്കേണ്ട വിവരങ്ങൾ

1. വാർഡ് നമ്പർ
2. കോഡ് നമ്പർ
3. റോഡിന്റെ പേര് – തുടക്കം – ഒടുക്കം – ഇടയ്ക്കുള്ള ജംഗഷൻ എന്നിവ വ്യക്തമായി കാണിക്കണം
4. ദൂരം
5. വീതി
6. ടാർചെയ്തദൂരം
7. മെറ്റൽ ചെയ്തദൂരം

8. മൺ റോഡ് ദൂരം

9. ഓട നിലവിലുള്ള ദൂരം

10. ഓട ആവശ്യമായ ദൂരം

11. റിട്ടെയിനിംഗ് വാൾ കെട്ടിയിട്ടുള്ള ദൂരം

12. നിലവിലുള്ള പാലങ്ങളുടെ എണ്ണം.

13 നിലവിലുള്ള കലുങ്ക് / ചപ്പാത്തുകളുടെ എണ്ണം.

14. തന്നാണ്ടിൽ ടി റോഡിൽ ചെയ്യത പണികൾ

15. ചിലവാക്കിയ തുക/ പണി ചെയ്യത ഏജൻസി.

റെയിൽവേ

സംസ്ഥാനത്തെ ഏറ്റവും പുരാതനമായ കൊല്ലം ചെങ്കോട്ട മീറ്റർഗേജ് തീവണ്ടി പാത ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്നുണ്ട്. കുന്നിക്കോട് മുളയിൽപാറ മുതൽ കാര്യറ വരെ ഈ പഞ്ചായത്തിന്റെ അതൃർത്തിക്കുള്ളിൽ കൂടി 9 കി മി ഓളം ദൂരമുള്ള റെയിൽ പാതയിൽ ആവണീശ്വരം സ്റ്റേഷൻ ഈ പഞ്ചായത്തിലാണ്. സംസ്ഥാനത്തൊട്ടാകെ റെയിൽവേ രംഗത്ത് വൻ വികസനമുണ്ടായിട്ടും കൊല്ലം ചെങ്കോട്ട റൂട്ട് ഇന്നും മീറ്റർഗേജായി നിലകൊള്ളുകയാണ്. സമീപകാലത്ത് പുതുതായി രണ്ട് പാസഞ്ചർ ട്രെയിനുകൾ കൂടി ഈ പാതയിൽ കൂടി തുടങ്ങിയത് ഒരളവുവരെ ഈ പ്രദേശത്തുള്ളവരുടെ യാത്രാ ക്ലേശം പരിഹരിക്കുന്നതിന് സഹായകമായിട്ടുണ്ട്. ഉദ്ദേശം 300 യാത്രക്കാർ ദിനം പ്രതി ഈ സ്റ്റേഷനിൽ യാത്രയ്ക്ക് എത്തുന്നു. വിദ്യാർത്ഥികൾക്കും ഉദ്യോഗസ്ഥന്മാർക്കും കൊല്ലത്തും കൊട്ടാരക്കരയും മറ്റും സ്ഥിരമായി പോയി വരുന്നതിന് സീസൺ ടിക്കറ്റ് സൗകര്യം ഉപയോഗപ്പെടുത്തി ഈ പാത ഉപയോഗിച്ചുവരുന്നു. ആവണീശ്വരം റെയിൽവേ സ്റ്റേഷന്റെ ദിവസ വരുമാനം പാസ്സഞ്ചർ ടിക്കറ്റിനത്തിൽ ശരാശരി 2000 രൂപയും പാർസൽ ഇനത്തിൽ 3000 രൂപയും ആണ്. ഈ റെയിൽവെ സ്റ്റേഷനിൽ ഇറക്കുന്ന ചരക്കുകൾ പ്രധാനമായും വറ്റല് മുളക്, പച്ചക്കറി, പലവ്യജ്ഞനങ്ങൾ മുതലായവയും കയറ്റി അയക്കുന്നവ അടയ്ക്ക, ഇഞ്ചി, ചുക്ക്, കുരുമുളക്, ചക്ക, മാങ്ങ എന്നിവയുമാണ്. ഇപ്പോൾ 4 അപ് ട്രെയിനുകളും 4 ഡൗൺ ട്രെയിനുകളും പാസ്സഞ്ചറായും 2 അപ് ട്രെയിനും 2 ഡൗൺട്രെയിനും എക്സപ്രസുമായും ഓടുന്നുണ്ട്.

ഒരു പാസ്സഞ്ചർ പോയന്റ് എന്നതിനേക്കാളുപരി ചരക്കു കയറ്റിയിറക്കുന്നതിന് കേൾവികേട്ടിരുന്ന ആവണീശ്വരം റെയിൽവെ സ്റ്റേഷന് പഴയ പ്രൗഡിയും പ്രതാപവും ഇന്നില്ല. മലയോരപ്രദേശങ്ങളിൽ നിന്നും പത്തനാപുരം വഴി മറ്റു പ്രദേശങ്ങളിൽ നിന്നും മലഞ്ചരക്കുകൾ ആവണീശ്വരം റെയിൽവെ സ്റ്റേഷനിൽ കൂടിയാണ് കടത്തിക്കൊണ്ടിരുന്നത്. കൂടാതെ തടിയും വിറകും ഗുഡ്സിൽ കയറ്റുന്നതിനുള്ള ലോഡിംഗ് പോയന്റും ഈ സ്റ്റേഷനിലുണ്ട്. ഇന്ന് അവ ഉപയോഗിക്കുന്നില്ല. ഈ സ്റ്റേഷന് മുൻപുണ്ടായിരുന്ന പ്രാധാന്യം ഇല്ലായെന്നു വരുത്തി സ്റ്റേഷനെ തരം താഴ്ത്തുന്നതിനും നീക്കങ്ങൾ ഉള്ളതായി കേൾക്കുന്നു. അത്തരം നീക്കങ്ങൾ ഈ പ്രദേശത്തുള്ളവർക്ക് വലിയ ദോഷം ചെയ്യുമെന്നതിനാൽ ഉപേക്ഷിക്കാൻ സമ്മർദ്ദം ചെലുത്തേണ്ടതാണ്. FCI ഗോഡൗൺ പ്രതിദിനം 20 വാഗൺ ഭക്ഷ്യധാന്യങ്ങൾ ഇറക്കിയിരുന്നു എന്നാൽ ഇന്നത് പൂർണമായും നിലച്ചിരിക്കുകയാണ്. കൊല്ലം – ചെങ്കോട്ട പാത ബ്രോഡ് ഗേജ് ആക്കേണ്ടത് അത്യാവശ്യമാണ്. ഇപ്പോൾ മധുരയ്ക്ക് നേരിട്ട് ട്രെയിനുകൾ ഇല്ല. 6161/ 6162 ട്രെയിനുകൾ പുന:സ്ഥാപിക്കേണ്ടതാണ്. ബ്രോഡ്ഗേജ് ട്രെയിനുകളിൽ ബോംബെ, ബാംഗ്ലൂർ, ഡെൽഹി, ഗൗഹത്തി, രാജ്കോട്ട് എന്നീസ്ഥലങ്ങളിലേക്ക് ഈ സ്റ്റേ

ഷനിൽ നിന്നും റിസർവേഷൻ കോട്ട അനുവദിക്കേണ്ടതാണ്.

മീറ്റർ ഗേജ് റയിൽ പാത ഈ പഞ്ചായത്തിൽ കൂടി കടന്നുപോകുന്ന കാര്യറ (മണ്ണാംകുഴി) ഭാഗത്തും ആവണീശ്വരത്തും റോഡുകൾ ക്രോസ് ചെയ്യുന്നെടുത്ത് ഓരോ ഓവർ ബ്രിഡ്ജ് അത്യാവശ്യമായി പണിയേണ്ടതാണ്. ഇതിന് സംസ്ഥാന ഗവൺമെന്റും, റയിൽവേയും നടപടി സ്വീകരിക്കേണ്ടതാണ്.

റോഡ് ഗതാഗതം


കൊല്ലം ചെങ്കോട്ട റോഡ് കുന്നിക്കോട് പത്തനാപുരം റോഡ്, ഇളംമ്പൽനരിക്കൽ റോഡ്, കുന്നിക്കോട് കുറ്റിക്കോണം ഇളമ്പൽ റോഡ്, കുന്നിക്കോട് കിണറ്റിൻകരവഴി കുറ്റിക്കോണം റോഡ്, കുന്നിക്കോട് പട്ടാഴി റോഡ്, കുന്നിക്കോട് ഗോവിന്ദമംഗലം റോഡ്, വിളക്കുടി ആവണീശ്വരം റോഡ്, പുനലൂർ കാര്യറ പത്തനാപുരം റോഡ്, ഇളമ്പൽ എലിക്കോട് റോഡ്, ഇളമ്പൽ കടശ്ശേരി താന്നിത്തടം റോഡ്, കുന്നിക്കോട് പുളിമുക്ക് മേലില റോഡ്, എന്നീ റൂട്ടുകളിൽ കൂടി. കെ. എസ്. ആർ. ടി. സി സർവ്വീസ് നടത്തുന്നുണ്ട്. ഏതാനും പ്രൈവറ്റ് ബസുകളും ഈ റൂട്ടുകളിൽ കൂടി ഓടുന്നുണ്ട്. പഞ്ചായത്തിൽ കുന്നിക്കോട്, വിളക്കുടി ശ്രീധരൻ പള്ള മെമ്മോറിയൽ ഇളമ്പൽ എന്നവിടങ്ങളൽ വെയിറ്റിംഗ് ഷെഡ്ഡുകളുണ്ട്. ഈ പഞ്ചായത്തിലെ ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് ഇന്ന് നിലവിലുള്ള സർവ്വീസുകൾ മതിയാകുന്നില്ല എന്നുള്ളതാണ് സ്ഥതി. ദീർഘ ദൂര സർവ്വീസുകളും, ലിമിറഡ് സ്റ്റോപ്പുകളും കൊല്ലം ചെങ്കോട്ട റോഡിൽ ഹ്യസ്വ ദൂര യത്രയ്ക്ക് യാത്രക്കാരന് പ്രയോജനം ചെയ്യുന്നില്ല. കുന്നിക്കോട് വെയിറ്റിംഗ് ഷെഡ്ഡ് ഒരു ബസ് സ്റ്റേഷനാക്കി ഉയർത്തണം കുന്നിക്കോട്ടു നിന്നും കൊല്ലത്തേക്കും തിരുവനന്തപുരത്തേക്കും ഫാസ്റ്റ് പാസ്സഞ്ചർ സർവ്വീസ് തുടങ്ങുന്നത് ആവശ്യമാണ്.

പുതുതായി ബസ്റൂട്ടുകൾ ആരംഭിക്കുന്നതിന് താഴെപറയുന്ന ലൈനുകൾ നിർദ്ദേശിക്കുന്നു.

1. ഇളമ്പൽ നിന്നും എലിക്കോടുവരെയുള്ള സർവ്വീസ് നീട്ടി മഞ്ഞമൺകാല വഴി ചെമ്മന്തൂർ പുനലൂർവരെ നീട്ടുക.
2. പുനലൂർ പേപ്പർമിൽ കാഞ്ഞിരമലവഴി കാര്യറ സർക്കുലർ.
3. കിടങ്ങയിൽ ക്ഷേത്രംവഴി മണ്ണാങ്കുഴി

പഞ്ചായത്തിൽ കുന്നിക്കോട് ഇളമ്പൽ എന്നിവിടങ്ങളിൽ ടാക്സി പാർക്കിംഗും ആട്ടോ പാർക്കിംഗും ഉണ്ട്. ആട്ടോ ടാക്സി പാർക്കിംഗിനും കൂടുതൽ സൗകര്യപ്രദമായ സ്റ്റാന്റുകൾ ഉണ്ടാകേണ്ടതാണ്. മേൽ നിർദ്ദേശിച്ച റോഡുകളുടെ വികസനം ഉണ്ടാകുന്നതോടുകൂടി ഇന്ന് പൊതുവാഹനങ്ങൾ കടന്നുചെല്ലാത്ത പഞ്ചായത്തിലെ ഒട്ടനവധി സ്ഥലങ്ങളിലേക്ക് ബസ്സ് സർവ്വീസ് ആവശ്യമായിവരും.

പഞ്ചായത്തിൽ ജലഗതാഗതമില്ല.



ഊർജ്ജം

പഞ്ചായത്തിലെ മിക്ക വീടുകളിലും പാചകത്തിന് ഉപയോഗിക്കുന്നത് വിറകും, തെങ്ങുല്പന്നങ്ങളും റബ്ബർ തോട്, കശുവണ്ടിതോട്, എന്നിവയുമാണ്. കശുവണ്ടി മേഖലയിൽ പണിയെടുക്കുന്നവർ കൂടുതലും കശുവണ്ടിതോട് തന്നെയാണ് പാചകത്തിന് ഉപയോഗിക്കുന്നത്. ഉദ്ദേശം 10% വീടുകളിൽ പാചകത്തിന് മണ്ണെണ്ണ ഉപയോഗിക്കുന്നുണ്ട്. എൽ. പി. ഗ്യാസ്, പാചകത്തിനായി ഉപയോഗിക്കുന്നവരുടെ സംഖ്യ 2% ത്തിനകത്തേവരു. പഞ്ചായത്തിൽ എൽ. പി. ഗ്യാസ് ഡിസ്ട്രിബ്യൂഷൻ ഏജൻസികൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിലിള്ള ഗ്യാസ് ഉപഭോക്താക്കൽ പുനലൂർ, പത്തനാപുരം എന്നീ സ്ഥലങ്ങളിൽ നിന്നാണ് ഗ്യാസ് സിലണ്ടറുകൾ വാങ്ങുന്നത്. ഇത് വളരെ ശ്രമകരമായ കാര്യമായതിനാൽ ഇളമ്പൽ കേന്ദ്രമായി ഒരു ഗ്യാസ് വിതരണ കേന്ദ്രം ആവശ്യമാണ്. പഞ്ചായത്തിൽ ആകെ 13 ബയോഗ്യാസ് പ്ലാന്റുകൾ കർഷകർക്ക് സ്വന്തമായുണ്ട്. പുകയില്ലാത്ത അടുപ്പുകളുടെയും മറ്റും ഉപയോഗം സാർവ്വത്രികമായിട്ടില്ല. പഞ്ചായത്തിലെ പ്രധാന കൃഷി റബ്ബറായതിനാൽ റബ്ബറിന്റെ ഒടിഞ്ഞുവീഴുന്ന ചുള്ളികളും ഉണങ്ങിയും രോഗം വന്നും നശിക്കുന്ന മരങ്ങളുടെ തടിയും, വിറക് ഉപയോഗത്തിന് ലഭിക്കുന്നതിനാൽ വിറക്, പാചകത്തിന് ഉപയോഗിക്കുന്നവർക്ക് കാര്യമായ പ്രശ്നങ്ങൾ നേരിടേണ്ടി വരുന്നില്ലയെങ്കിലും ഭാവിയെ സംബന്ധിച്ച് അവരുടെ ആവശ്യങ്ങൾക്ക് എന്നും വിറക് ലഭിക്കും എന്നുറപ്പില്ലാത്തതിനാൽ മറ്റ് ഊർജ്ജ സ്രോതസ്സുകളെ പറ്റി ചിന്തിക്കേണ്ടിയിരിക്കുന്നു. അനർട്ടിന്റെ പ്രവർത്തനങ്ങൾ ഒന്നും തന്നെ പഞ്ചായത്തിലുണ്ടായിട്ടില്ല. സൗരോർജ്ജം സോളാർ വിളക്ക് എന്നിത്യാദി ആധുനിക വിദ്യകളും പഞ്ചായത്തിലെത്തിയിട്ടില്ല. പുകയില്ലാത്ത അടുപ്പുകൾ സോളാർ വിളക്കുകൾ എന്നിവയെപ്പറ്റി ബോധവൽക്കരണം അത്യാവശ്യമാണ്. വിറക്, അണ്ടിത്തോട് എന്നിവ ഉപയോഗിച്ചുള്ള പാചകം മൂലം ഉണ്ടാകുന്ന പുകശല്യം സ്ത്രീകൾക്കുണ്ടാക്കുന്ന അനാരോഗ്യത്തെക്കുറിച്ച് സാമൂഹിക പ്രവർത്തകർ പ്രത്യേകിച്ചും വനിതകൾ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

പഞ്ചായത്തിലേക്ക് നാമ മാത്രമായി വൈദ്യുതി കടന്നുവന്നിട്ട് 35 വർഷങ്ങളായി. ഈ പഞ്ചായത്തിലെ 12 വാർഡുകളിൽ ഒന്നിൽപോലും പൂർണ്ണമായി വൈദ്യുതു എത്തീയിട്ടില്ല. പഞ്ചായത്തിന്റെ 7, 11 (മഞ്ഞമ്മകാല, കാര്യറ) എന്നീപ്രദേശങ്ങളിലെ വൈദ്യുതിവിതരണത്തിന്റെ ചുമതല പുനലൂർ ഇലട്രിക്കൽ സെക്ഷനാണ. ബാക്കിയുള്ള വാർഡുകളിലെ വൈദ്യുതവിതരണം വിളക്കുടിയിൽ പ്രവർത്തിക്കുന്ന ഇലട്രിക്കൽ സെക്ഷനാണ് നടത്തുന്നത്. ഈ പഞ്ചായത്തിൽ 20 ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചിട്ടുണ്ട്. അവ താഴെ പറയുന്ന സ്ഥലങ്ങളിലാണ്.

1. പച്ചില	100 കെ. വി. എ
2. കുന്നിക്കോട് 1	160 കെ. വി. എ
3. മിയാത്തിക്കുന്ന്	100 കെ. വി. എ
4. കുന്നിക്കോട് 2	50 കെ. വി. എ
5. ശാസ്ത്രി ജംഗ്ഷൻ	100 കെ. വി. എ

6. ആവണീശ്വരം ലൈബ്രറിജംഗ്.	63 കെ. വി. എ
7. ചാപ്പാവോട്	63 കെ. വി. എ
8. എ. വി. എം. എച്ച്. എസ്	100 കെ. വി. എ
9. എ. വി. എം.	50 കെ. വി. എ
10. എ. വി. എം (പി. എസ്)	100 കെ. വി. എ
11. വിളക്കുടി നമ്പർ 1	100 കെ. വി. എ
12. വിളക്കുടി നമ്പർ 2	100 കെ. വി. എ
13. ഇളമ്പൽ നമ്പർ 1	160 കെ. വി. എ
14. ഇളമ്പൽ പാപ്പാരംകോട്	100 കെ. വി. എ
15. ഇളമ്പൽ ജംഗ്.	100 കെ. വി. എ
16. ഇളമ്പൽവെസ്റ്റ്	100 കെ. വി. എ
17. കുറ്റിക്കോണം	63 കെ. വി. എ
18. കടശ്ശേരി	63 കെ. വി. എ
19. മഞ്ഞമൺകാല മങ്കുന്നം	100 കെ. വി. എ
20. അരയേക്കർ കാര്യറ	100 കെ. വി. എ

ഇത്രയും ട്രാൻസ്ഫോമറുകളുണ്ടെങ്കിലും പഞ്ചായത്തിലെ പല സ്ഥലങ്ങളിലും രൂക്ഷ മായ വൈദ്യുത വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നതായി ഗ്രാമസഭകളിൽ നിന്നും പരാതി ഉണ്ടായിട്ടുണ്ട്. പുതുതായി താഴെപ്പറയുന്ന സ്ഥലങ്ങളിൽ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുന്നതിന് നിർദ്ദേശിക്കുന്നു. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് അത് സഹായകരമായിരിക്കും

1. കൂരാങ്കോട്
2. കുന്നിക്കോട് വടക്കും കര
3. ചീയോട്
4. കൊച്ചുപടിഞ്ഞാറ്റേതിൽ ഭാഗം
5. പ്ലാത്തറ അമ്പലംഭാഗം

പഞ്ചായത്തിലെ നിലവിലുള്ള വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം താഴെ വിവരിക്കുന്നു.

ഗാർഹികം	4048
വ്യാപാരം	880
വ്യവസായം	55
കാർഷികം	20
	5003

ഇനി കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ച് കാത്തിരിക്കുന്നവർ

ആർഡിനറി	182
ഒ. റ്റി. പി	50
ഒ. വൈ. ഇ. സി	30

സ്ട്രീറ്റ്ലൈറ്റുകളുടെ എണ്ണം

ബൾബ്	412
ട്യൂബ്	68
മെർക്കുറിവേപ്പർ	11

ഈ പഞ്ചായത്തിലുള്ള താഴെപറയുന്ന 6 ഹരിജൻ കോളനികളിലെ വൈദ്യുതി കണക്ഷൻ ലഭിച്ചവരുടെ എണ്ണം ഇപ്രകാരമാണ്.

വാർഡ്	ഹരിജൻകോളനികളുടെ പേര്	കണക്ഷൻലഭിച്ചവരുടെ എണ്ണം	സൗജന്യസ്ലാബ്	പണംനൽകി വൈദ്യുതി ലഭിക്കുന്നവർ
2	കൂരാംകോട്	54	8	46
3	മോന്തങ്കോട്	65	10	55
7	മുത്തുക്കുഴി	4	4	
8	ചക്കുപാറ	60	45	15
9	വരിക്കോലിൽ	50	15	35
12	മീനാംങ്കോട്	20		20

ഹരിജൻ കോളനികളിലെ വയറിംഗ് നടത്തി അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാ ഭവനങ്ങൾക്കും ഉടനടി വിദ്യുച്ഛക്തി കണക്ഷൻ ലഭ്യമാക്കുന്നതിന് പുനലൂർ വിളക്കുടി ഇലക്ട്രിക്കൽ സെക്ഷനുകൾ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്. ജനറൽ കാറ്റഗറിയിൽ കരണ്ട് കണക്ഷൻ ലഭിക്കുന്നവരുടെ ദീർഘകാലത്തെ കാത്തിരിപ്പ് അവസാനിപ്പിക്കുന്നതിന് ഫലപ്രദമായ നടപടികൾ ഇലട്രിസിറ്റി അധികാരികളുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതാണ്.

ഈ പഞ്ചായത്ത് പ്രദേശത്ത് മഴക്കാലമായാൽ കരണ്ട് സപ്ലൈ ഇല്ലാതാകുന്നത് ഒരു നിത്യ സംഭവമാണ്, മര തൂണുകളിൽ ഉയർത്തിയിരിക്കുന്ന 11 കെ. വി ലൈനുകൾ റബ്ബർതോട്ടത്തിൽകൂടിയും മറ്റും കടന്നു വരുന്നവ കാറ്റിലും മഴയിലും ചില്ലുകൾ ഒടിഞ്ഞുവീട് തടസങ്ങളുണ്ടാകുന്നതാണ് ഇതിന് പ്രധാന കാരണം. ഇത്തരം ഹൈടെൻഷൻ ലൈനുകൾ കടന്നുപോകുന്ന സ്ഥലത്തെ മരച്ചില്ലകൾ വെട്ടിമാറ്റുന്നതിനോ, അത്തരം ലൈനുകൾ പ്രതിബന്ധമില്ലാത്ത മറ്റ് റൂട്ടുകളിൽ കൂടി മാറ്റിയോ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കേണ്ടതാണ്.

പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളും വൈദ്യുതീകരിക്കുന്നതിന് ഏകദേശം 44 കി. മി ലൈനുകൾ വലക്കേണ്ടതുണ്ട്. ഗ്യാമസഭകളിൽ എല്ലാവാർഡുകളിലും ഇത്തരം പുതിയ ലൈനുകളും പുതിയ കണക്ഷനു

കളും തെരവു വിളക്കുകളും സ്ഥാപിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. അവയുടെ ഏകദേശ രൂപം താഴെ പട്ടികയിൽ കൊടുക്കുന്നു.


വാർഡ് നമ്പർ	പുതിയലൈൻ വലിക്കേണ്ടദൂരം	പുതിയകണക്ഷൻ	പുതിയ സ്ട്രീറ്റ്ലൈറ്റ്
1 കോടിയാട്ടുമുതൽ കല്ലൂർക്കോണംവരെ	4	60	15
2 കൂരാങ്കോട്മുതൽ തലവൂർവാർഡ് അതൃത്തി	1	50	15
3 പറയംങ്കോട് ജംഗ്. മുതൽ പുളിക്കക്കോണം ഏലാവരെ കല്ലാട്ട് മുക്കിൽനിന്നും കുറ്റിക്കോണം റോഡ് വരെ			
മുരിക്കുംകുഴി മച്ചിനാങ്കോണം	1	30	35
4 ചെല്ലിക്കുഴിമുതൽ ഡാങ്കേമുക്കുവരെയും ക്രിസ്തുരാജ് പള്ളിമുതൽ ചീവോട് മനക്കര ഭാഗങ്ങളിൽ	4	40	25
5. മാടപ്പാറഭാഗം മരത്തക്കോട് ഭാഗം	3	30	25
6. കുഴിമാന്തടം താഴെ ജംഗ്. കൊട്ടക്കാട് വല്യാടംകുഴി ചന്ദനപ്പുറം ലക്ഷംവീട് ഭാഗം	5	60	25
7. കടുവാകുഴിഭാഗം, പ്ലാത്തറ ഭാഗം, മധിരംഞ്ചേരി, കുടകുളം	6	70	25
8. ചക്കുപാറ, വെള്ളാറക്കോണ നീലത്തുകുന്നിൽ, കിടങ്ങയിൽ ക്ഷേത്രവരെ	6	60	25
9. മിച്ചഭൂമി, അമ്മവീട് ഭാഗം അമ്പലംമുതൽ ഇടക്കുളത്ത് വരെ മണ്ണാംകുഴി തൊഴിലാളിജംഗ് വള്ളിക്കോട്	5	50	25
10. മയിലാടൻപാറ ഹരിജൻ കോളനി കൈതോട്ഭാഗം പാലോട്ഭാഗം, മുണ്ടുവയൽഭാഗം	5	50	25
11. കാഞ്ഞരമല പുതിയതോപ്പ്	2	25	15


12. കരിനാവോട്, മീനാംകോട് വരെ തോക്കുമുകൾ ഭാഗം വട്ടയന്തിൽ മുഗൾഭാഗം	4	50	25

പഞ്ചായത്തിൽ വൈദ്യുതി എത്താത്ത മേൽപ്പറഞ്ഞ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനും തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനും പദ്ധതികാലത്ത് മുൻഗണന അനുസരിച്ച് നടപടിയുണ്ടാകണം.


മാർക്കറ്റ്

പഞ്ചായത്തിൽ ആകെ 3 മാർക്കറ്റുകളാണ് ഇപ്പോൾ ഉള്ളത്; കുന്നിക്കോട്, ഇളമ്പൽ, ആവണീശ്വരം. ഇതിൽ കുന്നിക്കോടിനും ഇളമ്പലിനും മാർക്കറ്റിനാവശ്യമായി സ്വന്തമായി സ്ഥലമുണ്ട്. ആവണീശ്വരം മാർക്കറ്റ് റോഡ് സൈഡിലാണ് പ്രവർത്തിക്കുന്നത് ഈ മാർക്കറ്റിന് സ്വന്തമായി സ്ഥലമുണ്ടാകേണ്ടത് ആവശ്യമാണ്. കുന്നിക്കോട് മാർക്കറ്റ് നവീകരിച്ച് ആവശ്യമുള്ളകെട്ടിടങ്ങൾ ഉണ്ടാക്കി സ്റ്റാളുകൾ സ്ഥാപിച്ചാൽ വഴിവാണിഭക്കരെ മാർക്കറ്റിനുള്ളിലേക്ക് ആകർഷിക്കാൻ കഴിയും. മലഞ്ചരക്കുകളും മറ്റും വിറ്റഴിക്കുന്ന ഒരു പ്രധാന മാർക്കറ്റായരുന്ന കുന്നിക്കോട് മാർക്കറ്റ് ഗതകാല പ്രൗഡിയുടെ ഓർമ്മമാത്രമായിരിക്കുകയാണ്.ഈ മാർക്കറ്റ് വിസിപ്പിക്കേണ്ടതാണ്. മുൻ അദ്ധ്യായത്തിൽ കാർഷികോല്പന്ന വിപണനം എന്ന ഖണ്ഡികയിൽ സൂചിപ്പിച്ചിരിക്കുന്ന പരിഹാര മാർഗ്ഗങ്ങൾ ഇവിടെ പ്രസക്തമാണ്. കാര്യറ താവളം കേന്ദ്രീകരിച്ച് മാർക്കറ്റ് സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം.





പാർപ്പിടം



സ്വന്തമായൊരു വീട് എല്ലാവരുടേയും സ്വപ്നമാണ്. കാർഷികമേഖലയിൽ പണിയെടുക്കുന്നവരും, കശുവണ്ടിതൊഴിലാളികളും, മറ്റുവിവിധ മേഖലകളിൽ പണിയെടുക്കുന്ന കൂലിപ്പണിക്കാരും അധികമായി വസിക്കുന്ന നമ്മുടെ പഞ്ചായത്തിൽ സാമ്പത്തികമായി പുരോഗതിനേടിയിട്ടുള്ളവരും ഒരു ചെറിയ വിഭാഗം ഉണ്ട്. സാമ്പത്തികമേഖലയിൽ വിദേശപണത്തിന്റെ അതി പ്രസരം ഇല്ലായെങ്കിലും ഉള്ളത് കോൺക്രീറ്റ് സൗധങ്ങൾ തീർക്കുന്നതിലാണ് ശ്രദ്ധ കാണുന്നത്. പഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകളനുസരിച്ച് 12 വാർഡുകളിലായുള്ള 8507 വീടുകളിൽ, 1327 കോൺക്രീറ്റ് വീടുകളും 4736 ഓടുമേഞ്ഞവീടുകളും, 2091 ഓല വീടുകളും 224 വെറും കുടിലുകളുമാണുള്ളത്. റോഡുപുറമ്പോക്കുകളിൽ കുടിൽകെട്ടി താമസിയ്ക്കുന്നവരും ധാരാളം ഉണ്ട്.

പഞ്ചായത്തിലെ നിലവിലുള്ള വീടുകളുടെ തരംതിരിച്ച പട്ടിക പഞ്ചായത്ത് രേഖയിൽനിന്ന്

പട്ടിക 1

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽകൂടുതൽ നിലകൾ	കോൺക്രീറ്റ്	ഓട്	ഓല	കുടിൽ
I	784	5	265	375	122	17
II	834	55	123	526	144	21
III	674	8	106	362	182	16
IV	558	5	105	283	150	15
V	766	13	85	340	296	32
VI	830	8	124	395	282	21
VII	774	4	125	468	157	20
VIII	558	9	80	349	110	10
IX	696	3	70	438	166	19
X	732	6	75	336	297	18
XI	689	6	76	514	79	14
XII	607	7	93	350	136	21
ആകെ	**8507**	**129**	**1327**	**4736**	**2091**	**224**

ഭവന നിർമ്മാണം സംബന്ധിച്ച്

പട്ടിക 2


വാർഡ്	വീട്ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം	വിവിധപദ്ധതികളിലായി ലഭിച്ച വീടുകൾ
I	120	1
II	125	4
III	130	11
IV	110	19
V	110	19
VI	140	19
VII	150	19
VIII	125	19
IX	120	25
X	130	9
XI	100	5
XII	100	7
ആകെ	1460	147

ഗ്രാമ സഭകളിൽ നിന്നുകിട്ടയ കണക്കനുസരിച്ച് 1460 കുടുംബങ്ങൾക്ക് വീടില്ലാത്തവരാണ്. സ്വന്തമായി വീടും വസ്തുവും ഇല്ലാതെ റോഡ്പുറമ്പോക്കുകളിൽ കുടിൽ കെട്ടിതാമസിക്കുന്നവരുടെ സംഖ്യ ഇതിനു പുറമെയാണ്. വീട് ആവശ്യമുള്ളവരുടെ എണ്ണവുമായി താരതമ്യപ്പെടുത്തുമ്പോൾ വിവിധ സർക്കാർ ഏജൻസികൾ മുഖേന ലഭിച്ചിട്ടുള്ള വീടുകളുടെ സംഖ്യവളരെ പരിമിതമാണ്. ദുർബലവിഭാഗങ്ങൾക്ക് ഭവനനിർമ്മാണ ബോർഡുകൾ വഴി കിട്ടുന്ന വായ്പ വളരെ കുറച്ചു പേർക്കു മാത്രമേ ഈ പഞ്ചായത്തിൽ ലഭിച്ചിട്ടുള്ളു. വീടുള്ളവരിൽ തന്നെ കാലാകാലങ്ങളിൽ അറ്റകുറ്റപണികൾ ചെയ്യാൻ യാതൊരുവിധസാമ്പത്തിക സഹായവും ലഭിക്കാത്തതുകൊണ്ട് കാലാന്തരത്തിൽ ഇക്കൂട്ടരും വവീടില്ലാഞ്ഞവരുടെ പട്ടികയിലേയ്ക്കുപോകുന്നതായിട്ടാണ് കാണാൻകഴിയുന്നത്. വീടില്ലാത്തവരിൽതന്നെ നല്ലൊരു വീഭാഗത്തിനു സ്വന്തമായി ഭൂമിയില്ലാത്തവരാണ്. ഭൂമിയും വീടം ഇല്ലാത്ത പുറമ്പോക്കുകളിൽ താമസിയ്ക്കുന്നവരുൾപെടെയുള്ളവരുടെ പാർപ്പിട പ്രശ്നം ഗൗരവമായി ചിന്തിക്കേണ്ടതും പരിഹാരമാർഗ്ഗങ്ങൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഉണ്ടാക്കേണ്ടതും അത്യാവശ്യമാണ്. ഭൂമിയും വീടും ലഭിച്ചവർ (ലക്ഷ്യംവീട് പദ്ധതി ഉൾപ്പെടെ) കൈമാറ്റം ചെയ്യുന്ന പ്രവണത കണ്ടുവരുന്നു. അത് കർശനമായി നിയന്ത്രിക്കേണ്ടതാണ്. വിവിധ സർക്കാർ ഏജൻസികൾ വഴിലഭിക്കുന്ന ധനസഹായങ്ങൾകൊണ്ടു വീടുനിർമ്മിയ്ക്കുന്നവർക്ക് കെട്ടിടനിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവ് പണിപൂർത്തികരിയ്ക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. ഇതിനുപരിഹാരമായി വിവിധ സർക്കാർ ഏജൻസികൾ മുഖേന ല

ഭിയ്ക്കുന്ന ധനസഹായവും ഗുണഭോക്താവിന് കഴിയുന്നവിഹിതവും, സന്നദ്ധസംഘടനകളുടെ സേവനവും, കൂടിചേർന്നുള്ള സംയുക്ത സംരഭമായി ഭവന നിർമ്മാണ പദ്ധതി പഞ്ചായത്തു തലത്തിൽ രൂപപ്പെടുത്താൻ കഴിയുമോ എന്നു ശ്രമിച്ചുനോക്കേണ്ടതാണ്. പ്രകൃതി ക്ഷോഭം മൂലം വീടു നഷ്ടപ്പെടുന്നവർക്ക് പുതുക്കിപ ണിയുന്നതിനോ പുതിയ വീട് വയ്ക്കുന്നതിനോ ഉള്ള ധനസഹായം പഞ്ചായത്തുവഴി വിതരണം ചെയ്യേണ്ട താണ്.

ഭവന നിർമ്മാണ രംഗത്തെ വായ്പകൾക്കുള്ള നടപടികൾ ലഘൂകരിക്കേണ്ടതും സാധാരണക്കാരനും ലഭ്യമാകേണ്ടരീതിയിൽ വ്യവസ്ഥകൾ ഉദാരമാക്കേണ്ടതുണ്ട്.

9-ാം പദ്ധതിക്കാലത്ത്, പഞ്ചായത്തിലെ ഭവനരഹിതരുടെ പ്രശ്നം പൂർണ്ണമായും പരിഹരിയ്ക്കാൻ ശ്ര ദ്ധകേന്ദ്രീകരിക്കേണ്ടതാണ്. ഭവന നിർമ്മാണത്തിന് വിവിധ സർക്കാർ ഏജൻസികൾ വഴി ദുർബലവിഭാഗ ങ്ങൾക്കുവേണ്ടി അനുവദിയ്ക്കുന്ന വായ്പകളും, മറ്റു ധനസഹായങ്ങളും ഇപ്പോഴുള്ളതിന്റെ ഇരട്ടിയായി വർദ്ധിപ്പിക്കേണ്ടതാണ്. വർദ്ധിച്ചുവരുന്ന ജനസംഖ്യക്കനുസൃതമായി സമീപഭാവിയിൽ ഭവന നിർമ്മാണത്തി നാവശ്യമായ ഭൂമിലഭിയ്ക്കാതെ വരാനിടയുള്ളതുകൊണ്ട് ഫ്ളാറ്റ് സമ്പ്രദായം ഏർപ്പെടുത്തുവാൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതാണ്. വാർദ്ധക്യമാകുമ്പോൾ പലവിധസാഹചര്യങ്ങളാൽ ആരും സംരക്ഷിയ്ക്കാൻ ഇല്ലാതെവരുന്നവരെ അധിവസിപ്പിയ്ക്കുന്നതിനുവേണ്ടി, പഞ്ചായത്തിൽ ഒരു ആശ്രയകേന്ദ്രം ആരംഭിയ്ക്കു ന്നത് വളരെ ആശ്വാസകരമായിരിക്കും.



സാമൂഹ്യക്ഷേമം

രണ്ട് തരത്തിലുള്ള സാമൂഹ്യ ക്ഷേമപദ്ധതികളാണ് പഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും വിവിധ ഇനം പെൻഷൻ പദ്ധതികളും.

കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ മാത്രം സഹായത്താൽ നടപ്പിലാക്കപ്പെട്ടിട്ടുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയാണ് ഏറ്റവും പ്രധാനമായും പഞ്ചായത്തിൽ ലഭ്യമായിക്കൊണ്ടിരിയ്ക്കുന്നത്. സംഘടിത അസംഘടിത മേഖലയിലെ തൊഴിലാളികളുടെ നാനാ തരത്തിലുള്ള ഉന്നമനത്തിനുവേണ്ടി വിവിധ ഇനം ക്ഷേമ പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും അത്തരത്തിലുള്ള എല്ലാ ക്ഷേമ പദ്ധതികളുടേയും പ്രയോജനം വിവിധ വിഭാഗക്കാർക്ക് ഇനിയും ലഭ്യമായിട്ടില്ല. പട്ടികജാതി പട്ടികവർഗ്ഗ വികസനകോർപ്പറേഷൻ, പിന്നോക്കവികസന കോർപ്പറേഷൻ, വനിതാ വികസന കോർപ്പറേഷൻ, തുടങ്ങിയവയുടെ ധന സഹായങ്ങൾ ഈ പഞ്ചായത്തിൽ ഇന്നും അന്യമാണ്.

പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മയും കാലാ കാലങ്ങളിൽ വിവിധ വിഭാഗം കോർപ്പറേഷനുകളും, ബോർഡുകളും നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളെ സംബന്ധിച്ച് ഗുണഭോക്താക്കളുടെ ഇടയിൽ വേണ്ടത്ര പ്രചരണവും അവബോധവും വളർത്തിയെടുക്കാത്തതിന്റെ ഫലമായും ഔദ്യോഗിക തലത്തിലെ നൂലാമാലകളും ചുവപ്പു നാടകളും മറ്റും ഇവ വേണ്ടത്ര പ്രായോഗികതയിൽ എത്തിയ്ക്കുന്നതിന് തടസ്സമാകുന്നു.

പഞ്ചായത്തിലെ ജനസംഖ്യയിൽ മഹാഭൂരിപക്ഷം വരുന്ന കർഷകത്തൊഴിലാളികളിൽ നല്ലൊരു ശതമാനവും ക്ഷേമ നിധിബോർഡിൽ അംഗങ്ങളല്ല.അംഗങ്ങൾ ആയവർ തന്നെ വിഹിതം അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ജില്ലാ കേന്ദ്രത്തിലെ ആഫീസ്സുകളിൽ ക്ഷേമനിധിവിഹിതം അടയ്ക്കുന്നതിനുപകരം പഞ്ചായത്തുതലത്തിൽ വിഹിതം അടക്കുന്നതിനുള്ള നടപടി ഉണ്ടായാൽ ഇതിനു പരിഹാരം ഉണ്ടാകും.

സംഘടിത മേഖലയായ കശുവണ്ടി മേഖലയിൽ ക്ഷേമനിധി പ്രവർത്തനം നടക്കുന്നുണ്ട്. അസംഘടിത വിഭാഗമായ കെട്ടിട നിർമ്മാണ തൊഴിലാളികൾ മരംകയറ്റ തൊഴിലാളികൾ, ഹെഡ്ലോഡ് വിഭാഗം തൊഴിലാളികൾ തുടങ്ങിയ വിഭാഗങ്ങളുടെ ക്ഷേമനിധികൾ നിലവിലുണ്ടെങ്കിലും പലരും അംഗങ്ങളല്ല.

വർദ്ധിച്ചതോതിലുള്ള തൊഴിലില്ലായ്മയും, തൊഴിൽ ദൗർലഭ്യവും ദാരിദ്ര്യം വർദ്ധിപ്പിയ്ക്കുന്നു. ഗ്രാമപ്രദേശങ്ങളിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുക. പാവപ്പെട്ടവർക്ക് നേരിട്ട് പ്രയോജനം കിട്ടുന്ന സ്ഥായിയായ സാമൂഹിക ആസ്ഥികൾ നിർമ്മിക്കുക തുടങ്ങി നാട്ടിൻപുറത്തെ ജീവിതത്തിന്റെ പൊതുനിലവാരം മെച്ചപ്പെടുത്തുവാൻ ലക്ഷ്യമിട്ട് ആരംഭിച്ച ജെ. ആർ. വൈ പോലെയുള്ള തൊഴിൽ പദ്ധതികൾ നിലവിലുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുവേണ്ടി സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും പലവിധ കാരണങ്ങളാൽ നൂറുശതമാനം ലക്ഷ്യ പ്രാപ്തിയിൽ എത്താൻ കഴിയുന്നില്ല. ഒറ്റപ്പെട്ട സ്വയം തൊഴിൽ പദ്ധതികളേക്കാൾ വിജയിയ്ക്കുന്നത് ഗ്രൂപ്പായിട്ടുള്ള പദ്ധതികളായിരിക്കും. പാവപ്പെട്ട ജന വിഭാഗത്തെ ഒന്നിച്ച് സംഘടിപ്പിച്ച് ഒത്തു ചേർന്നുള്ള പ്രവർത്തനത്തിലൂടെ കൂടുതൽ നേട്ടങ്ങൾ കൈവരിയ്ക്കാൻ കഴിയും.

"ഒത്തുപിടിച്ചാൽ മലയും പോരും" എന്ന ചൊല്ല് ഇവിടെ അർത്ഥവത്താകുന്നു. ഇത്തരത്തിൽ ഒരു ബോധം അവരിൽ വളർത്തിയെടുത്താൽ പദ്ധതികൾ തയ്യാറാവുമ്പോൾ ദരിദ്ര ജനവിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ ഏതെന്ന് അവരിൽ നിന്നു തന്നെ മനസ്സിലാക്കാൻ കഴിയും. സാമൂഹ്യക്ഷേമരംഗത്ത് കാര്യമായി പ്രവർത്തിച്ചുകൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാക്കിക്കൊണ്ടിരിയ്ക്കുന്നത് ബ്ലോക്ക് ഡവലപ്പ്മെന്റ് ആഫീസിനു താഴെയുള്ള വില്ലേജ് സർക്കിളുകളിൽ കൂടിയാണ്. നടപ്പാക്കിയ പദ്ധതികളെ സംബന്ധിച്ച് ശരിയായി വിലയിരുത്തണമെങ്കിൽ ഗുണഭോക്താക്കളിൽ നിന്നും വിവരം ശേഖരിയ്ക്കണം.

വി. ഈ. ഒ. സർക്കിളുകൾ വഴി പഞ്ചായത്തിൽ ലഭ്യമാക്കിയ പദ്ധതികളെ സംബന്ധിച്ച്:-

പട്ടിക നമ്പർ 1

ഐ.ആർ.ഡി.പി. സഹായ ലഭ്യതാകണക്ക് 1991-1996

വർഷം	എണ്ണം	സബ്സിഡി	വായ്പ
1991-92	48	1,07,258 00	1,55,463 00
1992-93	71	1,75,217 00	2,90,214 00
1993-94	69	1,96,236 00	5,03,216 00
1994-95	54	2,68,930 00	4,78,967 00
1995-96	76	4,01,950 00	8,25,000 00
ആകെ	318	11,49,591 00	22,52,860 00

1995ലെ ഐ. ആർ.ഡിപി. സർവ്വേപ്രകാരം ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള കുടുംബങ്ങളുടെ എണ്ണം 2766 ഉം 91-92 മുതൽ 95-96 വരെയുള്ള കാലയളവിൽ 402 കുടുംബങ്ങളിലായി സബ്സിഡിയും വായ്പയുമായി 22,52,860 രൂപാവിതരണം ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നു. ദാരിദ്ര്യ രേഖയുടെ നിർണ്ണയത്തിന്റെ പരിധി വർദ്ധിപ്പിയ്ക്കേണ്ടിയിരിക്കുന്നു.

ദേശസാൽകൃത ബാങ്കുകൾ ഈ സ്കിം അനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ വൈമനസ്യം കാണിക്കുന്നു. സഹകരണ മേഖലയ്ക്ക് പരമാവധി ഫണ്ട് അനുവദിച്ചുകൊണ്ട് ഗുണ ഭോക്താക്കളെ സഹായിക്കാൻ ജില്ലാ സംസ്ഥാന സഹകരണ ബാങ്കുകൾ വഴി നടപടി സ്വീകരിയ്ക്കുന്നതിനോടൊപ്പം ദേശസാൽകൃത ബാങ്കുകൾ ഗുണഭോക്താക്കളെ സഹായിയ്ക്കാൻ സർക്കാർ തലത്തിൽ നടപടിസ്വീകരിക്കണം. ഐ. ആർ. ഡി. പി സർവ്വേ വർഷംതോറും നടപ്പിലാക്കണം. സ്വാതന്ത്ര്യ സമരസേനാനികളുടേയും വിമുക്തഭടൻമാരുടേയും വിധവൾക്ക് സാമൂഹ്യ ക്ഷേമപദ്ധതിയിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ ഇവരെകൂടി സർവ്വേയിൽ ഉൾപ്പെടുത്തണം.

ഡി. ഡബ്ളിയു. സി. ആർ. എ സഹായലഭ്യത

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിയ്ക്കുന്ന തൊഴിൽ സംരഭമാണ്. ഡി. ഡബ്ളിയു.സി.ആർ.എ

ഡി. ഡബ്ളിയു. സി. ആർ. എ സഹായലഭ്യത കണക്ക്

വർഷം	സ്കീമുകളുടെ എണ്ണം	സബ്സിഡി	വയ്പ
1994	1 ഡയറി യൂണിറ്റ്	40968	77032
1996	1 കോഴിവളർത്തൽ	48000	72000
1995–1996	റെഡിമെയ്ഡ് യൂണിറ്റ്	40000	11000

ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം

ട്രൈസം

18 മുതൽ 35 വയസ്സുവരെയുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം. മൊത്തം 38 പേർക്ക് പരിശീലനം ലഭിച്ചവരിൽ മുഴുവൻ പേരും സ്വയം തൊഴിൽ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഓരോ പ്രദേശത്തിനും അനുയോജ്യമായ പരിശീലനം നൽകുകയും ഒപ്പം പരിശീലനം ലഭിച്ചവർക്ക് വായ്പ ലഭ്യമാക്കിതൊഴിൽ സംരംഭം ആരംഭിയ്ക്കാനും ശ്രദ്ധിയ്ക്കണം. പരിശീലനം കഴിഞ്ഞുവരുന്നവർക്ക് അവരുടെ യോഗ്യതയുടെഅടിസ്ഥാനത്തിൽ തൊഴിൽ ലഭ്യമാക്കാൻ ശ്രദ്ധിയ്ക്കണം. അവരുടെ സ്റ്റെപ്പന്റ് തുക കൂട്ടുന്നതിനും കഴിയണം.

ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെവിവരം

വാർഡ്നമ്പർ	പരിശീലനം വിഷയം	പരിശീലനം ലഭിച്ചവരുടെഎണ്ണം	സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ
1	വീട്ടുപകരണറിപ്പയറിംഗ് പ്ലംമ്പിംഗ് വാച്ച് റിപ്പയറിംഗ് കമ്പോസിംഗ്	1 2 1 1	5
2	കമ്പോസിംഗ്	5	5
3	വെൽഡിംഗ് പ്ലംമ്പിംഗ്	1 2	3
4	റേഡിയോ ടി. വി റിപ്പയറിംഗ്	1	1
5	ബുക്ക്ബൈൻഡിംഗ്	1	

	ഇലക്ട്രീഷൻ	1	4
	വെൽഡിംഗ്	1	
	പ്ലംമ്പിംഗ്	1	
6	–	–	–
7	–	–	–
8	റേഡിയോ ടി. വി റിപ്പയറിംഗ്	1	
	വീവിംഗ്	9	16
	വാച്ച്റിപ്പയർ	1	
	വീട്ടുപകരണ റിപ്പയർ	1	
	വെൽഡിംഗ്	1	
	കമ്പോസിംഗ്	3	
9	സൈക്കിൾ റിപ്പയറിംഗ്	1	1
10	–	–	–
11	–	–	–
12	ആട്ടോമൊബൈൽ	1	
	ബെൽ പ്ലംമ്പിംഗ്	1	3
	വെൽഡിംഗ്	1	

ടൂൾകിറ്റ്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ്. ഈ പഞ്ചായത്തിൽ വെറും 3 പേർക്കുമാത്രമായി..... വിതരണംചെയ്തു. യഥാർത്ഥ അർഹതയുള്ള 110 പേരിൽ 107 പേർക്ക് ഈ ആനുകൂല്യം ലഭിച്ചിട്ടില്ല. അർഹതപ്പെട്ടവർക്ക് സാധനങ്ങൾ യഥാസമയം വിതരണം ചെയ്യാൻ സത്വര നടപടികൾ ഉണ്ടാകണം..

ദാരിദ്രരേഖയ്ക്കു താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ സഹായം നൽകുന്ന പദ്ധതിയാണ് സി. ആർ. എസ്. പി. 91–92 വർഷം മുതൽ 95–96 വരെയുള്ള കാലയളവിൽ നമ്മുടെ പഞ്ചായത്തിൽ 415 കക്കൂസുകൾ അനുവദിച്ചു. ഓരോ വർഷവും ചെറിയൊരു വിഭാഗം ആളുകൾക്കു മാത്രമേ ഇതിന്റെ ഗുണം ലഭിയ്ക്കു

ന്നുള്ളു. കൂടുതൽ ആളുകൾക്ക് കക്കൂസ് നൽകുകയും ഒപ്പം നിലവിലുള്ള തുകവർദ്ധിപ്പിയ്ക്കുകയും വേണം.

കക്കൂസുകൾ സംബന്ധിക്കുന്ന വിവരങ്ങൾ

വാർഡ്	സാനിട്ടറിക്കക്കൂസുകൾ ഇല്ലാത്തവീടുകളുടെ എണ്ണം	വിവിധപദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം	പൂർത്തീകരിച്ച വയുടെ എണ്ണം	ജനിതക ക്കൂസുകൾ വേണ്ട കുടുംബങ്ങ ളുടെ എണ്ണം
1	150	39	35	111
2	150	51	48	99
3	150	37	35	113
4	130	34	30	96
5	130	39	35	91
6	150	35	30	115
7	170	31	30	139
8	130	37	36	98
9	130	37	36	93
10	140	38	36	102
11	120	32	30	88
12	120	10	9	110
	1670	415	384	1255

വില്ലേജ് ആഫീസ്, സാമൂഹ്യക്ഷേമ രംഗത്ത്, റവന്യൂ വകുപ്പ് നടപ്പാക്കുന്ന വിവിധ പെൻഷൻ പദ്ധതികളും, വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായങ്ങളുമാണ് പഞ്ചായത്തിൽ ലഭ്യമാക്കുന്നത്.

ഈ ക്ഷേമ പദ്ധതികളെ കുറിച്ച് വിലയിരുത്തുമ്പോൾ അർഹതയുള്ള പല ആൾക്കാർക്കും ആനുകൂല്യംകിട്ടാതെ അർഹതയില്ലാത്ത ഒരു വിഭാഗം ഈ ആനുകൂല്യം കൈപ്പറ്റുന്നതായി മനസ്സിലാക്കാം. ഈ സംവിധാനത്തിൽ മാറ്റംവരുത്തി യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തി ആനുകൂല്യം നൽകാൻ കഴിയണം. അവശവിഭാഗക്കാർക്കു നൽകുന്ന ഈ പദ്ധതികൾ കൃത്യസമയത്ത് കിട്ടുന്നില്ലെന്നുള്ളത് ഒരു വലിയ പ്രശ്നമായി ബാക്കിനില്ക്കുന്നു. ഈ ചുമതലകൾ പഞ്ചായത്തിനു നൽകി ഫണ്ടുകൾ ലഭ്യമാക്കി പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്.

പെൻഷനുകളെ സംബന്ധിച്ച്

വിധവാപെൻഷൻ

ഇന്നുള്ള നിയമത്തിൽ വളരെയധികം അപര്യാപ്തതകൾ ഉണ്ട്. പ്രായപൂർത്തിയായ ആൺ മക്കളുള്ള വിധവകൾക്ക് പെൻഷൻ ലഭിക്കുന്നില്ല. ഇത് ഒഴിവാക്കേണ്ടതുണ്ട്. പഞ്ചായത്തിൽ മൊത്തം 142 പേർക്ക് പെൻഷൻലഭിയ്ക്കുന്നു.

വികലാംഗപെൻഷൻ

ജില്ലാ ആശുപത്രിയിലെ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് അനുസരിച്ചാണ് വികലാംഗത്വം തെളിയ്ക്കുന്നത്. ഇത് വളരെയധികം ബുദ്ധിമുട്ട് ഉളവാക്കുന്നു. ഇതിനുമാറ്റം വരുത്തി വികലാംഗത്വം തെളിയ്ക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം എല്ലുരോഗ വിദഗ്ദ്ധൻമാർക്കോ താലൂക്ക് ആശുപത്രി അധികൃതർക്കോ നൽകേണ്ടതാണ്. പഞ്ചായത്തിൽ മൊത്തം 94 പേർക്ക് പെൻഷൻ ലഭിക്കുന്നു.

കർഷകതൊഴിലാളിപെൻഷൻ

അർഹരായ മുഴുവൻ ആളുകൾക്കും പെൻഷൻ ലഭയ്ക്കുന്നില്ല. അനർഹരായവർകടന്നുകൂടിയിട്ടുണ്ട്. ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുകയും അർഹരെ തീരുമാനിക്കാനുള്ള അധികാരം പഞ്ചായത്തിന് നൽകേണ്ടതാണ്. 120 പേർക്ക് പെൻഷൻ ലഭിക്കുന്നു.

തൊഴിലില്ലായ്മ വേതനം

നമ്മുടെ പഞ്ചായത്തിൽ അർഹതയില്ലാത്ത നല്ലൊരുവിഭാഗം വേതനം കൈപ്പറ്റുന്നു. അർഹതയുള്ളവരെ ചൂഷണം ചെയ്യുന്ന ഈ പ്രവണത മാറ്റേണ്ടിയിരിയ്ക്കുന്നു. 715 പേർക്ക് വേതനം ലഭിയ്ക്കുന്നു.

ഇവകൂടാതെ വിവിധതരം പെൻഷൻ ആനുകൂല്യങ്ങൾ ലഭിയ്ക്കുന്നവരുണ്ട്. പെൻഷനുകൾ ധനസഹായം സംബന്ധിച്ച വിവരങ്ങൾ

വില്ലേ	അഗതി	വിധവ	വികലാ	വാർദ്ധക്യം	ക്ഷയരോഗം	സാധുക്ക	കുഷ്ഠ	കാൻസർ	കർഷക	തൊഴി
വിളക്കുടി	45	142	94	56	42	58	25	10	120	715

അങ്കണവാടികൾ

സാമൂഹ്യ ക്ഷേമ രംഗത്ത് അങ്കണവാടികൾ ഒരു നാഴികക്കല്ലായി മാറിയിരിക്കുന്നു. ഈ പഞ്ചായത്തിലെ 12 വാർഡുകളിലുമായി 28 അങ്കണവാടികൾ പ്രവർത്തിക്കുന്നു. ആയിരം ജനങ്ങൾക്ക് ഒരു അങ്കൺവാടി എന്നതാണ് ഐ.സി.ഡഎസ് ന്റെ കണക്ക്. പഞ്ചായത്തിലെ ജനസംഖ്യവച്ച് നോക്കുമ്പോൾ ഇനി 3 അങ്കണവാടികൾ കൂടി ഉണ്ടാകേണ്ടതായിട്ടുണ്ട്. നിലവിലുള്ള അങ്കണവാടികളിൽ ബഹുഭൂരിപക്ഷവും സ്വന്തമായി കെട്ടിടം ഇല്ലാത്തവയാണ്. താത്ക്കാലികമായ ഷെഡ്ഡുകളിൽ പ്രവർത്തിയ്ക്കുന്ന ഈ സ്ഥാപനങ്ങളുടെ നിലവളരെ പരിതാപകരമാണ്. കുട്ടികൾക്കാവശ്യമായ പഠന സാമഗ്രികളോ, കളിപ്പാട്ടങ്ങളോ നൽകിയിട്ടില്ല. ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകളും വളരെ താഴ്ന്ന നിലവാരത്തിലുള്ളതാണ്. ഇന്നത്തെ ജീവിത പശ്ചാത്തലത്തിൽ അങ്കൻവാടി ജീവനക്കാർക്കു ലഭിയ്ക്കുന്ന വേതനം മറ്റ് തൊഴിൽ മേഖലകളിൽ പണിയെടുക്കുന്നവരുമായി താരതമ്യം ചെയ്യുമ്പോൾ വളരെ പരിമിതമാണ്. കാലഘട്ടത്തിനനുസരിച്ച് ഇതിനൊരു മാറ്റം അനിവാര്യമായിരിക്കുന്നു.

അങ്കണവാടികളിൽനിന്നും ശേഖരിച്ചവിവരം

(1) പഞ്ചായത്തിലെ ആകെ ജനസംഖ്യ	32505
പുരുഷന്മാർ	16088
സ്ത്രീകൾ	16417
(2) പട്ടികജാതി ജനസംഖ്യ	3327
പട്ടികവർഗ്ഗ ജനസംഖ്യ	–
(3) അങ്കനവാടികളുടെ എണ്ണം	28
(4) ഒരുവയസ്സിന് താഴെപ്രായമുള്ളകുട്ടികൾ	438
1–2 വയസ്സുവരെ പ്രായമുള്ളകുട്ടികൾ	774
2–3 വയസ്സുവരെ പ്രായമുള്ളകുട്ടികൾ	540
3–5 വയസ്സുവരെ പ്രായമുള്ള കുട്ടികൾ	607
(5) വാർഡിലെ ആകെ ഗർഭിണികളുടെ എണ്ണം	170
ഇവരിൽ പ്രത്യേകപരിചരണംആവശ്യമുള്ളവരുടെ എണ്ണം	20
(6) മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം (6മാസംവരെ പ്രായമുള്ള കുട്ടികളുള്ള)	188

(7) കഴിഞ്ഞവർഷത്തിൽ ആകെ ജനനങ്ങൾ	438
ചാപിള്ള ജനനങ്ങൾ	1
(8) ഒരു വയസ്സിനു താഴെ പ്രായത്തിൽ	
മരിച്ചകുട്ടികളുടെ എണ്ണം (95-96)	2
1-3 വയസ്സുവരെമരിച്ചകുട്ടികളുടെ എണ്ണം	-
3-6 വയസ്സുവരെ മരിച്ചകുട്ടികളുടെ എണ്ണം	-
(9) ഗർഭസംബന്ധമായ അസുഖങ്ങളാൽ മരിച്ച	
സ്ത്രീകളുടെ എണ്ണം	-
മറ്റ്മരണങ്ങളുടെ എണ്ണം	104
(10) അനുപൂരക പോഷകാഹാരം ലഭിക്കുന്ന	
കുട്ടികളുടെ എണ്ണം	1014
അനുപൂരക പോഷകാഹാരം ലഭിക്കുന്ന	
ഗർഭിത്തികളുടെ എണ്ണം	126
അനുപൂരക പോഷകാഹാരം ലഭിക്കുന്ന	
മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം	133

നിലവിലുള്ള അങ്കണവാടികളും സ്ഥിതിചെയ്യുന്ന വാർഡുകളും

വാർഡ്	അങ്കൻവാടി നമ്പർ	സ്ഥിതിചെയ്യുന്ന സ്ഥലം
1	137	ആവണീശ്വരം
	138	മിമാത്തികുന്ന്
2	139	കൂരാംകോട്
	140	കുന്നിക്കോട്
3	142	പച്ചിലവളവ്
	143	ആവണീശ്വരം എച്ച്. എസ്
	144	മോന്തൻകോട്

4	147 149	കുറ്റിക്കോണം കോട്ടവട്ടംപള്ളി
5	150 151	ഇളമ്പൽ ഉലപ്പയിൽ
6	152 153	കരിക്കത്തിൽ തിരുവഴി
7	154 155	മുഞ്ഞുക്കുഴി എലിക്കോട്
8	158 159	വിളക്കുടിപഞ്ചായത്താഫീസ് കുളപ്പുറം
9	161 162 163	വരിക്കോൽ പനംകുന്ന് കാര്യറ എൽ. പി. എസ്
10	164 165 166	താവളം കാര്യറ ഈസ്റ്റ് മൈലാടുംപാറ
11	167 168 169	പേപ്പർമിൽഭാഗം അമ്പലംകുന്ന് കാഞ്ഞിരമല
12	146 148	തേക്കുംമുകൾ കോട്ടവട്ടംജംഗ്ഷൻ

പുതിയതായി അങ്കണവാടികൾ വേണ്ട സ്ഥലങ്ങൾ

1-ാം വാർഡിൽ	കല്ലൂർക്കോണം
2-ാം വാർഡിൽ	കുന്നിക്കോട്മാർക്കറ്റിനുസമീപം
3-ാം വാർഡിൽ	പറയങ്കോട്
4-ാം വാർഡിൽ	മനക്കര
5-ാം വാർഡിൽ	ഇളമ്പൽ
6-ാം വാർഡിൽ	കുണ്ടയം
7-ാം വാർഡിൽ	മഞ്ഞമൺകാല
9-ാം വാർഡിൽ	മിച്ചഭൂമി, പുതുവാശ്ശേരിഭാഗം
10-ാം വാർഡിൽ	മൈലാടുംപാറ
11-ാം വാർഡിൽ	ആവശ്യമില്ല
12-ാം വാർഡിൽ	കരുന്നാകോട്

അങ്കണവാടികൾ കൂടാതെ ഹരിജൻ വെൽഫയർ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഒരു ബാലവാടി 12-ാം വാർഡിൽ മീനംകോട് ആഗ്രോ സെന്ററിൽ നടന്നുവരുന്നു.

നിർദ്ദേശങ്ങൾ

(1) നിലവിൽകെട്ടിടന്റ്ളില്ലാത്ത അങ്കനവാടികൾക്ക് ജെ. ആർ. വൈ പോലെയുള്ള ഫണ്ടുകൾ ഉപയോഗിച്ച് അടിയന്തിരമായികെട്ടിടങ്ങൽ നിർമ്മിച്ചുനൽകുക.

(2) ഭൂമിയില്ലാത്ത അങ്കണവാടികൾക്ക് പഞ്ചായത്ത് അധീനതയിലുള്ള ഭൂമിപതിച്ചു നൽകി അതിൽ കെട്ടിടം നിർമ്മിക്കുക

(3) കളിപ്പാട്ടങ്ങളില്ലാത്ത അങ്കണവാടികൾക്ക് വിവിധ ഫണ്ടുകൾ ഉപയോഗിച്ച് കളിപ്പാടങ്ങൾവാങ്ങികൊടുക്കുക.

(4) പോഷക ആഹാരത്തിന്റെ തുക ർദ്ധിപ്പിക്കുക.

(5) അങ്കണവാടി ജീവനക്കാരെ ഗവൺമെന്റ് അംഗീകരിച്ചുകൊണ്ട് സേവന വേതന വ്യവസ്ഥകൾ നടപ്പാക്കുക

വാർഡ്	സ്വന്തമായികെട്ടിടംഉള്ളത്	സ്വന്തമായിഭൂമിഉള്ളത്	സ്വന്തമായിഭൂമിഇല്ലാത്തത്	സ്വന്തമായികെട്ടിടം ഇല്ലാത്തത്
1			2	2
2			2	2
3	2	2		
4			2	2
5			2	2
6	1		1	1
7			2	2
8	1		1	1
9	1	1	2	2
10				
11	1	1		2
12			2	2

വിവിധ ക്ഷേമനിധികൾ

കൈത്തൊഴിലാളി വിദഗ്ധതൊഴിലാളി ക്ഷേമനിധി

നിർമ്മാണത്തൊഴിലാളി ക്ഷേമനിധി

കർഷകതൊഴിലാളി ക്ഷോമനിധി

തയ്യൽത്തൊഴിലാളി ക്ഷേമനിധി

ചെത്തുത്തൊഴിലാളി ക്ഷേമനിധി

മോട്ടോർ തൊഴിലാളി ക്ഷേമനിധി തുടങ്ങിയ ക്ഷേമനിധികൾ പ്രാബല്യത്തിൽ ഉണ്ടെങ്കിലും തയ്യൽ തൊഴിലാളികളും, ചെത്തുതൊഴിലാളികളും ഒഴിച്ചാൽ ബഹുഭൂരിപക്ഷം തൊഴിലാളികളും അവരുടെ ട്രേഡ് അനുസരിച്ചുള്ള പദ്ധതികളിൽ അംഗങ്ങളായിട്ടില്ല എന്നുള്ളതാണ് യഥാർത്ഥ വസ്തുത. അവശേഷിയ്ക്കുന്ന അർഹതയുള്ള എല്ലാ തൊഴിലാളികളേയും അവരവർക്കായുള്ള പദ്ധതികളിൽ ചേർത്തുകൊണ്ട് പരിമിതമായ ആശ്വാസമേ ലഭിയ്ക്കുന്നുള്ളു വെങ്കിൽ കൂടി അത് എല്ലാവർക്കും ലഭിയ്ക്കുന്നതിനുള്ള അവസരമുണ്ടാക്കേണ്ടിയിരിക്കുന്നു.

പൊതുവിതരണം

പൊതുവിതരണകേന്ദ്രം സാധാരണക്കാരന് എന്നും പരാതിയുള്ള ഒരു മേഖലയായി മാറിയിരിയ്ക്കുന്നു. പഞ്ചായത്തിൽ ആകെ 17 പൊതുവിതരണകേന്ദ്രങ്ങൾ പ്രവർത്തിയ്ക്കുന്നു. ഇതിൽ 5675 കാർഡ് ഉടമകളുണ്ട് സാധാരണക്കാരന്റെ നിത്യജീവിതത്തിന് ആവശ്യമായ സാധനങ്ങൾ ന്യായമായ വിലക്ക് വിതരണം ചെ

വിളക്കുടി പഞ്ചായത്ത് പൊതുവിതരണ സംവിധാനത്തെക്കുറിച്ചുള്ള വിവരങ്ങൾ

റേഷൻകട എണ്ണം	വർഷം	കാർഡുടമകളുടെഎണ്ണം			ഗുണഭോക്താക്കളുടെ എണ്ണം			പ്രതിവർഷം വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾ (കിന്റൽ)						മണ്ണെണ്ണ		
		NE	E	ആകെ	12വയ. മേൽ	മൈനർ	ആകെ	അരി എല്ലാ യിനവും	ഗോതമ്പ്	റവ	മൈദ	പഞ്ചസാര	ആകെ	പെർമിറ്റുകളുടെ എണ്ണം	പെർമി:വഴി വിതരണം ചെയ്തത്	കാർഡ് വഴി വിതരണം ചെയ്തത്
	1	2	3	4	5	6	7	8	9	10	11	12	14	15	16	17
	17	2643	3032	5675	23918	3927	27845	671.19	218.79	681.00	681.00	1336.56	-	-	2595 x 12 31140	231348


യ്യുന്നതിനുവേണ്ടി ആരംഭിച്ച മേവേലി സ്റ്റോറിന്റെ പ്രവർത്തനം തൃപ്തികരമല്ല. ഗുണഭോക്താക്കൽക്ക് ആവശ്യമുള്ള അത്രയും സാധനങ്ങൾ വിതരണംചെയ്യാൻകഴിയുന്നില്ല. പഞ്ചായത്തിൽ ഒരു മാവേലിസ്റ്റോർമാത്രമേയുള്ളു.

പൊതുവിതരണ കേന്ദ്രങ്ങളെ സംബന്ധിച്ച് നില വളരെ പരിതാപകരമാണ്. ദാരിദ്ര്യ രേഖക്കുതാഴെയുള്ളവർക്കുവേണ്ടി ആഴ്ചയിൽ 4 കിലോ അരി ഒരുരുപാ വിലക്കുറച്ചു നൽകുവാൻ സർക്കാർകൈക്കൊണ്ട തീരുമാനം സ്വാഗതാർഹമാണ്. ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ വിതരണം ചെയ്യുന്നതു മൂലം യഥാർത്ഥ ലക്ഷ്യ പ്രാപ്തി കൈവരിക്കാൻ കഴിയാതെ വരുന്നു ഗുണനിലവാരമുള്ള ഭക്ഷ്യ വസ്തുക്കൾ റേഷൻ കടകൾ വഴിവിതരണം ചെയ്യുവാനുള്ള പ്രായോഗിക നടപടികൾ ഉണ്ടാവണം. സഹകരണ സ്ഥാപനങ്ങൾ വഴി വിശേഷ അവസരങ്ങളിൽ (ഓണം, ക്രിസ്തുമസ്) മാത്രം ചന്തകൾ നടത്താതെ ഇതിനൊരു സ്ഥിരം സംവിധാനം ഉണ്ടായാൽ സാധാരണക്കാരന് ആശ്വാസവും ഒപ്പം ഓപ്പൺ മാർക്കറ്റിലെ വിലയെ നിയന്ത്രിയ്ക്കാനും കഴിയും.

നിലവിലുള്ള മാവേലി സ്റ്റോറിന്റെ പ്രവർത്തനം പഞ്ചായത്തലുള്ള മുഴുവൻ ജനങ്ങൾക്കും കിട്ടുന്നതിനു വേണ്ടി ഒരു സഞ്ചരിയ്ക്കുന്ന മാവേലിസ്റ്റോർ തുടങ്ങുവാൻ വേണ്ട നടപടികൾ സ്വീകരിയ്ക്കണം.

പുതിയ റേഷൻ കാർഡുകൾക്കുവേണ്ടി ബുദ്ധിമുട്ടുനുഭവിക്കുന്നവർക്കു ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച് പരിഹാരം കാണാൻ ഏർപ്പാടുണ്ടാക്കണം. റേഷൻ കാർഡിനുള്ള വീട്ടുനമ്പർ സർട്ടിഫിക്കറ്റ് നൽകാനുള്ള കാലതാമസം ഒവുവാക്കുകയും വേണം.

പഞ്ചായത്തിൽ ഉപഭോക്ത സംരക്ഷണ സമിതികൾ രൂപീകരിയ്ക്കേണ്ടത് അത്യാവശ്യമാണ്.



സംസ്കാരം



മഹനീയമായ ഒരു സാംസ്കാരിക പാരമ്പര്യമുൾക്കൊള്ളുന്ന ഗ്രാമീണശാലീനതയുടെ മണിച്ചെപ്പാണ് വിളക്കുടി എന്ന കൊച്ചു ഗ്രാമം. "വിളക്കുകളുടെ കൂട്ടം " ലോപിച്ച് വിളക്കുടിയായി മാറിയ ഈ പഞ്ചായത്ത് പഴയ തിരുവിതാംകൂറിൽ ഉൾപ്പെടുന്നതാണ്. രാജഭരണവും ബ്രീട്ടിഷ് വാഴ്ചയുംചരിത്ര വസ്തുതകളുമായി വഴിമാറിയെങ്കിലും ഇതൊക്കെ നേരിൽ അനുഭവിച്ചറിഞ്ഞ പഴയ തലമുറയിലെ കണ്ണികൾഇന്നും ചരിത്ര സാക്ഷികളായി ഈ ഗ്രാമത്തിലുണ്ട്. സ്വാതന്ത്ര്യസമരത്തിലും മറ്റു രാഷ്ട്രീയ പ്രക്ഷോഭങ്ങളിലും പങ്കടുത്തവരാണിവരിൽ പലരും. ഇവരുടെ പൈതൃകം ഉൾക്കൊണ്ട് കൊണ്ട് അന്ധവിശ്വാസങ്ങൾക്കും അനീതിക്കും അഴിമതിക്കുമെതിരെ സജീവമായി പ്രവർത്തിക്കുന്ന ഒരു യുവ തലമുറയും പഞ്ചായത്തിലുണ്ട്.

ഓം കാര ധ്വനികളാലും , പളളിമണികളാലും , വാങ്കു വിളികളാലും മുഖരിതമാണ് ഈ ഗ്രാമാന്തരീക്ഷം. നാടിന്റെ വിവിധ ഭാഗങ്ങളിൽ സാമുദായിക വർഗ്ഗീയ സംഘർഷങ്ങൾ രൂപം കൊണ്ടപ്പോഴും അതിൽ നിന്നെല്ലാം വിഭിന്നമായ അന്തരീക്ഷം ഇവിടം നിലനിൽക്കുന്നു. 20 ൽ പരം ക്രൈസ്തവ ആരാധനാലയങ്ങളും എട്ടോളം ഹൈന്ദവ ക്ഷേത്രങ്ങളും ഏഴ് മുസ്ളീം പളളികളും , രണ്ട് ശ്രീനാരായണ ഗുരു മന്ദിരങ്ങളും ഈ പഞ്ചായത്തിലുണ്ട്. ഉത്സവങ്ങളിലും പെരുന്നാളുകളിലും ജാതിമതഭേദമെന്യ ഒന്നിക്കുന്നതും ഇവിടെ സാധാരണമാണ്.

കിടങ്ങയിൽ ദേവീ ക്ഷേത്രത്തിലെ കുംഭഭരണി മഹോത്സവത്തിൽ , എല്ലാവർഷവും എഴുന്നെളളത്ത് വയലുവീട് ലബ്ബ വക പുരയിടത്തിലുള്ള ആൽത്തറയിൽ എത്തി പൂജാദി കർമ്മങ്ങൾ നടത്തുന്നു. മനുഷ്യമനസ്സുകളുടെ ഐക്യം ദൃഢമായാൽ വിശ്വാസ വൈരുദ്ധ്യങ്ങൾ അപ്രത്യക്ഷമാകുമെന്നതിന്റെ ഉത്തമ ഉദാഹരണമാണിത്.

പഞ്ചായത്തിന്റെ സാംസ്കാരിക പശ്ചാത്തലത്തിന് വിവിധ മേഖലകളുടെ സംഭാവനകൾ നിദാനമായിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ രംഗത്ത് നൽകിയിട്ടുള്ള സേവനം എന്നും സ്മരിക്കപ്പെടേണ്ടതാണ്. പഞ്ചായത്തിൽ രണ്ട് ഹൈസ്കൂളുകൾ, നാല് യു.പി. സ്കൂളുകൾ, ആറ് എൽ. പി. സ്കൂളുകൾ ഉൾപ്പെടെ പന്ത്രണ്ട് ഔപചാരിക വിദ്യഭ്യാസ സ്ഥാപനങ്ങൾ ഈ രംഗത്തുണ്ട്. ഒരു അദ്ധ്യാപക പരിശീലന കോളേജും (ബി.എഡ് കോളേജ്) പ്രവർത്തിക്കുന്നു.

ഗ്രന്ഥശാലകൾ

വിജ്ഞാന പാതയിൽ, വിദ്യാലയങ്ങൾ സൃഷ്ടികർത്താവെങ്കിൽ ഗ്രന്ഥശാലകൾ രക്ഷകർത്താവാണ്. പോയ കാലങ്ങളിൽ അറിവിന്റെ കലവറയായി സമൂഹത്തിൽ ഏറെ പ്രാധാന്യം നൽകിയിരുന്ന ഗ്രന്ഥശാലകൾക്ക് ഇന്ന് ആ പ്രധാന്യത്തിന് മങ്ങൽ ഏറ്റിട്ടുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ ഏഴു വാർഡുകളിലായി 7 ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നു. ജനസംഖ്യനുപാതവുമായി താരതമ്യം ചെയ്യുമ്പോൾ 4550 പേർക്ക് ഒരു ലൈബ്രറി എന്ന തോതിലാണിപ്പോൾ. ഈ അനുപാതം കുറക്കുന്നതിന് കൂടുതൽ ഗ്രന്ഥശാലകൾ പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതുണ്ട്. നിലവിലുള്ള ഗ്രന്ഥശാലകളുടെ സ്ഥിതിയും മെച്ചമല്ല. ഗ്രന്ഥശാലകളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിൽ ഇന്നത്തെ പ്രവർത്തന രീതിയിൽ മാറ്റം അനിവാര്യമാണ്.

1972-ലെ വെള്ളപ്പൊക്കത്തിൽ പുസ്തകങ്ങൾ നിശ്ശേഷം നഷ്ടപ്പെട്ട ആവണീശ്വരം ലൈബ്രറിക്ക് ഇപ്പോൾ നാമമാത്രമായ പ്രവർത്തനമാണുള്ളത്. '72 മുതൽ സർക്കാർ ഗ്രാന്റ് കിട്ടുന്നില്ലായെന്ന പരാതി ഇന്നും നിലനിൽക്കുന്നു. കുന്നിക്കോട് ചന്തക്ക് സമീപം പ്രവർത്തിക്കുന്ന പട്ടിക ജാതി-പട്ടികവർഗ്ഗ ഗ്രന്ഥശാല , വിളക്കുടി മഹാത്മാഗാന്ധി ഗ്രന്ഥശാല സ്വന്തമായികെട്ടിടവും, ഫർണിച്ചറുമുള്ള കാര്യറ ഗ്രന്ഥശാല ഏന്നിവയും ഇപ്പോൾ പ്രവർത്തനങ്ങൾ നടത്തുന്നില്ല.

ഇളമ്പൽ, എലിക്കോട് , വരിക്കോൽ, കുന്നിക്കോട്, മീവാത്തിക്കുന്ന് എന്നീ ലൈബ്രറികളാണ് ഒരുവിധം പ്രവർത്തനക്ഷമമായിട്ടുള്ളത്. പഞ്ചായത്തിലെ പ്രധാനസ്ഥലമായ കുന്നിക്കോട് നാളിതുവരെ ഒരു ഗ്രന്ഥശാല തുടങ്ങാൻ കഴിഞ്ഞിട്ടില്ലാ എന്നുള്ളത് ഒരു പോരായ്മമായി അവശേഷിക്കുന്നു.

കലാസാംസ്കാരിക സമിതികൾ

പഞ്ചായത്തിൽ കലാ കായികരംഗത്ത് പതിനെട്ടോളം സമിതികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. ഈ സമിതികളുടെ പ്രവർത്തനം മുഖ്യമായും കലാകായികരംഗം കേന്ദ്രീകരിച്ചാണ്. അതും , സമിതികളുടെ വാർഷികാഘോഷവും ഉത്സവാഘോഷങ്ങളുമായി ചുരുങ്ങുന്നു. ഇന്നത്തെ സാമൂഹ്യസാഹചര്യത്തിൽ ഒട്ടറെ ക്ഷേമ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുവാൻ ഈ സമിതികൾക്കു കഴിയുന്നതാണ്.

ഈ രംഗത്ത് സന്നദ്ധസേവനം ചെയ്യുന്ന സമിതികളും പഞ്ചായത്തിലുണ്ട്. നിർദ്ധനരായ ആളുകളുടെ വീടുകൾ മേഞ്ഞു കൊടുക്കുക , കിണറുകൾ വൃത്തിയാക്കുക , കക്കൂസുകൾ നിർമ്മിച്ചു കൊടുക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നു എന്നുള്ളത് അഭിനന്ദാർഹമാണ്.

സംഘടനക്ക് ഏറ്റെടുത്തു നടത്താൻ കഴിയുന്ന ക്ഷേമ പ്രവർത്തനങ്ങൾ.

1. സാക്ഷരതാ പ്രവർത്തനം
2 മദ്യം, മയക്കു മരുന്ന്, എയ്ഡ്സ് - ഇതിനെതിരെയുള്ള സാമൂഹ്യ ബോധവത്ക്കരണം.
3 മറ്റ് സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ.

കലാ കായിക രംഗം

കലാരംഗത്തും , കായിക രംഗത്തും ഈ കൊച്ചു ഗ്രാമത്തിന്റെ യശ്ശസ്സുയർത്തിയ കുറേ പ്രതിഭാ ശാലികൾ ക്ക് ജന്മം നല്കാനുള്ള ഭാഗ്യം പഞ്ചായത്തിനുണ്ടായിട്ടുണ്ട്.

കലാരംഗത്തുള്ളവരിൽ ശ്രദ്ധേയനായ ശ്രീ. ആവണീശ്വരം രാമചന്ദ്രൻ ശാസ്ത്രീയസംഗീത രംഗത്ത് വ്യക്തി മുദ്ര പതിപ്പിച്ച പ്രതിഭാശാലിയാണ്. അദ്ദേഹം ഇപ്പോൾ തിരുവനന്തപുരം സംഗീത കോളേജ് പ്രിൻസി

പ്പലായി സേവനം അനുഷ്ഠിക്കുന്നു. അദ്ദേഹത്തിന്റെ മകനായ ശ്രീ. ആവണീശ്വരം ബിനുവും ഈ രംഗത്ത് ശ്രദ്ധയനാണ്. കവനേശ്വരനായ ആനന്ദിസ്വാമി തക്കഷൻഷിമ്പയെ ഇത്തരുണത്തിൽ സ്മരിക്കുന്നു.

കൂടാതെ , ഭാഷാ ഇൻസ്റ്റിസ്റ്റൂട്ടിൽ സേവനം അനുഷ്ഠിക്കുന്ന സാഹിത്യ രംഗത്തെ ശ്രീ. വിളക്കുടി രാജേന്ദ്രൻ അപൂർവ്വ കലകളെക്കുറിച്ചുള്ള ഗവേഷണത്തിന് കേന്ദ്രസർക്കാർ ഫെലോഷിപ്പിന് അർഹനായ ശ്രീ. വിളക്കുടി ശരത്, സംഗീതത്തിൽ ഫെലോഷിപ്പ് കിട്ടിയിട്ടുള്ള മഞ്ഞമൺകാലയിലുള്ള കുമാരി രത്നമയി, ഡാൻസിന് ഫെലോഷിപ്പ് കിട്ടിയിട്ടുള്ള മഞ്ഞമൺകാലയിലുള്ള ശ്രീ. ഭാർഗ്ഗവൻ പിള്ള തുടങ്ങിയ പ്രതിഭകളും ഈ പഞ്ചായത്തിലെ കലാരംഗത്തെ മുതൽക്കൂട്ടുകളാണ്, കലാരംഗത്തു അമൂല്യ സംഭാവനകൾ നൽകിയിട്ടുള്ള മറ്റനവധി പ്രതിഭകൾ പഞ്ചായത്തിലുണ്ടെന്ന കാര്യം വിസ്മരിക്കുന്നില്ല.

കലാ രംഗത്തെപ്പറ്റി പരാമർശിക്കുമ്പോൾ പഞ്ചായത്തിന്റെ ഹൃദയഭാഗമായ കുന്നിക്കോട് സ്ഥിതിചെയ്യുന്ന ചന്ദ്രികാ പിക്ചർ പാലസ്സ് ഉടമ ശ്രീ. പി.ഏ തങ്ങൾ നൽകിയ സംഭാവനകൾ എടുത്തു പറയേണ്ടതാണ്. ഒരു നല്ല കലാകാരനും സിനിമാ നിർമ്മാതാവുമായ ഇദ്ദേഹം 50 വർഷങ്ങൾക്കു മുമ്പ് സ്ഥാപിച്ചതാണ് പഞ്ചായത്തിലെ ഏക സിനിമാ ശാലയായ കുന്നിക്കോട് പിക്ചർ പാലസ്സ്.

കായിക രംഗം

ഒരു കാലത്ത് പഞ്ചായത്തിലെ കായിക വിനോദങ്ങളായിരുന്ന കിളിത്തട്ട്, കുട്ടിയും കോലും കളി തുടങ്ങിയവ ഇന്ന് അപ്രത്യക്ഷമായെന്ന് പറയാം. അതുപോലെ തന്നെ ഗ്രാമീണ കലാ പ്രകടനങ്ങളായിരുന്ന കോൽ കളി, പറയൻതുള്ളൽ, മുടിയാട്ടം തുടങ്ങിയവയും രംഗം വിട്ടു കൊണ്ടിരിക്കുന്ന സ്ഥിതിയാണ്., ചിട്ടയായി ചുവട് വെച്ച് ഇരു കൈകളിലും ഉയർത്തിപ്പിടിച്ച കോലുകൾ പാട്ടിന്റെ താളത്തിൽ തിരിഞ്ഞും മറിഞ്ഞും അടിച്ച് ഉയരുന്ന ശബ്ദം കോൽകളിയുടെ പ്രത്യേകതയാണ്. ഈ നാടൻ കലാരംഗത്ത് അവശേഷിക്കുന്ന ഗ്രാമീണരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കേണ്ടതും ഈ കലാ രൂപം അന്യം നിന്നു പോകാതെ സംരക്ഷിക്കേണ്ടതുമാണ്.

കായികരംഗത്ത് വേണ്ടത്ര ശ്രദ്ധയും പ്രോത്സാഹനവും പഞ്ചായത്തിൽ ഇല്ലെന്ന് പറയാം. സ്കൂൾ തലങ്ങളിലും, കലാകായിക സംഘടനകൾ വർഷത്തിൽ ഒരിക്കലും നടത്തുന്ന മത്സരങ്ങളാണ് നടക്കാറുള്ളത്, എങ്കിലും പഞ്ചായത്തിൽ ഏതാനും അറിയപ്പെടുന്ന കായികതാരങ്ങൾ ഉണ്ടെന്നുള്ളത് സന്തോഷത്തിന് വക നൽകുന്നു. ഇതിൽ സംസ്ഥാന തലത്തിൽ 1500 മീറ്റർ ഓട്ടത്തിൽ ഒന്നാം സ്ഥാനത്തെത്തിയ ശ്രീ. സുരേന്ദ്രന്റെ പേര് സമരണീയമാണ്. സാംസ്കാരിക സംഘടനകളിൽ കായികരംഗത്ത് മികവുകാട്ടിയ ധാരാളം പേരുണ്ട് എന്നുള്ളതും പ്രോത്സാഹജനകമാണ്.

പഞ്ചായത്തിൽ, കായികരംഗത്തുള്ള പോരായ്മകൾ വിലയിരുത്തി, ഈ രംഗം പരിപോഷിപ്പിക്കേണ്ടതുണ്ട്. സ്കൂൾ തലത്തിൽ കഴിവുള്ളവരെ കണ്ടെത്തി, അവർക്ക് വേണ്ട പരിശീലനം നൽകുവാനുള്ള സംവിധാനം ഉണ്ടാക്കണം. നമ്മുടെ നേട്ടങ്ങളെ മറ്റുള്ളവർക്കു മുന്നിൽ അഭിമാന പൂർവ്വം അവതരിപ്പിക്കുന്നതുപോലെ പ്രധാനപ്പെട്ട ഒന്നാണ് പുറത്തുള്ള കായിക കലാ താരങ്ങളുടെ നേട്ടങ്ങളെ ഇവിടെയും പരിചയപ്പെടുത്തികൊടുക്കുക എന്നുള്ളത്. പുസ്തകങ്ങളോട് മല്ലിടുന്നതോടൊപ്പം, കുട്ടികളുടെ മാനസിക കായിക വളർച്ചക്ക് ഉതകുന്ന തരത്തിൽ ഈ രംഗത്ത് അർത്ഥവത്തായ പരിഷ്കരണങ്ങൾ ഉണ്ടാകണം. എൺപത്തിയഞ്ചുകോടി

ജനങ്ങളുടെ നാടിന് ഒരു ഒളിമ്പിക്സ് സ്വർണ്ണമെഡൽ അണിയാൻ കഴിയാതെ പോയ ശോചനീയാവസ്ഥ പരിഹരിക്കുവാൻ തക്ക കായിക അടിത്തറ നമുക്കിവിടെ കെട്ടിപ്പടുക്കുവാൻ കഴിയണം.

കേരളോത്സവം

പഞ്ചായത്തുകളിലെ കലാ കായിക പ്രതിഭകളെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുന്നതിനും മികവുകൾ പ്രകടിപ്പിക്കുന്നതിനും വേണ്ടി വേദിയൊരുക്കുന്ന കേരളോത്സവം ഉദ്ദേശിക്കുന്ന ഫലം ഉളവാക്കുന്നില്ല എന്ന രണ്ടഭിപ്രായം ഉണ്ട്. ഓരോ വർഷം കഴിയുന്തോറും പങ്കെടുക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നതായാണ് കാണുന്നത്.

കേരളോത്സവം സംഘടിപ്പിക്കുന്നത് പലപ്പോഴും കൂടുതൽ പേർക്ക് പങ്കെടുക്കാൻ കഴിയും വിധം സൗകര്യപ്രദമായ സമയത്തല്ലാ എന്ന അഭിപ്രായമുണ്ട്. ഇതിൽ പങ്കെടുക്കാൻ താരങ്ങളെ പ്രോൽസാഹിപ്പിക്കുന്ന തരത്തിലുള്ള പ്രചരണങ്ങളും നടക്കുന്നില്ല. വിജയികളെ വേണ്ട വിധത്തിൽ പ്രോൽസാഹിപ്പിക്കുന്നില്ല എന്നുള്ളതും കേരളോത്സവത്തിന്റെ പോരായ്മയായി ചൂണ്ടിക്കാണിക്കുന്നു. കേരളോത്സവം ഫലപ്രദമാക്കുന്നതിനു ലക്ഷ്യം കൈവരിക്കുന്നതിനും അഭികാമ്യമായ ചില നിർദ്ദേശങ്ങൾ ഇവിടെ കുറിക്കുന്നു.

1. കേരളോത്സവം ഫലപ്രദമായി നടത്തുന്നതിന് പഞ്ചായത്തിന് ആവശ്യമായ സാമ്പത്തികം ലഭ്യമാക്കുക.
2. പഞ്ചായത്തതല വിജയികൾക്ക് ക്യാഷ് അവാർഡ് ഏർപ്പെടുത്തുക
3. വിജയികൾക്ക് നൽകുന്ന സർട്ടിഫിക്കറ്റ് സർക്കാർ ഉദ്യോഗങ്ങൾക്ക് മെറിറ്റായി അംഗീകരിക്കുക.

പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

1. പഞ്ചായത്തിൽ ഇപ്പോൾ ഏഴു വാർഡുകളിലാണ് ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നത്. ശേഷിക്കുന്ന വാർഡുകളിലും ഗ്രന്ഥശാലകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.
2. സ്വന്തമായി കെട്ടിടം ഇല്ലാത്ത ഇള മ്പൽ ഗ്രന്ഥശാലക്ക്, ഗ്രന്ഥശാലയ്ക്ക് വേണ്ടി 40 വർഷം മു മ്പ് വാങ്ങിയ സ്ഥലത്ത് കെട്ടിടം പണിയുവാനുള്ള സഹായ സഹകരണങ്ങൾ ഉണ്ടാക്കണം.
3. സർക്കാർ ഇപ്പോൾ ഗ്രന്ഥശാലകൾക്ക് നല്കിവരുന്ന ഗ്രാന്റ് വർദ്ധിപ്പിക്കേണ്ടതാണ്.
4. വായന ശാലകളിൽ പ്രധാന ദിനപ്പത്രങ്ങൾ, ഗസറ്റ് മറ്റു ഗവൺമെന്റ് പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ ലഭ്യമാക്കേണ്ടതാണ്.
5. ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനും വിലയിരുത്തലിനും പഞ്ചായത്തു സമിതിക്ക് അവകാശം നല്കേണ്ടതാണ്.
6. ഗ്രന്ഥശാലാ കമ്മിറ്റികൾ തന്നെ മുന്നിട്ടിറങ്ങി വായനശാല വളർത്തുന്നതിന് സാമൂഹ്യ ബോധവൽക്കരണം നടത്തേണ്ടതും ഗ്രന്ഥശാലകളിൽ കൂടുതൽ പേരെ അംഗങ്ങളാക്കേണ്ടതുമാണ്.
7. അന്യം നിന്നുപോകാനിടയുള്ള നാടൻ കലകളെ നിലനിർത്തേണ്ടതും പരിപോ ഷിപ്പിക്കേണ്ടതുമാണ്. ഈ രംഗത്തുള്ളവരെ കലാ കാരന്മാരായി അംഗീകരിക്കേണ്ടതും ക്ഷേമ പദ്ധതികൾ നടപ്പാക്കേണ്ടതുമാണ്.
8. കലാ, കായിക പ്രതിഭകളെ സ്കൂൾ തലത്തിൽ തന്നെ കണ്ടെത്തി, ആവശ്യമായ പരിശീലനം നല്കുവാനു

ള്ള സംവിധാനം ഉണ്ടാകണം.

9. സ്കൂളുകളിലെ കളിസ്ഥലം കായിക പരിശീലനത്തിനനുയോജ്യമാംവിധം സൗകര്യപ്പെടുത്തണം.

10. കുട്ടികൾക്ക് കൂടുതൽ അഭിരുചിയും താല്പര്യവുമുള്ള മേഖല ഏതെന്ന് മനസ്സിലാക്കി, പ്രോത്സാഹിപ്പിക്കുന്നതിൽ ശ്രദ്ധിക്കണം.

11. പഞ്ചായത്ത് സമിതിയുടെ സഹകരണത്തോട് ഒരു സാംസ്കാരിക സമിതിക്ക് രൂപംനൽകണം. പഞ്ചായത്ത് പ്രദേശത്തുള്ള റിട്ടേർഡ് ഉദ്യോഗസ്ഥർ, അധ്യാപകർ,സാമൂഹ്യ പ്രവർത്തന രംഗത്തുള്ള വനിതകൾ, കലാകാരൻമാർ, കാലാകരികൾ എന്നിവരെ ഇതിൽ ഉൾപ്പെടുത്താവുന്നതാണ്.

വൈവിധ്യങ്ങളിലും ഏകതയുമുള്ള ഒരു സംസ്കാരിക പാരമ്പര്യമാണ് നമുക്കുള്ളത്. സുഖലോലുപത മാത്രമല്ല തിളങ്ങുന്ന ജീവിത മൂല്യങ്ങളും ഉയർന്ന സാംസ്കാരിക ബോധവും കൂടി ഉൾപ്പെട്ടതാണ് നമ്മുടെ ജീവിതമെന്ന യാഥാർത്ഥ്യം നമുക്കെന്നും കൈമുതലായിട്ടുണ്ട്. പാശ്ചാത്യ സംസ്കാരങ്ങൾ പലപ്പോഴായി കടന്നുകയറ്റം നടത്തിയെങ്കിലും പാശ്ചാത്യരെപ്പോലും ആകർഷിക്കുന്ന രീതിയിൽ നമ്മുടെ സാംസ്കാരിക മണ്ഡലം അജയ്യമായി നിലകൊള്ളുന്നു. നമ്മുടെ ഭൂ പ്രകൃതിയും ഗ്രാമീണ ജീവിത ശൈലികളും ആചാര്യ മര്യാദകളും നമ്മുടെ നാടിനെ വിദേശികളുടെ പറുദീസയാക്കുന്നു. 21-ാം നൂറ്റാണ്ടിലേക്ക് ചുവടുവയ്ക്കുന്ന നമുക്ക് കൈമുതലായുള്ള സംസ്ക്കാര സമ്പന്നത കൈമോശം വരാതെ സൂക്ഷിക്കുവാനും അഴിമതിക്കും അനീതിക്കും സാമൂഹ്യ അനാചാര അസമത്വങ്ങൾക്കെതിരെ കൂടുതൽ ഉണർവോടെ പോരാടുവാൻകഴിയട്ടെ !

പ്രധാന ക്രിസ്ത്യൻ ദേവാലയങ്ങൾ

1. പെന്തക്കോസ്ത് ചർച്ച്	–	മഞ്ഞമൺകാല
2. ഓർത്തഡോക്സ് ചർച്ച്	–	മരങ്ങാട്
3. മലങ്കരകാത്തലിക്ക് ചർച്ച്	–	തിരുവഴി
4. സി. എസ്. ഐ. ചർച്ച്	–	ഇളമ്പൽ
5. ശാലേം മർത്തോമ്മാചർച്ച്	–	ഇളമ്പൽ
6. ഇമ്മാനുവൽ മർത്തോമ്മാചർച്ച്	–	കോട്ടവട്ടം ജംഗ്ഷൻ
7. ഓർത്തഡോക്സ് ചർച്ച്	–	കോട്ടവട്ടം ജംഗ്ഷൻ
8. ദി. പെന്തക്കോസ്ത് മിഷൻ ചർച്ച്	–	കോട്ടവട്ടം ജംഗ്ഷൻ
9. അസംബ്ളീസ് ഓഫ് ഗോഡ്	–	കോട്ടവട്ടം ജംഗ്ഷൻ
10. അസ്സിസ്സി ചർച്ച്	–	കോട്ടവട്ടം ജംഗ്ഷൻ
11. ക്രിസ്തുരാജ് ചർച്ച്	–	മാക്കന്നൂർ
12. കത്തോലിക്കാ ചർച്ച്	–	കോട്ടവട്ടം ജംഗ്ഷൻ
13. ഓർത്തഡോക്സ് ചർച്ച്	–	മീമാത്തിക്കുന്ന്
14. മർത്തോമ്മാ ചർച്ച്	–	മീമാത്തിക്കുന്ന്

15. ക്രിസ്തുരാജ് ചർച്ച് – സർക്കാർമുക്ക്

16. സെന്റ് ഗ്രിഗോറിയസ്സ് ചർച്ച് – കാഞ്ഞിരമല

17. സി. എസ്. ഐ ചർച്ച് – ആവണീശ്വരം

18. വേദമാണിക്യം മഹാരാസ

മെമ്മോറിയൽ സി. എസ്. ഐ ചർച്ച് – ആവണീശ്വരം

19. രക്ഷാസൈന്യം ചർച്ച് – ആവണീശ്വരം

20. സെന്റ് തെരേസ്സ് കാത്തോലിക്കാ ചർച്ച് – കുന്നിക്കോട്

21. ചർച്ച് ഓഫ് ഗോഡ് (ഫുൾഗോസ്പൽ) – കോട്ടവട്ടം ജംഗ്ഷൻ

22. സെന്റ് മേരീസ് കത്തോലിക്കാപള്ളി – ചീയോട്

ശ്രീനാരായണ ഗുരുമന്ദിരങ്ങൾ

1. പ്ലാത്തറ – മഞ്ഞമൺകാല

2. കരിനാകോട് – വിളക്കുടി

പ്രധാന കലാ-കായിക സമിതികൾ

പേര്	സ്ഥലം
1. കുന്നിക്കോട് കലാ-സാംസ്കാരികസമിതി	കുന്നിക്കോട്
2. കിംഗ്സ് ക്ലബ്ബ്	കുരാംകോട്
3. ഫ്രണ്ട്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്	ആവണീശ്വരം
4. ഫ്രണ്ട്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്	മീന്തലോട്
5. നേതാജി ആർട്സ് & സ്പോർട്സ് ക്ലബ്ബ്	വഞ്ചിക്കാവ് ഇളമ്പൽ
6. സാരംഗം ആർട്സ് & സ്പോർട്സ് ക്ലബ്ബ്	മണ്ണാംകുഴി
7. ധന്യ ആർട്സ് & സ്പോർട്സ് ക്ലബ്ബ്	അമ്പലം ജംഗ്ഷൻ, കാര്യറ
8. ഉദയാ ആർട്സ് & സ്പോർട്സ് ക്ലബ്ബ്	പുതുവാശ്ശേരി
9. കലാരഞ്ജിനി ആർട്സ് & സ്പോർട്സ് ക്ലബ്ബ്	കടുവാംകുഴി
10. യുവരശ്മി ആർട്സ് & സ്പോർട്സ് ക്ലബ്ബ്	പ്ലാത്തറഗുരുമന്ദിരം
11. സൂര്യ ആർട്സ് & സ്പോർട്സ് ക്ലബ്ബ്	മഞ്ഞമൺകാല
12. എ.പി.എ.സി ആർട്സ് & സ്പോർട്സ് ക്ലബ്ബ്	പ്ലാത്തറ
13. ബ്രദേഴ്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്	പെരുന്തോട്ടം
14. യുവജനകലാസമിതി ആർട്സ് & സ്പോർട്സ് ക്ലബ്ബ്	കാഞ്ഞിരമല

15. കലാരഞ്ജിനി ആർട്സ് & സ്പോട്സ് ക്ലബ്ബ്	വിളക്കുടി
16. യുവജനകലാസമിതി ആർട്സ് & സ്പോട്സ് ക്ലബ്ബ്	വിളക്കുടി
17. നവഭാവന ആർട്സ് & സ്പോട്സ് ക്ലബ്ബ്	തേക്കുംമുകൾ
18. നവഭാവന ആർട്സ് & സ്പോട്സ് ക്ലബ്ബ്	ചീയോട്.
19 ജ്യോതി ആർട്സ് & സ്പോട്സ് ക്ലബ്	ചുമടുതാങ്ങി, കാര്യറ
20. Y'S NEN' ക്ലബ്	കുന്നിക്കോട്

പ്രധാന ക്ഷേത്രങ്ങളും ഉത്സവങ്ങളും

പേര്	ഉത്സവം
1. കിടങ്ങയിൽദേവീക്ഷേത്രം, കുന്നിക്കോട്	കുംഭഭരണി
2. മഹാദേവർക്ഷേത്രം, ആവണീശ്വരം	മകരതിരുവാതിര
3. ശ്രീ ധർമ്മശ്സ്താ ക്ഷേത്രം, വിളക്കുടി	മീനംപൂരം
4. മഹാദേവർക്ഷേത്രം, ഇളമ്പൽ	കുംഭംരോഹിണി
5. പീഠികഭഗവതി ക്ഷേത്രം, കാര്യറ	മകരതിരുവാതിര
6. ആയിരവല്ലിക്ഷേത്രം, പ്ലാത്തറ മഞ്ഞമൺകാല	കുംഭംആയില്യം
7. മുരുകൻകോവിൽ ക്ഷേത്രം കാര്യറപെരുന്തോട്ടം	മകരം തയ്പൂയം
8. ഭദ്രകാളി ദേവീക്ഷേത്രം, കാര്യറ അമ്പലംകുന്ന്	

പ്രധാന മുസ്ലീം പള്ളികൾ


1. കുന്നിക്കോട് മുസ്ലീം ജമാ അത്ത്	കുന്നിക്കോട് പി. ഒ
2. പുളിമുക്ക് മുസ്ലീം ജമാ അത്ത്	കുന്നിക്കോട് പി. ഒ
3. കുന്നിക്കോട് മുസ്ലീംജമാ അത്ത	ആവണീശ്രം ആർ. എസ്. പി. ഒ
4. പാപ്പാരംകോട് മുസ്ലീം ജമാ അത്ത്	പാപ്പാരംകോട്
5. കാര്യറ മുസ്ലീംജമാ അത്ത്	കാര്യറ
6. തുമ്പറ മുസ്ലീം ജമാ അത്ത്	കാര്യറ കിഴക്ക്
7. കോട്ടവട്ടം ജംഗ്. മുസ്ലീംജമാ അത്ത്	കോട്ടവട്ടം ജംഗ്., ഇളമ്പൽ

കൂടാതെ ഏതാനും തൈയ്ക്കാവുകളും, മദ്രസ്സകളും പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലുണ്ട്.

നമ്പർ	പഞ്ചായത്തിലെ പ്രധാന ഗ്രന്ഥശാലകൾ	സ്വന്തമായികെട്ടിടം	സർക്കാർ ഗ്രാന്റ്
1.	ജ്ഞാനോദയാ പബ്ലിക് ലൈബ്രറി മിമാത്തികുന്ന്, കുന്നിക്കോട്	ഉണ്ട്	ഉണ്ട്
2.	പട്ടികജാതി/പട്ടികവർഗ്ഗ ലൈബ്രറി കുന്നിക്കോട് പി. ഒ	ഉണ്ട്	ഉണ്ട്
3.	ആവണീസ്വരം പബ്ലിക്ക് ലൈബ്രറി	ഉണ്ട്	ഇപ്പോൾ ഇല്ല
4.	മഹാത്മാഗാന്ധി ലൈബ്രറി, വിളക്കുടി	ഉണ്ട്	ഉണ്ട്
5.	ജവഹർലാൽനെഹറു ലൈബ്രറി, വരിക്കോൽ	ഉണ്ട്	ഉണ്ട്
6.	യുവജനസമാജം പബ്ലിക്ക് ലൈബ്രറി & റീഡിംഗ്റും , ഇളമ്പൽ പി. ഒ	ഇല്ല	ഉണ്ട്
7.	നേതാജി പബ്ലിക്ക് ലൈബ്രറി, എലിക്കോട്	ഉണ്ട്	ഉണ്ട്

പുതിയ ലൈബ്രറി സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

1. കുന്നിക്കോട് ഠൗൺ
2. ആവണീശ്വരം ആർ. എസ്
3. കോട്ടവട്ടം ജംഗ്ഷൻ
4. കാര്യറ താവളം
5. കുറ്റിക്കോണം
6. അംബികാജംഗ്ഷൻ 11-ാം വാർ
7. മഞ്ഞമൺകാല



വനിത

"ന സ്ത്രീ സ്വാതന്ത്ര്യം അർഹതി" എന്ന സ്ഥിതി മാറി, സ്ത്രീ വിമോചന പ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി മുന്നേറുന്ന കാലഘട്ടത്തിലും കാലത്തിന്റെ കുളമ്പടി ശബ്ദം കേൾക്കാതെ ഗ്രാമീണ സ്ത്രീകളിൽ ബഹുഭൂരിപക്ഷവും ഒതുങ്ങികൂടുകയാണ്.

ജന സംഖ്യയിൽ 50 ശതമാനത്തിൽ അധികം വരുന്ന സ്ത്രീ കളുടെ പങ്കാളിത്തം കൂടുതൽ ഉറപ്പുവരുത്തിയെങ്കിൽ മാത്രമേ വികസന പ്രവർത്തനങ്ങളിലും ആസൂത്രണ പ്രക്രിയയിലും നേട്ടം കൈവരിക്കാൻ കഴിയുകയുള്ളു. വനിതാ സമാജങ്ങളും സംഘടനകളും രൂപീകരിച്ചിട്ടുണ്ടെങ്കിലും സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ അതിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാനും ഉദ്ദേശ ലക്ഷ്യങ്ങളിൽ എത്തുന്നതിനും സാധിച്ചിട്ടില്ലെന്നുള്ളതാണ് വസ്തുത.

ഒരു കാലഘട്ടത്തിൽ വിദ്യാഭ്യാസ രംഗത്ത് സ്ത്രീകൾ പിന്നോക്കമായിരുന്നുവെങ്കിൽ ഇന്ന് അവസ്ഥയ്ക്ക് മാറ്റം വന്നിട്ടുണ്ട്. "തുല്യ ജോലിയ്ക്ക് തുല്ല്യ വേതനം" എന്നനിയമം നിലവിലുണ്ടെങ്കിലും തൊഴിൽ മേഖലയിൽ പലയിടത്തും നടപ്പിലായിട്ടില്ല. കൃഷി, നിർമ്മാണമേഖല, വ്യവസായം തുടങ്ങിയ നിരവധി മേഖലകളിൽ സ്ത്രീപങ്കാളിത്തം കൂടുതൽ ഉറപ്പുവരുത്തേണ്ടതുണ്ട്.

കൂലിനിരക്കിലുള്ള വ്യത്യാസം

തൊഴിൽമേഖല	സ്ത്രീ	പുരുഷൻ
കർഷകതൊഴിലാളി	60–70	100
നിർമ്മാണതൊഴിലാളി	75	100–125
കശുവണ്ടി	25–30	50–60
ഇഷ്ടികതൊഴിലാളി	60–70	90–100
പാറതൊഴിലാളി	60–70	90–100

സമ്പത്ത് ഉത്പാദനവുമായി സ്ത്രീകളെ ബന്ധപ്പെടുത്തിയാലെ അവരുടെ സ്വയം പര്യപ്തതയും കുടുംബത്തിന്റെ ക്ഷേമവും അതിലൂടെ നാടിന്റെ വികസനവും ഉറപ്പുവരുത്തുവാൻകഴിയു. മതപരമായ ആചാരാനുഷ്ടാനങ്ങളിൽ പുരുഷൻമാരേക്കാൾ സ്ത്രീകൾ പങ്കെടുക്കുന്നു. പഞ്ചായത്തിലെ തൊഴിൽലെടുക്കുന്ന സ്ത്രീകളിൽ കൂടുതലും കശുവണ്ടി ഫാക്ടറിതൊഴിലാളികളാണ്. വർഷത്തിൽ നൂറ് മുതൽ 150 ദിവസങ്ങൾ മാത്രമാണ് തൊഴിൽ ലഭിക്കുന്നത് ഇഷ്ടിക നിർമ്മാണത്തിലും, പാറമടയിലും, കാർഷിക മേഖലയിലെ പണി

കളിലും സ്ത്രീകൾ കൂടുതലായി പണിയെടുക്കുന്നു. തയ്യൽ ജോലി അറിയാവുന്ന ധാരാളം സ്ത്രീകൾ ഉണ്ടെങ്കിലും അതിനെ ഒരു വരുമാനമാർഗ്ഗമായി കൊണ്ടുപോകുന്നതിന് പലർക്കും കഴിയുന്നില്ല.

രാഷ്ട്രീയ, സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ സ്ത്രീപങ്കാളിത്തം വളരെ കുറവാണ് കുടുംബനാഥൻമാരുടെ മദ്യപാനവും, വർദ്ധിച്ചുവരുന്ന ജീവിത ചെലവുകളും താങ്ങാനാവാത്ത സ്ഥിതിയാണ് ഇന്നുള്ളത്.

സ്ത്രീധന സമ്പ്രദായം അവസാനിപ്പിയ്ക്കണമെന്ന് നാം മുറവിളികൂട്ടുമ്പോഴും അതിപ്പോഴും നിർബാധംതുടരുകയും സാമ്പത്തികമായി ഉയർന്ന നിലവാരത്തിലുള്ളവർക്ക് ഒപ്പം എത്താനുള്ള വ്യഗ്രത കാരണം പാവപ്പെട്ടവന് കിടക്കാടം പോലും ഇല്ലാത്ത സ്ഥിതിയിലാവുകയും ചെയ്യുന്നു

ദാരിദ്ര്യരേഖയ്ക്കുതാഴെ വരുന്ന നല്ലൊരു വിഭാഗം ആൾക്കാരും കശുവണ്ടിമേഖലയിൽ പണിയെടുക്കുന്നു. ഇവരുടെ മക്കളെ ഉന്നത വിദ്യാഭ്യാസം ചെയ്യിക്കാതെ കുട്ടിത്വം വിട്ടുമാറുന്നതിനു മുൻപ് തന്നെ കശുവണ്ടിഫാക്ടറികളിലേയ്ക്ക് കൊണ്ടുപോയി പണിയെടുപ്പിക്കുന്നു.

സ്ത്രീപീഡനങ്ങൾ ഇന്ന് സാർവ്വത്രികമാണ്. മാനസികമായും, ശാരീരികമായും സ്ത്രീകളെ പീഡിപ്പിക്കുന്ന അവസ്ഥ നിഷേധിക്കാൻ കഴിയുന്നതല്ല. ഇന്ന് പത്രമാസികകളിൽ ധാരാളമായി എഴുതികാണാറുള്ളതാണ്. സ്ത്രീകൾക്കുനേരേയുണ്ടാകുന്ന മോശമായ അനുഭവങ്ങളുടെ നീണ്ട പട്ടിക. സാധാരണയായി യാത്രാവേളകളിൽ ബസ്സുകളിലും, പൊതുവേദികളിലും, ഉത്സവ സ്ഥലങ്ങളിലും ഒക്കെ സ്ത്രീകളെ പീഡിപ്പിയ്ക്കുന്നു. ഇത് കൂടാതെ ചുരുക്കം ചില ലൈംഗീക പീഡനങ്ങളും ഇതിനു ഉദാഹരണങ്ങളാണ്. ഇത്തരം മോശമായ പ്രവണതയുമായി സമൂഹത്തിന്റെമുന്നിൽ മാന്യൻ മാരായി നടിയ്ക്കുന്ന ഈ "പൂവാലൻമാർ"ക്കെതിരെ സത്വരമായ നിയമനടപടികൾ ഉണ്ടാകേണ്ടതാണെന്ന് നമ്മുടെ ഗ്രാമസഭകളിൽ ഉയർന്നുവന്ന സ്ത്രീ ശബ്ദമാണ്.

അമിതമായ സാമ്പത്തിക ലാഭം എന്ന ലക്ഷ്യത്തോടുകൂടി സ്ത്രീയെ ഒരു കച്ചവട ചരക്കായി അധഃപതിപ്പിയ്ക്കുന്ന സാമൂഹ്യനീതിയ്ക്കു നിരക്കാത്ത പ്രവണതകൾ അവസാനിപ്പിയ്ക്കണ്ടതാണ്.

മദ്യവിപത്ത്

ഇന്ന് സ്ത്രീകൾ അഭിമുഖീകരിയ്ക്കുന്ന ഒരു പ്രധാന പ്രതിസന്ധിയാണ് മദ്യം. കുടുംബനാഥൻമാരുടെ മദ്യപാനം മൂലം ബഹുഭൂരിപക്ഷം വീടുകളിലും കലഹവും ദാരിദ്യവും മാത്രമല്ല പിഞ്ചുകുഞ്ഞുങ്ങളുടെ മാനസീകവളർച്ച മുരടിയ്ക്കുകയും ചെയ്യുന്നു. ചാരായനിരോധനം കൊണ്ട് ഉദ്ദേശിച്ചത്ര ഫലപ്രാപ്തികൈവരിയ്ക്കാൻ കഴിഞ്ഞിട്ടില്ല. നിരോധിച്ചതിന്റെ ഇരട്ടി ശക്തിയോടുകൂടി വ്യാജൻ ഉടലെടുത്തു.

മദ്യാസക്തിമൂലം നാട്ടിലാകെ കലാപങ്ങളും, കൊലപാതകങ്ങളും, സാമൂഹികവിരുദ്ധ പ്രവർത്തനങ്ങളും വർദ്ധിച്ചുവരുന്നു. വ്യാജമദ്യദുരന്തങ്ങൾ സാർവ്വത്രികമാകുന്നു. ഇതിനെതിരെ സത്വരനടപടികൾ കൈക്കൊണ്ടില്ലെങ്കിൽ സാമൂഹികവിപത്തുതന്നെ സംഭവിച്ചേക്കാം.

മദ്യത്തെക്കാൾ ഏറെ ആപൽക്കാരിയായ മയക്കുമരുന്നിന്റെ ഉപയോഗം യുവാക്കളിൽ വർദ്ധിച്ചുവരുന്നു. ഇതു മൂലം സ്വന്തം സഹോദരങ്ങളെപോലും തിരിച്ചറിയാൻ വയ്യാത്തവിധം മൃഗീയത വളർന്നു. സമൂഹ

ത്തിനാകമാനം വിപത്തായിമാറിയിരിയ്ക്കുന്ന മദ്യത്തിനും മയക്കുമരുന്നിനും എതിരെ മനുഷ്യമനസാക്ഷി ഉണർത്തിക്കൊണ്ടുള്ളബോധവൽക്കരണ പരിപാടികൾ നടത്താൻ കഴിയണം.


നിർദ്ദേശങ്ങൾ

1) വീടുവളപ്പുകളിൽ പച്ചക്കറിത്തോട്ടം, പൂകൃഷി, കാലിവളർത്തൽ, കോഴിവളർത്തൽ, അലങ്കാരവസ്തുക്കളുടെ നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രങ്ങളുടെ നിർമ്മാണം, കറിപൗഡർ, ഈറ്റപ്പണി, മെറ്റൽ യൂണിറ്റുകൾ തുടങ്ങി നിരവധി പദ്ധതികൾ നടപ്പാക്കാവുന്നതാണ്.

2) നിർജ്ജീവമായി കിടക്കുന്ന വനിതാ സമാജങ്ങളേയും സന്നദ്ധ സംഘടനകളേയും പുനരുദ്ധരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതുണ്ട്.

3) സാക്ഷരതാ പ്രവർത്തനം ഒരു തുടർവിദ്യാഭ്യാസപരിപാടിയായി നിലനിർത്തുകയും ലക്ഷ്യപ്രാപ്തിയിലെത്തുന്നകാലയളവുവരെ ഈ രംഗത്ത് സേവനം നടത്തുന്നവർക്ക് പ്രോത്സാഹനമെന്നനിലയിൽ സാമ്പത്തിക സഹായം നല്കേണ്ടതാണ്.

4) കുട്ടികളുടെ മാനസീകവും ശാരീരികവും, ആരോഗ്യപരവുമായ സംരക്ഷണത്തിനും, വിനോദത്തിനും ആവശ്യമായ പദ്ധതികൾ ഉണ്ടാകണം.



സഹകരണം

സഹകരണം സമൂഹത്തിന്റെ അത്താണിയാണ് സാമ്പത്തിക പരാധീനതകളിൽ നിന്നും കർഷക സമൂഹത്തിന് മോചനം നല്കുക എന്ന ലക്ഷ്യത്തിലാണ് 1904 ലെ സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ കാർഷിക വായ്പാ സഹകരണ സംഘങ്ങൽ പ്രവർത്തനം തുടങ്ങിയത്. കർഷക ജനതക്ക് ആശയും ആവേശവുമായി തുടക്കം കുറിച്ച കാർഷിക വായ്പാ സംഘങ്ങൾ, ഒരു കാലയളവിൽ നിരാശ ജനകമായ പ്രവർത്തനമാന്ദ്യത്തെ നേരിട്ടു, എന്നാൽ പ്രതിബന്ധങ്ങളെ ഏറെക്കുറെ തരണം ചെയ്ത് കർഷകർ ഉൾപ്പെടെ ജന സമൂഹത്തിന് ആശ്വാസം പകരുന്നതിൽ സാമ്പത്തികം ഉൾപ്പെടെയുള്ള കർമ്മരംഗത്തേക്കുയരുവാൻ കഴിഞ്ഞു എന്നുള്ളത് ഈ കാലഘട്ടത്തിൽ ആശ്വാസകരമാണ്.

വായ്പാരംഗത്ത്, ബാങ്കുകളും മറ്റു സ്വകാര്യ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇടത്തരം കർഷകനും, സാധാരണക്കാരനും, പാവപ്പെട്ടവർക്കും സാമ്പത്തിക സഹായത്തിന് അത്താണി വായ്പാ സഹകരണ സ്ഥാപനങ്ങൾ ആണെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഇന്നത്തെ സാമൂഹ്യ സാമ്പത്തിക പരിതസ്ഥിതിയിൽ, സഹകരണ പ്രസ്ഥാനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കി ക്രിയാത്മകമായ സമീപനം ഈ രംഗത്തുണ്ടാവുകയും ജനസമൂഹത്തിന്റെ സാമ്പത്തിക ആവശ്യങ്ങൾ പൂർണ്ണമായി നിറവേറ്റുവാൻ കഴിയുന്ന പ്രസ്ഥാനമായി വളരേണ്ടതും ഇന്നത്യാവശ്യമായിരിക്കുന്നു.

പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിന് കൊല്ലവർഷം 19-06-1099 ലാണ് തുടക്കം കുറിച്ചത്. "പരസ്പരവായ്പാസഹകരണസംഘം" എന്നപേരിലായിരുന്നു സ്ഥാപനം പ്രവർത്തനം തുടങ്ങിയത്. പത്മവിലാസം വീട്ടിൽ ശ്രീ. എസ്. കേശവപിള്ളയായിരുന്നു സ്ഥാപക പ്രസിഡന്റ്. ശ്രീ. കറുമ്പൻ ആദ്യത്തെ സെക്രട്ടറിയും, ഇരുപത് അംഗങ്ങളുമായി തുടങ്ങിയ ഈ സ്ഥാപനം 27-01-1961 ൽ സർവ്വീസ് സൊസൈറ്റിയായി ഉയർന്നു. വിളക്കുടി പഞ്ചായത്ത് പ്രദേശമായിരുന്നു പ്രവർത്തന പരിധി. ഇളമ്പൽ സർവ്വീസ് സഹകരണ സൊസൈറ്റിയുടെ ആദ്യത്തെ പ്രസിഡന്റ് കണ്ടമത്തുവീട്ടിൽ ശ്രീ. ഒ. ഫിലിപ്പും, സെക്രട്ടറി ശ്രീ. ശ്രീധരൻ ഉണ്ണിത്താനുമായിരുന്നു. 11-06-1994 ൽ ഇളമ്പൽ സർവ്വീസ് സഹകരണ സംഘം സർവ്വീസ് സഹകരണ ബാങ്കായി.

കൊല്ല വർഷം 30-10-1104 ൽ പഞ്ചായത്തിലെ രണ്ടാമത്തെ സഹകരണസ്ഥാപനം കുന്നിക്കോട് കേന്ദ്രീകരിച്ച് ആവണീശ്വരം പരസ്പര സഹകരണ സംഘം എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചു. ഇലവും കുഴിയിൽ ശ്രീ. ഈ. ശങ്കരപിള്ള ആദ്യകാല പ്രസിഡന്റും, പാറക്കുന്നിൽ ശ്രീ. ഗോപാലകൃഷ്ണപിള്ള സെക്രട്ടറിയും ആയിരുന്നു. ഒരേ സ്വഭാവത്തിലുള്ള രണ്ടു സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തനം തുടങ്ങിയപ്പോൾ, പ്രവർത്തന പരിധി ഓരോ സ്ഥാപനത്തിനും ഏകദേശം പഞ്ചായത്തിന്റെ പകുതി ഭാഗമായി ചുരുങ്ങി.

ആവണീശ്വരം പരസ്പര സഹായ സഹകരണ സംഘം, ആവണീശ്വരം സർവ്വീസ് സഹകരണ സംഘമായി മാറി. 1989 ഫെബ്രുവരി 26-ാം തീയതി സർവ്വീസ് ബാങ്കായും ഉയർത്തപ്പെട്ടു. ഈ രണ്ട് സ്ഥാപനങ്ങളും

ണ് പഞ്ചായത്തിലെ സഹകരണ മേഖലയിലെ തുടക്കക്കാർ.

സഹകരണ സ്ഥാപനങ്ങളും പ്രവർത്തനവും

വായ്പാരംഗത്ത് ഇളമ്പൽ സർവ്വീസ് സഹകരണ ബാങ്കും ആവണീശ്വരം സർവ്വീസ് സഹകരണ ബാങ്കുമാണ് സഹകരണ രംഗത്തുള്ള സ്ഥാപനങ്ങൾ. ഈ രംഗത്ത് രണ്ടു സ്ഥാപനങ്ങളും സാമാന്യം ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നു. കൺസ്യൂമർ വിഭാഗത്തിൽ സ്ഥാപിതമായ ഏഴു സംഘങ്ങൾ ഉണ്ടെങ്കിലും കാര്യമായ പ്രവർത്തനം ഉണ്ടെന്നു പറയാൻ പറ്റാത്ത അവസ്ഥയാണ്. മൂന്ന് ക്ഷീരോത്പാദക സഹകരണ സംഘങ്ങളിൽ ഒന്നുമാത്രമാണ് പ്രവർത്തന ക്ഷമമായിട്ടുള്ളത്. കൂടാതെ ഏഴു സഹകരണ സംഘങ്ങൾ വിവിധ ഉദ്ദേശങ്ങൽക്കായി രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചെങ്കിലും നിലവിൽ പ്രവർത്തന രഹിതമെന്നുതന്നെ പറയാം. ഒരു വനിതാ സഹകരണ സംഘം പഞ്ചായത്തിലെ ഒൻപതാം വാർഡിൽ ഉണ്ടെങ്കിലും പ്രവർത്തനം മന്ദീഭവിച്ച നിലയിലാണ്. പഞ്ചായത്ത് പരിധിയിൽ പെടുന്ന രണ്ടു ഹൈസ്കൂളുകളോട് അനുബന്ധിച്ച് ഓരോ സ്കൂൾ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സ്കൂളുകളുടെ ആവശ്യത്തിലേക്കുള്ള പാഠപുസ്തകങ്ങളും നോട്ടു ബുക്കുകളും ഈ സ്റ്റോറുകളിൽ വഴി വിതരണം ചെയ്യുന്ന പ്രവർത്തനമാണ് നടക്കുന്നത്.

ക്ഷീരോത്പാദന രംഗത്ത് പ്രവ്ത്തനക്ഷമമായിട്ടുള്ളത് കുന്നിക്കോട് ക്ഷീരോത്പാദക സഹകരണസംഘമാണ്. സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ള സംഘത്തിന്റെ പ്രവർത്തന മേഖല ഒന്നും രണ്ടും വാർഡുകളാണ്.

കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ശാഖ കുന്നിക്കോട് കേന്ദ്രീകരിച്ച് പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. വായ്പാ വിതരണത്തിലും നിക്ഷേപ പദ്ധതിയിലും ഈ ശാഖ പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങൾ

ക്രമ നമ്പർ	പേരുവിവരം	രജി. നമ്പർ
1	ഇളമ്പൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം	604
2	ആവണീശ്വരം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം	1847
3	കുന്നിക്കോട് ക്ഷീരോത്പാദക സഹകരണസംഘം	
4.	കാര്യറ വാർഡ് 2 കൺസ്യൂമേഴ്സ് കോ. ഓപ്പ. സ്റ്റോഴ്സ്, കാര്യറ	1082
5.	കാര്യറ വാർഡ് 9 കൺസ്യൂമേഴ്സ് കോ. ഓപ്പ. സ്റ്റോഴ്സ്, കാര്യറ	1074
6.	ആവണീശ്വരം കൺസ്യൂമേഴ്സ് കോ. ഓപ്പ. സ്റ്റോഴ്സ്, കുന്നിക്കോട്	1086
7.	ഇളമ്പൽ കൺസ്യൂമേഴ്സ് കോ. ഓപ്പ. സ്റ്റോഴ്സ്, ഇളമ്പൽ	1080
8.	കുന്നിക്കോട് കൺസ്യൂമേഴ്സ് കോ. ഓപ്പ. സ്റ്റോഴ്സ്, കുന്നിക്കോട്	1078
9.	കോട്ടവട്ടം കൺസ്യൂമേഴ്സ് കോ. ഓപ്പ. സ്റ്റോഴ്സ്, ഇളമ്പൽ	1105
10	ഇളംമ്പൽ ക്ഷീരോത്പാദക സഹകരണസംഘം, ഇളമ്പൽ	(D)APCDS

11	കാര്യറ സെൻട്രൽ ക്ഷീരോത്പാദന സഹകരണസംഘം, കാര്യറ	179(D)APCDS
12	വിളക്കുടി ലേബർ കോൺട്രാക്ട് സഹകരണസംഘം, കുന്നിക്കോട്	1196
13	കുന്നിക്കോട് ലേബർ കോൺട്രാക്ട് സഹകരണസംഘം, കുന്നിക്കോട്	1225
14	പത്തനാപുരംതാലൂക്ക് ലേബർ കോൺട്രാക്ട് സഹകരണസംഘം, കുന്നിക്കോട്	1263
15	പത്തനാപുരം ബ്ലോക്ക് ടൂ, ത്രിവീലർ മെക്കാനിക്കൽ വർക്കേഴ്സ് സഹകരണസംഘം, കുന്നിക്കോട്	1089
16	പത്തനാപുരം താലൂക്ക് മോട്ടോർ മെക്കാനിക്കൽ ഇൻഡസ്ട്രീയൽ വർക്കേഴ്സ് സഹകരണസംഘം, കുന്നിക്കോട്	1197
17	പത്തനാപുരം താലൂക്ക് റോക്ക് ബ്ലാസ്റ്റിഗ് ആന്റ് മെറ്റൽ ക്രഷിഗ് വർക്കേഴ്സ് സഹകരണസംഘം, കുന്നിക്കോട്	1237
18	പത്തനാപുരം ബ്ലോക്ക് പ്രൊസസിംഗ് ആന്റ് ജനറൽമാർക്കറ്റിംഗ് സഹകരണസംഘം, വിളക്കുടി	1261
19	പത്തനാപുരം വികസന ബ്ലോക്ക് വനിത സഹകരണസംഘം, കാര്യറ	1097
20	വിളക്കുടി പഞ്ചായത്ത് പട്ടികജാതി സഹകരണസംഘം, കുന്നിക്കോട്	1101
21	കൊല്ലം ജില്ലാ സഹകരണബാങ്ക്, കുന്നിക്കോട് ബ്രാഞ്ച്	

പഞ്ചായത്തിലെ വായ്പാ സഹകരണസംഘങ്ങൾ (ബാങ്കുകൾ

ക്ര.ന.	സംഘത്തിന്റെ പേര്	പ്രവർത്തനം ആരം. വർഷം	പ്രവർത്തന പരിധി	ആകെ അംഗങ്ങൾ (000)	ഓഹരി മൂലധനം (000)	നിക്ഷേപം		കാർഷികാ (000)	കാർഷി കേതരം	പ്രവർത്തന മൂലധനം (000)	മറ്റുസ്ഥാ. സ്വീകരിച്ചവ	പിരിഞ്ഞു കിട്ടാനു	ജീവന	
						സ്ഥിരം (000)	ഹ്രസ്വം (000)						കാർ സ്ഥിരം	താൽ കാലികം
1	ഇളമ്പൽസർവ്വീസ് സഹകരണബാങ്ക്	16-06-1099 കൊല്ലവർഷം	5,6,7,1011 വാർഡുകളുടെ ആവണീശ്വര ബാങ്കിന്റെ പരിധികഴിഞ്ഞുള്ള ഭാഗങ്ങൾ	5122	2100	8000	1300	1857	10036	1002	4712	1680	5	1
2	ആവണീശ്വാ സർവ്വീസ് സഹകരണബാങ്ക്	30-10-1104 (കൊല്ലവർഷം)	1, 2, 3, 8, 12 വാർഡുകളും 4,9 വാർഡുകളുടെ പകുതിഭാഗവും	4716	1000	7035	4038	1236	10435	885	4819	2116	3	3

സ്വർണ്ണ പണയ വായ്പ ഉൾപ്പെടെയുള്ള തുകയാണ് രണ്ടു ബാങ്കുകളുടെയും കാർഷികേതര വായ്പ (കണക്കുകൾ സർവ്വീസ് സഹകരണബാങ്കുകളുടെ റിപ്പോർട്ട് ആസ്പദമാക്കിയുള്ളത്.

വനിതാ സഹകരണ സംഘങ്ങൾ

പഞ്ചായത്തിൽ മൂന്ന് വനിതാ സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ രണ്ടെണ്ണം ചാരിറ്റബിൾ സൊസൈറ്റിയാണ്. ഈ രണ്ടു സ്ഥാപനങ്ങളിലും കാര്യമായ പ്രവർത്തനം നടക്കുന്നില്ല.

വനിതാ സഹകരണ സംഘത്തിൽ ഇപ്പോൾ ചിട്ടിയുടെ പ്രവർത്തനം മാത്രം നടക്കുന്നു. ഈ സംഘത്തിന്റെ പ്രവർത്തനം വിപുലീകരിച്ച് വനിതകൾക്ക് കൂടുതൽ തൊവിലവസരം ലഭ്യമാകത്തക്ക രീതിയിൽ ശ്രദ്ധിക്കേണ്ടതാണ്.

ഇപ്പോൾ പഞ്ചായത്തിൽ സഹകരണ മേഖലയിൽ വനിതകൾക്കുള്ള പ്രാധിനിത്യം സമഗ്രമായ വിലയിരുത്തേണ്ടതും പിന്നോക്കാവസ്ഥ പരിഹരിക്കാനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. സഹകരണ രംഗത്തേക്ക് വനിതകൾ സ്വമേധയാകടന്നുവരുന്നില്ല എന്നുള്ളതും പിന്നോക്കാവസ്ഥക്ക് ഒരു കാരണമാണ്.

ഒമ്പതാം പദ്ധതിയിൽ വനിതാ ക്ഷേമത്തിന് ഉതകുന്ന എല്ലാ സംരംഭങ്ങളും സഹകരണ മേഖലയിൽ ഉൾപ്പെടുത്തി പഞ്ചായത്തിൽ നടപ്പിലാക്കേണ്ടതാണ്.

കൺസ്യൂമർ സ്റ്റോറുകൾ

പഞ്ചായത്തിൽ 7 കൺസ്യൂമർ സ്റ്റോറുകൾ നിലവിലുണ്ട്. ഇതിൽ ഒന്ന് പട്ടികജാതി കൺസ്യൂമർ സംഘമാണ്. കൺസ്യൂമർ സ്റ്റോറുകളുടെ പൊതു സ്ഥിതി ആശാ വഹമല്ല. നിലവിലുള്ള 7 കൺസ്യൂമർ സംഘങ്ങളിൽ ആറെണ്ണം പ്രവർത്തിക്കുന്നുവെങ്കിലും, നിർജ്ജീവമായിരിക്കുന്ന ഒരു സ്റ്റോറും പഞ്ചായത്തിലുണ്ട്.

കൺസ്യൂമർ സ്റ്റോറുകളിൽ വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങൾ മിക്കവയും പൊതുമാർക്കറ്റിൽനിന്നും വാങ്ങി വില്പന നടത്തുന്നവയാണ്. ഉപഭോക്താക്കൾക്ക് പൊതുവിപണിയിൽനിന്ന് വിലയിൽ കാര്യമായ മാറ്റമൊന്നും കൺസ്യൂമർ സ്റ്റോറുകളിൽ നിന്നും ലഭിക്കുന്നില്ല. നിത്യോപയോക സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിൽ കൺസ്യൂമർ സ്റ്റോറുകൾക്ക് നിർവ്വഹിക്കാനുള്ള പങ്ക് മറ്റെന്നത്തേക്കാളും ഇന്ന് പ്രസക്തമാണ്, ഇന്ന് സാധാരണ വ്യാപാര സാധനങ്ങളെ പോലെ പ്രവർത്തിക്കുന്ന ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ സമൂല മാറ്റം ആവശ്യമാണ്. പൊതുവിതരണ മേഖലയിൽ മാവേലി സ്റ്റോറുകളും റേഷൻ കടകളും പോലെ ഒരു സുപ്രധാന വിതരണ സ്രോതസ്സായി ഉപഭോക്തൃ സംഘങ്ങളും പ്രവർത്തനോന്മുഖമാക്കിവില നിയന്ത്രണം കൂടുതൽ എളുപ്പമാക്കാൻ കഴിയും. നിയന്ത്രിത വിലക്ക് നിത്യോപയോഗ സാധനങ്ങൾ കൺസ്യൂമർ സ്റ്റോറുകൾക്ക് ലഭ്യമാക്കുകയാണ് ഏറ്റവും പ്രധാനമായിട്ടുള്ളത്.

കൺസ്യൂമർ സ്റ്റോറുകൾക്ക് അനുവദിച്ചിട്ടുള്ള ലാഭവിഹിതം 10% ൽ നിന്ന് ഉയർത്തി നിശ്ചയിക്കേണ്ടതുണ്ട്; കൺസ്യൂമർ സ്റ്റോറുകളിലെ വ്യാപാര നഷ്ടം ഒരു പരിധിവരെ ഇതുകൊണ്ട് പരിഹരിക്കാവുന്നതാണ്. വ്യാപാര ലാഭം ഉയർത്തുമ്പോൾ ഉപഭോക്താക്കൾക്ക് ന്യായവില ഉറപ്പാക്കുകയും വേണം.

പൊതുവിൽ കൺസ്യൂമർ സ്റ്റോറുകൾ ഭീമമായ നഷ്ടം നേരിടുകയും ഉദ്ദേശ ലക്ഷ്യങ്ങൾ സാധിക്കാതെ വരുകയും ചെയ്യുന്ന ഇന്നത്തെ സാഹചര്യം സമഗ്ര പഠന വിഷയം ആക്കേണ്ടതും ക്രിയാത്മകമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

കാർഷിക വായ്പ്പകൾ

പഞ്ചായത്തിലെ കർഷകർ മുഖ്യമായും കാർഷികാവശ്യങ്ങൾക്കുള്ള വായ്പകൾക്ക് വായ്പാ സഹകരണ സംഘങ്ങളെ ആശ്രയിച്ചുവരുന്നു. ഇതര ബാങ്കിംഗ് സ്ഥാപനങ്ങളും ഈ രംഗഗത്തു വായ്പകൾ കൊടുക്കുന്നുണ്ടെങ്കിലും ഇടത്തരക്കാരും അതിനു താഴെയുള്ളവരുമായ കർഷകർ സഹകരണ സ്ഥാപനങ്ങളെയാണ് സമീപിക്കാറുള്ളത്.

വായ്പാ രംഗത്തുള്ള പഞ്ചായത്തിലെ രണ്ട് സഹകരണ ബാങ്കുകളുടെ കണക്ക് അടിസ്ഥാനത്തിൽ 20% വായ്പകളാണ് കാർഷിക ആവശ്യങ്ങൾക്കായി കൊടുത്തിട്ടുള്ളത്. 80% ലോണുകളും കാർഷികേതര വായ്പകളാണ്. കാർഷിക മേഖലയിൽ പഞ്ചായത്തിലുള്ള കർഷകരിൽ ഭൂരിപക്ഷവും നാമ മാത്രകർഷകരാണ്. കാർഷിക വായ്പാ പദ്ധതിയുടെ നിയമങ്ങൾ അനുസരിച്ചുള്ള ഭൂവിസ്തൃതി ഇല്ലാത്തതു കാരണം ഭൂപണയത്തിൽ കൃഷികേതര വായ്പകളായിട്ടാണ് നാമമാത്ര കർഷകർ വായ്പകൾ എടുക്കാറുള്ളത്.

1. ഇളമ്പൽ സർവ്വീസ് സഹകരണ ബാങ്ക് നാളിതുവരെ കാർഷിക വായ്പയായി 18 1/2 ലക്ഷം രൂപയോളം കൊടുത്തിട്ടുണ്ട്. ഒരു കോടി രൂപ കാർഷികേതര വായ്പയായും വിവിധ ആവശ്യത്തിനായി കൊടുത്തു. കാർഷികേതര വായ്പ സ്വർണ്ണ പണയവായ്പ കൂടി ഉൾപ്പെട്ട തുകയാണ്. സംഘത്തിന്റെ കീഴിൽ ഒരു വളംഡിപ്പോ പ്രവർത്തിക്കുന്നുണ്ട്. കർഷകർക്ക് കൂടുതൽ സഹായകമായ രീതിയിൽ വളം ഡിപ്പോയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്. കൃഷിഭവനിൽനിന്നും സബ്സിഡിയിൽ വളം ഈ സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള കർഷകർക്ക് സംഘം ഡിപ്പോയിൽ നിന്നും നല്കിവരുന്നു.

2. ആവണീശ്വരം സർവ്വീസ് സഹകരണബാങ്ക് കാർഷിക വായ്പാ ഇനത്തിൽ നാളിതുവരെ 12 1/2 ലക്ഷംരൂപാ വിതരണം ചെയ്തിട്ടുണ്ട്. സംഘത്തോടനുബന്ധിച്ച് വളം ഡിപ്പോയും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. മുൻകാലങ്ങളിൽ സംഘം നേരിട്ട് നടത്തിയിരുന്ന കശുവണ്ടി സംഭരണം 5 വർഷമായി മുടങ്ങിയിരിക്കുകയാണ്. 95 മാർച്ചുമുതൽ റബ്ബർ സംഭരണം ആരംഭിച്ചത് പ്രദേശത്തുള്ള റബ്ബർ ഉല്പാദകർക്ക് ആശ്വാസകരമായ കാര്യമാണ്. പൊതു വിപണിയിൽ റബ്ബറിനു കിട്ടിയിരുന്നതിനേക്കാൾ മെച്ചപ്പെട്ടവില കർഷകർക്ക് സംഘത്തിൽ നിന്നും ലഭിക്കുന്നുണ്ട്. 5 മാസമായി മുടങ്ങികിടക്കുന്ന റബ്ബർ സംഭരണം പുനരാരംഭിക്കേണ്ടതാണ്.

വായ്പാ സഹകരണ സ്ഥാപനങ്ങളുടെ പൊതുനിർദ്ദേശങ്ങൾ

വായ്പാ മേഖലയിലുള്ള രണ്ട് സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എങ്കിലും കാര്യക്ഷമമായ പ്രവർത്തനത്തിന് നിലവിലുള്ള പരിമിതികൾ വിലയിരുത്തേണ്ടതും പരിഹാരമാർഗ്ഗങ്ങൾ ഉണ്ടാകേണ്ടതുമാണ്. വായ്പകൾക്കുവേണ്ടി സഹകരണ സംഘങ്ങളെ വ്യാപകമായി ഉപയോഗപ്പെടുത്തുമ്പോൾ നിക്ഷേപകാര്യത്തിൽ പിന്നോക്കം നില്ക്കുന്ന അവസ്ഥയാണിപ്പോഴുള്ളത്.

1. ഇതര വ്യാവസായിക ബാങ്കുകളുടെ നിലവാരത്തിലേക്ക് ഉയരുവാൻ തക്കവണ്ണമുള്ള നിക്ഷേപബോധവൽക്കരണം അത്യാവശ്യമായി ഉണ്ടാകേണ്ടതാണ്.

2. എല്ലാ വായ്പകൾക്കും സബ്സിഡി അനുവദിക്കേണ്ടത് അത്യാവശ്യമാണ്.

3. പഞ്ചായത്തുഫണ്ടുകൾ പ്രാദേശിക സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്.

4. ആവശ്യാനുസരണം വായ്പകൾ കൊടുക്കുന്നതിന് ജില്ലാ ബാങ്കിന്റെ വായ്പ വർദ്ധിപ്പിക്കേണ്ടതാണ്.

5. ഇതര വ്യാവസായിക ബാങ്കുകളെ അപേക്ഷിച്ച് സഹകരണ ബാങ്കുകൾ 2% പലിശ സ്ഥിരം നിക്ഷേപ

ങ്ങൾക്ക് കൂടുതൽ കൊടുക്കുന്നുണ്ട്. 13% മുതൽ 15 1/2 ശതമാനം വരെ സ്ഥിര നിക്ഷേപങ്ങൾക്ക് പലിശ നല്കുന്നെങ്കിലും നിക്ഷേപകാര്യത്തിൽ സഹകരണ ബാങ്കുകൾ പിന്നോക്കം നില്ക്കുന്നു. സമൂഹത്തിൽ ശരിയായ വിധത്തിൽ ബോധവൽക്കരണം നടത്തി ഇക്കാര്യത്തിൽ പരിഹാരം കാണേണ്ടതാണ്.

6. വസ്തു ജാമ്യത്തിൽ വായ്പ എടുക്കുന്ന അംഗങ്ങൾക്ക് 2% ബോണ്ട് രജിസ്ട്രേഷൻ ഫീസ്, കാർഷികേതര വായ്പകൾക്ക് കൊടുക്കേണ്ടിവരുന്ന സ്ഥിതി ഒഴിവാക്കി ഒരു ശതമാനമാക്കിയാൽ സാധാരണക്കാർക്ക് ആശ്വാസകരമായിരിക്കും.

7. ഇപ്പോൾ സഹകരണ ബാങ്കുകൾ നടത്തുന്ന ചിട്ടിയുടെ സ. ല. 25000 രൂപയിൽ നിന്നും ഒരു ലക്ഷം ആക്കി ഉയർത്തി ചിട്ടിയുടെ പ്രവർത്തനം സുഗമമാക്കണം.

8. ഇതര ബാങ്കുകളെ പോലെ, പലിശ നിരക്ക് നിശ്ചയിക്കുന്നതിനുള്ള സ്വാതന്ത്ര്യം സഹകരണ ബാങ്കുകൾക്കും ബാധകമാക്കണം.

9. വായ്പകളുടെ കാലതാമസം ഒഴിവാക്കാൻ ക്രഡിറ്റ് പ്ലാൻ (ഏകീകൃത സമയ പരിധി) സഹകരണ മേഖലയിൽ നടപ്പിലാക്കിയാൽ അപേക്ഷകർക്ക് നിശ്ചിതസമയത്ത് വായ്പലഭ്യമാക്കാൻ കഴിയും.

10. അനിയന്ത്രിതമായി പെരുകികൊണ്ടിരിക്കുന്ന സ്വകാര്യ ധനകാര്യസ്ഥാപനങ്ങൾ (ബ്ലേഡ് കമ്പനി) കൾക്ക് നിയന്ത്രണം ഏർപ്പെടുത്തേണ്ടതത്യാവശ്യമാണ്. സഹകരണ ബാങ്കുകളുടെ നിക്ഷേപം ഉൾപ്പെടെയുള്ള പ്രവർത്തനത്തെ ഇതു സ്വാരമായി ബാധിക്കുന്നു.

11. സഹകരണ സ്ഥാപനങ്ങളിലെ ഭരണ സമിതി തെരഞ്ഞെടുപ്പ് 3 വർഷത്തിലൊരിക്കൽ എന്നുള്ളത് 5 വർഷമായി ഉയർത്തി അനാവശ്യ തെരഞ്ഞെടുപ്പ് ചെലവുകൾ ഒഴിവാക്കേണ്ടതാണ്.

മറ്റുനിർദ്ദേശങ്ങൾ

ഇളമ്പൽ സർവ്വീസ് സഹകരണ ബാങ്കിൽ Safe Deposit Locker പ്രവർത്തിക്കുന്നുണ്ട്. 2500രൂപാ വരെയുള്ള ചിട്ടികളും നടത്തിവരുന്നു. ബാങ്കിനോടനുബന്ധിച്ച് ഒരു സഹകരണ മാവേലിസ്റ്റോർ ഉണ്ടെങ്കിലും ഓണക്കച്ചവടത്തിലൊതുങ്ങുന്ന വില്പന മാത്രമാണിപ്പോൾ നടക്കുന്നത്. ന്യായമായ വില്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കി സ്റ്റോറിന്റെ പ്രവർത്തനം നാട്ടുകാർക്ക് സ്ഥിരമായി പ്രയോജനപ്പെടുത്തണം.

ബാങ്കിന്റെ പ്രവർത്തന പരിധിയിൽ പെടുന്ന മഞ്ഞമൺ കാല പ്രദേശത്തുള്ള അംഗങ്ങൾക്കു സഹായകമാകും വിധം ചെമ്മന്തൂരിൽ ഒരു ശാഖ തുറന്നുപ്രവർത്തിക്കേണ്ടതാണ്. ഇതുപോലെ തന്നെ കാര്യറയും ഒരു ശാഖതുറന്നാൽ ആ പ്രദേശത്തുള്ളവർക്കും ഇടപാടുകൾ സുഗമമാകും

ആവണീശ്വരം സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധിയിൽ പെടുന്ന ആവണീശ്വരം റയിൽവെ സ്റ്റേഷൻ കേന്ദ്രീകരിച്ച് ഒരു ശാഖ തുറക്കണമെന്ന ആവശ്യം വർഷങ്ങളായി നിലനില്ക്കുകയാണ്. നിലവിലുള്ള ഭരണ സമിതി ഇതിനു വേണ്ട പ്രവർത്തനം ആരംഭിച്ചത് ആശ്വാസകരമാണ്.

ധാരാളം വ്യാപാര സ്ഥാപനങ്ങളുള്ള കുന്നിക്കോട് സ്ഥിതി ചെയ്യുന്ന ബാങ്കിന് ഒരു സായാഹ്ന കൗണ്ടർ അത്യാവശ്യമാണ്. ബാങ്കിന്റെ അടുത്ത നില (ഒന്നാംനില) പണിയുന്നതോടൊപ്പം Safe Deposit Locer സൗകര്യം കൂടി ഏർപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിലെ കൺസ്യൂമർ സ്റ്റോറുകൾ

	സംഘത്തിന്റെ പേര്	അംഗസംഖ്യ	ലാഭമോ/നഷ്ടമോ
1	കാര്യറ വാർഡ് II കൺസ്യൂമർ കോ. ഓപ്പ. സ്റ്റോഴ്സ്		നഷ്ടം
2	കാര്യറ വാർഡ് 9 കൺസ്യൂമർ കോ. ഓപ്പ. സ്റ്റോഴ്സ്		നഷ്ടം
3.	ആവണീശ്വരം കൺസ്യൂമർ കോ. ഓപ്പ. സ്റ്റോഴ്സ്		നഷ്ടം
4.	ഇളമ്പൽ കൺസ്യൂമർ കോ. ഓപ്പ. സ്റ്റോഴ്സ്		നഷ്ടം
5.	കുന്നിക്കോട് കൺസ്യൂമർ കോ. ഓപ്പ. സ്റ്റോഴ്സ്		നഷ്ടം
6.	കോട്ടവട്ടം കൺസ്യൂമർ കോ. ഓപ്പ. സ്റ്റോഴ്സ്		പ്രവർത്തനം ഇല്ല
7.	വിളക്കുടി പഞ്ചായത്ത് (ഹരിജൻ) കൺസ്യൂമർ കോ. ഓപ്പ. സ്റ്റോഴ്സ്		നഷ്ടം

ക്ഷീരോല്പാദക സംഘങ്ങൾ

പഞ്ചായത്തിന്റെ മൂന്ന് ക്ഷീരോല്പാദക സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചെങ്കിൽ നിലവിൽ ഒന്നാം വാർഡിൽ ഉള്ള സംഘം മാത്രമാണ് പ്രവർത്തനത്തിലുള്ളത്. ഈ സംഭവം മുൻ കാലങ്ങളിൽ പ്രവർത്തനമാന്ദ്യത്തെ നേരിട്ടെങ്കിലും അടുത്തകാലത്തായി പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ട്. ഒന്നും രണ്ടും വാർഡ് പ്രവർത്തന പരിധിയായിട്ടുള്ള സംഘം ശേഖരിക്കുന്ന പാൽ ഇവിടെത്തന്നെ വിതരണം ചെയ്യുന്നു. പ്രവർത്തന രഹിതമായിട്ടുള്ള ഇളമ്പൽ, കാര്യറ സംഘങ്ങളുടെ സ്ഥിതി വിലയിരുത്തി പ്രവർത്തനം പുനരാരംഭിക്കേണ്ടതാണ്.

ക്ഷീരോല്പാദക സംഘങ്ങൾ

ക്രമനമ്പർ	സംഘത്തിന്റെ പേര്	ശേഖരിക്കുന്ന പാൽ	വില്പന നടത്തുന്നത്	ലാഭമോ/നഷ്ടമോ
1	കുന്നിക്കോട് ക്ഷീരോല്പാദക സഹകരണസംഘം	120 ലി.	120ലി.	ലാഭം
2	ഇളമ്പൽ ക്ഷീരോല്പാദക സഹകരണസംഘം	പ്രവർത്തിക്കുന്നില്ല		
3	കാര്യറ സെൻട്രൽ ക്ഷീരോല്പാദക സഹകരണസംഘം	പ്രവർത്തിക്കുന്നില്ല		

പഞ്ചായത്തിന് വെളിയിലുള്ള സഹകരണസ്ഥാപനങ്ങൾ

പഞ്ചായത്ത് പ്രദേശത്ത് വിതരണം ചെയ്ത വായ്പകളുടെ വിവരം

ക്രമനമ്പർ	സ്ഥാപനത്തിന്റെ പേര്	വായ്പകളുടെ സ്വഭാവം	വായ്പ എടുത്തവർ	വായ്പ തുക
1	പത്തനാപുരം താലൂക്ക് ഹൗസിംഗ് സഹകരണ സംഘം	ഭവന നിർമ്മാണം	25	5,62,000
2	പത്നാപുരം താലൂക്ക് കാർഷിക വികസന ബാങ്ക്	കൃഷി, കാലിവളർത്തൽ ഭവനനിർമ്മാണം, ചെറുകിട വ്യവസായം	118	67,000,00

പുതിയ പദ്ധതികൾ

1 പഞ്ചായത്തിൽ പരമ്പതാഗതമായി നെയ്ത്തു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ ഇന്ന് പ ലകാരണങ്ങളാൽ ഈ രംഗം വിട്ടിരിക്കുന്ന അവസ്ഥയാണ്. ഇവർക്ക് തൊഴിലവസരം ഉണ്ടാക്കുന്നതിന് ഒരു വ്യവസ്ായിക സഹകരണ സംഘം സ്ഥാപിക്കേണ്ടതാണ്. ഈറ കൊണ്ട് നിർമ്മിക്കുനന പരമ്പ്, കുട്ട, വട്ടി, റ്റാപ്പിംഗ് ആവശ്യത്തിനുപയോഗിക്കുന്ന കൂടകൾ തുടങ്ങിയ സാധനങ്ങൾ ഉണ്ടാക്കി പഞ്ചായത്തിലും പഞ്ചാ യത്തിനു വെളിയിലും വില്പന നടത്താൻ കഴിയുന്നതാണ്, ഈ മേഖലയിലുള്ള തൊഴിലാളികൾ ധാരാളമാ യി താമസിക്കുന്ന നാലാം വാർഡിൽ ഇത്തരം ഒരു നെയ്ത്ത് സഹകരണസംഘത്തിന് അനുകൂല സാഹചര്യ മുണ്ട്.

2 സഹകരണമേഖലയിൽ ഒരു മുട്ട, ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രം ആരംഭിക്കേണ്ടതാണ്. പഞ്ചായത്തി ൽ വർദ്ധിച്ചു വരുന്ന മുട്ടയുടെ ആവശ്യത്തിന് ഇപ്പോൾ വെളിനാടുകളെ ആശ്രയിക്കേണ്ടി വരുന്ന സ്ഥിതിക്ക് ഒരു മാറ്റം വരുത്തുവാൻ ഇതു മൂലം കഴിയുന്നതാണ്. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതി നും, മുട്ടയുടെയും ഇറച്ചിയുടെയും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സഹകരണ അടിസ്ഥാനത്തിലുള്ള സംരഭം ഏറെ സഹായകരമാകും.

3 പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന മാക്കന്നൂർ, കുമരംപാറ എന്നിവിടങ്ങളിലെ പാറ പൊട്ടിച്ച് വില്പന നടത്തുന്നതിന് സഹകരണസംഘം ഉണ്ടാകേണ്ടതാണ്. ഏകദേശം 11 ഏക്കറിൽ സ്ഥിതിചെയ്യുന്ന ഗവൺമെന്റ് വക വിസ്തൃതമായ ഈ പാറ സഹകരണസംഘം അടിസേഥാനത്തിൽ ഏറ്റെടു ത്ത് ജോലിനടത്തിയാൽ ഈ പ്രദേശത്ത് ഉള്ള ധാരാളം പേർക്ക് തൊഴിലും വരുമാനമാർഗ്ഗവുമായിരിക്കും, പാറപ്പണിയുമായി ബന്ധപ്പെട്ട ധാരാളം തൊഴിലാളികൾ താമസിക്കുന്ന ഒരു പ്രദേശമാണിതെന്നുള്ളത്. ഈ സംരഭത്തിന് സാധ്യത വർദ്ധിപ്പിക്കുന്നു.

4 വാർഡിൽ ഒന്ന് എന്ന കണക്കിൽ ക്ഷീരോല്പാദകസംഘങ്ങൾ സ്ഥാപിക്കേണ്ടതാണ്. പാലിന്റെ സംഭ രണം ശരിയായ വിധത്തിൽ നടത്തുന്നതിന് പാലുല്പാദകർക്ക് മാന്യമായ വില ഉറപ്പാക്കുന്നതിന് ഉപഭോ ക്താക്കൾക്ക് ആവശ്യത്തിനുള്ള പാല് ലഭ്യമാക്കുന്നതിന് ഇതു വഴി സാധിക്കും. ഇപ്പോൾ പഞ്ചായത്തിന്റെ അശാസ്ത്രിയമായ പാൽ വിതരണമാണ് നടന്നു വരുന്നത്.

5 പഞ്ചായത്തിൽ രണ്ടോ മുന്നോ കേന്ദ്രങ്ങൾ തിരെഞ്ഞെടുത്ത് വനിതാ വ്യവസായിക സഹകരണസം ഘങ്ങൾ സ്ഥാപിച്ച് സ്ത്രീകൾക്ക് തൊഴിലവസരം ഉണ്ടാക്കാനുള്ള സംവിധാനം ഉണ്ടാക്കണം. റെഡിമേഡ് വ സ്ത്രങ്ങൾ, കറിപൗഡറുകൾ, അച്ചാറുകൾ തുടങ്ങിയവ ഇതിൽ ഉൽപ്പെടുത്താൻ കഴിയുമെന്നതാണ.

6 കർഷകർക്ക് സഹായകമാകും വിധം കാർഷിക ഉല്പന്നങ്ങളുടെ സംഭരണവും വില്പനയും നടത്തു ന്നതിന് കാർഷിക ഉത്പന്നം സംഭരണ വിതരണ സഹകരണസംഘങ്ങൾ ഉണ്ടാകണം.


7 പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിളക്കുടി ലേബർ കോൺട്രാക്ട് സഹകരണസംഘത്തിന്റെ പ്ര വർത്തനം സജീവമാക്കി അസംഘടിത മേഖലയിലുള്ള തൊഴിലാളികൾക്ക് തൊഴിലവസരമുണ്ടാക്കാൻ സാ ധിക്കും. പഞ്ചായത്തിന്റെ കീഴിൽ വരുന്ന മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്നതിന് ഇത്തരം സംഘ ങ്ങൾക്ക് കഴിയുന്നതാണ്.


8 പത്തനാപുരം ബ്ളോക്ക് ടൂ,ത്രീ വീലർ മെക്കാനിക്കൽ വർക്കേഴ്സ് സഹകരണസംഘം കുന്നിക്കോ (പി.ഒ)പത്തനാപുരം താലൂക്കിൽ മോട്ടോർ മെക്കാനിക്കൽ ഇൻഡസ്ട്രിയൽ വർക്കേഴ്സ് സഹകരണസംഘം കുന്നിക്കോട് (പി.ഒ). പത്തനാപുരം താലൂക്കിൽ റോക്ക് ബ്ളാസ്റ്റിംഗ് ആന്റ് മെറ്റൽ ക്രഷിംഗ് വർക്കേഴ്സ്

സഹകരണസംഘം കുന്നിക്കോട് (പി.ഒ). പത്താനാപുരം ബ്ലോക്ക് പ്രോസസിംഗ് ആന്റ് ജനറൽ മാർക്കറ്റിംഗ് സഹകരണസംഘം എന്നീ സഹകരണസ്ഥാപനങ്ങൾ റജിസ്റ്റർചെയ്തിട്ടുണ്ടങ്കിലും പ്രവർത്തനം നടത്തുന്നില്ല. ഈ സംഘങ്ങളെ പുനർജ്ജീവിപ്പിച്ച് പ്രവർത്തനക്ഷമമാക്കിയാൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ സാധിക്കുന്നതാണ്.

9 ഹൈസ്കൂളുകളോടനുബന്ധിച്ചുള്ള സ്കൂൾ സഹകരണസംഘങ്ങൾ പുസ്തക വില്പനയിലും നോട്ടു ബുക്കു വില്പനയിലും ഒതുങ്ങാതെ, യൂണിഫോം തുണിത്തരങ്ങൾ, സ്റ്റേഷനറി എന്നവയുടെ വില്പന കൂടി നടത്തുന്നത് വിദ്യാർത്ഥികൾക്ക് ഏറെ സഹായകരവും പ്രയോജനപ്രദവും ആയിരിക്കും. സ്കൂൾ സഹകരണസംഘങ്ങൾ എല്ലാ യു.പി. , എൽ.പി. സ്കൂളുകളിലും തുടങ്ങേണ്ടതാണ്.

പഞ്ചായത്തിലെ സഹകരണമേഖലയെ സംബന്ധിച്ച് ഈ റിപ്പോർട്ട് സമഗ്രമായ ചർച്ചക്കു ക്രീയാത്മകമായ നിർദ്ദേശങ്ങൾക്കുമായി സമർപ്പിച്ചു കൊള്ളുന്നു.





പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തിലെ 12 വാർഡുകളിലും പട്ടികജാതി വിഭാഗം ജനങ്ങൾ താമസിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ആളുകളില്ല. പഞ്ചായത്തിലെ 1, 3, 5, 10, 11 എന്നീ വാർഡുകളിൽ പട്ടിക ജാതി കോളനികൾ ഇല്ലെങ്കിലും ഒറ്റപ്പെട്ട കുടുംബങ്ങളുണ്ട്. ബാക്കിയുള്ള ഏഴുവാർഡുകളിലായി അംഗീകരിച്ച ആറു കോളനികളും അംഗീകാരത്തിനു സമർപ്പിച്ച മൂന്നു കോളനിയുമുണ്ട്. ശേഖരിക്കാൻ കഴിഞ്ഞ കണക്കുകൾ പ്രകാരം കോളനി നിവാസികളായി 683 കുടുംബങ്ങളും, ഒറ്റപ്പെട്ടു താമസിക്കുന്ന 305 കുടുംബങ്ങളിലുമായി 3327 പട്ടികജാതി അംഗങ്ങളുമുണ്ട്. ഇവർ പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 10 ശതമാനം വരും.

പട്ടികജാതി വിഭാഗം ജനങ്ങളുടെ അത്രയും തന്നെയോ അതിൽ കൂടുതലോ അംഗങ്ങൾ ദളിത് ക്രിസ്ത്യാനികൾ കേന്ദ്രീകരിച്ചും അല്ലാതെയും ജീവിച്ചുവരുന്നു. എന്നാൽ പട്ടിക ജാതിക്കാർക്കുള്ള സംവരണാനുകൂല്യങ്ങൾ ഇവർക്കുലഭിക്കാത്തതിനാൽ അവരുടെ ജീവിത സൗകര്യങ്ങൾ ഒട്ടും മെച്ചമല്ല.

സ്വാതന്ത്ര്യാനന്തര കാലങ്ങളിൽ പട്ടിക ജാതി വിഭാഗം ജനങ്ങളുടെ ജീവിതരീതിക്ക് കാലാനുസൃതമായ മാറ്റങ്ങളുണ്ടായിട്ടുണ്ട്. മുൻകാലങ്ങളിൽ നിരവധിപീഠനങ്ങൾക്കും ചൂഷണങ്ങൾക്കും വിധേയരായിട്ടുള്ള ഇവർ സാമൂഹിക മേഖലകളിൽ വ്യക്തമായ പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്നു.

മാറിമാറിവന്നുകൊണ്ടിരിക്കുന്ന ഗവർമെന്റിന്റെ ഭൂനിയമത്തിലുണ്ടായിട്ടുള്ള പരിഷ്കാരത്തിന്റെ ഫലമായി 75% ആളുകൾക്ക് മിച്ച ഭൂമിയും കുടികിടപ്പവകാശവും ലഭിച്ചതിനാൽ അവരുടെ സാമൂഹ്യസാമ്പത്തിക രംഗങ്ങളിൽ സാരമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. അനാചാരങ്ങളും അന്ധവിശ്വാസവും 25% ആളുകളിൽ ഇന്നും നിലനില്ക്കുന്നു. എല്ലാ ജാതിമതസ്ഥരുടേയും ചടങ്ങുകളിലും പൊതുപരിപാടികളിലും പങ്കാളിത്തവും പരിഗണനയും ലഭിച്ചുതുടങ്ങിയിട്ടുണ്ടെങ്കിലും സാമൂഹ്യ ജീവിതത്തിൽ പൂർണ്ണമായ സമത്വം ഉണ്ടായിട്ടില്ല. നിർബന്ധവും സാർവത്രീകവുമായുണ്ടായ വിദ്യാഭ്യാസ സമ്പ്രദായം കൊണ്ട് ചലനാത്മകമായ മാറ്റം ഈ വിഭാഗം ജനങ്ങളിൽ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്.

ഗവർമെന്റ് ആവിഷ്കരിച്ചു നടപ്പിലാക്കുന്ന പല പദ്ധതികളും പട്ടികജാതി വിഭാഗത്തിലുള്ള ഭൂരിപക്ഷം ആളുകളും അറിയാതെ പോകുന്നു. പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകളും പല പദ്ധതികളുടേയും സുഗമമായ ഫല പ്രാപ്തിക്ക് വിഘാതമാകുന്നുണ്ട്. കോളനി നിവാസികൾക്കു ലഭിക്കുന്നത്ര തോതിൽ ഒറ്റപ്പെട്ടു വസിക്കുന്ന അംഗങ്ങൾക്കു നേടുവാൻ സാധിക്കാതെ പോകുന്നതും മേൽ സൂചിപ്പിച്ച കാരണങ്ങളാലാണ്. ധാരാളം ആവശ്യങ്ങൾ പരിഹരിക്കപ്പെടേണ്ടതുമാണ്.

കോളനികളുടെ തരംതിരിച്ചുള്ള പട്ടിക അന്യത്ര ചേർത്തിട്ടുണ്ട്.

വിദ്യാഭ്യാസം:-

പഞ്ചായത്തിലെ പട്ടികജാതി വിഭാഗം ജനങ്ങളുടെ വിദ്യാഭ്യാസ നിലവാരം താഴെ വിരിക്കുന്നു.

60 വയസ്സിനുമുകളിലുള്ള നല്ലൊരു ശതമാനം ആളുകളും നിരക്ഷരരാണ്. നിർബ്ബന്ധവും സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസ സമ്പ്രദായം നടപ്പാക്കിയതിനാൽ ഈ വിഭാഗത്തിലുള്ള എല്ലാ കുട്ടികളേയും സ്കൂളിലെത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ അവരുടെ വീടുകളിലെ ചെറിയൊരളവിലുള്ള മുതിർന്ന കുട്ടികൾക്ക് ഇളയകുട്ടികളുടെ സംരക്ഷണ ചുമതലയുള്ളതിനാൽ ഇടയ്ക്കുവച്ചു പഠനം നിറുത്തേണ്ട സ്ഥിതി ഉണ്ടായിട്ടുണ്ട്. കൂടാതെ ജീവസന്ധാരണത്തിൽ മാതാപിതാക്കളെ സഹായിക്കുന്നതിന് മുതിർന്നകുട്ടികളും കൂലിപ്പണിക്ക് പോകേണ്ട അവസ്ഥയും കാരണങ്ങളിൽ ഒന്നാണ്. ഇക്കാരണങ്ങളാൽ പ്രൈമറി സ്കൂൾതലത്തിൽ 40% ത്തോളം കുട്ടികൾ പഠനം നിർത്തുന്നു. ഹൈസ്കൂൾ തലത്തിലെത്തുന്നവരിൽ 75% കുട്ടികളും എസ്. എൽ. സി പരീക്ഷയ്ക്ക് തോൽക്കുകയും അതോടെ പഠനം അവസാനിപ്പിക്കുകയും ചെയ്യുന്ന സ്ഥിതിയാണുകണ്ടുവരുന്നത്. ഗവൺമെന്റിന്റെ നിരന്തരമായ ശ്രദ്ധയും വിദ്യാഭ്യാസം നേടുന്നതിന് ഇവർക്കു നൽകുന്ന ആനുകൂല്യങ്ങളും ഈ മേഖലകളിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് മഹത്തായ നേട്ടങ്ങൾ ഉണ്ടാക്കുവാൻ പര്യാപ്തമാകുന്നുണ്ട്. സർവ്വകലാശാലകളിൽ എത്തിച്ചേരുന്ന ഈ വിഭാഗം വിദ്യാർത്ഥികൾക്ക് ധാരാളം ആനുകൂല്യങ്ങൾ ലഭ്യമാണ്. ബിരുദവും ബിരുദാനന്തരബിരുദം നേടിയവരുമായ പട്ടികജാതിക്കാരായ ആളുകൾ പഞ്ചായത്തിലെ ഒട്ടുമിക്ക വാർഡുകളിലുമുണ്ട്.

സംസ്ഥാന പ്ലാനിംഗ് ബോർഡിൽ അസിസ്റ്റൻഡ് ഡയറക്ടർ ഒരാളും, ഡപ്യൂട്ടിഡയറക്ടർ ഒരാളും, പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഒരാളും, ഇലക്ട്രിസിറ്റിബോർഡിൽ അസിസ്റ്റൻഡ് എക്സിക്യൂട്ടീവ് എൻജിനീയറായി ഒരാളും, ആയുർവേദത്തിൽ ഡോക്ടറായി ഒരാളും, കേരള സർവ്വകലാശാലയിൽ ജോലിയിലും പി. എച്ച്. ഡി. നേടിയ ഒരാളും നിയമവിദ്യാർത്ഥി ഒരാളും എൻജിനീയറിംഗ് വിദ്യാർത്ഥിയായി ഒരാളും പട്ടികജാതി വിഭാഗത്തിൽനിന്ന് ഈ പഞ്ചായത്തിലുണ്ടെന്നുള്ളത് അഭിമാനാർഹമാണ്.

തൊഴിൽ

പഞ്ചായത്തിലെ പട്ടികജാതി വിഭാഗം ജനങ്ങളിൽ പൊതുവേ പുരുഷന്മാരിൽ ഭൂരിഭാഗവും കർഷകതൊഴിലാലികളും സ്ത്രീകളിൽ ഭൂരിപക്ഷം പേർ കശുവണ്ടിതൊഴിലാളികളുമാണ്. കാർഷിക മേഖലയുടെ മുരടിപ്പുകാരണം ആ മേഖലയിൽ പണിയെടുത്തു കൊണ്ടിരുന്നവർ നിർമ്മാണ തൊഴിലാളികളായി മാറിക്കൊണ്ടിരിക്കുന്നു. പരമ്പരാഗത തൊഴിലുകളായ ഈറ്റ തൊഴിലുകളും പായ്നെയ്ത്തും നിലവിലുണ്ട്. മൺ പാത്ര നിർമ്മാണം മിക്കവാറും അസ്തമിച്ചമട്ടാണ് പഞ്ചായത്തിൽ,ഓലക്കുട കെട്ടുന്നവരുടെ സ്ഥിതിയും വ്യത്യസ്ഥമല്ല.

ദാരിദ്ര്യ രേഖയ്ക്കുതാഴെ ജീവിക്കുന്ന ഈ വിഭാഗം ജനങ്ങളുടെ ജീവിതനിലവാരം ഉയർത്താൻ ധാരാളം തൊഴിൽ സാദ്ധ്യതകളുണ്ട്. അഭ്യസ്ത വിദ്യരല്ലാത്തവർക്ക് അവരുടെ പരമ്പരാഗതമായ തൊഴിലിന് ആസൂത്രിതമായ ചില പദ്ധതികൾ ആവിഷ്കരിക്കാം. അതായത് രണ്ടോ അതിലധികമോ വാർഡുകളിലുള്ളവർക്ക് ഒരുമിച്ചിരുന്നു ചെയ്യാൻ സാദ്ധ്യതയുള്ള ഒന്നാണ് ഈറ്റകൊണ്ട് പരമ്പ്, കുട്ട, വട്ടി മുതലായവയുടെ നിർമ്മാണം. ഇത് സഹകരണാടിസ്ഥാനത്തിലോ ചെറുകിട വ്യാവസായികാടിസ്ഥാനത്തിലോ ചെയ്യാവുന്നതാണ്. ഇതിനു വേണ്ടി വരുന്ന അസംസ്കൃത സാധനങ്ങളായ ഈറ്റ, ചൂരൽ മുതലായവ ബാംബു കോർപ്പറേഷനിൽ നിന്നും വിതരണം നടത്തുന്നതിനുള്ള സംവിധാനമണ്ടാക്കണം. ബാബുകോർപ്പറേഷന്റെ ഒരു സബ്ഡിപ്പോ

ഈ പഞ്ചായത്തിൽ സ്ഥാപിച്ചുകിട്ടിയാൽ ഇതിനൊരു പരിഹാരവും പ്രയോജനകരവുമാകും. ഈറ്റകൊണ്ടു നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾക്കും ഇപ്പോൾ നല്ലവിലയുണ്ട്. അതുപോലെ തന്നെ തഴപ്പായ് നിർമ്മാണവും നല്ലതോതിൽ സാദ്ധ്യതയുള്ള ഒരു തൊഴിലാണ്. ഗ്രാമാന്തരങ്ങളിലുള്ള തോടുകളുടെയും കുളങ്ങളുടെയും കരകളിൽ സുലഭമായി കൈതകൾ ഉണ്ട്. ഈറ്റത്തൊഴിലും പായ്നെയ്ത്തും പ്രായമായവർക്കും ആയാസരഹിതമായി ചെയ്യാവുന്ന തൊഴിലാണ്. അതിലുപരി ആദായകരവും. വിപണന സൗകര്യം ഈ പഞ്ചായത്തു കേന്ദ്രത്തിലും തൊട്ടടുത്ത മുനിസിപ്പൽ പ്രദേശത്തു പ്രസിദ്ധമായ പുനലൂർചന്തയിലും ഉണ്ട്.

കലയും സംസ്കാരവും

തനതായ ഒരു സംസ്കാരം ഇന്നും കാത്തുസൂക്ഷിക്കുന്നവരാണ് പഞ്ചായത്തിലെ പട്ടികജാതി വിഭാഗം ജനങ്ങൾ. കലാപരമായി ജന്മവാസനയുള്ളവരാണ് ഭൂരിപക്ഷവും, കാലാനുസൃതമായി അഭ്യസനം ലഭിക്കുന്നില്ല. അതിനു സൗകര്യമുണ്ടാക്കണം. പാക്കനാർതുള്ളൽ, പറയൻതുള്ളൽ, മുടിയാട്ടം, കമ്പടികളി എന്നിങ്ങനെയുള്ള കലാ രൂപങ്ങൾ ഇവരുടെ മാത്രം പ്രത്യേകതകളാണ്. ഈ കലകൾ കൊയ്ത്തുൽസവനാളുകളിലും ക്ഷേത്രങ്ങളിലെ ഉത്സവാവസരങ്ങളിലും അവരിവിടെ ആചരിച്ചുപോന്നിരുന്നു.

പാർപ്പിടം

ഐ. ആർ. ഡി. പി സർവ്വേ പ്രകാരം പഞ്ചായത്തിലെ പട്ടികജാതി വിഭാഗക്കാരുടെ പാർപ്പിട സൗകര്യം വളരെ ദയനീയമാണ്. മതിയായ സൗകര്യങ്ങളുള്ള വീടുകൾ കൂടുതൽ ആളുകൾക്കും ഇല്ല. പരിമിത സൗകര്യങ്ങളുള്ള ഒരു വീട്ടിൽതന്നെ കൂട്ടുകുടുംബങ്ങളായാണ് താമസം. അംഗീകരിക്കപ്പെട്ടകോളനികളിൽ തന്നെ അവിടെയുള്ള എല്ലാ കുടുംബങ്ങൾക്കും വീടുകൾ ലഭ്യമായിട്ടില്ല. ഇതരവകുപ്പുകളിൽ നിന്നും വിവിധ പദ്ധതികളിൽ നിന്നുമായി വീടുനിർമ്മാണത്തിനു ലഭിക്കുന്ന സഹായധനം വകമാറിചെലവഴിക്കുന്നതിനാൽ നല്ലൊരു പങ്ക് ആളുകൾക്കും വീടുനിർമ്മാണം ഇടയ്ക്കുവച്ചു നിറുത്തേണ്ടതായും വരുന്നുണ്ട്.

പല വാർഡുകളിലും പട്ടികജാതിക്കാർ കേന്ദ്രീകരിച്ചും ഒറ്റപ്പെട്ടും താമസ്സിക്കുന്നു. നിശ്ചിതതോതിൽ കുടുംബങ്ങളുടെ എണ്ണം കുറവായതിനാൽ പട്ടികജാതികോളനികൾ അംഗീകരിച്ചു കിട്ടാൻ ബുദ്ധിമുട്ടുണ്ട്. ഇങ്ങനെയുള്ളവർക്കും ഒറ്റപ്പെട്ടു ജീവിക്കുന്ന കുടുംബങ്ങൾക്കും വീട്, വഴി, വെള്ളം, വെളിച്ചം തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടാകുന്നതിനും അവ സൗകര്യമാക്കി കൊടുക്കുന്നതിനും ഏറെ പ്രതിബന്ധങ്ങൾ ഉണ്ടാകുന്നുണ്ട്.

സ്വന്തമായി ഭൂമിയും വീടും ഇല്ലാത്തവർ, കിടന്നുറങ്ങുവാൻ സ്ഥലമില്ലാത്തവർ തുടങ്ങിയ വിവരങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.

ഗ്രാമസഭാ റിപ്പോർട്ടുകളിൽനിന്ന്:-

പഞ്ചായത്തിലെ പന്ത്രണ്ടുവാർഡുകളിലേയും ഗ്രാമസഭകളിലും ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ട വിഷയം പാർപ്പിട പ്രശ്നംതന്നെയാണ്. കോളനി നിവാസികൾക്ക് എല്ലാവർക്കും വീടുകളില്ല. പകുതിയിലധികവും വീടുകളിലും കൂട്ടുകുടുംബങ്ങളായാണ് താമസിക്കുന്നത്. ഒരു ചെറിയ കുടുംബത്തിനുപോലും മതിയായ സൗകര്യങ്ങളില്ലാത്ത കൊച്ചുകൊച്ചു വീടുകളിൽ ഒന്നിലധികം കുടുംബങ്ങൾ കഴിഞ്ഞു കൂടുന്നതിന്റെ ബുദ്ധിമുട്ടുകൾ വളരെയധികമാണെന്നുള്ള വിഷയം എല്ലാ ഗ്രാമസഭകളിൽ നിന്നും റിപ്പോർട്ടു ചെയ്യപ്പെട്ടു.

പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽ സ്വന്തമായി ഭൂമിയില്ലാത്തവർ	200
സ്വന്തമായി വീടില്ലാത്തവർ	250
കിടന്നുറങ്ങുവാൻ സ്ഥലമില്ലാത്തവർ	25

(കൃത്യമായ കണക്ക് ലഭ്യമല്ല, സർവ്വേ നടത്തി കണ്ടുപിടിക്കേണ്ടിയിരിക്കുന്നു)

അതുപോലെ തന്നെ പ്രാഥമികാവശ്യങ്ങൾ നിറവേറ്റാൻ മിക്ക വീടുകൾക്കും കക്കൂസുകളില്ലാത്ത ഒരു സ്ഥിതിവിശേഷമാണിവിടെ. കോളനികളിലെ വീടുകൾക്കു പലതിനും കക്കൂസുകളില്ല. ഇക്കാര്യത്തിൽ സ്ത്രീകൾക്ക് വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരുന്നു. ഒരു തീവ്രയത്ന പരിപാടിയിലൂടെ പരിഹരിക്കപ്പെടേണ്ട ഒരു പ്രശ്നമാണിത്.

ഈ വിഭാഗമാളുകളുടെ പ്രധാന തൊഴിൽ മേഖലകൾ താഴെ വിവരിക്കുന്നു.

കൃഷിപ്പണി : പുരുഷന്മാരിൽ കൂടുതൽ ആളുകളും സ്ത്രീകളിൽ പകുതിയോളവും

കശുവണ്ടി : സ്ത്രീകളിൽ 90% വും പുരുഷന്മാരിൽ 10% വും

പാറപ്പണി : പുരുഷന്മാരും സ്ത്രീകളും തുല്യഭാഗം

ഈറ്റതൊഴിൽ : കൂടുതൽപേരും സ്ത്രീകൾ.

കാർഷിക മേഖലയിലെ മുരടിപ്പുകാരണം കർഷകതൊഴിലാളികൾക്ക് വർഷത്തിൽ കുറച്ചുദിവസങ്ങൾ മാത്രമേ തൊഴിൽ ലഭിക്കുന്നുള്ളു.

കശുവണ്ടി മേഖലയിലും സീസണിൽ മാത്രമാണ് ജോലിയുള്ളത്. കശുവണ്ടി വ്യവസായത്തിൽ വർഷത്തിൽ ഏറ്റവും കൂടുതൽ 100 ദിവസമോ അതിൽ താഴെയോ ആണ് തോഴിൽ ദിനങ്ങൾ ലഭിക്കുന്നത്.

പാറപ്പണി, ഈറ്റത്തൊഴിൽ തുടങ്ങിയ മേഖലകളിൽ അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ് ആ മേഖലകളിൽ പണിയെടുക്കുന്നവരുടെ പ്രതിബന്ധങ്ങളാണ്.

കുടിവെള്ള പ്രശ്നം എല്ലാ കോളനി പ്രദേശങ്ങളിലും അതിരൂക്ഷമാണ്. ഒട്ടുമിക്ക കിണറുകളും വേനൽക്കാലത്ത് വറ്റുന്നവയാണ്. വാട്ടർ സപ്ലൈ സ്കീം നടപ്പാക്കാൻ പറ്റുന്ന സ്ഥലങ്ങളിൽ അതിനു വേണ്ടി ശ്രമിക്കുകയും മറ്റു സ്ഥലങ്ങളിൽ കിണറുകൾ കുഴിച്ചും കുളങ്ങളുണ്ടാക്കി ടാങ്കിൽ ശേഖരിച്ച് പൊതുടാപ്പുകൾ സ്ഥാപിച്ചും കുടിവെള്ള പ്രശ്നം പരിഹരിക്കേണ്ടതാണ്. ആഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം ജനകീയ സമിതികളുടെ നിയന്ത്രണത്തിലാക്കണം. നവീന കാർഷികോപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം നൽകണം.

കുടിവെള്ളത്തിന്റെ കാര്യത്തിലെന്നപോലെ പ്രാധാന്യം നൽകേണ്ടതാണ് കോളനി റോഡുകളുടെകാര്യത്തിൽ. പ്രാധാന നിരത്തുകളിൽ നിന്നും വളരെയൊഴിഞ്ഞാണ് കോളനികൾ സ്ഥിതിചെയ്യുന്നത്. പാടശേഖരങ്ങളുടെ കരയ്ക്കും, കുന്നുകളുടെ താഴ്വരകളിലും ആണ് എല്ലാകോളനികളും. ലക്ഷം വീടുകോളനികൾ മിക്കവയും കുന്നിൻ മുകളിലും, ഈ കാരണങ്ങൾകൊണ്ടുതന്നെ ഈ പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന കോളനികളിൽ ചെന്നെത്തുന്നത് ദുഷ്കരമാണ്. റോഡുകൾ ഒന്നും തന്നെ സഞ്ചാര യോഗ്യമല്ല. ഒറ്റയടിപ്പാതകൾ കിഴുക്കാം തൂക്കായി കിടക്കുന്നവയാണ്. ജനപങ്കാളിത്ത ത്തോടുകൂടി റോഡുകൾ സഞ്ചായരയോഗ്യമാക്കുകയും ഒറ്റയടിപ്പാതകൾ പടികൾ കെട്ടി സുരക്ഷിതമാക്കുകയും ചെയ്യേണ്ടതാണ്.

വൈദ്യുതിയുടെ കാര്യത്തിൽ കോളനി പ്രദേശങ്ങളിൽ വലിയ പ്രശ്നങ്ങളില്ല. എന്നാൽ ഒറ്റപ്പെട്ടു കിടക്കുന്ന വീടുകൾക്കു വൈദ്യുതി ലഭിക്കുവാനുണ്ട്. പഞ്ചായത്തിലെ കുടിൽജ്യോതി കണക്ഷനുകൾ നല്ലൊരു ശതമാനവും പട്ടിക ജാതിക്കാരുടെ വീടുകളിലാണ്.

സാംസ്കാരിക രംഗത്ത് പറയത്തക്ക പുരോഗതിയൊന്നുമില്ല. ചില വാർഡുകളിൽ ഇവരുടെപേരിൽ ഒന്നോ രണ്ടോ വായനശാലകളുണ്ട്. അതുതികച്ചും പ്രയോജന രഹിതമാണ്. 50 വർഷങ്ങളായി ഒരു വായനശാലയുടെനിയന്ത്രണം ഒരേവ്യക്തിയിൽത്തന്നെ സ്ഥിരമായി ഇരിക്കുന്നു. വർഷം തോറും ഗവർമെന്റിൽ നിന്നും ഗ്രാന്റുവാങ്ങുന്നതിന് മുടക്കം വരുത്താറില്ല. വയനശാലകൾ ശരിയായി പ്രവർത്തിക്കാനുതകുന്ന തരത്തിൽ അതിന്റെ നടത്തിപ്പ് ജനകീയ സമിതികൾക്കു വിട്ടുകൊടുക്കണം. ലൈബ്രേറിയനെ നിയമിച്ചും ഭരണ സമിതികളെ തെരഞ്ഞെടുത്തും സ്ഥിരം വ്യക്തികളിൽ നിന്നും മോചിപ്പിച്ചെടുക്കേണ്ടിയിരിക്കുന്നു.

ഗവർമെന്റ് പട്ടികജാതിക്കാർക്കു വേണ്ടി നടപ്പിലാക്കുന്ന പദ്ധതികളും ക്ഷേമ പ്രവർത്തനങ്ങളും ഭൂരിപക്ഷം ഗുണഭോക്താക്കളും അറിയാതെ പോകുന്നുണ്ട്. പഞ്ചായത്താഫീസുകൾ, ബ്ലോക്കാഫീസുകൾ, വെൽഫെയർ ഓഫീസുകൾ എന്നിവിടങ്ങളിൽ സ്ഥിരമായി ചെന്ന് ചില തല്പര കക്ഷികൾ വിവരം രഹസ്യമായി അറിഞ്ഞതിനു ശേഷം ഗുണഭോക്താക്കൾ ചിലരെ മാത്രം അറിയിച്ച് അവരിൽ നിന്നും നല്ലൊരുതുകയും വാങ്ങി നടക്കുന്ന ഇടനിലക്കാരെ തീർത്തും ഒഴിവാക്കാൻ നടപടികളെടുക്കണം. ഇതിനു വേണ്ടി ഗ്രാമപ്പഞ്ചായത്താഫീസിനോടു ചേർന്ന് പട്ടികജാതി വിഭാഗക്കാർക്കുവേണ്ടി ഒരു 'ഗൈഡൻസ് ബ്യൂറോ'പ്രവർത്തിപ്പിക്കണം. ഗവർമെന്റിന്റെ ഇതര വകുപ്പുകളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച് സമയാ സമയങ്ങളിൽ ഗുണഭോക്താക്കളെ അറിയിക്കാൻ ഇതുമൂലം കഴിയുന്നതാണ്. സാമൂഹ്യ ക്ഷേമ തല്പരരായ പ്രവർത്തകർ 'ഗൈഡൻസ് ബ്യൂറോ' ആയി സേവനം ചെയ്യാൻ മുന്നോട്ടു വന്നാൽ പ്രയോജനപ്പെടുത്താവുന്നതാണ്.

സാധ്യതകൾ

ജനപങ്കാളിത്തത്തോടുകൂടി ഒരു പുത്തൻ വികസന സംസ്കാരം വളർത്തിയെടുത്താൽ പഞ്ചായത്തിലെ പട്ടികജാതി വിഭാഗം ജനങ്ങളുടെ ജീവിതനിലവാരം പതിന്മടങ്ങു വർദ്ധിക്കുന്നതാണ്. അതിനനുയോജ്യമായ സാധ്യതകൾ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലുണ്ട്.

1. പഞ്ചായത്തിലെ പട്ടികജാതി വിഭാഗം സ്ത്രീകളിൽ 75% ത്തോളവും ജോലിചെയ്യുന്ന മേഖലയാണ് കശുവണ്ടിഫാക്ടറികൾ. ഒമ്പതു ഫാക്ടറികൾ ഈ പഞ്ചായത്തിലുണ്ട്. അസംസ്കൃത കശുവണ്ടിയുടെ ലഭ്യതകുറവുമൂലം വർഷത്തിൽ വളരെകുറച്ചു ദിവസങ്ങൾമാത്രമാണ് ഈ ഫാക്ടറികൾ പ്രവർത്തിക്കുന്നത്. സീസൺ സമയത്ത് കശുവണ്ടി ലോഡുകണക്കിന് അയൽ സംസ്ഥാനത്തേക്ക് കള്ളക്കടത്തായി പോകുന്നു. ഈ കള്ളക്കടത്തു തടഞ്ഞുനിർത്തിയും കുത്തകസംഭരണം ഫലപ്രദമായി നടത്തിയും കശുവണ്ടി ശേഖരം വർദ്ധിപ്പിക്കാവുന്നതാണ്. ഇതുമൂലം വർഷത്തിൽ കുറഞ്ഞത് 200-ൽ അധികം ദിവസം കശുവണ്ടിത്തൊഴിലാളികൾക്ക് തൊഴിൽ ദിനം വർദ്ധിപ്പിച്ചുകൊടുക്കാം

2. പരമ്പരാഗത കൈത്തൊഴിലുകളിൽ പ്രധാനപ്പെട്ട ഈറ്റത്തൊഴിൽ ചെയ്യുന്ന തൊഴിലാളികൾ പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലും കൂട്ടമായി താമസിക്കുന്നുണ്ട്. അസംസ്കൃത വസ്തുവായ ഈറ്റ, ചൂരൽ മുതലായവ

യുടെ ലഭ്യതക്കുറവ് ഈ തൊഴിലിന്റെ നിലനിൽപ്പിന് ഒരു വലിയ ഭീഷണിയാണ്. ബാംബുകോർപ്പറേഷന്റെ ഒരു സബ്ഡിപ്പോ ഈ പഞ്ചായത്തിൽ തുറന്നു പ്രവർത്തിച്ചാൽ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്. ഈറ്റ തൊഴിൽ ചെയ്തു ജീവിക്കുന്നവർകേന്ദ്രീകരിച്ചു താമസിക്കുന്ന പ്രദേശത്ത് സഹകരണാടിസ്ഥാനത്തിൽ ഈറ്റത്തൊഴിലാളികളെ സംഘടിപ്പിച്ച് വർഷത്തിൽ എല്ലാദിവസവും അവർക്ക് തൊഴിലവസരമുണ്ടാക്കിക്കൊടുക്കാൻ സാധിക്കും. ഇതിനോടു ചേർന്നു തന്നെ തഴപ്പായ് നിർമ്മാണവും പ്രോത്സാഹിപ്പിക്കാം. ഇതിനുവേണ്ടിയുള്ള അസംസ്കൃതവസ്തുവായ കൈത പഞ്ചായത്തിലെ എല്ലാ തോടുകളുടേയും കുളങ്ങളുടേയും കരയ്ക്കു സുലഭമായുണ്ടുതാനും. പ്രായമായ സ്ത്രീതൊഴിലാളികൾക്ക് ആയാസരഹിതമായി ചെയ്യാവുന്ന ഒരു തൊഴിലാണ് തഴപ്പായ്നെയ്ത്ത്. സഹകരണാടിസ്ഥാനത്തിൽ ഇതു നടപ്പാക്കിയാൽ പലരേയും ഈ തൊഴിലേക്ക് ആകർഷിപ്പിക്കാം.

3. പട്ടികജാതി വികസന കോർപ്പറേഷൻ അനേകം സംരഭങ്ങൾക്ക് വായ്പകൾ വിതരണം ചെയ്യുന്നുണ്ട്. സ്വയംതൊഴിൽ ചെയ്യുന്നതിനു വേണ്ടിയുള്ള ഇത്തരം വായ്പകൾ പ്രയോജനപ്പെടുത്തിയാൽ ധാരാളം പേർക്ക് തൊഴിലവസരമുണ്ടാകുന്നതാണ്.

പട്ടിക 1

വാർഡ് നമ്പർ	കോളനിയുടെപേര്	ആകെ കുടുംബങ്ങൾ	വീടുകളുടെ എണ്ണം	ആവശ്യമുള്ള വീടുകളുടെഎണ്ണം
II	കുരാംകോട് പട്ടികജാതികോളനി	164	89	75
IV	മോന്തൻകോട് പട്ടികജാതികോളനി	130	91	39
VII	മുത്തുകുഴി പട്ടികജാതി IHDPകോളനി	80	59	21
VIII	ചക്കുപാറ പട്ടികജാതികോളനി	64	55	9
IX	വരിക്കോലിൽ പട്ടികജാതിIHDPകോളനി	120	80	40
XII	മീനംകോട് തേക്കുംമുകൾ			
	പട്ടികജാതികോളനി	125	91	34

പട്ടിക 2

അംഗീകാരം ലഭിക്കാനുള്ളത്

IV	താന്നിത്തടം പട്ടികജാതികോളനി	
VI	ഇളമ്പൽ കുണ്ടയം പട്ടികജാതികോളനി	കൃത്യമായ കണക്കുകൾലഭ്യമല്ല
VIII	വിളക്കുടി കാവുവിള പട്ടികജാതികോളനി	

പട്ടിക 2

വിവിധ പദ്ധതികളിലൂടെ ലഭിച്ച വീടുകളുടെ കണക്ക്

വർഷം	JRY	JRYMW	IAY
1990 – 91	5	15	–
1991 – 92	2	–	–
1992 – 93	–	–	4
1993 – 94	10	13	5
1994 – 95	–	8	11
1995 – 96	3	8	4
1996 – 97	5	–	14

പട്ടിക 3


പട്ടികജാതി വിഭാഗത്തിന് ലഭിച്ച IRDP വായ്പകൾ

വർഷം	എണ്ണം
1990 – 91	17
1991 – 92	26
1992 – 93	17
1993 – 94	12
1994 – 95	17
1995 – 96	23
1996 – 97	15
ആകെ	**127**



പട്ടിക 4

വാർഡ്	ടാപ്പുകൾ സ്ഥാപിക്കാവുന്ന കോളനി	വാർഡ്	ജനപങ്കാളിത്തത്തോടുകൂടി മിനിജലസേചന പദ്ധതികൾസ്ഥാപിക്കാവുന്നകോളനികൾ
II	കുരാംകോട് പട്ടികജാതികോളനി	VII	മുത്തുക്കുഴി പട്ടികജാതികോളനി
IV	1. മോന്തൻകോട് പട്ടികജാതികോളനി	VIII	ചക്കുപാറ പട്ടികജാതികോളനി
	2. താന്നിത്തടം പട്ടികജാതികോളനി		
VI	കുണ്ടയം പട്ടികജാതികോളനി		
VII	മുത്തുക്കുഴി പട്ടികജാതികോളനി	XII	മീനംകോട് പട്ടികജാതികോളനി
VIII	1. വിളക്കുടികാവുവിള പട്ടികജാതികോളനി		
	2. ചക്കുപാറ പട്ടികജാതികോളനി		
IX	വരിക്കോലിൽ പട്ടികജാതികോളനി		
XII	മീനംകോട് തേക്കും മുകൾ പട്ടികജാതികോളനി		



വിഭവ സമാഹരണം

വിളക്കുടി പഞ്ചായത്തിന്റെ ധനസ്ഥിതി ആശാവഹമാണ് എന്ന് പറയാൻ നിവർത്തിയില്ല. പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗങ്ങൾ കെട്ടിടനികുതി, തൊഴിൽ നികുതി, വിനോദനികുതി, ചന്ത വരവ് എന്നീ പ്രത്യക്ഷനികുതികളാണ്. 95-96 വർഷത്തിൽ വിവിധയിനത്തിൽ പഞ്ചായത്തിലെ വരുമാനം ഇനം തിരിച്ച് അനുബന്ധം I -ൽ ചേർത്തിട്ടുണ്ട്. 10 1/2 ലക്ഷത്തോളം രുപ നികുതിയിന വരുമാനം രേഖപ്പെടുത്തിയിരിക്കുന്നതിന്റെ 40 ശതമാനത്തോളം (6,97,725/-) ഭരണച്ചിലവിനായി വിനിയോഗിക്കപ്പെടുന്ന അവസ്ഥയിലാണ് പഞ്ചായത്ത്. ഇത് ആരോഗ്യകരമായ വികസന അടിത്തറക്ക് സഹായകരമായ സ്ഥിതിവിശേഷമല്ല. പഞ്ചായത്തിന്റെ 95-96 വർഷത്തെ ചിലവിനങ്ങൽ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം II -ൽ ചേർത്തിട്ടുണ്ട്. പഞ്ചായത്ത് രാജ് നിയമ പ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ചു കിട്ടിയ തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധം III -ൽ ചേർത്തിരിക്കുന്നു. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ തുറകളിലെ മുൻ നിർദ്ദേശിച്ച വികസന പരിപാടികൾ നടപ്പിലാക്കണമെങ്കിൽ മെച്ചപ്പെട്ടവിഭവസമാഹരണത്തിനുള്ള പ്രായോഗിക സാദ്ധ്യതകൾ വിശകലനം ചെയ്തേ പറ്റൂ.

വിളക്കുടി ഗ്രാമ പഞ്ചായത്ത്.

1.23 വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96) അനുബന്ധം I

Ref. C. B

ഇനം	ധനാഭ്യർത്ഥന	പിരിച്ചത്	ബാക്കി
1	2	3	4
കെട്ടിട നികുതി	260551253346	7205	
സർവ്വീസ് ചാർജ്ജ്			
തൊഴിൽ നികുതി	177354	177354	
വാഹന നികുതി			
വിനോദനികുതി	25562	25562	
അഡി. വിനോദ നികുതി	15494	15494	
പ്രദർശന നികുതി	2174	2174	

പ്രദർശന നികുതിൽമേലുള്ള സർചാർജ്ജ്	543.50	543.50	
ചന്ത വരവ്	188222	188222	
ലാന്റ് സെസ്സ് ലൈസൻസ് ഫീസ്	20835	20820	15
കെട്ടിട നികുതി സർചാർജ്ജ് വസ്തു കൈമാറ്റ നികുതി 75%	194592	194592	
വസ്തു കൈമാറ്റ നികുതി 25% സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ	25000	25000	
സംഭാവന			
ഡെപ്പോസിറ്റ്	21020	21020	
ഗ്രന്ഥശാല വരി	13027.55	12667.30	360.25
ആകെ			

അനുബന്ധം II

വിളക്കുടി പഞ്ചായത്തിലെ (95-96) ചിലവ് സംബന്ധിച്ച വിവരങ്ങൾ

ഇനം	തുക
ഭരണം	624109.55
പൊതുമരാമത്ത്	193840.00
വിദ്യാഭ്യാസം ജലവിതരണം	2670.00
ഓടകൾ പൊതുജനാരോഗ്യം	86755.00
തെരുവ് വിളക്കുകൾ കത്തിക്കുന്നത്	113832.00
മറ്റുള്ളവ	619264.70
ആകെ	16,40,471.25

1.17 പഞ്ചായത്ത് രാജ് നിയമ പ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധം III

വകുപ്പ്	തുക		
	പദ്ധതി വിഹിതം	പദ്ധതിയേതര വിഹിതം	ആകെ
മൃഗ സംരക്ഷണം	1000	–	1000
ആരോഗ്യം	1495	114	1609
കൃഷി	103549	4080	107629
പീ.ഡബ്ല്യൂ.ഡി	33500		33500
ഹരിജന ക്ഷേമം	17400	600	1800
മറ്റുള്ളവ	ഡയറി ഡവ:4950	800	5750
	വിദ്യാഭ്യാസം6500	1600	8100

പഞ്ചായത്തിലെ ഇന്നത്തെ നികുതി പിരിവ് ശാസ്ത്രീയമായിട്ടുള്ളതല്ല. സമഗ്രവും എല്ലാ തലങ്ങളും സ്പർശിക്കുന്നതുമായ നികുതി ചുമത്തൽ നടപ്പിലാക്കേണ്ടിയിരിക്കുന്നു. കെട്ടിട നികുതി ചുമത്തുമ്പോൾ കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം മാത്രമല്ല ആഡമ്പരത്വവും വിലക്കൂടുതലുള്ള ഗ്ലേസ്ഡ് ഓടുകൾ ഉൾപ്പെടെ കെട്ടിട നിർമ്മാണത്തിനു ഉപയോഗിച്ചിട്ടുള്ള വസ്തുക്കളും മാനണ്ഡമാക്കണം. സ്ഥിരമായ ഭിത്തികളുള്ള എല്ലാ കെട്ടിടങ്ങൾക്കും നികുതി ഏർപ്പെടുത്തണം. ദുർവ്വഹമായ നികുതി ചുമത്തൽ ഈ രംഗത്ത് നടപ്പിലാക്കണമെന്നതല്ല ഇത് കൊണ്ടുദ്ദേശിക്കുന്നത്. പഞ്ചായത്തിന്റെ വരുമാനത്തിൽ ഭാഗഭാഗിത്വം വഹിക്കുന്നതിന് ശേഷിക്കനുസരണം ഓരോരുത്തർക്കും സാദ്ധ്യമാക്കണം. കെട്ടിടനികുതി ചുമത്തുന്നതിന് സ്വീകരിച്ച മാനദണ്ഡവും അസസ്സ് ചെയ്യുന്നതെങ്ങനെയെന്നും വീട്ടുടമസ്ഥന് സംശയം ഉണ്ടെങ്കിൽ ബോദ്ധ്യപ്പെടുത്തണം. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിർമ്മാണം കഴിഞ്ഞ് മാസങ്ങളും വർഷങ്ങളും കഴിഞ്ഞിട്ടും നമ്പരിടാതെയും നികുതി ചുമത്താതെയും അവശേഷിക്കുന്ന വീടുകളുകളെ ഉടനെ കണ്ടെത്തി നികുതി ചുമത്തണം കെട്ടിട നികുതി ചുമത്തൽ ആകപ്പാടെ സമഗ്രമായ ഒരു പരിവർത്തനത്തിനു വിധേയമാക്കി ഊർജസ്വലതയോടെ പിരിച്ചെടുക്കണം. വാർഡിലെ ഏതെങ്കിലും കേന്ദ്രത്തിൽ നികുതി പിരിവിന് ചുമതലയുള്ള ഉദ്യോഗസ്ഥൻമാർ ക്യാമ്പ് ചെയ്ത് മുൻ നിശ്ചയപ്രകാരമുള്ള തീയതിയിൽ നികുതി പിരിച്ചെടുക്കുന്ന സംമ്പ്രദായം ഫലപ്രദമാകുമോ എന്ന് പരിക്ഷിച്ച് നോക്കാവുന്നതാണ്. വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് യഥാർത്ഥമായ വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തുന്നതിന് ശ്രദ്ധിക്കണം.(കല്യാണ മണ്ടണ്ഡപങ്ങളും ലോഡ്ജുകളും മറ്റും ഈ വിഭാഗത്തിൽ പെടും)

തൊഴിൽ നികുതി

സർക്കാർ സ്ഥാപനങ്ങളിലും എയിഡഡ് സ്കൂളുകളിലും മറ്റു സ്വകാര്യസ്ഥാപനങ്ങളിലും പണിയെടുക്കുന്നവർ മാത്രമേ നികുതി ചുമത്തലിന് വിധേയമാക്കപ്പെടുന്നുള്ളു. ഇങ്ങനെയുള്ളവരല്ലാതെ തൊഴിൽ ചെയ്യുന്ന മുഴുവൻ പേരും തൊഴിൽ നികുതി നൽകേണ്ട പരിധിയിൽ പെടുത്തണം.

പഞ്ചായത്തിലെ വിദേശത്തു പണിയെടുക്കുന്നവരുടെ സമഗ്രമായ കണക്കെടുപ്പ് നടത്തിയിട്ടില്ല. സാമാന്യം ഭേദപ്പെട്ട തുക ഇവർ വിദേശത്തു സമ്പാദിച്ച് നാട്ടിലേക്ക് അയച്ചു കൊണ്ടിരിക്കുകയാണ്. ഇതിനും വ്യക്തമായ കണക്കുകളില്ല. നാടിന്റെ വികസനധാരയിലേക്ക് ഈ വിദേശ പണത്തിന്റെ ഒരു ചെറിയ ശതമാനമെങ്കിലും വന്നുചേരേണ്ടതല്ലേ ?. ഗ്രാമസഭാറിപ്പോർട്ടുകൾ പ്രകാരം വിദേശത്തു പണിയെടുക്കുന്നവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

വാർഡ്	എണ്ണം
I	50
II	80
III	10
IV	50
V	75
VI	250
VII	40
VIII	200
IX	15
X	300
XI	40
XII	100

ലൈസൻസ് ഫീസ്

പഞ്ചായത്തിലെ കച്ചവടസ്ഥാപനങ്ങളെ മുഴുവൻ ലൈസൻസ് ഫീ ചുമത്തുന്ന പരിധിയിൽ കൊണ്ടു വരണം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടെ പങ്ക് നിർവ്വഹിക്കലാണ് നികുതി കൊടുക്കലിലൂടെ ചെയ്യുന്നതെന്ന ധാരണയുണ്ടാക്കി ദുർവ്വഹമാകാത്ത നികുതി ചുമത്തൽ ഏർപ്പെടുത്തിയാൽ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

റബർതോട്ടങ്ങൾ :– 1300 ഹെക്ടറോളം റബർതോട്ടങ്ങളുള്ള പഞ്ചായത്തിൽ തോട്ടം വരുമാനത്തിന് നികുതി നികുതി ചുമത്തപ്പെടുന്നത് നാമമാത്രമായി മാത്രമാണ്. 30–50 ഏക്കർ ഒറ്റ ബ്ലോക്കായി ഒറ്റ വ്യക്തി മാനേജ് ചെയ്യുന്ന തോട്ടങ്ങൾ മക്കളുടെയും ബന്ധുക്കളുടെയും പേരിൽ ചെറിയ വിസ്തീർണ്ണമായി രേഖകളുണ്ടാക്കി നികുതി ചുമത്തലിൽ നിന്നും ഒഴിവായി നിൽക്കുന്ന സ്ഥിതി പഞ്ചായത്തിലുണ്ട്. 1 ഹെക്ടറിന് മുക

ളിൽ വിസ്തീർണ്ണമുള്ള രബ്ബർതോട്ടങ്ങൾ നികുതി ചുമത്തലിനു വിധേയമാക്കണം. വിസ്തൃതി വർദ്ധിക്കുന്നതിനനുസരണമായി സ്ലാബടിസ്ഥാനത്തിൽ നികുതി നിരക്കുനിശ്ചയിക്കണം.

നിലംനികത്തൽ: –

വ്യാപകമായി നിലംനികത്തി കരയാക്കുന്ന പ്രവണത കണ്ടുവരുന്നുണ്ട്. ഇപ്രകാരം നിയമവിധേയമായി അനുവാദം വാങ്ങിനികത്തപ്പെടുന്ന നിലങ്ങൾ വിസ്തീർണ്ണ മനുസരിച്ചു സെസ്സ് ഈടാക്കാവുന്നതാണ്.

ബോർഡുകൾക്കും ബാനറുകൾക്കും കർശനമായി നികുതിചുമത്തേണ്ടതാണ്.


ബാങ്കുകൾ: –

ഈ പഞ്ചായത്തിൽ കൊല്ലംജില്ലാ സഹകരണബാങ്കിന്റെ ബ്രാഞ്ച് കുന്നിക്കോടും, ആവണീശ്വരം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, സെട്രൽബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖ കുന്നിക്കോടും ഫെഡറൽ ബാങ്കിന്റെ ശാഖ ഇളമ്പലും പ്രവർത്തിച്ചുവരുന്നു. ധാരാളം സ്വകാര്യ പണമിടപാട്സ്ഥാപനങ്ങളും പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. ഗൾഫ് പ്രദേശങ്ങളിൽ നിന്നുള്ള സമ്പാദ്യങ്ങളുടെ നല്ലൊരു പങ്ക് കൊമേഴ്സ്യൽ ബാങ്കുകളിലാണ് നിക്ഷേപിക്കപ്പെടുന്നത്. എന്നാൽ ഈ നിക്ഷേപങ്ങൾക്കനുസരിച്ചുള്ള വായ്പാ സൗകര്യങ്ങൾ ഈ ബാങ്കുകളിൽനിന്നും ലഭിക്കുന്നില്ല. നിക്ഷേപങ്ങളുടെ 75% മെങ്കിലും വായ്പയായി ലഭിക്കുന്നതിനു വ്യവസ്ഥയുള്ളതാണ്. അതു പോലെ തന്നെ പുതിയ പഞ്ചായത്തു ആക്ടിലെ വ്യവസ്ഥ പ്രകാരം പഞ്ചായത്തിനു ഈ ബാങ്കിൽനിന്നു വായ്പ ലഭിക്കുന്നതിന് സാദ്ധ്യത തെളിയണം

വളരെ ദരിദ്രയായ ഈ പഞ്ചായത്തിലെ വിഭവങ്ങൾ പ്രത്യുല്പാദനപരമായി വിനിയോഗിക്കുന്നതിനു നമുക്കു കഴിയുന്നില്ല. പൊട്ടിപ്പൊളിഞ്ഞ റോഡുകളുടെ ശരിയാക്കലിനും മറ്റു മാണ് നല്ലൊരു പങ്കുതുക ചിലവാക്കപ്പെടുന്നത്. പഞ്ചായത്തുവകയായി കുന്നിക്കോട് ആശുപത്രിക്ക് സമീപമുള്ള സ്ഥലത്തു ഒരു ഷോപിംഗ് കോംപ്ലക്സ് ബാങ്കുധനസഹായം ഉപയോഗിച്ച് നിർമ്മിച്ചു വാടകയ്ക്കു നൽകിവരുമാനം ഉണ്ടാക്കാവുന്നതാണ്.

റോഡുനിർമ്മാണം ഉൽപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ മനുഷ്യ വിഭവം പരമാവധി സന്നദ്ധ പ്രവർത്തനങ്ങൾ വഴി സംഭരിക്കാൻ ശ്രമം ഉണ്ടാക്കേണ്ടതാണ്.

പഞ്ചായത്തുവക കുന്നിക്കോട് മാർക്കറ്റ് സ്ഥലത്തു ബഹുനില മാർക്കറ്റ് കം ഷോപിംഗ് കോംപ്ലക്സ് നിർമ്മിച്ചു പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.



കൃതജ്ഞത

9-ാം പദ്ധതി ജനകീയ പദ്ധതിയെന്ന മഹത്തായ സംരംഭത്തിന് തുടക്കംകുറിച്ച് ബഹുമാനപ്പെട്ട കേരള സർക്കാരിനും ആ സൂത്രണ സമിതി ചെയർമാനും സമിതി അംഗങ്ങൾക്കും സംസ്ഥാന പ്ലാനിംഗ് ബോർഡ് ചെയർമാൻ വൈസ്ചെയർമാൻ, ബോർഡ് അംഗങ്ങൾ എന്നിവർക്കും ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾക്കും പ്രത്യേകിച്ച് ശ്രീ. ബി. അജയകുമാറിനും, ജില്ലാ പ്ലാനിംഗ് ഓഫീസർക്കും ജനകീയ ആസൂത്രണ സംസ്ഥാന കി ിസോഴ്സ് അംഗങ്ങൾക്കും ജില്ലാ റിസോഴ്സ് അംഗങ്ങൾക്കും വിളക്കുടി പഞ്ചായത്തിന്റെ വികസന രേഖ തയാറാക്കുന്നതിന് വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും വിലപ്പെട്ട വിവരങ്ങളും നൽകിയ പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി, ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ, ജീവനക്കാർ, വിളക്കുടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, ജീവനക്കാർ, വിളക്കുടി വില്ലേജ്ഓഫീസർ, ജീവനക്കാർ വി. ഇ. ഒ മാർ ഇലക്ട്രിസിറ്റി അസി. എൻജിനിയർ, ജീവനക്കാർ, കൃഷിഓഫീസർ, കൃഷിഭവൻ ജീവനക്കാർ വെറ്റിറിനറി ഡോക്ടർ, ജീവനക്കാർ, പി. എച്ച്. സെന്ററിലെ ഡോക്ടർ, ജീവനക്കാർ, പഞ്ചായത്തിലെ എച്ച്. എസ്., യു. പി. എസ്, എൽ. പി. എസ് ഹെഡ് മാസ്റ്റർമാർ, അദ്ധ്യാപകർ മറ്റ് ജീവനക്കാർ, സർവ്വീസ് ബാങ്കുകളിലെ ജീവനക്കാർ, അംഗനവാടി ഭരണവാഹികൾ, ആവണീശ്വരം റയിൽവേ സ്റ്റേഷൻ മാസ്റ്റർ എന്നിവർക്കും വിഭവഭൂപടം തയാറാക്കിതന്ന തിരുവനന്തപുരം സെന്റർ ഫോർ എർത്ത് സയിൻസ് സ്റ്റഡീസ് ഡയറക്ടർ ഡോ. കെ. എം. നായർ, ശാസ്ത്രജ്ഞൻമാരായ ശ്രീ. എ.. എസ്. കെ. നായർ, ശ്രീ. എൻ. ജെ. കെ. നായർ (നിട്ട) എന്നിവർക്കും റിപ്പോർട്ട് തയാറാക്കുന്നതിൽ നേരിട്ട് സഹായങ്ങൾചെയ്ത സെന്ററിലെ ശാസ്ത്രജ്ഞനായ ശ്രീ. എസ്. നളിനകുമാർ, പഞ്ചായത്തിലെ വിവിധ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക പ്രവർത്തകർമാർ, നേതാക്കൻമാർ എന്നിവർക്കും സർവ്വോപരി ഗ്രാമസഭകളിലെത്തിയും അല്ലാതെയും വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകികൊണ്ടിരിക്കുന്ന പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ഈ പഞ്ചായത്തിന് പുറത്തുനിന്ന് ഇവിടെയെത്തി വിവരങ്ങൾ നൽകിയവർക്കും വിളക്കുടി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെപേരിൽ സ്നേഹ നിർഭരമായ കൃതജ്ഞത രേഖപ്പെടുത്തുന്നു.

പി. ശാമുവൽ

(പ്രസിഡന്റ്, വിളക്കുടി ഗ്രാമപഞ്ചായത്ത്

